KOTTAYAM PUBLIC LIBRARY

Call No. M ൨൦൦  Acc. No. 13378

Author മാത്യു [illegible]

Title [illegible]

800/

# ഉസ്സാനാം ആധുനികയുഗത്തിൽ

എസ്. എച്ച്. ലീങ്

ഒന്നാം പതിപ്പ്
24—12—1955.

കോപ്പി 3000

(പകർപ്പവകാശം എസ്. എച്ച്. ലീഗിന്)

Printed by Bro. C. F. Joseph at the J. M. Press,
Ap. Seminary, Alwaye North P.O.

# ഒസ്സാനാം ആധുനികയുഗത്തിൽ

13378

A Translation of 'The Secret of Frederick Ozanam.' by Rev. Edward O'Connor, S. J.

പരിഭാഷകന്മാർ:

മാത്യു മററപ്പള്ളിൽ

ജോസഫ് കുരുപ്പംപറമ്പിൽ

ജോസഫ് പാമ്പയ്ക്കൽ

NATIONAL BOOK STALL * SPCS LTD. * BR. KOTTAYAM *

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

മംഗലപ്പുഴ സെമ്മിനാരി,

ആലുവാ നോർത്ത് P. O.

വില 12നം.

IMPRIMI POTEST

Very Rev. Fr. George Mannara,
*Superior General of the Vincentians.*

*Thottakam,*
*15-8-'55.*

**NIHIL OBSTAT**

Fr. Aurelian, O. C. D.,
*Rector, Ap. Seminary.*

*Alwaye,*
*8—9—1955.*

**IMPRIMATUR**

† Joseph Attipetty,
*Abp. of Verapoly.*

*Ernakulam,*
*18-9-'55.*

സ
മർപ്പ
ണം

ലോ
കത്തെ
നിസ്സ്വാർത്ഥം
സേവിക്കുവാനഭി
ലഷിക്കുന്ന
കേരളീയ
യുവ
ജനങ്ങൾ
ക്ക്

## എട്ടാം ഊർബൻ മാർപ്പാപ്പയുടെ നിശ്ചയമനുസരിച്ച ഗ്രന്ഥകർത്താവു ചെയ്യുന്ന പ്രഖ്യാപനം

ഫ്റഡറിക്ക് ഒസ്സാനാമിൻെറ വിശുദ്ധിയേയും നാമകരണകാര്യത്തേയുംകുറിച്ച് ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നവ കത്തോലിക്കതിരുസ്സഭയുടെ തീരുമാനത്തിനു പൂൎണ്ണമായും വിധേയമാക്കിക്കൊള്ളുന്നു.

വിശുദ്ധ വിൻസെൻറ് ഡി പോളിൻെറ
വിശ്വസ്താനുഗാമിയും അങ്കമാലി
വിൻസെൻഷ്യൻ ഹൗസു സുപ്പീരിയറുമാ
യ റൈററ് റവ. മോൺ. തോമസ് നെ
ടുംകല്ലേൽ അവർകളുടെ പൗരോഹിത്യ
സുവർണ്ണജൂബിലി സ്മാരകം

# ഉള്ളിൽ


| | | |
|---|---|---|
| | പ്രസ്താവന | ix |
| | അവതാരിക | xii |
| | ആമുഖം | xvii |
| I | സ്വർഗ്ഗത്തിൻെറ താക്കോൽ | 1 |
| II | അചഞ്ചലനായ യോദ്ധാവ് | 25 |
| III | കടന്നുപോകാത്ത മനുഷ്യൻ | 43 |
| IV | ആ ചെറുസംഘം | 64 |
| V | പിതൃത്വത്തെസ്സംബന്ധിച്ച ചില യാഥാർത്ഥ്യങ്ങൾ | 105 |
| VI | വിശുദ്ധിയുടെ രാജവീഥി | 134 |

# പ്രസ്താവന

ആധുനികയുഗത്തിൽ പരിഹരിക്കപ്പെടാത്ത, എന്നാൽ, പരിഹരിക്കപ്പെടേണ്ട, ഒരു പ്രശ്നമുണ്ടു്— പാവങ്ങളുടെ പ്രശ്നം. പരസ്നേഹമാണു് അതിനു മാർഗ്ഗം. ഒസ്സാനാം അതു സുവ്യക്തമാക്കുന്നു, സ്വന്തം ജീവിതമാതൃകകൊണ്ടു്.

“നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക.”–ഇതാണു ദിവ്യരക്ഷകൻ നമുക്കു നല്കുന്ന അനുശാസനം. അന്തിമഭോജനത്തിനുശേഷം ക്രിസ്തുനാഥൻ വീണ്ടും അരുളിച്ചെയ്തു: “നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ”(യോഹ. 13: 34) ഈ അനുശാസനങ്ങളെ സമ്യക്കായി അനുവർത്തിച്ച വിശുദ്ധനാണു വിൻസെൻറ് ഡി പോൾ. പാവങ്ങളെ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും പാലിക്കുകയും ചെയ്തുകൊണ്ടു് അവരുടെയിടയിൽ വസിച്ചു് അവർക്കുവേണ്ടി സ്വജീവിതം മുഴുവൻ ആ മഹാപരസ്നേഹപ്രേഷിതൻ ചെലവഴിച്ചു. കത്തോലിക്കതിരുസ്സഭ ഇന്നു് അദ്ദേഹത്തെ സംഘടിതപരസ്നേഹപ്രവർത്തനങ്ങളുടെയെല്ലാം സ്വർഗ്ഗീയമദ്ധ്യസ്ഥനായി വണങ്ങുന്നു.

ഈ വിശുദ്ധന്റെ ചൈതന്യത്താൽ പ്രേരിതനായി പരസ്നേഹകൃത്യങ്ങളിൽ സ്വജീവിതം മുഴുവൻ ചെലവാക്കിയ ഒരു മഹാത്മാവാണു ഫ്രെഡറിക്ക് ഒസ്സാനാം.

"നിങ്ങൾ പാവങ്ങൾക്കുവേണ്ടി എന്തു ചെയ്യുന്നു?" എന്നുള്ള പ്രതിയോഗികളുടെ വെല്ലുവിളിക്ക് ഉത്തരം പ്രവൃത്തികൾവഴി അദ്ദേഹം നല്കി. "നമുക്കു പാവങ്ങളുടെ പക്കലേക്കു പോകാം." എന്ന് അദ്ദേഹം സഹപ്രവർത്തകരോടു പറഞ്ഞു. അതിനായി സെൻറ് വിൻസെൻറ് ഡി പോൾ സഖ്യവും സ്ഥാപിച്ചു. ഇന്നും സ്ഥാപകൻെറ ആദർശത്തിൽനിന്ന് അണുപോലും വ്യതിചലിക്കാതെ സഹജീവികൾക്കുവേണ്ടി ആ സഖ്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഫ്രഡറിക്ക് ഒസ്സാനാമിൻെറ ആന്തരികചൈതന്യം-ജീവിതവിജയരഹസ്യം-മുഴുവനും തെളിവായിക്കാണാം ഈ ചെറുപുസ്തകത്തിൽ. അദ്ദേഹം നല്കുന്ന സാരവത്തായ നിർദ്ദേശങ്ങൾ ആധുനികയുഗത്തിൽ അനുവർത്തിക്കപ്പെടേണ്ടവയാണ്. അദ്ദേഹം ആധുനികലോകത്തിനു നല്കുന്ന സന്ദേശമാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. പട്ടിണിപ്പാവങ്ങളേയും തൊഴിലാളികളേയും വഞ്ചിച്ചു പാട്ടിലാക്കുവാൻ പണിപ്പെടുന്ന തൽപരകക്ഷികളിൽനിന്ന് അവരെ അകററി സത്യത്തിൻേറയും സമാധാനത്തിൻേറയും പുരോഗതിയുടേയും വഴിത്താരയിലൂടെ നയിക്കുവാൻ നാം ഇന്നു തയ്യാറാകണം. അല്ലെങ്കിൽ ലോകത്തിൻെറ ഭാവി അതി ദാരുണമായിരിക്കും. 'ഒസ്സാനാം ആധുനികയുഗത്തിൽ' നമുക്കു നിർദ്ദേശം നല്കുന്നുണ്ട്. അവയെ നമുക്കു പ്രാവർത്തികമാക്കാം.

ഈ പുസ്തകപ്രസിദ്ധീകരണത്തിനു ഞങ്ങൾ പലരോടാണു കടപ്പെട്ടിരിക്കുന്നത്. പരിഭാഷയ്ക്കനുമതി നല്കിയ ഗ്രന്ഥകർത്താവിനോടു ഞങ്ങൾക്കുള്ള കൃതജ്ഞത

ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളുന്നു. ഒരു യുവസാഹിത്യകാരനും കേരളത്തിലെ ഏക വിദ്യാർത്ഥിമാസികയായ "വിദ്യാലോക"ത്തിന്റെ എഡിററും തേവര കോളെജിലെ മലയാളം ലക്ചററുമായ ശ്രീ ഉലകംതറ മാത്യു ബി. എ. അവർകളാണു് ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി സശ്രദ്ധം വായിച്ചു വേണ്ട ഭേദഗതികളും തിരുത്തലുകളും ചെയ്തുതന്നതു്. അദ്ദേഹത്തിനു് ഞങ്ങൾ സ്നേഹപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. ഞങ്ങളുടെ അപേക്ഷയെ സദയം സ്വീകരിച്ചു് അസ്വാസ്ഥ്യത്തെ അവഗണിച്ചുപോലും അവതാരികയെഴുതിത്തന്നു ഞങ്ങളെ ധന്യരാക്കിയ വിജ്ഞാനനിധിയും സ്നേഹധനനുമായ വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി അവർകൾക്കു് പിതൃനിർവ്വിശേഷമായ സ്നേഹാദരങ്ങളോടെ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. പ്രസിദ്ധീകരണച്ചുമതല ഏറെറടുത്ത എസ്. എച്ച്. ലീഗ് അധികൃതർക്കും ഈ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ചിട്ടുള്ള സുഹൃത്തുക്കൾക്കും വിനീതമായ കൃപ്പുകൈ.

മംഗലപ്പുഴ സെമ്മിനാരി, 22—12—1955 — പരിഭാഷകന്മാർ.

# അവതാരിക

വിൻസെൻറ് ഡി പോാം സൊസൈററിയെപ്പററി അറിഞ്ഞിട്ടില്ലാത്തവർ കേരളത്തിലും വളരെ ചുരുക്കമായിരിക്കും. എന്നാൽ അവരിലധികംപേരും അതിൻെറ സ്ഥാപകനായ ഫ്റഡറിക്ക് ഒസ്സാനാമിനെക്കുറിച്ച് അറിഞ്ഞിട്ടില്ലായിരിക്കാം. ഈ രണ്ടറിവും ഉള്ളവർതന്നേയും, സൊസൈററിയുടെ സ്ഥാപനത്തിൽ ഒസ്സാനാമിനുണ്ടായിരുന്ന ലക്ഷ്യവും അതിൻെറ പ്രവൎത്തനങ്ങളുടെ പ്രത്യേകതയായി അദ്ദേഹം വിഭാവനം ചെയ്ത ഗുണലക്ഷണങ്ങളും ഏറെക്കുറെ അജ്ഞാതങ്ങളാണ്. ഈ ന്യൂനത തികച്ചും പരിഹരിക്കുവാൻ ഏററവും പര്യാപ്തമത്രെ "ഒസ്സാനാം ആധുനികയുഗത്തിൽ."

ഇതു കേവലം ഒരു ജീവചരിത്രമല്ല. «The Secret of Frederic Ozanam» എന്നാണു മൂലഗ്രന്ഥകാരൻ അതിനു നല്കിയ ശീർഷകം. ഒസ്സാനാമിൻെറ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ കാലക്രമമനുസരിച്ചും പശ്ചാത്തലങ്ങളോടുകൂടിയും വിവരിക്കണമെന്നല്ല അദ്ദേഹം ഉദ്ദേശിച്ചതു്. കഥാനായകൻെറ ആന്തരികജീവിതം അങ്ങിങ്ങായി അല്പാല്പമെങ്കിലും തുറന്നു കാണിക്കുക, അതിൽ പ്രകടമായിരിക്കുന്ന ക്രിസ്തീയസ്നേഹത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുക, ആ പുണ്യത്തിൻെറ ചൈതന്യത്തിനുള്ള വിഹാരരംഗമാണു വിൻസെൻറ് ഡി പോാം സൊസൈററി എന്നു് വിശദമാക്കുക, അതിൻെറ അംഗങ്ങളായിച്ചേർന്നു പ്രവൎത്തിക്കുന്നവർ അതിനെ ക്രിസ്തീയപുണ്യങ്ങൾ അഭ്യസിക്കുവാനുള്ള കളരിയായി സ്വീകരിക്കണമെന്നു ബോധപ്പെടുത്തുക—ഇവയാണു മൂലഗ്രന്ഥകാരൻെറ ഉദ്ദേശ്യം.

ഒരു വ്യക്തിയുടെ ആന്തരികജീവിതം പ്രകടിതമാകുന്നതു് ആ ആളുടെ വാക്കുകളിലും പ്രവൃത്തികളിലുമാണല്ലോ. കഥാനായകന്റെ വാക്കുകളും പ്രവൃത്തികളും ഗ്രന്ഥത്തിലാകമാനം നിരത്തിവച്ചുകൊണ്ടു് അദ്ദേഹത്തിന്റെ ജീവിതരഹസ്യം വായനക്കാർക്കു സുവ്യക്തം വെളിപ്പെടുത്തിക്കൊടുക്കാനാണു ഗ്രന്ഥകാരന്റെ പരിശ്രമം. തീവ്രമായ ദൈവസ്നേഹത്താലും തദ്ഫലമായ സഹോദരസ്നേഹത്താലും ജ്വലിച്ചെരിയുന്ന ഹൃദയത്തിൽനിന്നു പുറപ്പെടുന്ന വാക്കുകൾ പാവങ്ങളുടെനേർക്കു് സ്നേഹവും കരുണയും ഫലപ്രദമായിക്കാണിക്കുവാൻ ഏതു കഠിനഹൃദയത്തേയും പ്രേരിപ്പിക്കാതിരിക്കുമോ? ഒസ്സാനാമിന്റെ അത്തരം വാക്കുകൾ സന്ദർഭോചിതം ഗ്രന്ഥത്തിൽ ഉടനീളം കോർത്തിണക്കിയിരിക്കുന്നതിനാൽ അതിന്റെ പാരായണം ജീവകാരുണ്യപ്രവർത്തകർക്കു പൊതുവിലും വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ അംഗങ്ങൾക്കു പ്രത്യേകിച്ചും ഏററവും ഉത്തേജകമായിരിക്കും. മാതൃകയ്ക്കു ചിലതുദ്ധരിക്കട്ടെ.

"നമ്മുടെ പ്രേഷിതതപത്തെ ദൈവം അനുഗ്രഹിക്കുന്നതിന്നു് ഒന്നുകൂടി ആവശ്യകമായിരിക്കുന്നു—ഉപവിപ്രവൃത്തി. സാധുക്കളുടെ ആശീർവ്വാദം ദൈവത്തിന്റെ ആശീർവ്വാദമാണു്. ആകയാൽ സുവിശേഷപ്രസംഗങ്ങൾക്കിടയിൽ നമ്മുടെ കർത്താവീശോമിശിഹാ ചെയ്തതു നാമും ചെയ്യണം. നമുക്കു പാവങ്ങളുടെ പക്കലേക്കു് ഇറങ്ങിച്ചെല്ലാം."

"നിങ്ങളുടെ സഹായം എത്ര നിസ്സാരമെങ്കിലും ആയിരുന്നുകൊള്ളട്ടെ. ആ ദുർഭഗരായ അഗതികളുടെ

പക്കൽ നിങ്ങൾ അതു കൊണ്ടുചെല്ലണം. വിധവയുടെ കൊച്ചുകാശേ നമ്മുടെ പക്കൽ ഉള്ളൂ; എന്നാൽ ഒരു സ്നേഹിതൻെറ കരങ്ങൾ സ്പർശിക്കുക, ക്രിസ്തീയചൈതന്യത്തെപ്പററി ശ്രവിക്കുക, രക്ഷകൻെറ മുൾക്കിരീടം പോലെ തങ്ങളുടെ ദാരിദ്ര്യത്തെ സ്നേഹിക്കുവാൻ പഠിക്കുക—ഇവ അവർക്ക് എന്തു് ആശ്വാസദായകമായിരിക്കും!"

"നമ്മുടെ പ്രധാനലക്ഷ്യം പാവങ്ങളെ സഹായിക്കുകയെന്നതായിരുന്നില്ല. അതു നാം സ്വീകരിച്ച ഒരു മാർഗ്ഗംമാത്രം. കത്തോലിക്കവിശ്വാസത്തിൽ നമ്മെത്തന്നെ സുസ്ഥിരരാക്കുകയും പരസ്നേഹംവഴി ആ വിശ്വാസത്തെ മററുള്ളവരുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം."

"എന്തെങ്കിലും ആന്തരികദുഃഖംമൂലം ഞാൻ വിവശനാകുമ്പോൾ, അനാരോഗ്യത്തെക്കുറിച്ചുള്ള ചിന്ത എന്നെ അലട്ടുമ്പോൾ, എൻെറ സംരക്ഷണത്തിനേല്പിക്കപ്പെട്ടിരിക്കുന്ന സാധുജനങ്ങളുടെ കുടിലുകളിൽ ഞാൻ കയറിച്ചെല്ലും. എന്നെക്കാൾ വളരെയധികം ആവലാതികളുള്ള ആ സാധുക്കളോടു് അവിടെ അഭിമുഖമായി നിൽക്കുമ്പോൾ സങ്കടങ്ങൾ സഹിക്കുവാൻ ഞാൻ കൂടുതൽ ശക്തനായിത്തീർന്നിരുന്നു. അവരുടെ ദുരിതങ്ങളെക്കുറിച്ചുള്ള ചിന്ത എന്നെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തിരുന്നു. അതുകൊണ്ടു ഞാൻ അവരോടു കൃതജ്ഞതയുള്ളവനാണ്. അതിൽപ്പിന്നെ അവരെ കൂടുതലായി സ്നേഹിക്കാതിരിക്കുവാൻ എങ്ങനെയാണ് എനിക്കു സാധിക്കുക?"

"അങ്ങയുടെ കോളെജിൽ ധനികരായ വിദ്യാത്ഥികഠം വളരെയുണ്ടല്ലോ. വലിയ പണ്ഡിതന്മാരുടെ വിവരണങ്ങളിലൂടെ മാത്രമല്ല, സ്വൎണ്ണവും ദീപാവലികളും കൊണ്ടു തിളങ്ങുന്ന അഠംത്താരകളിലും മാത്രമല്ല, പാവങ്ങളിലും അവരുടെ യാതനകളിലും നമ്മുടെ കത്താവീശോ മിശിഹായെ കാണിച്ചുകൊടുക്കുക എത്രയോ രക്ഷാകരമായ പാഠമായിരിക്കും?...വിശപ്പും ദാഹവും ഒഴിഞ്ഞ. അറകളും എന്താണെന്ന് ഈ യുവമാന്യന്മാർ ഗ്രഹിക്കണം. ദുർഭഗരായ സഹജീവികളേയും രോഗികളേയും കരയുന്ന കുഞ്ഞുങ്ങളേയും അവർ കാണണം; അവരെ അറിയുകയും സ്നേഹിക്കുകയും വേണം. ആ കാഴ്ച അവരുടെ ഹൃദയതന്ത്രികളെ ഉലയ്ക്കും. ഉലയ്ക്കാത്തപക്ഷം ഈ തലമുറ നഷ്ടപ്പെട്ടതുതന്നെ."

"ഇന്നു ലോകത്തെ അലട്ടുന്ന പ്രശ്നം ഭരണരീതിയുടേതോ വ്യക്തികളുടേതോ അല്ല. അതു സാമൂഹികപ്രശ്നമാണ്; ഒട്ടും ഇല്ലാത്തവരും അധികം ഉള്ളവരും തമ്മിലുള്ള വിവാദമാണ്; സമൃദ്ധിയും ദാരിദ്ര്യവും തമ്മിലുള്ള അത്യുഗ്രമായ സംഘട്ടനമാണ്. നാം കാല്പാദമുറപ്പിച്ചിരിക്കുന്ന ഈ ഭൂമിയെപ്പോലും ഇളക്കുന്നതാണ് ഈ സംഘട്ടനം. ക്രിസ്ത്യാനികളായ നമ്മുടെ കടമ ഇതാണ്. ഈ രണ്ടു ചേരികഠംക്കിടയിൽ ചാടിവീണു നീതികൊണ്ടു മാത്രം സാധ്യമാകാത്തതു് ഉപവിവഴി പ്രാവത്തികമാക്കുവാൻ സഹായിക്കുക."

ഈ വാക്കുകഠം വായിക്കുന്ന ആരും ഗ്രന്ഥകാരൻെറ താഴെക്കാണുന്ന അഭിപ്രായത്തോടു യോജിക്കാതിരിക്കുമോ?: "ഫ്റഡറിക്കിൻെറ ഈ വാക്കുകഠം സെൻറ് വിൻസെൻറ് ഡി പോഠം സഖ്യത്തിൻെറ വിപുലങ്ങളായ പ്രവത്തനങ്ങളുടെ സ്വഭാവവിശേഷത്തെ പ്രസ്പഷ്ട

മാക്കുന്നു. നൂറുകൊല്ലം മുമ്പ് ഫ്റാൻസിൽ ചെയ്യേണ്ടി യിരുന്ന പ്രവൎത്തനങ്ങളുടെ മാത്രമല്ല, നാം ജീവിക്കുന്ന നിൎണ്ണായകമായ ഈ കാലഘട്ടത്തിൽ ലോകം മുഴുവനി ലും നിവൎത്തിക്കപ്പെടേണ്ട പ്രവൎത്തനങ്ങളുടേയും സ്വഭാ വത്തെ ഈ വാക്കുകൾ വ്യക്തമായി കാണിക്കുന്നുണ്ട്." ഇ ക്കാരണത്താലായിരിക്കാം വിവൎത്തകന്മാർ ഗ്രന്ഥത്തിനു **"ഓസ്സാനാം ആധുനികയുഗത്തിൽ"** എന്നു പേർ നൽകിയതു്. അതു് അൎത്ഥവത്തായിരിക്കുന്നു താനും.

കാലോചിതത്വവും ഏററം ഉപയോഗപ്രദവുമായ ഈ ഗ്രന്ഥം ലളിതമായും ഭംഗിയായും വിവൎത്തനം ചെ യ്തു കേരളീയൎക്കു പ്രദാനം ചെയ്യുവാൻ വൈദികപഠ നത്തിനിടയ്ക്കു സന്നദ്ധരായ ബഹുമാനപ്പെട്ട ശെമ്മാശ ന്മാരെ ഞാൻ ഹാൎദ്ദമായി അഭിനന്ദിച്ചുകൊള്ളു ന്നു. പരോപകാരപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടുകൊണ്ടി രിക്കുന്നവരുടെയിടയിൽ ഗ്രന്ഥത്തിനു പ്രചുരപ്രചാരം സിദ്ധിക്കേണ്ടതാണ്. വിൻസെൻറ് ഡി പോൾ കോൺ ഫ്റൻസുകളിലെ അംഗങ്ങൾ പ്രത്യേകിച്ചും ആഴ്ചതോ റുമുള്ള അവരുടെ യോഗങ്ങളിൽ ഗ്രന്ഥത്തിൽനിന്നു ക റേശ്ശെ വായിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. ഈ ഗ്രന്ഥംവഴിയായി വിൻസെൻറ് ഡി പോൾ സം ഘത്തിനു കൂടുതൽ ഗണന ലഭിക്കുകയും അവയുടെ പ്ര വൎത്തനം സ്ഥാപകൻെറ ഉദ്ദേശത്തിനൊത്തവിധം സഫ ലമാകുകയും ചെയ്യട്ടെ എന്നു ഞാൻ ആശംസിക്കുന്നു. അ തിനായി ദൈവസഹായം പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

വിൻസെൻഷ്യൻ ഹൗസ്,
തോട്ടകം
21—12—'55

മോൺസിഞ്ഞോർ
ജെ. നടുവത്തുശേരി.

# ആമുഖം

അതാ, ആ തെരുവിൽക്കൂടെ നടന്നുവരുന്നു,ഇരുപതുകഴിഞ്ഞ ഒരു യുവാവ്. ഹ്രസ്വമെങ്കിലും ബലിഷ്ഠമാണു ശരീരം. മുഖം വിളറിയിരിക്കുന്നു. അദ്ദേഹത്തെ ഗൗനിക്കാതെ നിങ്ങൾ കടന്നുപോയേക്കും! എന്നാൽ, ഒന്നു സൂക്ഷിച്ചുനോക്കൂ! ലയൺസിൽനിന്നു നിയമപഠനാർത്ഥം പാരീസിൽ വന്നെത്തിയിരിക്കുന്ന ഫ്രെഡറിക്ക് ഒസ്സാനാമാണ് അദ്ദേഹം. ഇരുപതുകൊല്ലംകൂടി കഴിയട്ടെ, കുഴിമാടത്തിലേക്ക് ആ ശരീരം സംവഹിക്കപ്പെടുന്നതു കാണാം. പക്ഷേ, ഒരു ജോലി അദ്ദേഹം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ചരമത്തിനുശേഷം ഒരു ശതാബ്ദം കഴിയുമ്പോൾ ആ ജോലിയിൽ-ക്രിസ്തീയസ്നേഹത്താൽ പ്രേരിതരായി പാവങ്ങളിൽ ക്രിസ്തുവിനെ സേവിക്കുകയെന്ന ആ ജോലിയിൽ- ഏകദേശം രണ്ടരലക്ഷം ആളുകൾ വ്യാപൃതരായിരിക്കുന്നതു നമുക്കു കാണാം.

മൈത്രിക്കും നേതൃത്വത്തിനും ആവശ്യകമായ മതിപ്രകർഷത്തിൻെറ ബാഹ്യചിഹ്നങ്ങളൊന്നും നിങ്ങൾ അദ്ദേഹത്തിൽ പ്രകടമായി കാണുകയില്ല. ചെസ്റ്റ്നട്ടമരത്തിൻെറ കറുത്തനാരുകൊണ്ടുള്ള കവചമാണ് അദ്ദേഹത്തിൻെറ ശിരസ്സിനെ ആവരണം ചെയ്തിരിക്കുന്നതു്. താൻ സുമുഖനാണെന്ന് ഒസ്സാനാം വാദിക്കുമെന്നു തോന്നുന്നില്ല. എന്നാൽ, അദ്ദേഹം ഒരു സഹപാഠിയെ സമീപിക്കുമ്പോഴുണ്ടാകുന്ന വ്യതിയാനം സൂക്ഷിച്ചുകൊള്ളുക. ആ വദനം പ്രസന്നമാകുന്നു. ആരുടേയും ഏ

ദയം കവരുന്നതിന് അദ്ദേഹത്തിനു കുരുത്തു നല്കുന്ന ആ അസാമാന്യമായ കാരുണ്യഭാവം അവിടെ കളിയാടുന്നു. അദ്ദേഹത്തിൻെറ ചിരിയൊന്നു കേൾക്കുക് അതീവ ഹ്രസ്വമായിരുന്ന തൻെറ ജീവിതകാലം മുഴുവൻ— സ്വതേ ഗൗരവപ്രകൃതിയായിരുന്നിട്ടും— സുഹൃത്തുക്കളുടെ സന്നിധിയിൽ അവരെക്കൂടി ആനന്ദിപ്പിക്കത്തക്ക വിധം അദ്ദേഹം ഉല്ലാസവാനായി പെരുമാറിയിരുന്നു. 1830-ൽ സമകാലികന്മാർ ദർശിച്ച യുവാവായ ഫ്രഡ്റിക്കിനെയാണു നാമിപ്പോൾ കണ്ടതു്.

അദ്ദേഹത്തിൻെറ മരണത്തിനുശേഷം നൂറു സംവത്സരങ്ങൾ കടന്നുപോയിരിക്കുന്നു. അദ്ദേഹം അന്നു നട്ട ആ കടുകുമണി- സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം-ദൈവത്തിൻെറ സഭയിൽ ഇതാ ഒരു വൻവൃക്ഷമായിത്തീർന്നിരിക്കുന്നു. ഈ അല്മായയുവാവിൻെറ പ്രവർത്തനത്തേയും ചൈതന്യത്തേയുംപ്രതി സർവ്വനന്മകളുടേയും ദാതാവായ ദൈവത്തിനു നന്ദി പ്രദർശിപ്പിക്കുവാൻ ശതാബ്ദപൂർത്തിയുടെ ഈ വത്സരം കൃതജ്ഞതാനിർഭരമായ അനേകായിരം ഹൃദയങ്ങൾക്കു് അവസരം നല്കാതിരിക്കുകയില്ല.

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ഐക്യനാടുകളിൽ ചെയ്യുന്ന ബൃഹത്തായ നന്മകളെക്കുറിച്ചു് ഒരമേരിക്കൻ മെത്രാനിൽനിന്നു് അറിഞ്ഞപ്പോൾ വി. പത്താം പീയൂസ് അരുളിച്ചെയ്തതു് ഇപ്രകാരമാണു്: "മനുഷ്യഹൃദയങ്ങളെ ദൈവത്തിനായി നേടുവാനുള്ള വഴി **അതാണു്**. സഖ്യത്തിൻെറ വികസനത്തിനായി നിര

ന്തരം ഞാൻ പ്രാർത്ഥിക്കുന്നു. ഒസ്സാനാമിന്റെ ചൈതന്യം ദിഗന്തങ്ങൾവരെ സംവഹിക്കപ്പെടുന്നതു കാണുക എന്നതിനെക്കാൾ തീവ്രമായ വേറൊരാഗ്രഹവും എനിക്കില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ചൈതന്യം നമ്മുടെ രക്ഷകനോട് അത്യുപരിയിൽ ഏകീഭവിച്ച മഹാപരസ്നേഹപ്രേഷിതനായ വി. വിൻസെൻറ് ഡി പോളിന്റേതുതന്നെയാണ്."

ഈ പുസ്തകത്തിലെ ആറു പ്രഭാഷണങ്ങൾ ഫ്രഡറിക് ഒസ്സാനാമിന്റെ ജീവചരിത്രമല്ല. എന്നാൽ, അവ അദ്ദേഹത്തിന്റെ ജീവിതസാരമുൾക്കൊള്ളുന്നുണ്ട്. അദ്ദേഹത്തിന്റെ രഹസ്യം—സ്വന്തം ആത്മരക്ഷയുടേയും വിശുദ്ധീകരണത്തിന്റേയും വേലയിൽ അദ്ദേഹം പ്രാപിച്ച വിജയത്തിന്റെ രഹസ്യം—അദ്ദേഹം സ്ഥാപിച്ച സഖ്യത്തിന്റെ വിജയരഹസ്യം— വെളിച്ചത്തു കൊണ്ടുവരുവാനുള്ള ഒരു ശ്രമമാണവയിൽ കാണുന്നത്. ഇന്നത്തെ അസ്വാസ്ഥതകളുടെയെല്ലാം നിവാരണത്തിന് ഉതകുന്നവയാണ് ഈ ദൈവദാസന്റെ വീക്ഷണഗതിയും ലേഖനങ്ങളും സംസാരങ്ങളും; അല്ല, ജീവിതം മുഴുവനും. ഈ ജീവിതകഥയിലൂടെ കടന്നുപോകുമ്പോൾ അനുവാചകർ വിസ്മയഭരിതരായി അതു ദർശിക്കും. നൂറുകൊല്ലം മുമ്പുള്ള ഫ്രാൻസിലെ സഭയ്ക്കുവേണ്ടിമാത്രമല്ല, അതുപോലെയോ അതിലുമധികമായോ, ആധുനികയാതനകളുടെ നടുവിൽ വീർപ്പുമുട്ടുന്ന തിരുസ്സഭ മുഴുവനുംവേണ്ടിയാണു ദൈവപരിപാലന അദ്ദേഹത്തെ ഉയർത്തിയതെന്ന് വായനക്കാർക്ക് അനുഭവവേദ്യമാകാതിരിക്കയില്ല

വലതുകരം ചെയ്യുന്നതെന്തെന്നു് ഇടതുകരത്തെ അറിയിക്കാത്ത ഒരു സംഘടനയുടെ ഏതാണ്ടു് രഹസ്യമായ പ്രവൎത്തനങ്ങളുടെ പ്രകാശനമാണു പൊതുജനങ്ങൾക്കും സഖ്യത്തിന്റെ ഉപകൎത്താക്കൾക്കും ഇവിടെ ലഭിക്കുക. സഖ്യാംഗങ്ങൾ തങ്ങളുടെ സ്ഥാപകനും പിതാവുമായ ഫ്റഡറിക്കു് ഒസ്സാനാമിനേയും അദ്ദേഹത്തിന്റെ സൎവ്വവിജയിയായ ഉപവിയുടെ രഹസ്യത്തേയും ഇവിടെ കണ്ടെത്തും. നന്മ പ്രവൎത്തിച്ച ഒരു യുവാവും ജീവിതത്തിന്റെ ഉമ്മറത്തു നില്ക്കുന്ന ദയാനിധികളായ യുവഹൃദയങ്ങൾക്കു നല്കുന്ന ഒരാഹ്വാനമാണു നാം ഇവിടെ കേൾക്കുന്നതു്.

ഗ്രന്ഥകൎത്താ.



ഫ്റഡറിക്ക് ഒസ്സാനാം

I

# സ്വർഗ്ഗത്തിന്റെ താക്കോൽ

ജീൻ ഒസ്സാനാം—ഫ്രഞ്ചുസൈനികാശുപത്രിയിലെ ഭിഷഗ്വരനാണ് അദ്ദേഹം. സൈനികരിൽ പകർച്ച വ്യാധി പടർന്നുപിടിച്ചിരിക്കുന്നു. രോഗബാധിതരായ പടയാളികളെ പരിചരിക്കുന്നതിൽ ഒസ്സാനാമിനെ സഹായിച്ചിരുന്ന ഡോക്ടർമാർ രണ്ടുപേരും അതേ രോഗത്തിനിരയായി മരണമടഞ്ഞു. തന്നിമിത്തം, അദ്ദേഹത്തിനു ഭയവും ആശങ്കയുമുണ്ടായി, രോഗം തന്നേയും പിടികൂടുമോ എന്നും തന്റെ അഞ്ചാമത്തേ സന്താനം പിറന്നു കാണുവാൻ സാധിക്കുമോ എന്നും. എങ്കിലും കർത്തവ്യനിർവ്വഹണത്തിൽ ദൃഢവ്രതനായിരുന്ന ഒസ്സാനാം ഏകനായി ജോലി തുടർന്നുപോന്നു. അതിനു വിനാവിളംബം സ്വർഗ്ഗത്തിൽനിന്നു പ്രതിഫലം ലഭിക്കുകയും ചെയ്തു. 1813 ഏപ്രിൽ ഇരുപത്തിമൂന്നാംതീയതിയാണതുണ്ടായതു. സത്യത്തിന്റേയും സാഹോദര്യ

ത്തിൻെറയും പ്രേഷിതനെന്ന നിലയിൽ ഒസ്സാനാം കുടുംബത്തിന്ന മങ്ങാത്ത കീർത്തിധാവള്യം കൈവരുത്തുവാനിരുന്ന ഒരു ശിശു—ഫ്രഡറിക്ക —അന്നു ഭൂജാതനായി.

ഇടത്തരത്തിലുള്ള ഒരു കുടുംബത്തിലായിരുന്നു ഫ്രഡറിക്ക് ഒസ്സാനാമിൻെറ ജനനം. അവൻെറ പിതാവു - ജീൻ ഒസ്സാനാം- ആദ്യം നെപ്പോളിയൻ ബോണെപ്പാർട്ടിൻെറ പ്രശസ്തനായ ഒരു സേനാനിയായിരുന്നു. ഗുരുതരമായി മുറിവേല്ക്കുകയാൽ ഇരുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം യുദ്ധസേവനത്തിൽനിന്നു വിരമിച്ചു. പിന്നീടു വിവാഹം കഴിക്കുകയും ഒരു തൊഴിലിൽ ഏർപ്പെട്ടു പാരീസിൽ സസുഖം ജീവിച്ചുവരുകയും ചെയ്തു. പക്ഷേ, കുറെനാളുകൾക്കുശേഷം, ഋണബാധിതനായ ഒരു ബന്ധുവിന്നുവേണ്ടി ജാമ്യം നില്ക്കുകയാൽ സകലതും കളഞ്ഞുകുളിക്കുവാനിടയായി.

അനന്തരം, ജീൻ മിലാനിൽ അധ്യാപകവൃത്തിയിലേർപ്പെട്ടു് ഒരു പുതിയജീവിതം ആരംഭിച്ചു. അതോടുകൂടിത്തന്നെ കഠിനപ്രയത്നംകൊണ്ടു വൈദ്യശാസ്ത്രം അഭ്യസിച്ചു മുപ്പത്താറാമത്തെ വയസ്സിൽ ഡോക്ടർബിരുദം കരസ്ഥമാക്കുകയും ചെയ്തു.

ലയൺസിലെ ഒരു സിൽക്കുവ്യാപാരിയുടെ മകളായിരുന്നു ജീനിൻെറ ധർമ്മപത്നി. ഫ്രഞ്ചുവിപ്ലവത്തിൻെറ വിനാശകഫലങ്ങൾകൊണ്ടു തകർന്നു തരിപ്പണമായ ഒരു കുടുംബമായിരുന്നു അവളുടേതു്. പ്രതികൂലസാഹചര്യങ്ങളുമായി മല്ലിടുവാൻ അങ്ങനെ ഫ്രഡറിക്കിൻെറ അമ്മയ്ക്കു ചെറുപ്പത്തിൽത്തന്നെ അവസരം ലഭിച്ചു വൈവാഹികജീവിതത്തിൻെറ ആദ്യകാലത്തുണ്ടാ

യിരുന്ന് വൈഷമ്യങ്ങളെ സധൈര്യം അവർ നേരിടുക യും ചെയ്തു. നിർദ്ധനത്വം കുടുംബജീവിതത്തിൻെറ ഭാരിച്ച ചുമതലകളിൽനിന്ന് അവരെ വ്യതിചലിപ്പിച്ചില്ല. ദൈവപരിപാലനയുടെ ക്രമവൽകരണത്തിൽ തങ്ങൾക്കുള്ള പങ്കു സൗമനസ്യത്തോടും വിശ്വസ്തതയോടുംകൂടെ അവർ നിർവ്വഹിച്ചുപോന്നു. പതിന്നാലു സന്താനങ്ങളെ അവർ ലോകത്തിനു പ്രദാനം ചെയ്തു. എന്നാൽ, അവരിൽ പതിനൊന്നും അകാലമൃത്യുവിനിരയായി. ഓരോ മരണവും ആ ഉത്തമമാതാപിതാക്കന്മാരെ വളരെയധികം വേദനിപ്പിച്ചെങ്കിലും എത്ര സമചിത്തതയോടെ ആ സന്ദർഭങ്ങളിൽ അവർ വർത്തിച്ചുവെന്നു ഫ്രഡറിക്കിൻെറ വാക്കുകളിൽനിന്നുതന്നെ ഗ്രഹിക്കാം. അദ്ദേഹം എഴുതുന്നു: "അവശേഷിച്ചവരെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽക്കൂടി നയിക്കുന്നതിനു പകുതിയംഗങ്ങളെങ്കിലും സ്വർഗ്ഗത്തിലുള്ള കുടുംബം ഭാഗ്യപ്പെട്ടതത്രേ."

## ബലഹീനമായ മനുഷ്യപ്രകൃതി

മററുകുട്ടികളെപ്പോലെതന്നെ ഫ്രഡറിക്കും വളർന്നുവന്നു. എട്ടുവയസ്സായപ്പോൾ താൻ ദുശ്ശാഠ്യക്കാരനും ക്ഷിപ്രകോപിയും അനുസരണമില്ലാത്തവനും ആയിത്തീർന്നിരുന്നുവെന്ന് അവൻതന്നെ പറയുന്നുണ്ട്: "ശിക്ഷണത്തിനെതിരായി ഞാൻ ചന്ദ്രഹാസമിളക്കിയിരുന്നു; അലസതയുടെ പാരമ്യത്തിലായിരുന്നു അന്നു ഞാൻ." ഇതു് അല്പം അതിശയോക്തിപരമായിട്ടു കരുതേണ്ടിയിരിക്കുന്നു. കാരണം, ഫ്രഡറിക്കിൻെറ സഹോദരനായ അൽഫോൻസച്ചൻ പറയുന്നതിപ്രകാരമാണ്: "അ

വൻ പെട്ടെന്നു ഭാവം മാറുകയും മുക്കുടമുഷ്ടിപിടിക്കുകയും ചെയ്യുന്ന ഒരു തൊട്ടാവാടിയായിരുന്നു. പക്ഷേ, പീഡിതരോടെല്ലാം അനുകമ്പാർദ്രനുമായിരുന്നു. ഏററം നിസ്സാരമായ പാപങ്ങളിൽനിന്നുകൂടിയും പിന്മാറിക്കൊണ്ടു മാലാഖായ്ക്കൊത്ത ഹൃദയനൈർമ്മല്യം അവൻ പരിപാലിച്ചിരുന്നു."

ഫ്രഡറിക്ക പറയുന്നു: "പ്രഥമദിവ്യകാരുണ്യസ്വീകരണാനന്തരം ഞാൻ കൂടുതൽ വിനയാന്വിതനും സുശീലനും സൗമ്യനും ആയിത്തീർന്നു. എന്നാൽ, അഹങ്കരിക്കുന്നതിനും കോപിക്കുന്നതിനുമുള്ള പ്രവണത അപ്പോഴും എന്നിൽ സ്ഥിതിചെയ്തിരുന്നു." അരിശപ്പെടുന്നതിനു പലപ്പോഴും അവസരങ്ങളുണ്ടായിട്ടുണ്ട്; പെട്ടെന്ന് അക്ഷമനായി അവൻ കോപിച്ചിട്ടുമുണ്ട്. എങ്കിലും ഉടനടി പൂർണ്ണമായി മനസ്താപപ്പെടുകയും, ഹൃദയം തകർന്ന് എളിമയോടെ മാപ്പപേക്ഷിക്കുകയും ചെയ്തിരുന്നു. പതിനേഴാമത്തെ വയസ്സിൽ കഥാനായകൻ എഴുതി: "കുമ്പസാരം എനിക്ക് ഒരുവക ശല്യമായിത്തോന്നുന്നു. അഹങ്കാരത്തിൽനിന്നും, എന്നെത്തന്നെ നന്നാക്കുന്നതിലുള്ള അനാസ്ഥയിൽനിന്നുമാണു് ആ തോന്നലുണ്ടാകുന്നതു്." വടക്കേ ഇററലിയിൽവച്ചു ഫ്രഡറിക്കിനെ മരണകരമായ ഒരു രോഗം ബാധിച്ചു. സഹോദരന്മാരിരുവരും അവനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ഒരു രാത്രി അവൻെറ നയനങ്ങളിൽ അശ്രുകണങ്ങൾ ദർശിച്ചുകൊണ്ടു് അവരിൽ ഒരാൾ ചോദിച്ചു: "എന്തിനാണു നീ ഇങ്ങനെ സങ്കടപ്പെടുന്നതു്? മനശ്ശാന്തി പാലിക്കുക. നമുക്കു വേഗംതന്നെ ഫ്രാൻസിൽ തിരിച്ചെത്താം."

ഫ്രഡറിക്ക പ്രത്യുത്തരം നല്കി: "പ്രിയ സഹോദരാ, അതുകൊണ്ടൊന്നുമല്ല; ദൈവത്തെ അത്യധികമായി പീഡിപ്പിക്കാനിടയാക്കിയ എൻെറ പാപങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ കരയാതിരിക്കുവാൻ എനിക്ക് എങ്ങനെ കഴിയും?"

നമ്മുടേതുപോലെ നശ്വരമായ മണ്ണുകൊണ്ടുതന്നെയാണു ഫ്റഡറിക്കും സൃഷ്ടിക്കപ്പെട്ടിരുന്നതു്. അദ്ദേഹം പാപം ചെയ്തിട്ടുണ്ടു്; പക്ഷേ, ഗൗരവമേറിയ പാപങ്ങൾ ചെയ്തിട്ടുണ്ട് എന്നതിനു തെളിവൊന്നുമില്ല. തീർച്ചയായും അദ്ദേഹം പലവിധ പരീക്ഷകൾക്കു വിധേയനായി. വിശിഷ്യ, യൗവനകാലത്തു വിശ്വാസത്തിനെതിരായി അദ്ദേഹം കഠിനമായി പരീക്ഷിക്കപ്പെട്ടു. നൈരാശ്യം, ദൈവപരിപാലനയിൽ വിശ്വാസരാഹിത്യം മുതലായ തിന്മകൾ അദ്ദേഹത്തെ കൂടെക്കൂടെ അലട്ടിക്കൊണ്ടിരുന്നു; ആജീവനാന്തം അവയോട് എതിരിടേണ്ടിയും വന്നു. തൻെറ മഹത്തായ ഉദ്ദേശ്യങ്ങളെ പ്രവൃത്തിപഥത്തിലെത്തിക്കുവാൻവേണ്ട ആരോഗ്യം തനിക്കില്ലെന്നു ഫ്രഡറിക്കിനു തോന്നി. ദൈവത്തോടു താൻ അവിശ്വസ്തത കാണിച്ചുവോ എന്ന് അദ്ദേഹം ഭയന്നു. ഈ ശങ്ക അദ്ദേഹത്തിൻെറ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

ഫ്രഡറിക്ക് ഒസ്സാനാമിൻെറ തനിനിറം ഈ ചെറുവിവരണത്തിൽനിന്നു സ്പഷ്ടമാണു്. നമ്മുടേതുപോലെ തന്നെ സാധാരണമായ ജീവിതാരംഭം. ജന്മനാ അദ്ദേഹം ഒരു വിശുദ്ധനായിരുന്നില്ല. വിശുദ്ധിയുടെ അടിത്തറയായ ശുദ്ധീകരവരപ്രസാദം നമുക്കെന്നതുപോലെ

ജ്ഞാനസ്നാനംവഴി ഫ്രഡറിക്കിനും ലഭിച്ചു. ദൈവദത്തമായ കഴിവുകളെ മഹത്വപൂർണ്ണമായ വളർച്ചയിലേക്ക് അദ്ദേഹം നയിച്ചു; ദൈവനിവേശനങ്ങൾക്ക് അചഞ്ചലമായ വിശ്വസ്തതയോടെ വിധേയനായി. ഇവയെല്ലാം സംക്ഷിപ്തമായിട്ടെങ്കിലും നാം കാണാൻ പോവുകയാണ്, അടുത്തു വരുന്ന അദ്ധ്യായങ്ങളിൽ.

## ജീവിതവീക്ഷണം

ഒരു സതീർത്ഥ്യൻ കഠിനപീഡകൾക്ക് ഇരയായി മരണമടയുന്നതു ഫ്രഡറിക്ക തൻെറ ഇരുപതാമത്തെ വയസ്സിൽ കാണുകയുണ്ടായി. ഈ സംഭവം അദ്ദേഹത്തിൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. നവവത്സരമംഗളങ്ങൾ ആശംസിച്ചുകൊണ്ടു വീട്ടിലേക്കയച്ച കത്തിൽപ്പോലും ഇതിനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു: "യുവജനങ്ങൾ മരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അദൃശ്യവും യഥാർത്ഥവുമായ ലോകത്തെപ്പററിയുള്ള ചിന്തകൾക്ക സമുചിതമായ സ്ഥാനം ഇതുവരേയും ഞാൻ നല്കിയിട്ടില്ലെന്നു് അതുമൂലം എനിക്ക തോന്നിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ സന്തതസഹചാരികളായ ആ രണ്ടു സുഹൃത്തുക്കളെക്കുറിച്ച് ദൈവത്തേയും മരണത്തേയുംകുറിച്ച്—ഞാൻ ഇതുവരേയും വേണ്ടതു ചിന്തിച്ചിട്ടില്ല. ജീവിതത്തിൻെറ പരുപരുത്ത വശങ്ങളെ ഞാൻ കൂടുതലായി വിലമതിച്ചുതുടങ്ങിയിരിക്കുന്നുവെന്നു തോന്നുന്നു. കൂടുതൽ ധൈര്യത്തോടെ അവയെ ഞാൻ നേരിടുകയും ചെയ്യും. എൻെറ അഹമ്മതി കുറഞ്ഞിട്ടുണ്ടെന്നാണു തോന്നുന്നതു്. എങ്ങനെ ജീവിക്ക

ണമെന്നു മതം അനുശാസിക്കുന്നെങ്കിൽ അതു നമ്മെ മരണത്തിനൊരുക്കുവാൻവേണ്ടിയാണു്. മതവിശ്വാസം അതു നിർവ്വഹിക്കുന്നില്ലെങ്കിൽ പ്രായോഗികമായി എന്തുവിലയാണു മതത്തിനുള്ളതു്?"

അൎത്ഥം ഗ്രഹിച്ചുകൊണ്ടുതന്നെയാണു താൻ ഇതു് എഴുതിയതെന്നു ശേഷിച്ച ഇരുപതുവർഷത്തേ ഹ്രസ്വജീവിതംകൊണ്ടു് ഫ്രഡറിക്കു് ഒസ്സാനാം വ്യക്തമാക്കി. ദൈവദാനങ്ങളായ ലൗകികനന്മകളും സുഖങ്ങളും കൃതജ്ഞതാപുരസ്സരം അദ്ദേഹം അനുഭവിച്ചു. ഐഹികജീവിതം മരണത്തിനുള്ള—അദൃശ്യവും യഥാർത്ഥവുമായ ലോകത്തേക്കു നയിക്കുന്ന രാജപാതയായ മരണത്തിനുള്ള—ഒരുക്കം മാത്രമാണു് എന്ന വിശിഷ്ട തത്വം ഒസ്സാനാം വിസ്മരിച്ചില്ല. മരണത്തെ സുഹൃത്തായി കരുതിക്കൊണ്ടു് അതു നല്കുന്ന പാഠങ്ങൾ അദ്ദേഹം ഹൃദയാന്തരാളത്തിൽ സൂക്ഷിച്ചുപോന്നു. നിര്യാതനായ തൻെറ സതീർത്ഥ്യനെ ഫ്രഡറിക്കു പലപ്പോഴും സ്മരിച്ചിരുന്നു: ഭൗമികമായ സമ്പാദ്യങ്ങളെല്ലാം, അവ സംരക്ഷിക്കുന്നതിനുള്ള ഉപാധികളോടുകൂടെ ആ സ്നേഹിതനു കൈവിടേണ്ടിവന്നുവല്ലോ. സഹജീവികളുടെ പ്രശംസകൾ, സൽകീർത്തി, എന്നുവേണ്ടാ, സ്വന്തം ശരീരവും വിസ്മയകരങ്ങളായ അതിൻെറ കഴിവുകളും ഉപേക്ഷിക്കേണ്ടിവന്നു. ഇവയിലെന്തെങ്കിലും കുഴിമാടത്തിനപ്പുറം കൊണ്ടുപോകുവാൻ അവനു കഴിഞ്ഞില്ല. ഫ്രഡറിക്കിനും അതു സാധിക്കുകയില്ല. ദൈവത്തിൻെറ സൃഷ്ടികളെല്ലാം നല്ലവതന്നെ. എങ്കിലും അവയെ ആസ്വദിക്കുകയല്ല മനുഷ്യൻെറ പരമാന്ത്യം. അവ മനുഷ്യനുവേണ്ടി സൃഷ്ടങ്ങളാണു്; മനുഷ്യൻ അവയ്ക്കുവേണ്ടിയല്ല.

മരണത്തിന്ന രണ്ടുവർഷംമുമ്പ് ഒരാത്മമിത്രത്തിന്ന ഫ്രെഡറിക്ക് ഒസ്സാനാം ഇപ്രകാരം എഴുതി: "എൻെറ അനാരോഗ്യം നിമിത്തം കടമകളും ആനന്ദങ്ങളും ദുസ്സാധമായിത്തീരുന്നു. എന്നാൽ, ഈ താഴ്വരയിൽ എന്നേക്കും അടിഞ്ഞുകിടക്കുവാൻ നമ്മെ അനുവദിക്കാത്ത ദൈവപരിപാലനയെ ഞാൻ വാഴ്ത്തുന്നു. ജീവിതം സുഖപ്രദമാക്കാൻ കഴിവുള്ളതെല്ലാം ഞാൻ ചെയ്തിട്ടുണ്ട്; താങ്കൾ എന്നെ വളരെയധികം സഹായിച്ചിട്ടുമുണ്ട്. എൻെറ കുടുംബത്തെ ഞാൻ സൗഭാഗ്യനികേതനമാക്കിയോ എന്നു താങ്കൾക്കറിയാം. ആ സൗഭാഗ്യത്തിൽ ഞാൻ നിലയുറപ്പിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ശാരീരികമായ അസുഖങ്ങൾ അയയ്ക്കുന്നതോടൊപ്പം ഹൃദയാനന്ദവും അവിടുന്നു പ്രദാനം ചെയ്യുന്നുണ്ട്. ഈ ഭാഗ്യത്തെക്കുറിച്ച് അവിടുത്തെ ഞാൻ പുകഴ്ത്തുന്നു."

രക്ഷാകരവും വിവേകപൂർവ്വവുമായ ഈ ജീവിതവീക്ഷണമാണ് ഒരു യഥാർത്ഥക്രൈസ്തവന് ഉണ്ടായിരിക്കേണ്ടതു്. തനിക്കും ആശ്രിതർക്കുമായി ലൗകികമായ സുരക്ഷിതത്വവും സൗഭാഗ്യവും, അനുവദനീയമായവിധത്തിൽപ്പോലും, സമാർജ്ജിക്കുന്നതിനുള്ള ആകാംക്ഷ ഫ്റെഡറിക്കിനെ ഗ്രസിക്കുകയോ അന്ധനാക്കുകയോ ചെയ്തിരുന്നില്ല. പൊതുജനപ്രീതിക്കും സാമുദായികവും സാമൂഹ്യവുമായ അഭ്യുദയത്തിനും അമിതലാഭസമ്പാദനത്തിനും ധനസുഖാദികൾക്കുംവേണ്ടി ആ സാക്ഷാത്തായ ലോകത്തെ നഷ്ടമാക്കുകയോ? ഇവയെല്ലാം മരണത്തോടുകൂടെ, മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും, അവശ്യം വിട്ടൊഴിയേണ്ടവയല്ലേ?

ഫ്റഡറിക്ക് ഒസ്സാനാമിന്റെ ജീവിതത്തിലേക്കു നാം കടക്കുവാനിരിക്കുന്നതേയുള്ളൂ. പക്ഷേ, മുമ്പു കണ്ട വാക്യശകലങ്ങൾ നിതരാം സ്പഷ്ടമാക്കുന്നുണ്ട്, ശവക്കോട്ടയ്ക്കപ്പുറം കൊണ്ടുപോകാൻ സാധ്യമല്ലാത്തവയ്ക്ക് അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം അശേഷമില്ലായിരുന്നെന്ന്. ഒരു സംഗതിയിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു; സ്രഷ്ടാവിന്റെ സവിധത്തിൽ അദ്ദേഹത്തെ എത്തിക്കുവാൻ അതു പര്യാപ്തവുമായിരുന്നു. അമർത്ത്യമായ ആത്മാവും അതിന്റെ നന്മകളും അഥവാ യോഗ്യതായോഗ്യതകളും ആയിരുന്നു ഒസ്സാനാമിന്റെ അവികലമായ ശ്രദ്ധയ്ക്കു പാത്രമായ ആ ഏകസംഗതി.

## ശുഷ്കിച്ച മുന്തിരിയോ?

യൗവനംമുതല്ക്കേ ഫ്റഡറിക്ക് ഒസ്സാനാം ധാർമ്മികമായ ഉത്തരവാദിത്വബോധമുള്ളവനായിരുന്നു. ശരീരത്തിലും ആത്മാവിലും അദ്ദേഹം ദൈവത്തിന്റേതായി വർത്തിച്ചു. ദൈവദത്തമായ ഒരു ജീവിതലക്ഷ്യം അദ്ദേഹത്തിനു പ്രാപിക്കുവാനുണ്ടായിരുന്നു; അലസത കാണിക്കുവാൻ പാടില്ലാത്ത ഒരു കാര്യം പ്രാവർത്തികമാക്കുവാനും—സ്വന്തം ആത്മരക്ഷ. ഫലശൂന്യമോ നിഷേധാത്മകമോ ആയിരുന്നില്ല ഒസ്സാനാമിന്റെ ആത്മീയനിലപാട്. ഗുരുതരമായ പാപങ്ങളിൽനിന്നു വിമുക്തി പ്രാപിക്കുകമാത്രമല്ല, ആന്തരികപരിശുദ്ധി നൂറുമേനി ഫലപുഷ്ടമാകത്തക്കവിധത്തിൽ അദ്ദേഹം പ്രസാദവരത്തോടു ഹൃദയംഗമവും പ്രവൃത്തിപരവുമായി സഹകരിക്കുകകൂടി ചെയ്തിരുന്നു.

യൗവനത്തിലേക്കു കാലൂന്നിയ ഫ്റഡറിക്ക് ഒരു സ്നേഹിതനുള്ള കത്തിൽ തന്നെത്തന്നെ നിർഭ്ദാക്ഷണ്യം കുററപ്പെടുത്തുന്നതു കേൾക്കുക: "ഒരുപക്ഷേ, നിത്യപിതാവിൽനിന്ന് എനിക്കു ലഭിച്ചിട്ടുള്ളതുപോലെ ഇത്രയധികം ശ്രദ്ധയും സംരക്ഷണവും സിദ്ധിച്ചിട്ടുള്ള മറെറാരു മുന്തിരിയും അവിടുത്തെ മുന്തരിത്തോപ്പിൽ കാണുകയില്ല. 'എൻെറ മുന്തിരിക്കുവേണ്ടി മറെറന്താണ് ഇതിലധികമായി എനിക്കു ചെയ്യാമായിരുന്നതു്?' എന്ന് എന്നെക്കുറിച്ചല്ലാതെ മററാരേയുംകുറിച്ച് അവിടുന്നു ചോദിച്ചരുളുമെന്നും തോന്നുന്നില്ല. എന്നാൽ, ഞാൻ—നികൃഷ്ടനായ ഒരു ചെടി! ദൈവനിശ്വാസനങ്ങൾക്ക് എൻെറ ദളങ്ങൾ ഞാൻ വിടർത്തിയില്ല; നല്ല മണ്ണിൽ വേരുകൾ ഞാൻ ഓടിച്ചില്ല. ഞാൻ ഇതാ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. പ്രവർത്തനരഹിതമായ ഒരു സൃഷ്ടിയായി ഞാൻ വർത്തിച്ചു. ഭീരുത്വജന്യമായ അലസതയിൽ എന്നെത്തന്നെ ഞാൻ പൂഴ്ത്തുകയും ചെയ്തിരിക്കുന്നു."

ശുഷ്കിച്ച മുന്തിരിയോ? അല്ല, അതായിരുന്നില്ല ഫ്രഡറിക്ക് ഒസ്സാനാം. മനസ്സാക്ഷിയുടെ മൃദുലത, അവശ്യമായ ആ ഒന്നിനെ—സ്വന്തം ആത്മരക്ഷയെ—ക്കുറിച്ചുള്ള അസാധാരണമായ മതിപ്പ്, ഇവയായിരുന്നു മേലുദ്ധരിച്ച വാചകങ്ങൾ എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. "എൻെറ മുന്തിരിത്തോപ്പിൽ ഞാൻ ചെയ്യുവാൻ കടപ്പെട്ടിരുന്നവയിൽ ഇനി എന്താണു ചെയ്യാതെയുള്ളതു്" (ഇസ. 5: 4) എന്ന് അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ചു ന്യായപൂർവ്വം പരാതി പറയുവാൻ നിത്യപിതാവിനു സാധിക്കുമായിരുന്നില്ല.

വത്സരങ്ങൾ മൂന്നുകൂടി കടന്നുപോയി. ലാല്ലിയെ എന്ന വത്സല സ്നേഹിതനെ ഫ്റഡറിക്ക് അനുസ്മരിപ്പിക്കുകയാണ്: "നമ്മുടെ ഐഹികവാസത്തിന്റെ മൂന്നിലൊന്നു നാം ചെലവഴിച്ചുകഴിഞ്ഞു. ഇതുവരേയും മററുള്ളവരുടെ നന്മകൊണ്ടു നാം ജീവിച്ചു. ശേഷിച്ചകാലം. മററുള്ളവർക്കു നന്മചെയ്തുകൊണ്ടു നമുക്കു ജീവിക്കാം. യാതൊരു മടിയുംകൂടാതെ പാടുള്ളതൊക്കെ നമുക്കു ചെയ്യാം." മനുഷ്യായുസ്സ് എഴപതുവർഷം എന്ന ശരാശരിക്കണക്ക് അടിസ്ഥാനമാക്കിയാണ് ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ഫ്റഡറിക്ക് ഇപ്രകാരമെഴുതിയത്. പക്ഷെ, അത്രയും അദ്ദേഹത്തിനു ലഭിച്ചില്ല; ലഭിക്കുമെന്നു യാതൊരുറപ്പും ഉണ്ടായിരുന്നുമില്ല; ലഭിച്ചാൽത്തന്നേയും സ്വന്തം ആത്മരക്ഷ സുഭദ്രമാക്കാൻ രണ്ടുമൂന്നു വഷം കൂടുതലായി ലഭിക്കുമോ എന്നൊന്നും നിശ്ചയവുമില്ലായിരുന്നു. "മനുഷ്യപുത്രൻ എപ്പോൾ വരുമെന്നു നിശ്ചയമില്ലാത്തതിനാൽ നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ" (വി. മത്താ: 24: 14) എന്നുള്ള ദിവ്യരക്ഷകന്റെ അനുശാസനത്തിൽ അദ്ദേഹം ശ്രദ്ധിക്കേണ്ടതുണ്ടായിരുന്നു; ശ്രദ്ധിച്ചിരുന്നുതാനും.

## ഫലരഹിതമോ?

പതിനൊന്നു സംവത്സരങ്ങൾക്കുശേഷം 1848-ൽ, ദൈവം തനിക്കു ചെയ്തിരിക്കുന്ന നന്മയെക്കുറിച്ചുള്ള ചിന്ത ഇപ്രകാരം ആലേഖനം ചെയ്യുന്നതിനു ഫ്റഡറിക്കിനെ പ്രേരിപ്പിച്ചു: "അവിടുത്തേക്ക് കൂടുതൽ കൃതജ്ഞത അർപ്പിക്കാത്തതിനാൽ വളരെ മോശമായിത്ത

ന്നെ ഞാൻ പെരുമാറിയിരിക്കുന്നു. യൗവനം അതിവേഗം കടന്നുപോകുന്നു. ഞാൻ നന്നാകുന്നുണ്ടെന്ന് എനിക്കൊട്ടു തോന്നുന്നുമില്ല. മൂന്നുമാസംകൂടി കഴിയുമ്പോഠം എനിക്കു മുപ്പത്തഞ്ചു വയസ്സു തികയും; ജീവിതത്തിൻെറ മദ്ധ്യാഹ്നത്തിലെത്തും. ഈ യാത്ര ഞാൻ പൂർത്തിയാക്കുമെന്നുതന്നെയിരിക്കട്ടെ. എന്നാലും അവസാനം വെറുംകൈയോടെ പോകേണ്ടിവരുമല്ലോ എന്നു ഞാൻ ഭയപ്പെടുന്നു."

കടമകളുടെ നിർവ്വഹണമാണു് അനുദിനദൈവസേവനം. നിത്യസൗഭാഗ്യത്തിനു നല കേണ്ട വിലയും അതുതന്നെ. വിവേകിയും ഉത്തരവാദിത്വബോധമുള്ളവനുമായ ഒരു മനുഷ്യൻെറ കർത്തവ്യനിർവ്വഹണംതന്നെയാണു സുവിശേഷപ്രബോധനങ്ങളുടെ അനുഷ്ഠാനവും. ഒസ്സാനാം ആയിനത്തിൽപ്പെട്ട ഒരാളായിരുന്നുവെന്നു മേലുദ്ധരിച്ച വാക്കുകഠം വെളിവാക്കുന്നു. തന്നെത്തന്നെ ഉത്തമനാക്കിത്തീർക്കുവാൻ വത്സരംപ്രതി ഒസ്സാനാം ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നുവെന്നതു പ്രശംസാർഹമല്ലയോ? അഞ്ചു വത്സരങ്ങഠംമാത്രമേ പിന്നീടു് അദ്ദേഹത്തിനു ശേഷിച്ചിരുന്നുള്ളു.

ഫ്റഡറിക്കിൻെറ ജീവിതത്തിനു ദൈവദൃഷ്ടിയിൽ വിലയിടിവുണ്ടാകുവാൻ പോരുന്ന ചില കുറവുകളിൽ പ്രധാനമായ ഒന്നായിരുന്നു വ്യർത്ഥാഭിമാനം. അതായതു്, മനുഷ്യരുടെ മുമ്പിൽ 'നല്ലപിള്ള ചമയു'വാൻവേണ്ടി ജീവിതവും നടപടിയും ക്രമപ്പെടുത്തുക. എന്നു നിശ്ചയദാർഢ്യത്തോടെ അദ്ദേഹം അതിനെ

ർഎതിർത്തിരുന്നുവെന്നതിന്ന് ഒരുദാഹരണം താഴെ കാണിക്കാം.

ലയൺസിലെ കോളെജിൽ ഒരു പുതിയ ഭാഷാദ്ധ്യാപകനെ നിയമിക്കേണ്ട അവസരം വന്നു. ഫ്റഡറിക്ക് ഒസ്സാനാം ആയിരുന്നു .തൽസ്ഥാനത്തിനു സർവ്വഥായോഗ്യനായി കാണപ്പെട്ടതു്. ക്രൈസ്തവമതതത്വങ്ങളെ ഭയലേശമെന്നിയേ മുറുകെപ്പിടിക്കുന്ന ഒരു നിയമപ്രബോഷകനായിരുന്നു അദ്ദേഹം. തന്നിമിത്തം, അദ്ദേഹത്തിനെതിരായി ശക്തിയേറിയ കുപ്രചരണം നടന്നു. അതേസമയം വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചു, പാരീസിലുള്ള സൊർബോൺകോളേജിലെ വിദേശഭാഷാദ്ധ്യാപകസ്ഥാനത്തിന്ന് അദ്ദേഹം മത്സരിക്കട്ടെ എന്ന്. ഏഴുപേരായിരുന്നു അദ്ദേഹത്തിൻെറ പ്രതിയോഗികൾ. അദ്ദേഹത്തിനെതിരായി ആറുമാസത്തെ ഒരുക്കങ്ങൾ അവർ ചെയ്തുകഴിഞ്ഞിരിക്കുന്നു. തൻെറ പ്രയത്നങ്ങൾ തീരെ അപര്യാപ്തങ്ങളാണെന്നു ഫ്രഡറിക്കിനു തോന്നി: "വിജയസിദ്ധിക്കായി ബുദ്ധിമുട്ടിയിട്ടു കാര്യമില്ലെന്നു മനസ്സിലായപ്പോൾ സാക്ഷാത്തായ ബഹുമാനത്തിനുവേണ്ടി, എല്ലാററിലുമുപരിയായ ദൈവമഹത്വത്തിനുവേണ്ടി പ്രയത്നിക്കുവാൻ ഞാൻ കൂടുതൽ സ്വാതന്ത്ര്യമുള്ളവനായിത്തീർന്നു."

അപ്പോൾ ക്രിസ്തീയാദർശങ്ങളിൽനിന്ന് അല്പമെങ്കിലും വ്യതിചലിച്ചിരുന്നെങ്കിൽ അതു മതാവഹേളനമാകുമായിരുന്നു. വ്യത്ഥസ്തുതിക്കും ലൗകികലാഭത്തിനും വേണ്ടിയുള്ള വിചാരങ്ങളെ വിപാടനം ചെയ്തുകൊണ്ടു്, പരിശോധകന്മാരുടേയും തടിച്ചുകൂടിയിരുന്ന ജനാവലി

യുടേയും മുമ്പാകെ അദ്ദേഹം ക്രൈസ്തവാദർശങ്ങളെ നിർഭയം പ്രഖ്യാപിച്ചു. നിയമകാര്യങ്ങളിൽ വിശുദ്ധ തോമസ് അകചീനാസിൻെറ വാക്കുകൾ അദ്ദേഹം ഉദ്ധരിച്ചു. ഫ്റഞ്ചുകാവ്യത്തിൽ ജാൻസനിസ്ററുകൾ ചെലുത്തിയ വിനാശകരമായ പ്രേരണാശക്തിയെ അപലപിക്കുകയും ഫ്റഞ്ചുസാഹിത്യത്തിൽ അഗ്രിമസ്ഥാനം വിശുദ്ധ ഫ്റാൻസിസ് സാലേസിനാണെന്ന് അവകാശപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ ക്രിസ്തീയധീരത ലക്ഷ്യപ്രാപ്തിക്കു വിഘാതമായില്ല. അതു് ആ ദിവസത്തെ വിജയപര്യവസായിയാക്കിത്തീർത്തു. ഫ്റഡറിക്കു് അധ്യാപകനായി. വിഷമംപിടിച്ച ഈ ചുററുപാടുകളിൽ അദ്ദേഹത്തിൻെറ സ്വഭാവാർജ്ജവവും ജീവിതവീക്ഷണവും ദൈവസേവനത്തിനായി ഒത്തുചേർന്നിരിക്കുന്നതു നമുക്കു കാണാം. ഈ വീക്ഷണത്തിനനുസരണമായി അദ്ദേഹം ജീവിച്ചു. നിത്യമായ ദൈവപ്രസാദം മാത്രമല്ല താൽകാലികമായ മനുഷ്യപ്രീതിയും ഇതുമൂലം ലബ്ധമായി.

## സ്വർഗ്ഗത്തിൻെറ താക്കോൽ

ഒരു ദൈവാലയത്തിൻെറ അങ്കണത്തിലുള്ള ഹാളിൽ ഒരുഗണം തൊഴിലാളികളോടു് ഒസ്സാനാം സംസാരിച്ചുകൊണ്ടിരിക്കുകയാണു്. പ്രശസ്തപ്രസംഗകനായ അദ്ദേഹം ഞായാഴ്ചതോറും ഇവിടെ വരുക പതിവാണു്. അനുകമ്പയോടെ ലളിതമായ രീതിയിൽ അദ്ദേഹം തൊഴിലാളികളോടു സംഭാഷിക്കും. അതു് അവരുടെ ഹൃദയങ്ങളെ അദ്ദേഹത്തിനു തുറന്നുകൊടുത്തു.

ഒരു ദിവസം അദ്ദേഹം പ്രസ്താവിച്ചു: "ചിത്രകാരന്മാർ യവനികയിൽ 'ഗോബെലിൻ' ചെയ്യുന്നതുപോലെതന്നെയാണ് നാം നമ്മുടെ അന്ത്യത്തെ ഭൂമിയിൽവച്ചു പടുത്തെടുക്കുന്നതു്. പക്ഷേ, നാം അതറിയുന്നില്ല. അജ്ഞാതനായ ഒരു ചിത്രകാരൻെറ മാതൃകകളെ കൃത്യമായി അനുസരിച്ചുകൊണ്ടു്, പരിണതഫലം എന്തായിരിക്കുമെന്നറിയാതെ, അവർ ഇഴയുടെ മറുവശത്തു വിവിധ നിറങ്ങൾ ക്രമപ്പെടുത്തുന്നു. പണിതീർന്നു കഴിയുമ്പോൾ മാത്രമാണു രാജസദനങ്ങളെ അലങ്കരിക്കുവാൻ പോരുന്ന തങ്ങളുടെ കരവേലകളായ പുഷ്പങ്ങളേയും രൂപങ്ങളേയും കുറിച്ചു് അവർക്കു വിസ്മയം തോന്നുന്നതു്. സ്നേഹിതന്മാരേ, നമ്മിലൂടെ ദൈവം ചെയ്യുന്നതു് എന്താണെന്നു് നോക്കാതെ, അവിടുത്തെ ദിവ്യഹിതത്തിനു വഴങ്ങി, അനുസരണയുള്ളവരായി ഈ ലോകത്തിൽ നമുക്കു ജോലി ചെയ്യാം. ആ വിശ്വശില്പി എല്ലാം കാണുകയും അറിയുകയും ചെയ്യുന്നുണ്ടു്. ജീവിതത്തിൻേറയും പ്രയത്നങ്ങളുടേയും ക്ലേശങ്ങളുടേയും പൂർത്തീകരണം അവിടുന്നു നമ്മെ കാണിക്കുമ്പോൾ നാം ആനന്ദാനുഭൂതിയിൽ ആണ്ടുപോകും. നമ്മുടെ നിസ്സാരമായ ചെയ്തികളെ സ്വീകരിച്ചു നിത്യസദനത്തിൽ സ്ഥാപിക്കുവാൻ കനിഞ്ഞ അവിടുത്തെ നമുക്കെപ്പോഴും വാഴ്ത്താം."

ഈ വാക്കുകളിൽ, അദ്ദേഹത്തിൻെറ ജീവിതവിജയരഹസ്യം എന്തെന്നു്, അതായതു്, സ്വർഗ്ഗരാജ്യം തനിക്കായി തുറക്കുവാനുപയോഗിച്ച താക്കോൽ ഏതെന്നു് ഫ്റഡെറിക്കു് അറിയാതെതന്നെ വെളിപ്പെട്ടു പോകുന്നു. ദൈവതൃക്കരങ്ങളിൽ വഴക്കമുള്ള ഒരുപകരണമായിരി

ക്കുവാൻ അദ്ദേഹം ഉന്നംവച്ചു. അങ്ങനെ ആയിത്തീരുകയും ചെയ്തു. കുന്നും കുഴിയും നിറഞ്ഞ ജീവിതത്തിന്റെ പിന്നിൽ ദിവ്യകലാകാരന്റെ പരിപാലനാവൈഭവത്തെ അദ്ദേഹം ദർശിച്ചു. സ്വർഗ്ഗത്തിൽ സ്ഥാപിക്കുവാൻ പോരുന്ന മഹത്തരവും അതുല്യവും സജീവവുമായ ചിത്രയവനികയായി ഓരോ ആത്മാവിനും അവിടുന്നു തന്റെ നിശ്ചയപ്രകാരം രൂപം കൊടുക്കുന്നു. മനുഷ്യൻ ചെയ്യേണ്ട ഏകസംഗതി ഇതാണ്: സ്വന്തം ആത്മാവിനെ രക്ഷിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുക. അതായത്, ദൈവത്തിന്റെ സ്നേഹവും നിത്യസഹവാസവും തേടുക. അതിനു സർവ്വനാഥനായ ദൈവത്തിന്റെ ആജ്ഞകളിലും അഭിലാഷങ്ങളിലും നിർദ്ദേശങ്ങളിലും ദൈനംദിനമെന്നല്ല അനുനിമിഷം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവഹിതം ആശ്ലേഷിച്ചു നിറവേററുന്നതിലാണു സ്വർഗ്ഗത്തിന്റെ താക്കോൽ കണ്ടെത്തേണ്ടതെന്നു തന്റെ ദീപ്തമായ വിശ്വാസത്തിൽ ഒസ്സാനാം മനസ്സിലാക്കി. ദൈവത്തിന്റേയും സഭയുടേയും കല്പനകൾ, ജീവിതസ്ഥിതിയുടെ കടമകൾ, അന്തഃകരണത്തിന്റെ പ്രചോദനങ്ങൾ, അനുദിനസംഭവങ്ങളിൽ പ്രവർത്തിക്കുന്ന ദൈവികപരിപാലന ഇവയാണു ദൈവഹിതം വെളിപ്പെടുത്തുന്നവയെന്നും അദ്ദേഹം ഗ്രഹിച്ചു.

## വക്കീൽപ്പണി

ബാല്യംമുതല്ക്കേ ഫ്റഡറിക്കു ഒസ്സാനാമിനുണ്ടായിരുന്ന അതുല്യമായ ഉത്തരവാദിത്വബോധം ദൈവഹിതത്തിന്റെ പ്രായോഗികമായ അംഗീകരണവും

സ്വീകരണവുമല്ലാതെ മററെന്തായിരുന്നു? പിതാവിന്റെ അഭീഷ്ടമനുസരിച്ച് അദ്ദേഹം നിയമപഠനം തുടങ്ങി. തന്റെ അഭിരുചിക്കു വിരുദ്ധമായിരുന്നെങ്കിലും അതു് അദ്ദേഹം സ്വന്തം കടമയായി പരിഗണിക്കുകയും പൂർണ്ണമായി നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രവണതകളും സ്നേഹിതന്മാരുടെ ആമന്ത്രണങ്ങളും സാഹിത്യപരമായ പഠനങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും അദ്ദേഹത്തെ കൂടുതൽ ആകർഷിച്ചിരുന്നു. അദ്ദേഹം പാരീസിൽനിന്നു വീട്ടിലേക്കു് ഇപ്രകാരം എഴുതി: "പ്രിയ അമ്മേ, ഡോക്ടർപരീക്ഷയ്ക്കു് പ്രശസ്തമായ നിലയിൽ പാസ്സാകാമെന്നു ഞാൻ പ്രത്യാശിക്കുന്നു. കൂടുതൽ ഹിതകരമായ മററുവിഷയങ്ങളിൽ തോന്നുന്നത്ര താൽപര്യം ഇക്കാര്യത്തിലും പ്രദർശിപ്പിക്കുവാൻ സാധിക്കാതെ വരുമ്പോഠം ഞാൻ പഠനം നിറുത്തിയേക്കാം. തൽഫലമായുണ്ടാകാവുന്ന വിഷമതകഠം ഞാൻ സഹിച്ചുകൊള്ളാം. എന്നാൽ, കുറഞ്ഞപക്ഷം, കർത്തവ്യനിർവ്വഹണത്തിലെങ്കിലും ഞാൻ ഉദാസീനനായിരിക്കുകയില്ല."

അഭിഭാഷകനായി ലയൺസിൽ തിരിച്ചെത്തിയ യുവാവായ ഫ്ററഡറിക്കു വക്കീൽപ്പണിയെ അങ്ങേഅററത്തോളം വെറുത്തിരുന്നു. പക്ഷേ, അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം മാതാപിതാക്കന്മാരുടെ അഭീഷ്ടം ദൈവഹിതംതന്നെയായിരുന്നു. അതുകൊണ്ടു് അരുചികരമായ ആ തൊഴിലിൽ അദ്ദേഹം ഏർപ്പെട്ടുകതന്നെ ചെയ്തു. വക്കാലത്തു് ഏർപ്പെടുത്തുവാൻ കഴിവില്ലാതിരുന്ന ഒരു സാധുവിനുവേണ്ടി വാദിക്കുവാൻ ഒരിക്കൽ അദ്ദേഹം നിയോഗിക്കപ്പെട്ടു. വാദത്തിനു തീവ്രത കൂടി

പ്പോയെന്നു പറഞ്ഞു് അവസാനം സക്കാർ വക്കീൽ അദ്ദേഹത്തെ പരുഷമായി പരിഹസിക്കത്തക്കവണ്ണം അത്ര സമത്ഥമായി അദ്ദേഹം തൻെറ കൃത്യം നിർവ്വഹിച്ചു. “പാവങ്ങൾക്കുവേണ്ടി വാദിക്കുന്നതു പിള്ളകളിയാണോ?” എന്ന അദ്ദേഹത്തിൻെറ ചുട്ട മറുപടി കേട്ടു സക്കാർവക്കീൽ ലജ്ജിച്ചുപോയി. ന്യായാധിപന്മാർ ഫ്റഡറിക്കിൻെറ വാദം അംഗീകരിക്കുകതന്നെ ചെയ്തു. ജീവിതകാലത്തു ചെയ്യേണ്ടിവന്നിട്ടുള്ള ഏതു ജോലിയും ദൈവദത്തമായ കടമയായി അദ്ദേഹം പരിഗണിച്ചിരുന്നു. അവ നിർവ്വഹിച്ചുകൊണ്ടു് ആത്മരക്ഷയുടേയും ആത്മവിശുദ്ധീകരണത്തിൻേറയും ദൈവനിർദ്ദിഷ്ടമായ പാതയിൽക്കൂടി അദ്ദേഹം സുപ്രധാനമായ ഒരടികൂടി മുമ്പോട്ടു വച്ചു.

## ഇരുളടഞ്ഞ ഭാവി

ഇതിനിടയിൽ ഫ്റഡറിക്കിൻെറ മൃദുലമായ മനസ്സാക്ഷിയിൽ ദൈവവിളിയുടെ ഉജ്ജ്വലത്തായ ഒരു നാടകം അഭിനയിക്കപ്പെട്ടുകയായിരുന്നു. സാഹിത്യനഭസ്സിലേക്കായിരുന്ന അദ്ദേഹത്തിൻെറ സ്വാഭാവികമായ ചാച്ചിൽ മുഴുവനും. എഴുത്തുകാരനെന്ന നിലയിൽ അതിവേഗം വികസിച്ചുവന്ന വാസനകൾ, നേതൃത്വത്തിനുള്ള കഴിവു്, സ്നേഹിതന്മാരുടെ പ്രേരണ ഇവയെല്ലാം അതേ ലക്ഷ്യത്തിലേക്ക് അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്നു. അദ്ദേഹം തന്നോടുതന്നെ ചോദിച്ചു: “സാഹചര്യങ്ങളുടെ ഈ സംയോജനം ദൈവഹിതത്തിൻെറ അടയാളമല്ലേ?” എട്ടുവർഷക്കാലം “ഭാവിയെക്കുറിച്ചുള്ള അന്ധ

കാരത്തിലും അനിശ്ചിതത്വത്തിലും മനഃപീഡയിലും" ഒസ്സാനാം കഴിഞ്ഞുകൂടി. ഈ അവസരത്തിലും കഴിവുള്ള സൽപ്രവൃത്തികൾ അദ്ദേഹം ചെയ്തുപോന്നു; ദൈവപരിപാലന ശരിയായ മാൎഗ്ഗത്തെ തനിക്കു വെളിപ്പെടുത്തുന്ന നാഴിക എളിമയോടും ശരണത്തോടുംകൂടെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്തു. അദ്ദേഹം ഇപ്രകാരം എഴുതി: "ദിനംപ്രതി ദൈവതിരുമനസ്സു നിറവേററപ്പെടുന്നു. ദൈവതൃക്കരങ്ങൾ തങ്ങളെ നയിക്കുന്നതിനു സ്വമേധയാ സമ്മതിച്ചവരാണു മഹാന്മാരും ബുദ്ധിശാലികളും. ആരുടെ അനുമതികൂടാതെ ശിരസ്സിലെ ഒരു രോമം പോലും നിലംപതിക്കാതിരിക്കുന്നുവോ ആ പിതാവായ ദൈവത്തിൽ നമുക്കു ശരണപ്പെടാം."

ഫ്റഡറിക്ക് ഒസ്സാനാമിനു ദൈവത്തിലുണ്ടായിരുന്ന സമാശ്രയബോധം വ്യൎത്ഥമായില്ല. ആ ഭയരഹിതമായ വിശ്വാസമാണ്, നാം കണ്ടതുപോലെ, സൊർബോൺ കോളെജിലെ പുതിയ വിദേശഭാഷാധ്യാപകസ്ഥാനം പാരീസുകാരായ തന്റെ പ്രതിയോഗികളെ പിന്നിട്ടുകൊണ്ടു കരസ്ഥമാക്കിയ ആ വാഗ്വൈഭവം അദ്ദേഹത്തിനു നല്കിയത്. തലസ്ഥാനനഗരിയിലെ വാസവും സാഹിത്യസേവനവുമാണ് അദ്ദേഹത്തിന്റെ പ്രവൎത്തനരംഗമെന്ന് അതു വ്യക്തമാക്കി. മാത്രമല്ല, കാലക്രമത്തിൽ വെളിപ്പെടുവാനിരുന്നതുപോലെ, പരസ്നേഹപ്രേഷിതത്വത്തിന്, വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ സ്ഥാപനസ്ഥിരീകരണങ്ങൾക്ക് അതു വഴി തുറന്നുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അധ്യാപകസ്ഥാനം, സാഹിത്യപരമായ നേട്ടങ്ങൾ, അനാ

രോഗ്യനായിരിക്കെ ചെയ്ത സഞ്ചാരങ്ങൾ എന്നിവയെല്ലാം ഉന്നതമായ ഒരു ലക്ഷ്യത്തെ—അതേ, അധ്യേതാവായിരിക്കുകയിൽ സമാരംഭിച്ച പരസ്നേഹകോൺഫ്റൻസുകളുടെ ആന്തരികവും ബാഹ്യവുമായ വളർച്ചയെ—ഉദ്ദേശിച്ചായിരുന്നു.

ഫ്റഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ട 1848-ൽ ഫ്റഡറിക്ക രാഷ്ട്രീയത്തിലും കാലുകുത്തി. ലയൺസിലെ സ്ഥാനാർത്ഥിയായി അദ്ദേഹം നിർദ്ദേശിക്കപ്പെട്ടു. ഈ അവസരത്തിൽ സ്വന്തം സഹോദരനായ വൈദികന് അയച്ച കത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു: "എൻെറ സ്വഭാവത്തിനും പഠനങ്ങൾക്കും തീരെ യോജിക്കാത്ത ഈ ഉദ്യമത്തെ തിരസ്കരിക്കുവാനാണു ഞാൻ ആദ്യം നിശ്ചയിച്ചതു്. ദൈവസന്നിധിയിൽ അതെപ്പററി വിചിന്തനം ചെയ്യുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തതിനുശേഷം ഒരു പരിത്യാഗകൃത്യം അനുഷ്ഠിക്കുവാൻതന്നെ ഞാൻ തീരുമാനിച്ചു. ആ സ്ഥാനം ഞാൻ നിരസിക്കുന്നെങ്കിൽ അതു സ്വരാജ്യസ്നേഹത്തേയും ക്രൈസ്തവമതഭക്തിയേയും ആത്മാഭിമാനത്തേയും ബലികഴിക്കുകയായിരിക്കും. (ദൈവവും സഭയും രാഷ്ട്രവും അദ്ദേഹത്തെപ്പോലുള്ളവരുടെ സാന്നിധ്യം പാർലമെൻറിൽ ആവശ്യപ്പെടുന്നുവെന്നു സ്നേഹിതന്മാർ അദ്ദേഹത്തോടു പറഞ്ഞിരുന്നു.) ഞാൻ ലയൺസിലെ സ്ഥാനാത്ഥിയായി നില്ക്കേണ്ടിയിരിക്കുന്നു. ജനപ്രതിനിധിയായിരിക്കുക എന്ന കുഴപ്പംപിടിച്ച ബഹുമതിയിൽനിന്നു ദൈവതൃക്കരം എന്നെ രക്ഷിക്കുമെന്നു ശരണപ്പെടുന്നു. മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ദൈവപരിപാലന

യുടെ നിശ്ചയങ്ങൾ പൂൎത്തിയാക്കുവാനുള്ള ധൈൎയ്യം ലഭിക്കുമെന്നുതന്നെയാണു് എൻെറ വിശ്വാസം."

ഫ്റഡറിക്ക് ഒസ്സാനാമിൻെറ മാററു മുഴുവനും ഇവിടെ തെളിയുന്നു. ദൈവപരിപാലനയുടെ നിശ്ചയങ്ങളെ പൂൎണ്ണമായി നിറവേററുവാൻ സ്വന്തം പ്രവണതകളും സുഖവും സുരക്ഷിതത്വവും ആഹുതി ചെയ്യുന്നതിന് അദ്ദേഹം തയ്യാറാണു്. ദൈവതിരുഹിതത്തിൻെറ നിൎവ്വഹണമാണു സ്വാൎഗ്ഗത്തിൻെറ താക്കോൽ. അതായിരുന്നു മരണപൎയ്യന്തം മറെറല്ലാ വിചാരങ്ങൾക്കും ഉപരിയായി അദ്ദേഹത്തിൽ കുടികൊണ്ടിരുന്നതും.

ഒസ്സാനാം തിരഞ്ഞെടുപ്പു പ്രചാരണമൊന്നും നടത്തിയില്ല. അതിനു സമയവുമില്ലായിരുന്നു. പതിനാറായിരംപേരാണു് അന്നു ഫ്റഡറിക്കിനെ അനുകൂലിച്ചു വോട്ടു ചെയ്തതു്; അതും അദ്ദേഹത്തെക്കുറിച്ചു് അവൎക്കുണ്ടായിരുന്ന അറിവുമാത്രം ആസ്പദമാക്കി. തിരഞ്ഞെടുപ്പിൽ വിജയിച്ചില്ല; എങ്കിലും, അദ്ദേഹം സംതൃപ്തനായി. ഏതാനും മാസങ്ങൾക്കുശേഷം പാരീസിൽ ആഭ്യന്തരസമരം പൊട്ടിപ്പുറപ്പെട്ടു. "നാഷണൽ ഗാർഡി"ലെ ഒരംഗമായിച്ചേൎന്നു യുദ്ധസേവനം നിൎവ്വഹിക്കുവാൻ അദ്ദേഹം നിയുക്തനായി. ഭാൎയ്യയേയും കുട്ടിയേയും വീണ്ടും കാണുവാനിടവരുമോ എന്നു ശങ്ക തോന്നിയെങ്കിലും യുദ്ധസേവനത്തിനുള്ള ആഹ്വാനം അദ്ദേഹം സ്വീകരിക്കുകതന്നെ ചെയ്തു. അതു പൗരന്നടുത്ത കടമയാണു്; ആകയാൽ അതു ദൈവഹിതവുമാണു്. പിന്നെന്തു വേണം?

പത്തു സംവത്സരത്തേക്കു ഫ്റഡറിക്ക് ഒസ്സാനാം

പാരീസിൽ അധ്യാപകനായിരുന്നു. അധ്യാപനകാര്യത്തിലുള്ള കർത്തവ്യബോധവും ദൈവത്തിൻേറയും മനുഷ്യൻേറയും മുമ്പിലുള്ള ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ചിന്തയും ഇക്കാലം മുഴുവനിലും അദ്ദേഹത്തിനു സുശക്തമായ ഉത്തേജനം നല്കിയിരുന്നു. പ്രഭാഷണങ്ങൾ തയ്യാറാക്കുന്നതിലും പ്രസംഗങ്ങൾ ചെയ്യുന്നതിലും പ്രദർശിപ്പിച്ചുവന്ന അത്യുത്സാഹം അദ്ദേഹത്തെ അകാലത്തിൽ അവശനാക്കിത്തീർത്തു.

## രോഗിയായ അദ്ധ്യാപകൻ

1852-ലെ ഉയിർപ്പുതിരുനാൾ കഴിഞ്ഞ് ഏറെത്താമസിയാതെ ശ്വാസകോശസംബന്ധമായ സുഖക്കേട് ഫ്റഡറിക്കിനെ ബാധിച്ചു. തന്നിമിത്തം, ആ 'ടേമി'ലേക്കുള്ള പ്രഭാഷണങ്ങൾ അവസാനനാഴികയിൽ നിറുത്തിവെയ്ക്കേണ്ടതായി വന്നു. അധ്യാപകന്മാർ അല്പംമാത്രം ബുദ്ധിമുട്ടുകയും ശമ്പളംപററിക്കൊണ്ടു ക്ലാസ്സുകൾ മുടക്കുകയും ചെയ്യുന്നുവെന്ന് നിരാശരായ വിദ്യാർത്ഥികൾ പിറുപിറുത്തു തുടങ്ങി. ഈ വിമർശനം ദയാരഹിതമായിരുന്നു; ഫ്റഡറിക്കിനെ സംബന്ധിച്ചിടത്തോളം അവാസ്തവവും. അദ്ദേഹത്തിൻെറ ചെവികളിലും വിദ്യാർത്ഥികളുടെ വിമർശനം എത്തുപെട്ടു. അധ്യാപകസംഘം മുഴവനേയുംകുറിച്ചുള്ള ഈ അഭിപ്രായം അദ്ദേഹത്തെ വളരെ വേദനിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "ഉദ്യോഗത്തിൻെറ പാവനത പാലിക്കപ്പെടണം." ഡോക്ടറുടേയും ഭാര്യയുടേയും എതിർപ്പുകൾ ഗൗനിക്കാതെ പിടഞ്ഞെഴുന്നേററു കാറിൽ കയറി സൊർബോണിലേ

ക്ക. യാത്ര തിരിച്ചു. ഒരു സുഹൃത്തിൻെറ ഹസ്താവലംബത്തോടുകൂടെ അദ്ദേഹം പ്രഭാഷണഹോളിൽ കയറിപ്പററി.

കടലാസുപോലെ വെളുത്തു വിളറിയ ഒസ്സാനാം അദ്ധ്യേതാക്കളുടെ മുമ്പിൽ പ്രത്യക്ഷനായി. നേരത്തേ എഴുതിത്തയ്യാറാക്കിയിരുന്ന പ്രഭാഷണം അപ്പോഠം അദ്ദേഹം നടത്തി: “മാന്യരേ, നമ്മുടെ യുഗം സ്വാത്ഥപരമാണെന്നു് ആരോപണമുണ്ടു്. അദ്ധ്യാപകന്മാരായ ഞങ്ങളിലും പൊതുവായ ഈ ന്യൂനത ഉണ്ടെന്നു പറയപ്പെടുന്നു. എന്നാൽ, ഞങ്ങഠം ഞങ്ങളുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും ശക്തി ചെലവഴിക്കുകയും ചെയ്യുന്നതു് ഇവിടെയാണു്. ഞാൻ ആവലാതിപ്പെടുകയല്ല. ഞങ്ങളുടെ ജീവിതം നിങ്ങഠംക്കുവേണ്ടിയാണു്. അന്ത്യശ്വാസം വരെ അതു നിങ്ങഠംക്കു കടപ്പെട്ടിരിക്കുന്നു; അതു നിങ്ങഠംക്കു ലഭിക്കുകയും ചെയ്യും. എന്നെസ്സംബന്ധിച്ചിടത്തോളം, ഞാൻ മരിക്കുന്നെങ്കിൽ അതു നിങ്ങഠംക്കുവേണ്ടിയുള്ള സേവനത്തിലായിരിക്കും.”

അദ്ധ്യേതാക്കഠം ഒട്ടും പ്രതീക്ഷിച്ചില്ല, തങ്ങളുടെ മുമ്പിൽ ഫ്റഡറിക്കിൻെറ അവസാനസാന്നിദ്ധ്യമാണു് അതെന്നു്. കത്തവ്യാനുഷ്ഠാനത്തിൻെറ ആ പരമോന്നതമാതൃക ആ വിദ്യാർത്ഥികളിൽ എന്തു ഫലം ഉളവാക്കിയെന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. അതിനു് അദ്ദേഹം കൊടുക്കേണ്ടിവന്ന വില വലുതായിരുന്നു. പക്ഷേ, അവർക്കു ലഭിച്ച ലാഭം! ആരു് അതു തിട്ടപ്പെടുത്തും?

ഒസ്സാനാമിനു് ഇനി ഒരു വർഷത്തേക്കുകൂടിയേ

ജീവിതമുള്ളു. ഈ ഒരുകൊല്ലത്തിന്നിടയിൽ ദൈവം അ ദ്ദേഹത്തെ, ഉലയിൽ സ്വർണ്ണത്തെ എന്നതുപോലെ, ശു ദ്ധി ചെയ്തു. ക്ഷയിച്ചുകൊണ്ടിരുന്ന ആരോഗ്യസ്ഥിതി യിൽനിന്നുളവായ നിരന്തരപീഡകളായിരുന്നു ആ ഉല. ചിലപ്പോഴെല്ലാം ആരോഗ്യം ഭേദപ്പെട്ടിരുന്നു. എങ്കിലും ഉടനേതന്നെ പൂർവ്വാധികം അധഃപതിക്കുകയും ചെയ്തി രുന്നു. ദൈവതിരുമനസ്സിനോടുള്ള വിധേയത്വത്തിൽ ഇതിനകം അദ്ദേഹം ധീരനായിത്തീർന്നിരുന്നു. "അങ്ങ് ഇഷ്ടപ്പെടുന്നതു ഞാനും ഇഷ്ടപ്പെടുന്നു. അങ്ങ് എപ്പോൾ ഇഷ്ടമാകുന്നോ അപ്പോൾ ഞാനും ഇഷ്ടമാകുന്നു; അങ്ങ് ഇഷ്ടമാകുന്ന വിധത്തിൽത്തന്നെ. അങ്ങ് ഇഷ്ടപ്പെടുന്ന തുകൊണ്ടുമാത്രം" എന്നു നിരന്തരം പറഞ്ഞുകൊണ്ടു സ്നേഹപൂർവ്വം ദൈവഹിതത്തിനു വിധേയനായി വർത്തി ക്കുവാൻ താൻ തന്നെത്തന്നെ നിർബ്ബന്ധിച്ചുവെന്നു ഫ്റ ഡറിക്കു സവിനയം പ്രസ്താവിക്കുന്നു.

ഫ്റഡറിക്ക് ഒസ്സാനാമിൽനിന്നു നമുക്കു ലഭിക്കു ന്ന പ്രഥമവും പ്രധാനവുമായ വിശിഷ്ടതത്വം ഇതാ ണ്: ദൈവതിരുമനസ്സു ദിനംപ്രതി, നിമിഷംപ്രതി, സ്വീകരിച്ചു നിറവേററി സസന്തോഷം വിജയകരമായി പൂർത്തിയാക്കേണ്ടു ദൈവശുശ്രൂഷയാണു ജീവിതം. സ്വ ർഗ്ഗത്തിൻെറ ഈ താക്കോൽ പൂർണ്ണമായി ഉപയോഗിച്ച തുനിമിത്തം മരണക്കിടക്കയിൽ ദിവ്യനാഥൻെറ ഈ വ ചസ്സുകൾ അദ്ദേഹം ശ്രവിച്ചിരിക്കണം: "എൻെറ പി താവിനാൽ ആശീർവദിക്കപ്പെട്ടവരേ, വരുവിൻ. ലോ കാരംഭംമുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാ ജ്യത്തെ അവകാശമാക്കുവിൻ." (മത്താ. 25: 34)

13378

# II

## അചഞ്ചലനായ യോദ്ധാവ്

മിലാനിലെ ഒരു മരിയൻ ദൈവാലയത്തിൽ ജ്ഞാനസ്നാനവേദിക്കു സമീപം ഒരു യുവാവു മുട്ടുകുത്തി നില്ക്കുന്നു. അതിനടുത്താണ് അയാളുടെ ഭവനം. അവിടെ ഉത്ഭവപാപത്താൽ കളങ്കിതനായി അവൻ ജന്മമാർന്നു. എന്നാൽ, ഈ പുണ്യസ്ഥലത്തു ജലത്താലും പരിശുദ്ധാത്മാവിനാലും അവൻ പുനർജന്മം പ്രാപിച്ചു.

ഫ്റഡറിക്ക് ഒസ്സാനാമാണ് ആ ചെറുപ്പക്കാരൻ. മാമ്മോദീസാവഴി ദൈവം തനിക്കായി പ്രവത്തിച്ച അത്ഭുതങ്ങളെ കൃതജ്ഞതാനിർഭരനായി അദ്ദേഹം എണ്ണുകയാണ്, അഗ്നിപരീക്ഷ ജയിച്ച, പരിപക്വമായ, വിശ്വാസത്തിന്റെ വെളിച്ചത്തിൽ. ഒരിക്കൽ തലതൊട്ടമ്മയുടെ കൈത്തണ്ടുകളിലേറി ഫ്റഡറിക്ക് ഇവി

ടെ വന്നിട്ടുണ്ട്. അന്നു പ്രകൃതിദത്തമായ ജീവനുണ്ടായിരുന്നു. ദൈവത്തെ പ്രകൃതിസഹജമായവിധം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനുള്ള കഴിവും. ഒന്നില്ലാതെ പോയി—അതിസ്വാഭാവികജീവൻ—പ്രസാദവരജീവൻ.

അതിൻെറ അഭാവം നിമിത്തം സ്നേഹസ്വരൂപനായ ദൈവത്തിൻെറ സുതനാകുക എന്നതു് അവനു് അസാധ്യമായിരുന്നു. സ്വർഗ്ഗം ഫ്റഡറിക്കിൻെറ മുമ്പിൽ അടഞ്ഞു കിടന്നു. കാരണം, അതിസ്വാഭാവികമായി വിശ്വസിക്കുകയും ശരണപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്നതിനും അങ്ങനെ സ്രഷ്ടാവും സ്നേഹനാഥനുമായ ദൈവത്തെ പ്രാപിച്ചു് അവിടുത്തെ നിത്യസഹവാസം അനുഭവിക്കുന്നതിനും അവശ്യമായ ആ ജീവൻ അവനില്ലാതിരുന്നതുതന്നെ.

എന്നാൽ, മാമ്മോദീസാക്കല്ലിനു മുമ്പിൽവച്ചു വൈദികൻ ചോദിച്ച ചോദ്യങ്ങൾക്കു തൻെറ ജ്ഞാനസ്നാനപിതാക്കന്മാർവഴി ഫ്റഡറിക്കു് ഉത്തരം നല്കി: "ഞാൻ ദൈവത്തിൻെറ സഭയിൽനിന്നു വിശ്വാസവും അനന്തരഫലമായ നിത്യജീവനും ആവശ്യപ്പെടുന്നു" എന്നു്. അപ്പോൾ വൈദികൻ ജീവദായകമായ ജലംകൊണ്ടു 'പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ' അവനെ ജ്ഞാനസ്നാനപ്പെടുത്തി. അതോടെ ഉത്ഭവപാപത്തിൻെറ മാലിന്യം നീങ്ങിപ്പോയി. ഫ്റഡറിക്കു മൃത്യുവിൽനിന്നു മോചിതനായി; നിത്യപിതാവിനു സ്വന്തപ്പെട്ടവനും സുതനുമായി മുദ്രണം ചെയ്യപ്പെട്ടു; രക്ഷകനായ ക്രിസ്തുവിനോടു് ഒട്ടിച്ചേർന്നു;

ദിവ്യനാഥന്റെ ജീവനിൽ ഭാഗഭാക്കായിക്കൊണ്ട് അവിടത്തെ മൗതികശരീരമായ തിരുസ്സഭയുടെ സജീവാംഗമായി. ക്രിസ്തുജീവന്റെ ഒരു കൊച്ചു തൈ അവനിൽ നടപ്പെട്ടു. അതിനെ പരിപാലിക്കുകയും പരിരക്ഷിക്കുകയും ചെയ്തതു പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമാളായ റൂഹാദക്കുദശായുടെ മഹോന്നത കർമ്മമാണ്. ഫ്റഡറിക്ക് ആ പാവനാത്മാവിന്റെ സജീവാലയവുമായി. കരുത്തുള്ള ഒരു പൂർണ്ണ കത്തോലിക്കനാകുക, വിശ്വാസത്തിന്റെ പടയാളിയാകുക, ഒരു നല്ല പടനായകനായി ദിവ്യനാഥനോടുകൂടി ദൈവരാജ്യത്തിനു കൂട്ടവകാശിയാകുക എന്ന ലക്ഷ്യം പ്രാപിക്കുന്നതിനുള്ള ദൃഢനിശ്ചയത്തിന്റേയും കഴിവിന്റേയും മൂർത്തീഭാവമായിരുന്നു ഒസ്സാനാം ആ നിമിഷംമുതൽ.

അദ്ദേഹത്തിന്റെ സഹോദരനായ വൈദികൻ പറയുന്നു: "ഒസ്സാനാം ജ്ഞാനസ്നാനവേദിയിങ്കൽ മുട്ടുകുത്തി, കൃതജ്ഞതാപൂർവ്വം മാമ്മോദീസായിലെ വാഗ്ദാനങ്ങൾ നവീകരിച്ചു." അതായത്, താരുണ്യത്തിന്റെ തളിമത്തിലേക്കു കാലുവയ്ക്കുന്ന തന്റെ തന്റേടം അറിഞ്ഞുകൊണ്ട് അവൻ ദൃഢനിശ്ചയം ചെയ്തു, ദൈവത്തിന്റെ യഥാർത്ഥസുതനായി വളർന്നു നിത്യരക്ഷ കരസ്ഥമാക്കണമെന്ന്; ഏകസത്യവിശ്വാസത്തെ സർവാത്മനാ സൂക്ഷിച്ചു വളർത്തണമെന്ന്; അതിനെ സംരക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന്.

## വിശ്വാസചാഞ്ചല്യം

വിശ്വാസാധിഷ്ഠിതമായ തലമുറയിലല്ല ഫ്റഡറിക്ക ജനിച്ചതു്; വിശ്വാസത്തിൻെറ അന്തരീക്ഷത്തിലുമല്ല. സുകൃതികളായ മാതാപിതാക്കന്മാരെ ദൈവം നല്കി. എങ്കിലും ദൈവത്തിൻേറയും സഭയുടേയും നേരേ പുറംതിരിഞ്ഞു വളരെ അകന്നുപോയിരുന്ന ഫ്റാൻസിലാണ് അദ്ദേഹത്തിൻെറ യുവത്വം വികസിച്ചതു്. അവിടെ ഉന്നതകോടികളിലിരുന്ന ചില ബുദ്ധിജീവികൾ വൈദികവിദ്വേഷവും നിർമ്മതത്വവും ഫാഷനാക്കിയിരുന്നു. അവരുടെ നോട്ടത്തിൽ ക്രിസ്തുമതം കാലഹരണപ്പെട്ട ഒരു വിശ്വാസംമാത്രം. അതിൻെറ ഭൂതകാലം അനുചിതമല്ലായിരുന്നെന്ന് അവരിൽ ചിലർ സമ്മതിച്ചു. എന്നാൽ, നിശ്ചയമായും അതിൻെറ ഭാവി ഭാസുരമല്ലപോലും!

അന്നു ഫ്റഡറിക്ക് ഒരു വിദ്യാൎത്ഥിയായിരുന്നു. വലുതായ ഒരു വിശ്വാസചാഞ്ചല്യം അവനെ ബാധിച്ചു. അൽമായപ്രേഷിതപ്രവരൻ ആകേണ്ടിയിരുന്ന ഫ്റഡറിക്കിൻെറ മതബോധത്തിന് ആഴവും നിറവും നല്കുവാൻ, ദൈവപരിപാലനയാൽ, അതുപകരിച്ചു. സന്ദേഹങ്ങൾ ഫ്റഡറിക്കിൻെറ ആത്മാവിൽ കൊടുങ്കാററിളക്കി. നിത്യതയിൽ, വിശിഷ്യ, നിത്യശിക്ഷയിൽ എങ്ങനെ വിശ്വസിക്കും? വായിച്ചു വായിച്ച് ഒരു സംശയത്തിനു സമാധാനം കണ്ടുപിടിച്ചാൽ ഉടനേ വേറൊന്നു പത്തിവിടിർത്തുകയായി. ഫ്റഡറിക്കിനു വിശ്വസിക്കണമെന്നുണ്ടു്; അവൻ വിശ്വാസപ്രകരണങ്ങൾ

ചെയ്യുന്നുമുണ്ടു്; എങ്കിലും സംശയങ്ങളുടെ കോളിളക്കം നിലച്ചില്ല. സ്വന്തം അസ്തിത്വത്തെപ്പററിപ്പോലും സംശയമായി. അദ്ദേഹം അത്യന്തനിസ്സഹായതാബോധത്താൽ രാത്രിയിൽ കിടക്കയിൽ കിടന്നു കരഞ്ഞു. സാംസൻെറ കഥയാൽ പ്രചോദിതനായി ആവേശപൂർവ്വം അദ്ദേഹം പിന്നീടു് എഴുതുന്നു: "സംശയങ്ങൾ എന്നെ ഉലച്ചപ്പോൾ ഞാൻ പള്ളിയുടെ തൂണുകളിൽ ആവുന്നത്ര ബലമായി പിടിച്ചു; പള്ളി ഉരുണ്ടു വീണു എന്നെ അരച്ചുകളഞ്ഞാലും വിടാത്ത മാതിരി." സഭയുടെ പ്രബോധനങ്ങളല്ലാതെ മറെറന്താണു് ആ തൂണുകൾ!

പരീക്ഷയുമായുള്ള മൽപ്പിടിത്തം നിമിത്തം ഫ്റഡറിക്കിൻെറ ശരീരവും വേദനിച്ചുതുടങ്ങി. അദ്ദേഹം ഒരു ദിവസം ദിവ്യകാരുണ്യസന്നിധിയിൽ മുട്ടുകുത്തി പ്രതിജ്ഞചെയ്തു, ദിവ്യനാഥൻ തന്നിൽ സത്യത്തിൻെറ വിളക്കു വീണ്ടും തെളിക്കുന്നെങ്കിൽ അതു കെടാതെ സൂക്ഷിക്കുവാൻ സ്വജീവിതം മുഴുവൻ ചെലവിട്ടുകൊള്ളാമെന്നു്. കണ്ണുനീരുകൊണ്ടു് അതിനു മുദ്രയും വച്ചു. ദൈവം ഈ പ്രാർത്ഥന സ്വീകരിച്ചു. ഫ്റഡറിക്കു് ആശ്വസ്തനും പ്രശാന്തനുമായി എഴുന്നേററു. ദൈവപരിപാലനയാൽ ഒരു വന്ദ്യവൈദികനെ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ സദുപദേശങ്ങൾ ഫ്റഡറിക്കിൻെറ സംശയങ്ങൾക്കും പ്രയാസങ്ങൾക്കും നിത്യമായ നിവാരണം വരുത്തി.

പതിനെട്ടു തികയാത്ത ഒരു ചെറുപ്പക്കാരനും അവിശ്വാസമാകുന്ന ദുർഭൂതവും തമ്മിലുള്ള ദ്വന്ദ്വയുദ്ധമാണു നടന്നതു്. പതിനെട്ടുകാരൻ പൗരുഷത്തോടെ പൊ

രുതി; ദൈവസഹായത്താൽ ജേതാവായി മുന്നേറുകയും ചെയ്തു. വിശ്വാസത്തിൻെറ ഉറപ്പും തെളിവുമാണു് അതിന്നു ലഭിച്ച പ്രതിസമ്മാനം. അതു് ആജീവനാന്തം അദ്ദേഹത്തെ സഹായിച്ചു. മററുള്ളവർക്കും തുണയരുളുവാൻ അതു് അദ്ദേഹത്തിന്നു പ്രേരകമായി. സ്വാനുഭവത്തെപ്പററി ബോധമുണ്ടായിരുന്ന ഫ്റഡറിക്ക്, വിശ്വസിക്കാത്തവരോടും വിശ്വാസം കളഞ്ഞുകുളിച്ചവരോടും ഏററം ഉദാരമായിട്ടത്രേ വർത്തിച്ചിരുന്നതു്. പിന്നീടു സഭയ്ക്കും അതിൻെറ തത്വസംഹിതയ്ക്കുംവേണ്ടി പരിച പിടിച്ചപ്പോൾ മുഖത്തു കരിതേക്കുവാൻ ശ്രമിച്ച പലരേയും അദ്ദേഹം നേരിട്ടിട്ടുണ്ടു്. എന്നാൽ, പരുഷമോ പരിഹാസദ്യോതകമോ ആയ ഒററവാക്കുപോലും അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിട്ടില്ല.

## രണാങ്കണത്തിലേക്കു്

ഫ്റഡറിക്കു ക്രിസ്തുവിൻെറ പടയാളിയായി അഭിഷിക്തനായതു് സ്ഥൈര്യലേപനസ്വീകരണാവസരത്തിലാണു്. എന്നാൽ, ഇതെപ്പററി അദ്ദേഹത്തിൻെറ എഴുത്തുകളിലെങ്ങും സുവ്യക്തസൂചനകളൊന്നുമില്ല. എങ്കിലും ആ ശുഭാവസരത്തേയും അപ്പോൾ ലഭിച്ച വിശേഷാനുഗ്രഹങ്ങളേയുമാണു് അദ്ദേഹത്തിൻെറ ഒരെഴുത്തിൽനിന്നു താഴെ ഉദ്ധരിച്ചിരിക്കുന്ന വാക്യം സൂചിപ്പിക്കുന്നതു്: "സത്യം പ്രചരിപ്പിക്കുന്നതിന്നു ജീവാർപ്പണം ചെയ്യുവാനുള്ള ആമന്ത്രണം പതിന്നാലു വയസ്സുമുതൽ ഞാൻ ശ്രവിച്ചുതുടങ്ങി. എൻെറ ദൈവവിളി ഇതുതന്നെയെന്നു് അനന്തരാനുഭവങ്ങൾ എനിക്കുറപ്പു ന

ല്പുകയും ചെയ്തു." ഇതു് അൾത്താരയിലേക്കുള്ള ആ ഹ്വാനമായിരുന്നില്ല. സ്ഥൈര്യലേപനസ്വീകരണാവസരത്തിൽ ഓരോ കത്തോലിക്കനും ലഭിക്കുന്നുണ്ട്, തൻേറയും സഹോദരന്മാരുടേയും ആത്മരക്ഷയ്ക്കായി ആയുധമെടുക്കാനുള്ള പോർവിളി. അതിൻെറ സവിശേഷമായ സഫലീകരണത്തിനാണു ഫ്രഡറിക്ക വിളിക്കപ്പെട്ടതു്.

ഫ്റഡറിക്ക ക്രിസ്തുവിൻെറ ചേരിയുടെ മുൻപന്തിയിൽത്തന്നെ നില്ക്കേണ്ടിയിരുന്നു; ക്രൈസ്തവസാഹോദര്യത്തിൻേറയും സത്യത്തിൻേറയും സുധീരയോദ്ധാവാകേണ്ടിയിരുന്നു. അതായിരുന്നു ദൈവപരിപാലനത്തിൻെറ നിഗൂഢപരിപാടി. പതിന്നാലു വയസ്സുമുതൽ ആ ബോധം ഫ്രഡറിക്കിൽ അങ്കുരിച്ചുതുടങ്ങി. വിശ്വാസചാഞ്ചല്യവുമായുള്ള സംഘട്ടനംകൊണ്ടു് അതിനു് അദ്ദേഹം തയ്യാറെടുത്തു. ആ സമരത്തിൽ പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ അദ്ദേഹത്തിനു വിജയമരുളി. വിശ്വാസം തിരിച്ചുകിട്ടി. അതിൻെറ നവചൈതന്യവുമായി ഉടനേ അദ്ദേഹം രണഭൂവിൽ പ്രത്യക്ഷപ്പെട്ടു. പാരീസിൽ ആരംഭിച്ചു ലയൺസിലേക്കു വ്യാപിച്ചുതുടങ്ങിയിരുന്ന ഒരു പുതിയ പ്രകൃതിസിദ്ധാന്ത(Saint-Simonism)ത്തിനെതിരായി സഭയ്ക്കു പരിച പിടിച്ചു. അവരുടെ വാദങ്ങൾ ഖണ്ഡിച്ചുകൊണ്ടു് അദ്ദേഹം രണ്ടു ലേഖനങ്ങളെഴുതി. ഒരു പത്രം അതു പ്രസിദ്ധീകരിച്ചു. മറുപടി ഉണ്ടാകുമെന്നു ചുവടേ ചേർത്തിരുന്നു. എന്നാൽ, പത്രാധിപർ അതിനൊരുമ്പെട്ടില്ല. ആദ്യലേഖനത്തിൽ ഫ്റഡറിക്ക സവിനയം എഴുതിയിരുന്നു: "പതിനെട്ടു കഴിയാത്ത ഒരു കൊച്ചനിൽനിന്നല്ലല്ലോ കിടയററ കൃതി പ്രതീക്ഷി

ക്കേണ്ടതു്. ആകയാൽ, ഇതിൽ പിഴവന്നിട്ടുണ്ടെങ്കിൽ വാദവിഷയമല്ല, എൻെറ ചെറുപ്പവും പരിചയക്കുറവു മാണു് അതിനുത്തരവാദി. നേരേമറിച്ചു്, ഈ അടുക്കി ല്ലാത്ത ആദ്യലേഖനത്തിൽ ഞാൻ വാദമുഖം അല്പമെങ്കി ലും ഉചിതമായി വിശദീകരിച്ചിട്ടുണ്ടെങ്കിൽ, കുട്ടികൾ നിർഭയം പയററി പേരെടുക്കുന്ന അതേ ആദർശത്തി നുവേണ്ടി എത്ര വിപുലമായ കഴിവുകളാണു് അവരുടെ കാരണവന്മാർക്കു വിനിയോഗിക്കാൻ കഴിയുന്നതെന്നു് അനുമാനിച്ചുകൊള്ളുക." മാസങ്ങൾ കുറെ കഴിഞ്ഞു. സ്നേഹിതന്മാർ നിർബ്ബന്ധം പിടിച്ചു, ഫ്റഡറിക്കു തൂ ലിക വീണ്ടും ചലിപ്പിക്കണമെന്നു്. തന്നിമിത്തം, "സൈമണിസ്ററു തത്വചിന്തയെപ്പററിയുള്ള നിരൂപ ണം" എന്ന പേരിൽ നൂറു പേജുള്ള ഒരു കൊച്ചു പുസ്ത കം അദ്ദേഹം എഴുതി. അതു് ആദ്യലേഖനങ്ങളുടെ വി ശദരൂപമായിരുന്നു.

അദ്ദേഹം അതു ഫ്റഞ്ചു യുവലോകത്തിനു സമർ പ്പണം ചെയ്തു. ഉദാരമതികളായ യുവജനങ്ങളുടെ സഹാ യത്താൽ ക്രൈസ്തവാദർശങ്ങളിൽ അടിയുറപ്പിച്ച സമു ദായസൗധം പണുതുയർത്തുക—പണ്ടേ അദ്ദേഹത്തെ ആകർഷിച്ചു കഴിഞ്ഞ ലക്ഷ്യമായിരുന്നു അതു്. ഈ പു സ്തകത്തിൽ അതു ദൃശ്യമാകയും ചെയ്തു. മഹത്തായ പ്ര സ്തുത കർമ്മത്തിൽ തൻെറ പങ്കു നിർവ്വഹിക്കുവാൻ അ ഗാധമായ ചരിത്രജ്ഞാനവും ഒരു ഡസൻ ഭാഷകളിൽ അറിവും സമ്പാദിച്ചെങ്കിലേ സാധിക്കൂ എന്നു ഫ്റഡ റിക്കിനു മനസ്സിലായി. ഫ്റഡറിക്കിൻെറ ലക്ഷ്യമെ ന്തെന്നോ? ചില യാഥാർത്ഥ്യങ്ങൾ ലോകത്തിനു കാണി

ച്ചുകൊടുത്തു സമ്മതിപ്പിക്കുക. കഴിഞ്ഞകാലത്തു ലോകത്തിനു കുലീനതയും പരിഷ്കാരവും നല്കിയതു ക്രിസ്തുമതം മാത്രമാണു്; ആധുനികലോകത്തിനും ദുരിതങ്ങളിൽനിന്നു ഒരേയൊരു രക്ഷാമാർഗ്ഗമേയുള്ളൂ—ക്രിസ്തുമതം; നാളെ നമുക്കാനന്ദിക്കണമെങ്കിൽ ഒന്നേയുള്ളൂ വഴി—സമുദായത്തെ തിരിച്ചുകൊണ്ടുവന്നു ക്രൈസ്തവതത്വങ്ങളിൽ ഉറപ്പിച്ചു നിറുത്തുക—ഇവയാണു് ആ യാഥാർത്ഥ്യങ്ങൾ. ഫ്രഡറിക്ക് എഴുതുന്നു: "എൻെറ ശ്രമം എന്നെത്തന്നെ അമ്പരപ്പിക്കുന്നുണ്ടു്. പക്ഷേ, എന്താണു ചെയ്യുക? ഒരാദർശം രണ്ടുവർഷത്തോളം ഒരു മനുഷ്യനിൽ ആവസിച്ചു് അനുദിനം വളർന്നുവന്നു് മനസ്സു മുഴുവൻ കീഴടക്കിക്കഴിയുമ്പോൾ എങ്ങനെ അതിനു പരിധിവെയ്ക്കും?"

ലോകചരിത്രം അപകടപൂർണ്ണമായ ഒരു വഴിക്കവലയിൽ എത്തിയിരിക്കുന്നതായി ഇന്നു നാം കാണുന്നു. ഇപ്രകാരമുള്ള അവസരങ്ങളിൽ ഉണർവുള്ളവരായിരിക്കുക ഉചിതമാണെന്നു ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് തിരുമേനി പല പ്രാവശ്യം പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ടു്. ഇതേ ചിന്താഗതിതന്നെയാണു് ഒസ്സാനാമിനേയും ചൈതന്യപൂർണ്ണനാക്കിയതു്. "നമ്മെ മാടിവിളിക്കുന്ന പ്രവർത്തനരംഗം എത്ര മഹനീയം! അതിപ്രധാനമായ ഈ നാഴികയിൽ പ്രവർത്തനരംഗത്തിറങ്ങുക യുവതലത്തിന് എത്ര അഭികാമ്യം! ഇന്നത്തെ സംഭവഗതി മനസ്സിനെ ഇടിച്ചുകളയുവാൻ അനുവദിക്കുകയോ? ഇല്ല, ഒരിക്കലുമില്ല. അനുസ്യൂതമായ അദ്ധ്വാനംകൊണ്ടു വല്ല നന്മയും ചെയ്യുവാൻ സാധിച്ചേക്കാവുന്ന

ഒരു കാലഘട്ടമാണിതു്. ഇക്കാലത്തു ജനിച്ചതിൽ ഞാൻ സന്തോഷിക്കുന്നു."

ഫ്റഡറിക്ക ജീവിച്ചുകാണിച്ച വിശ്വാസമാർഗ്ഗത്തിലൂടെ നമുക്കദ്ദേഹത്തെ അനുഗമിക്കാം. നമ്മുടേതുപോലുള്ള ഒരു തലമുറയിൽ അല്മായജനങ്ങൾക്കു് അദ്ദേഹം ഒരു പ്രവർത്തനപഥം വെട്ടിത്തുറന്നു. കത്തോലിക്കനെന്ന പേരർഹിക്കുന്ന ഓരോ വ്യക്തിയോടും പതിനൊന്നാംപീയൂസ് തിരുമനസ്സുകൊണ്ടും പന്ത്രണ്ടാംപീയൂസ് തിരുമനസ്സുകൊണ്ടും ഒരു കാര്യം നിഷ്കർഷപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ടു് – വൈദികാവൈദികസഹകരണം. നൂറിൽപ്പരം കൊല്ലങ്ങൾക്കു മുമ്പു് ഒസ്സാനാം അതു പ്രാവർത്തികമാക്കി.

## അചഞ്ചലനായ യോദ്ധാവു്

ഫ്രഡറിക്ക നിയമബിരുദം സമ്പാദിക്കുന്നതിനു പാരീസിലെത്തി. അവിടത്തെ അന്തരീക്ഷം അവിശ്വാസത്താൽ തണുത്തിരുന്നു. അതിൻെറ ശീതവാതം അദ്ദേഹത്തെ സ്പർശിച്ചു. അവിശ്വാസികളായ സഹപാഠികളോടുകൂടി ഫ്റഡറിക്ക വസിക്കണം; വിശ്വാസം തകിടംമറിക്കുന്ന അദ്ധ്യാപകന്മാരെ ശ്രവിക്കണം. മാമ്മോദീസായിൽ ദൈവദാനമായി ലഭിച്ച വിശ്വാസം അദ്ദേഹത്തിനു നഷ്ടപ്പെട്ടിട്ടില്ല. അതിനെ അഭംഗമായി സംരക്ഷിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഇപ്പോഴത്തെ അതിപ്രധാനമായ ചുമതല. വിശ്വാസം വള്ളിപുള്ളി തെററാതെ പ്രാവർത്തികമാക്കുന്നവരുടെ സഹവാസം അദ്ദേഹം തീക്ഷ്ണതയോടെ അന്വേഷിച്ചു. ആ ദൈവി

കദാനം ലഭിക്കുവാൻ അധികം കാത്തിരിക്കേണ്ടിവന്നില്ല. ആലക്തികശാസ്ത്രത്തിൽ യശശ്ശരീരനായിരിക്കുന്ന ആംപേർ എന്ന കത്തോലിക്കാശാസ്ത്രകോവിദൻ ഒസ്സാനാമിനെ പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ സ്വഭവനത്തിൽ സ്വീകരിച്ചു, തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ.

മതതത്വങ്ങളെപ്പററിയുള്ള മാനസികജ്ഞാനം വികസിപ്പിക്കുക തൻെറ കടമയാണെന്നു ഫ്റഡറിക്കു ഗ്രഹിച്ചു. വിജ്ഞാനത്തിൻെറ എല്ലാ മണ്ഡലങ്ങളേയും കൈയടക്കുവാൻ അദ്ദേഹം ഉന്നംവച്ചേണ്ടിയിരുന്നു. ആകയാൽ, എല്ലാ ആനുകാലികപ്രശ്നങ്ങളേയും സഭയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ഒരു പ്രസംഗപരമ്പരയിൽ സുഹൃത്തുക്കളൊന്നിച്ച് അദ്ദേഹം സംബന്ധിച്ചുതുടങ്ങി.

തത്വശാസ്ത്രാദ്ധ്യാപകനായിരുന്ന മി. ബെയിലിയുടെ സഹായത്തോടുകൂടി അദ്ദേഹം ഒരുപടികൂടി മുമ്പോട്ടു കടന്നു. ക്ലാസ്സിലെ പരിപാടികൾക്കു പുറമേ ചില കോൺഫ്റൻസുകൾ, അഥവാ, സ്റ്റഡിസർക്കിളുകൾ സംഘടിപ്പിക്കുന്നതിനു അദ്ദേഹം നേതൃത്വം നല്കി. സാഹിത്യം, ചരിത്രം, തത്വശാസ്ത്രം മുതലായവയായിരുന്നു അതിലേ ചർച്ചാവിഷയങ്ങൾ. സർവ്വകലാശാലാദ്ധ്യാപകന്മാർ നിഷേധിക്കുകയോ പലപ്പോഴും കരിതേച്ചു കാണിക്കുകയോ ചെയ്തിരുന്ന രണ്ടു യാഥാർത്ഥ്യങ്ങളാണ്, പ്രസ്തുത വിഷയങ്ങളുടെ പുരോഗതിയിൽ സഭയ്ക്കുള്ള പങ്കും ആ വിഷയങ്ങളോടു ക്രൈസ്തവാദർശങ്ങൾക്കുള്ള ബന്ധവും. ഇവയെപ്പററി കേൾക്കുന്നതിനും ചർച്ചെ

യ്യുന്നതിനും ഒസ്സാനാമിൻെറ കോൺഫ്രൻസുകൾ സ സ്മനസ്സുള്ള എല്ലാ വിദ്യാത്ഥികൾക്കും അവസരം നല്കി. ഫ്രഡറിക്കുതന്നെ അവയിൽനിന്ന് അഗാധചിന്തകൊണ്ടു സ്വവിശ്വാസത്തിനു വളം വലിച്ചെടുത്തു; മററുള്ളവർക്കു വിശ്വാസസംരക്ഷണത്തിനു കരുത്തുനേടിക്കൊടുക്കുകയും ചെയ്തു. ഈ കോൺഫ്രൻസുകളിൽനിന്നാണ് വിൻസെൻറു ഡി പോൾ സൊസൈററിയുടെ ഘടകങ്ങൾക്കു കോൺഫ്രൻസ് എന്ന സാങ്കേതികസംജ്ഞ ലഭിച്ചതു്.

അദ്ധ്യാപകന്മാരുടെ മതവിരുദ്ധപ്രസ്താവനകളുടെ നേരേ തനിക്കുണ്ടായിരുന്ന പ്രതിഷേധം ഒസ്സാനാം മൗനമായിട്ടെങ്കിലും സ്പഷ്ടമായി പ്രകടിപ്പിച്ചു. അതാണു ഫ്റഡറിക്കിനെപ്പോലെതന്നെ മതതീക്ഷ്ണതയുണ്ടായിരുന്ന സഹപാഠികളെ അദ്ദേഹത്തിലേക്ക് അടുപ്പിച്ചതു്. എന്നാൽ, സഭയോടും അതിൻെറ പ്രബോധനങ്ങളോടുമുള്ള എതിർപ്പുകൾ സഹിക്കവെയ്യാതായപ്പോൾ അദ്ദേഹം പ്രസംഗങ്ങളാലും ലേഖനങ്ങളാലും അവയ്ക്കെതിരായി സമരം ചെയ്യുവാൻ തുടങ്ങി. സ്നേഹിതന്മാർ അദ്ദേഹത്തെ അനുകരിച്ചു. പ്രൊഫസർ ജൂഫ്റ ഒരു കുപ്രസിദ്ധനിരീശ്വരവാദിയായിരുന്നു. അയാൾ വെളിപാടിൻെറ വാസ്തവികതയെ പുച്ഛിച്ചു പുറംതള്ളി. അതിൻെറ സാധ്യതപോലും നിഷേധിച്ചു. ഒസ്സാനാം വെളിപാടിനെപ്പററി സുദീർഘമായ ഒരുപന്യാസമെഴുതി, പതിന്നാലു സഹപാഠികളുടെ കൈയൊപ്പോടുകൂടി പ്രൊഫസറുടെ കൈയിൽ കൊടുത്തു. അതു് അദ്ദേഹം ക്ലാസ്സിൽ പരസ്യമായി വായിച്ചു. വായന കഴിഞ്ഞ

പ്പോഴാണു്, അതിന്ന സമാധാനം പറയുവാൻ താൻ അശക്തനാണെന്ന പ്രൊഫസർ ഗ്രഹിച്ചതു്. അന്നുമുതൽ ശ്രോതാക്കളുടെ മതബോധത്തിൻെറ നേരേ ക്രൂരമ്പുകളയയ്ക്കാതിരിക്കുവാൻ ജൂഫ്റ പ്പ ശ്രദ്ധാലുവായിരുന്നു.

ഫ്രഡറിക്കിൻെറ സജീവമായ വിശ്വാസചൈതന്യം പ്രകടമാക്കുന്ന വേറൊന്നാണു ക്രിസ്തുവിൻെറ പ്രതിനിധികളോട്ട്, വിശിഷ്യ, പാരീസ് മെത്രാപ്പോലീത്തയോട്ട് അദ്ദേഹം കാണിച്ച പിതൃനിർവ്വിശേഷമായ ബഹുമാനം. സുദൃഢവും സത്യനിഷ്ഠവുമായിരുന്നു, സാമൂഹ്യപ്രശ്ന ങ്ങളെപ്പററിയുള്ള ഒസ്സാനാമിൻെറ ചിന്താഗതി. അന്നത്തെ നിലവച്ചു നോക്കിയാൽ അതു വിപ്ലവാത്മകംതന്നെയായിരുന്നു. എന്നാൽ, വൈദികാധികാരികൾക്കു്, പരസ്യമായിട്ടായാലും രഹസ്യമായിട്ടായാലും, ഉചിതമായ ബഹുമാനമർപ്പിക്കുന്നതിൽനിന്നു് അതു് അദ്ദേഹത്തെ തടഞ്ഞില്ല. ദൈവത്തിൻെറ അജഗണങ്ങളുടെ പാലകന്മാരിൽ എന്തെല്ലാം ബലഹീനതകൾ ഉണ്ടെന്നു തോന്നിയാലും അവരുടെ പ്രബോധനങ്ങളും പ്രവത്തനങ്ങളും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിൽ ഒസ്സാനാം ഉത്സുകനായിരുന്നു. "ഞാൻ എൻെറ ജീവനോടെന്നതിനെക്കാൾ കത്തോലിക്കാസത്യവിശ്വാസത്തോട്ട് ഒട്ടിച്ചേർന്നിരിക്കുന്നു. കത്തോലിക്കാസഭയെ സർവ്വാത്മനാ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. കാരണം, അതുമാത്രമാണു് ഏകസത്യവിശ്വാസം. ഭീരുത്വത്തിൻേറയും ആചാര്യമര്യാദകളുടേയും പേരിൽ അതിനെ നിഷേധിക്കുകയോ അതിൻെറ വിലയിടിക്കുകയോ ചെയ്യുവാൻ നമുക്കാർക്കും അധികാരമില്ല."

അന്നത്തെ ഭീകരമായ വിപത്തായിരുന്ന ഭൗതികവാദം. അതിനെ ഖണ്ഡിക്കുന്നതിന്ന കരുത്തുള്ള പരസ്യപഠനക്കളരികളുടെ അഭാവം പരിഹരിക്കുവാൻ അദ്ദേഹം പാരീസ് മെത്രാപ്പോലീത്തയെ സമീപിച്ചു. ആ വൈദികാധ്യക്ഷൻ ഒസ്സാനാമിൻെറ ശുഷ്കാന്തിയെ പ്രശംസിച്ചു. ഈ ശ്രമത്തിൻെറ സൽഫലമാണ് ഒരു നൂററാണ്ടായി ഭുവനപ്രസിദ്ധിയാർജ്ജിച്ചുവരുന്ന നോട്ടർഡാം നോമ്പുകാലപ്രസംഗപരമ്പര. അദ്ദേഹം ലയൺസിലായിരുന്നപ്പോൾ "ആനൽസ് ഓഫ് ദി പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്" എന്നൊരു മാസികയും പ്രസിദ്ധീകരിച്ചു. അതിൻെറയും ലക്ഷ്യം ഭൗതികവാദത്തെ തുരത്തുക എന്നതുതന്നെയായിരുന്നു. സാധിക്കുന്നതും അതിലധികവും മിഷൻകാര്യങ്ങൾക്കുവേണ്ടി ചെയ്യുവാൻ അദ്ദേഹം തയ്യാറായിരുന്നു. ഒരു സ്നേഹിതൻെറ വിശ്വാസം ചഞ്ചലമാകുന്നുവെന്നോ അയാൾ വിശ്വാസത്തിനെതിരായി പ്രവർത്തിക്കുന്നുവെന്നോ ഇരിക്കട്ടെ; അതറിയുന്ന താമസമേയുള്ളൂ ഒസ്സാനാമിൻെറ തൂലികയും ജിഹ്വയും ആധ്യാത്മികസഹായവുമായി ഓടിയെത്താൻ.

ഒസ്സാനാമിൻെറ ഉജ്ജ്വലമായ പ്രഭാഷണങ്ങൾ എത്രപേരെ സഭയിൽ സുസ്ഥിരരാക്കിയിട്ടുണ്ട്? എത്ര പേരെ സഭയിലേക്കാനയിച്ചിട്ടുണ്ട്? അതു് വിധിദിവസത്തിലേ വെളിപ്പെടുകയുള്ളൂ. അവിശ്രമമായ ജ്ഞാനസമ്പാദനശ്രമവും, നമ്മുടെ സംസ്കാരത്തിൽ നന്മയായിട്ടുള്ളതെല്ലാം സഭയുടെ പ്രേരണാശക്തിയുടേയും പ്രബോധനങ്ങളുടേയും ഫലമാണ് എന്ന ഗാഢമായ അവബോധ

വും അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ തെളിഞ്ഞുകാണാമായിരുന്നു. കൃതജ്ഞതയോടുകൂടി ഒരു വിദ്യാൎത്ഥി എഴുതി: "അങ്ങയുടെ പ്രസംഗം കേൾക്കുന്നതുവരെ ഞാൻ അവിശ്വാസിയായിരുന്നു. എന്നാൽ, ഇപ്പോൾ ഞാൻ ഒരു കത്തോലിക്കനാണ്. പല ദീർഘപ്രഭാഷണങ്ങൾക്കും സാധിക്കാഞ്ഞതു് ഇതാ അങ്ങയുടെ ഒററപ്രസംഗം സാധിച്ചുകഴിഞ്ഞിരിക്കുന്നു."

## നരകവാതിലുകൾ

ഒസ്സാനാം മനോരാജ്യങ്ങളിലല്ല വിഹരിച്ചിരുന്നതു്. താൻ ജീവിക്കുന്ന ലോകത്തിലെ സംഭവഗതികളെ അദ്ദേഹം സശ്രദ്ധം വീക്ഷിച്ചിരുന്നു. ഭാവിയുടെ മണ്ഡലത്തിൽ കാർമേഘപടലങ്ങൾ കണ്ടുതുടങ്ങി. എങ്കിലും അതു് അദ്ദേഹത്തെ പരാജയഭീതിക്ക് അധീനനാക്കിയില്ല. നന്മയും തിന്മയും തമ്മിലുള്ള സമരത്തിൽ തൻെറ ടപൂർവ്വം പൊരുതുവാൻ അതു് അദ്ദേഹത്തെ മാടിവിളിച്ചു. അദ്ദേഹം എഴുതി: "ജീവിക്കുവാൻ ഇന്നു ധൈര്യം ആവശ്യമെങ്കിൽ അതു് അത്യന്താപേക്ഷിതമായിരിക്കും ആസന്നഭാവിയിൽ. സുശിക്ഷിതമനസ്സുകളെല്ലാം നമ്മോടു പറയുന്നു, ഗുരുതരങ്ങളായ അപകടങ്ങളും കുഴപ്പങ്ങളും ചേർന്നുണ്ടാകാനിരിക്കുന്ന ഒരു ചങ്ങലയുടെ ആദ്യത്തെ കണ്ണികൾ നാം കാണുകയാണെന്ന്. ഭരണകൂടവും ഭരണീയരും വിരുദ്ധചേരികളിൽ അണിനിരക്കുന്നു. ഫ്രാൻസിൽ റിപ്പബ്ലിക്കൻപാർട്ടി വളർന്നുവരുന്നു. അതു് അതിൻെറ സായുധസമരപരിപാടി തുറന്നു കാണിക്കുകയാണ്. വിദ്വേഷാധിഷ്ഠിതമായ ഒരു സംഹാര

നയം ഇതാ പ്രഖ്യാപിതമായിരിക്കുന്നു. ഒരാഭ്യന്തരവിപ്ലവം പൊട്ടിപ്പുറപ്പെടുവാൻ പോകുകയാണെന്നു ഞാൻ വിശ്വസിക്കുന്നു. നിർമ്മതചിന്തയുടെ മുള്ളുവേലിക്കുള്ളിൽ കിടക്കുന്ന യൂറോപ്പു മുഴുവൻ അതിൻെറ പടക്കളമാകുകയും ചെയ്യും."

ഇതൊരു ദീർഘദർശനമല്ലെന്നോ? ഒന്നു രണ്ടു വാക്കുകൾ മാററി എഴുതിയാൽ, അന്ധകാരം നിറഞ്ഞ ആധുനികലോകത്തിൻെറ വിവരണമല്ലേ ഒസ്സാനാമിൻെറ ഈ വാക്കുകൾ? അജയ്യമായ ആത്മധൈര്യത്തോടെ അന്നത്തേ പ്രശ്നങ്ങളെ അദ്ദേഹം നേരിട്ടു; ക്രിസ്തുവിനുവേണ്ടി സുധീരം പടവെട്ടി. ഇന്നു നാം അതിൽനിന്നു മുതലെടുക്കുന്നു. ഈ ഒരു വ്യക്തിയുടെ തീക്ഷ്ണതയാണ് ആധുനികപ്രശ്നങ്ങൾ പരിഹരിക്കുവാൻ പോരുന്ന സുശക്തമായ വിൻസെൻറു ഡി പോൾ സൊസൈററിയെ വാർത്തെടുത്തത്.

ഒസ്സാനാം, പതിനഞ്ചുകൊല്ലം കഴിഞ്ഞു പ്രൊഫസറായപ്പോൾ എഴുതിയതാണു താഴെക്കാണുന്ന വാക്യം. കാലം അന്നു കൂടുതൽ ഭീകരമായിരുന്നു. മേലുദ്ധരിച്ച വാക്യവുമായി ഇതൊന്നു താരതമ്യപ്പെടുത്തി നോക്കാം: "നാം ദൈവത്തിൻെറ വിധിക്കു വിഷയീഭവിച്ചിരിക്കുന്നു. ദൈവപരിപാലനം യഥോചിതം നമ്മെ നയിക്കുന്നില്ലെങ്കിൽ ഏതു കുഴിയിലായിരിക്കും നാം ചെന്നുചാടുക? കദനത്തിൻെറ കാർമേഘപടലം നമ്മെ ആവരണം ചെയ്യുന്നു. അതിൻെറ ഇരുൾകാരണം എനിക്ക് ഒന്നും കാണുവാൻ കഴിയുന്നില്ല. . . ഇന്നല്ലെങ്കിൽ നാളെ ക്രൈസ്തവാദർശങ്ങൾ ലോകത്തെ നവീകരിക്കും. സമരത്തി

ന്റെ ഭീകരത നാം കാണുമെന്നതു തീർച്ചതന്നെ. എന്നാൽ, നമ്മുടെ സന്താനങ്ങൾ അതിന്റെ അന്ത്യം കാണുമോ? തീർച്ചയില്ല. . . നമുക്കു പ്രാർത്ഥിക്കാം. . . എന്തു്? ക്രിസ്തുമതം ലോകത്തിൽ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞെന്നോ? വിധി നടത്തുവാനല്ലാതെ ദൈവത്തിന്ന് ഇനി ലോകത്തെ വേണ്ടെന്നോ? ഇതു നമുക്കു വിശ്വസിക്കുക സാദ്ധ്യമാണോ? ആണെന്നു ഞാൻ ഒരിക്കലും പറയുകയില്ല."

ദൈവികമായ വിശ്വാസമുള്ള ഒരുവന്റെ വീക്ഷണമാണിതു്-മലകളെ മാററുന്ന വിശ്വാസമുള്ളവന്റെ വീക്ഷണം. നമുക്കുമുണ്ടു മനംമടുപ്പിക്കുന്ന അവസരങ്ങൾ. അപ്പോൾ, "നരകവാതിലുകൾ സഭയ്ക്കെതിരായി ബലപ്പെടുകയില്ല" എന്ന ദൈവവാക്യത്തിൽ ആശ്രയിച്ചുകൊണ്ട് ഒസ്സാനാമിനെപ്പോലെ നാമും സന്തോഷത്തോടും ധീരതയോടുംകൂടി വ്യാപരിക്കുന്നുണ്ടോ? "നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും; നരകവാതിലുകൾ അതിനെതിരായി ബലപ്പെടുകയില്ല." (മത്താ. 16: 18) ഈ അല്മായപ്രേഷിതതാരത്തിന്റെ പ്രകാശം നമ്മെ നയിക്കണം. ആദ്യമായി ദൈവത്തിൽ ശരണപ്പെടുക; അനന്തരം ആത്മവിശ്വാസത്തോടുകൂടി കഴിവുള്ളതു ചെയ്യുക-അതാണു് ഒസ്സാനാം നല്കുന്ന മാതൃകാപാഠം.

അദ്ദേഹം എഴുതുന്നു: "ദൈവത്തിനോ സഭയ്ക്കോ മെത്രാപ്പോലീത്ത തിരുമേനിയ്ക്കോ നമ്മുടെ സഹായം ആവശ്യമില്ലെന്ന് എനിക്കറിയാം. നാം കാശിനുകൊള്ളാത്ത വേലക്കാരാണു്; എന്നാൽ, നാം മടിയന്മാരാക

രുത്. നമ്മെക്കൂടാതെ വൻകാര്യങ്ങൾ പലതും നടക്കും; എന്നാൽ, അവയിൽ സഹകരിക്കുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ നമുക്കു ദുരിതം! ദിവ്യനാഥന്, പീഡാനുഭവസമയത്ത് അനേകഗണം മാലാഖാമാരുടെ സഹായം ആവശ്യപ്പെടാമായിരുന്നു; പക്ഷേ, അവിടുന്ന് അതാഗ്രഹിച്ചില്ല. എന്നാൽ, സൈറീൻകാരൻ സൈമൺ കുരിശു വഹിക്കുന്നതിൽ തന്നെ സഹായിക്കണമെന്നും അങ്ങനെ രക്ഷാകർമ്മമാകുന്ന മഹാത്ഭുതത്തിൽ അയാളും ഒരു പങ്കു വഹിക്കണമെന്നും അവിടുന്നാഗ്രഹിച്ചു." ദുരിതപൂർണ്ണമായ ഇക്കാലത്തു പരിത്രാണകർമ്മം പൂർത്തിയാക്കുവാൻ ക്രിസ്തുരാജനു വൈദികന്മാരുടേയും സന്യാസിമാരുടേയുംമാത്രം സഹായം പോരാ; അനേകം അല്മായപ്രേഷിതരുടേയും സഹായം അവിടുത്തേക്കാവശ്യമുണ്ട്. അവരുടെ സഹകരണത്തിൽ ആശ്രയിക്കുവാൻ അവിടുന്നു തിരുമനസ്സായിരിക്കുന്നു. അവരുടെ വാക്കും പ്രവൃത്തിയും അവിടുത്തെ കരങ്ങളിൽ സത്യപ്രകാശമായി മാറും. അവ ആധുനികസമുദായത്തിനു സഞ്ജീവനികളാവുകയും ചെയ്യും.

# III

## കടന്നുപോകാത്ത മനുഷ്യൻ

ലിസ്യൂവിലെ കർമ്മലമഠത്തിൽ വി. കൊച്ചുത്രേസ്യായെ അലട്ടിക്കൊണ്ടിരുന്ന ഒരു കന്യാസ്ത്രീ ഉണ്ടായിരുന്നു. ആ കന്യാസ്ത്രീതന്നെയാണ് ഒരു ദിവസം ചോദിച്ചത്: "സഹോദരി ത്രേസ്യാ, എപ്പോഴും എന്നെക്കണ്ടു പുഞ്ചിരിതൂകുവാൻ നിനക്കെങ്ങനെ സാധിക്കുന്നു? എന്താണു നീ എന്നിൽ കാണുന്നതു്?" എന്ന്. വി. കൊച്ചുത്രേസ്യാ സ്വയംകൃതചരിതത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. സ്നേഹനിർഭരമായ ആ പുഞ്ചിരിയുടെ നിർഗ്ഗളപ്രവാഹം അഗാധമായ വിശ്വാസചൈതന്യത്തിൽ നിന്നായിരുന്നു-വസ്തുക്കളുടെ ഉപരിതലത്തിൽ നിന്ന് അന്തർഭാഗത്തേക്കു കടന്നു ചെല്ലുന്ന വിശ്വാസ

ത്തിൽനിന്നുതന്നെ. പുണ്യവതി പറയുന്നു: "എല്ലാത്തിനേയും, കയ്പിനെത്തന്നേയും, മധുരമാക്കുന്ന ഈശോയെ മാത്രമേ ആ സഹോദരിയിൽ ഞാൻ ദർശിച്ചുള്ളൂ."

ഇപ്രകാരംതന്നെ, തന്നോടിടപെട്ടിരുന്ന ഓരോ വ്യക്തിയിലും ഫ്രഡറിക്ക് ഒസ്സാനാം കണ്ടതു നമ്മുടെ രക്ഷകനായ ഈശോയെത്തന്നെയാണ്. ക്രിസ്തുവും ക്രിസ്ത്യാനിയും തമ്മിലുള്ള സജീവമായ ഐക്യത്തെപ്പററി അദ്ദേഹത്തിനു സുവ്യക്തമായ ബോധമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വ്യക്തിപരമായ പരസ്നേഹപ്രവത്തനങ്ങളുടേയും സെൻറ് വിൻസെൻറ് ഡി പോൾസംഘസ്ഥാപനത്തിൻേറയും അടിയിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യം അതാണ്. നമുക്കും അദ്ദേഹത്തെപ്പോലെതന്നെ പാവങ്ങളെ വീക്ഷിക്കാം; അവരോടുള്ള അദ്ദേഹത്തിൻെറ പെരുമാററം എങ്ങനെയായിരുന്നുവെന്നു പഠിക്കുകയും ചെയ്യാം.

## നമ്മുടെ യജമാനന്മാർ

ഫ്രഡറിക്കുമൊരുമിച്ചു പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയ ഒരു ബാല്യകാലസുഹൃത്ത് ഇററലിയിലേക്ക് ഒരു കലാപര്യടനത്തിനു പോവുകയായിരുന്നു. അദ്ദേഹം അസ്സീസിയിലെത്തി. വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കുന്ന സ്വസ്നേഹിതൻെറ അസുലഭഭാഗ്യത്തെപ്പററിയുള്ള സ്മരണയാൽ ഒസ്സാനാമിൻെറ മനോവികാരങ്ങൾ ഉദ്ദീപ്തങ്ങളായി. താഴെ വരുന്ന വാക്കുകൾ അദ്ദേഹം കുറിച്ചു: "പ്രിയ സ്നേഹിതാ, നാം സ്നേഹിക്കുന്ന പുണ്യവാന്മാരെപ്പോലെ ആകുവാൻ നാം വല്ലതും ചെയ്യേ

ണ്ടയോ? വിശുദ്ധിയുടെ ഒരു വിത്തു നാമോരോരുത്തരും നമ്മുടെ ഹൃദയത്തിൽ സംവഹിക്കുന്നു. നാമൊന്നാഗ്രഹിച്ചാൽമതി, അതു നാമ്പുനീട്ടി വളർന്നുകൊള്ളും. ആകയാൽ, ആധുനികയുഗത്തിൻെറ ശൂന്യതയെപ്പററി വിലപിക്കുന്നതുകൊണ്ടുമാത്രം നമുക്ക് തൃപ്തിപ്പെടാമോ? വിശ്വാസദൃഷ്ടികൊണ്ടു മാത്രമാണു നാം ദൈവത്തെ കാണുന്നതു്; നമ്മുടെ വിശ്വാസമോ വളരെ ക്ഷീണിച്ചതും. ഇതാണ്, വിശുദ്ധർ സ്നേഹിച്ചതുപോലെ ദൈവത്തെ സ്നേഹിക്കുവാൻ നമുക്കറിഞ്ഞുകൂടായെങ്കിൽ അതിനു നിദാനം; തീച്ച്തന്നെ. എന്നാൽ, പാവങ്ങളെ മാംസചക്ഷുസ്സുകൾകൊണ്ടു നാം കാണുന്നു. അവർ നമ്മുടെ മുമ്പിലുണ്ട്. അവരുടെ മുറിവുകളിൽ നമ്മുടെ വിരലുകളും കരങ്ങളുമിടാം. മുൾമുടിയുടെ പാടുകൾ അവരുടെ ശിരസ്സിൽ തെളിഞ്ഞു കാണാം. അവിശ്വാസത്തിന് ഇവിടെ സ്ഥാനമില്ല. അവരുടെ പാദങ്ങളിൽ നമിച്ചുകൊണ്ട് ശ്ലീഹായോടുകൂടെ നാമും പറയണം: 'എൻെറ കർത്താവും എൻെറ ദൈവവും.' നിങ്ങൾ ഞങ്ങളുടെ യജമാനന്മാരാണ്; ഞങ്ങൾ നിങ്ങളുടെ ദാസന്മാരായിരുന്നുകൊള്ളാം. ഞങ്ങൾക്ക് അദൃശ്യനെങ്കിലും, നിങ്ങളോടുള്ള സ്നേഹംവഴി ഞങ്ങൾ സ്നേഹിക്കുന്ന ദൈവത്തിൻെറ ദൃശ്യരൂപങ്ങളാണു നിങ്ങൾ.'"

ക്രിസ്തുവിൻെറ മുറിവുകൾ ആരിൽ മുദ്രിതങ്ങളായിരുന്നുവോ ആ വിശുദ്ധ ഫ്രാൻസിസിൽനിന്നുതന്നെ ഈ വാക്കുകൾ പുറപ്പെടാമായിരുന്നു. എന്നാൽ, ഉപവിപാനത്തിലേർപ്പെട്ടിരുന്ന ഇരുപത്തിമൂന്നുകാരനായ ഒരു യുവാവിൽനിന്നത്രേ വാസ്തവത്തിൽ അവ ബഹിർഗ്ഗമി

ച്ചതു്. അയൽക്കാരനെസ്സംബന്ധിച്ച അഗാധമായ ക്രൈസ്തവതത്വങ്ങളുടെ വാസ്തവികവും ദൃശ്യവുമായ പ്രകടനമാണു് ഈ വാക്കുകൾ. അവയെ നമുക്കൊന്നു സൂക്ഷ്മനിരീക്ഷണം ചെയ്യാം. അതു് അദ്ദേഹത്തിൻെറ ഉപവിയുടെ തത്വശാസ്ത്രമാണു്. അക്കാലത്തെക്കാൾ നമ്മുടെ യുഗത്തിന് അതു കൂടുതൽ ആവശ്യകമായിരിക്കുന്നു.

ദിവ്യനാഥൻതന്നെയാണു് ഈ തത്വസംഹിതയുടെ സമാരംഭകൻ. അതിൻെറ ഒന്നാമത്തെ പാഠമാണു്, പിന്നീട് അപ്പസ്തോലനായിത്തീർന്ന പൗലോസിനെ ഡമാസ്കസിലേക്കുള്ള വഴിയിൽവച്ചു് അവിടുന്നു പഠിപ്പിച്ചതു്: "സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തുകൊണ്ട്? ഞാൻ, നീ പീഡിപ്പിക്കുന്ന നസ്രായനായ ഈശോ ആകുന്നു."(നടപടി. 9: 4, 5) സ്വർഗ്ഗാരോഹണാനന്തരം പല വത്സരങ്ങൾ കഴിഞ്ഞാണു് ഈ മഹാദർശനവും വെളിപാടും ഉണ്ടായതു്. ദൈവത്തിൻെറ വലതുഭാഗത്തു പ്രതാപവാനായി ഇരിക്കുന്ന ജേതാവായ രക്ഷകനാണു സംസാരിച്ചതു്. ഭൂമിയിൽ മർദ്ദിക്കപ്പെടുന്ന തൻെറ സ്നേഹിതന്മാരുടെ പീഡകൾ തൻെറതന്നെ പീഡകളാണെന്നു് അവിടുന്നു പ്രഖ്യാപിച്ചു. അതിസ്വാഭാവികവും നവ്യവുമായ ജീവിതത്തിലേക്കുള്ള ജനനത്തിൻെറ കുടാശയായ ജ്ഞാനസ്നാനംവഴി ആത്മാവു സ്വരക്ഷകനായ ക്രിസ്തുവിൻെറ ജീവനിലേക്കു നയിക്കപ്പെടുന്നു. തൽഫലമായി, എന്തെങ്കിലും നന്മയോ തിന്മയോ ഒരു ക്രൈസ്തവനോടു നാം ചെയ്യുമ്പോൾ, അതു ക്രിസ്തുവിനോടുതന്നെയാണു നാം ചെയ്യുക.

ക്രിസ്തുവും ക്രൈസ്തവനും തമ്മിലുള്ള അവശ്യമായ

ഈ അംഗബന്ധം ഒരു ശരീരത്തിൻെറ സാദൃശ്യംവഴി വി. പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു. ക്രിസ്തുവിന് ഒരു മൗതികശരീരമുണ്ട്—തിരുസ്സഭ. ക്രിസ്തുവാണ് അതിൻെറ ശിരസ്സ്; നാം അതിൻെറ അവയവങ്ങളും. നമ്മിലും നാംവഴിയും നമ്മുടെ കർത്താവു തൻെറ ജീവിതവും രക്ഷാകർമ്മം മുഴുവനും ഭൂമിയിൽ നിലനിറുത്തുന്നു. നാം അവിടുത്തെ ജീവനുള്ള അവയവങ്ങളാണ്. പിതാവിൻെറ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി നാംവഴി അവിടുന്നു പ്രാർത്ഥിക്കുന്നു; പ്രവർത്തിക്കുന്നു; പീഡയനുഭവിക്കുന്നു. തൻെറ ദാരിദ്ര്യവും അതിൻെറ എല്ലാ യാതനകളും തൻെറ പീഡാനുഭവവും അതിൻെറ പരിണതഫലമായി മനസ്സിലും ഹൃദയത്തിലും അവയവങ്ങളിലും സഹിച്ച വേദനയും പാവപ്പെട്ടവർവഴി, വിശിഷ്യ, രോഗികളും ക്ലേശിതരുംവഴി അവിടുന്നു ശാശ്വതീകരിക്കുന്നു.

ആനുകാലികാവശ്യങ്ങളെ മുൻനിറുത്തി, ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യം എന്ന ഏകീഭാവതത്വത്തെ പരിശുദ്ധാത്മാവ് ഉപര്യുപരി ഉയർത്തിക്കൊണ്ടുവരികയാണ്. ആ പരിശുദ്ധാത്മാവുതന്നെ ഇതിൻെറ ഒരു പ്രത്യേകപ്രകാശനം ഫ്രഡറിക്കിനു മുൻകൂട്ടി നല്കിയെങ്കിൽ എന്താണത്ഭുതം! ചുഴിഞ്ഞിറങ്ങുന്ന ആദ്ധ്യാത്മികവീക്ഷണത്താൽ, താൻ പരിസേവിച്ച പാവങ്ങളിൽ ആചാര്യനും ബലിവസ്തുവുമായ ക്രിസ്തുവിനെ അദ്ദേഹം ദർശിക്കുകയും വണങ്ങുകയും ചെയ്തു.

വിശുദ്ധ പൗലോസിൻെറ ഒരു വാക്യമുണ്ട്. ഒററനോട്ടത്തിൽ അതു വിചിത്രമായിത്തോന്നിയേക്കാം: "നി

ങ്ങളെക്കുറിച്ചുള്ള പീഡകളിൽ ഞാൻ സന്തോഷിക്കയും മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ... . സഭയാകുന്ന അവൻെറ ശരീരത്തെപ്രതി എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കയും ചെയ്യുന്നു." (കൊലൊ 1: 24, 25) നമ്മുടെ ശിരസ്സെന്നനിലയിൽ തൻെറ ജീവിതവും പീഡാനുഭവവും മരണവുംവഴി ഈശോ നമ്മുടെ പാപങ്ങൾക്കു പൂർണ്ണപരിഹാരം അർപ്പിക്കുകയും നമുക്കാവശ്യമായ എല്ലാ അനുഗ്രഹങ്ങളും വാങ്ങിത്തരുകയും ചെയ്തു. എന്നാൽ, അവിടുത്തെ അംഗങ്ങളായ നാം അവിടുത്തെപ്രതി സസ്നേഹം സഹിക്കുന്നപീഡകൾവഴി, അവിടുത്തെ പീഡകളുടെ യോഗ്യതകൾ പൂർണ്ണവും വ്യാപകവുമായവിധം, ആത്മാക്കൾക്കു പ്രയോജകീഭവിക്കണമെന്നതു ദൈവികനിശ്ചയമത്രേ. ആകയാൽ, നമുക്കുണ്ടാകുന്ന ഓരോ പീഡയും ദു:ഖവും കുരിശും, അതിൻെറ സ്വഭാവവും ഉൽപത്തിയും എങ്ങനെയായിരുന്നാലും, ദൈവികമായ അനുമതിയോടും ഉദ്ദേശ്യത്തോടുംകൂടിയതാണ്. ക്രിസ്തുവിൻെറ രക്ഷാകരബലിയിൽ ഭാഗഭാക്കാകുവാൻ ഓരോക്രിസ്ത്യാനിക്കും അതു കഴിവുനല്കുന്നു. ആരാണു പാവങ്ങളെപ്പോലെ സഹനംവഴി അത്ര പൂർണ്ണമായി അതിൽ പങ്കെടുക്കുക? വിശപ്പും തണുപ്പും, രോഗവും ഏകാന്തതയും, അവഹേളനവും അരക്ഷിതാവസ്ഥയെപ്പററിയുള്ള നീറുന്ന ചിന്തകളും അവർ അനുഭവിക്കുന്നു. സഹിക്കുന്ന വിധമോ? ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങിക്കൊണ്ടു്. കുറവററ ധൈര്യത്തോടും ആനന്ദത്തോടും സ്നേഹത്തോടുംകൂടെ സഭ മുഴുവൻേറയും പ്രയോജനത്തിനായി അവർ സഹിക്കുന്നു.

എല്ലാ വിശ്വാസികൾക്കുമുള്ള പൊതുപൗരോഹിത്യത്തിൽ കൂടുതൽ പൂർണ്ണമായി പങ്കെടുത്തു പല സാധുജനങ്ങളേയും ഫ്രഡറിക്ക് ഒസ്സാനാം കണ്ടു. പുരോഹിതനായ ക്രിസ്തുവിനെ ആ പാവങ്ങളിൽ അദ്ദേഹം ദർശിച്ചു. ദൈവസന്നിധിയിൽ തനിക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുവാൻ അവർക്കു കഴിയുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. വാസ്തവത്തിൽ അവർ അദ്ദേഹത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നതാനും. വചനവും പ്രവൃത്തിയുംവഴി പാവങ്ങൾക്കായി നല്കുവാൻ ഒസ്സാനാമിന് എന്തുണ്ടായിരുന്നുവോ അതിൽക്കൂടുതൽ ആ പാവങ്ങൾക്കുണ്ടായിരുന്നു, അദ്ദേഹത്തിനുവേണ്ടി ദൈവത്തിനു സമർപ്പിക്കുവാൻ. അതു് അവർ സമർപ്പിക്കുകയും ചെയ്തു. ഹൃദയംഗമമായ പ്രാർത്ഥനയ്ക്കു പുറമേ, അതിനെക്കാളെല്ലാം വിലയേറിയതും ദൈവസന്നിധിയിൽ യോഗ്യതയേറിയതുമായ ഒന്ന് അവർ സമർപ്പിച്ചു; അതായതു്, ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതിയും ക്രിസ്തുവിനോടുകൂടിയും അവർ സഹിക്കുകയും അങ്ങനെ മൗതികശരീരത്തിൻെറ ഐക്യത്തിൽ ക്രിസ്തുവിൻേറതുതന്നെ ആയിത്തീരുകയും ചെയ്ത അവരുടെ ജീവിതക്ലേശങ്ങൾ.

## നല്ല സമറായൻ

ജറൂസലത്തുനിന്നു ജെറീക്കോവിലേക്കുള്ള വിജനമായ മലമ്പാത ഏകാകിയായ യാത്രക്കാരനു സുരക്ഷിതമായിരുന്നില്ല. അവിടെ കൊള്ളയടിച്ചിരുന്ന കള്ളന്മാർ തങ്ങൾക്കിരയാകുന്നവരെ കീഴടക്കി, ശങ്കകൂടാതെ കൊന്നിരുന്നു. പക്ഷേ, നല്ല സമറായൻെറ ഉപമയിൽ അവ

രുടെ കള്ളത്തരത്തെയല്ല ദിവ്യനാഥൻ ഊന്നിപ്പറഞ്ഞത്. ആ റോഡരുകിൽ ജീവച്ഛവമായിക്കിടന്നിരുന്ന ദുർഭഗനായ ഒരു പാവപ്പെട്ട യാത്രക്കാരനെ അവഗണിച്ചു കടന്നുപോയ പുരോഹിതനേയും ലേവായക്കാരനേയും, സഹതാപാർദ്രനായി അയാളുടെ മുറിവുകളിൽ വീഞ്ഞും എണ്ണയും ഒഴിച്ചു വച്ചുകെട്ടി സ്വന്തം കഴുതപ്പുറത്തു കയററി സത്രത്തിൽ കൊണ്ടുവന്നു ശുശ്രൂഷിച്ച ആ മനുഷ്യനേയുംപററിയാണ് അവിടുത്തെ പ്രതിപാദനം. (വി. ലൂക്കാ 10: 34)

തനിക്കും സുഹൃത്തുക്കൾക്കുംവേണ്ടി ദൈവകരങ്ങൾ നിർമ്മിച്ച ഒരു മാതൃകയെ ആ 'കടന്നുപോകാത്ത' നല്ല സമറായനിൽ നിയമവിദ്യാർത്ഥിയായിരുന്ന ഒസ്സാനാം ഹർഷപുളകിതനായി ദർശിച്ചു. ആത്മീയമായും ശാരീരികമായും ദാരിദ്ര്യമനുഭവിക്കുന്നവർക്ക് അല്മായർ നല്കേണ്ട മഹത്തരമായ ആദ്ധ്യാത്മികസഹായം അദ്ദേഹത്തിൻെറ വിശാലവീക്ഷണത്തിൽപ്പെട്ടു. "നാം അല്മായരായ സമറായരത്രേ. രോഗിശുശ്രൂഷ നമുക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതു നമുക്കു ചെയ്യുനോക്കാം. രോഗികൾ നമ്മെ അധികം ഭയപ്പെടുകയില്ല. നമുക്ക് അവരുടെ മുറിവുകളിൽ തൈലമൊഴിക്കുകയും ആശ്വാസത്തിൻേറയും സമാധാനത്തിൻേറയും വചനങ്ങൾ അവരുടെ കർണ്ണപുടങ്ങളിൽ മന്ത്രിക്കുകയും ചെയ്യാം. അനന്തരം, അവർ കണ്ണു തുറക്കുമ്പോൾ ആത്മാക്കളുടെ സംരക്ഷകരും വൈദ്യന്മാരുമായവരുടെ പക്കലേക്ക് അവരെ നമുക്കു നയിക്കുകയും ചെയ്യാം."

മനുഷ്യൻെറ എല്ലാ ക്ലേശങ്ങളുടേയുംമേൽ ദിവ്യര

ക്ഷകൻെറ തിരുഹൃദയത്തിലുണ്ടായിരുന്ന ആർദ്രതയുടെ ഒരു ഭാഗം ഫ്രഡറിക്കിൻെറ ഹൃദയത്തിലേക്കു പ്രവഹിച്ചു. മനുഷ്യരുടെ വക്രതപിടിച്ച കഠിനഹൃദയങ്ങളെ മയപ്പെടുത്തുവാനും ദൈവത്തിൻെറ ആചാര്യന്മാരുടെ ഉപദേശങ്ങൾക്കു മർക്കടമുഷ്ടിയോടെ അടച്ചുകളയുന്ന കണ്ണുകളെ തുറക്കുവാനും പററിയ തൈലമാണു പരസ്നേഹം എന്ന് അദ്ദേഹം മനസ്സിലാക്കി. തെററിലുൾപ്പെട്ട ഒരാത്മാവിൻെറ അജ്ഞതയും അഹങ്കാരവും മുൻവിധിയും വൈദികനെ വെറും ഉദ്യോഗസ്ഥനെന്ന നിലയിൽ തള്ളിക്കളയുവാൻ അവനെ പ്രേരിപ്പിക്കുന്ന അവസരങ്ങളുണ്ട്. അപ്പോൾ, തൻെറ കൂടുതൽ പ്രസ്പഷ്ടമായ നിസ്സ്വാർത്ഥതയും സ്ഥിരമായ കരുണയുംകൊണ്ട് ഒരു അല്മായ സമറായൻ ദൈവമായ നല്ല സമറായൻെറ അത്ഭുതകരവും ഏതാണ്ട് അപരിത്യാജ്യവുമായ ഒരു കരുവായിത്തീരുന്നു, ആ പാവപ്പെട്ട ആത്മാവിനെ സഭയാകുന്ന സത്രത്തിൽ കൊണ്ടുവന്ന് അവിടുത്തേപ്പക്കലേല്പിക്കുവാൻ.

## പാവങ്ങളുടെ പാർപ്പിടങ്ങളിൽ

ഫ്രഡറിക്കു പാവങ്ങളോടു പെരുമാറിയതെങ്ങനെ? അവരുടെ ഹൃദയങ്ങളെ വശീകരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തെ നമുക്കൊന്നു നിരീക്ഷിക്കാം. അവരുടെ മാനുഷികവും അതിസ്വാഭാവികവുമായ മഹത്വത്തോട്ട് ഉണ്ടായിരുന്ന അഗാധമായ ബഹുമാനം നിമിത്തം തൊപ്പിയെടുത്തു കൈയിൽ പിടിച്ചുകൊണ്ടാണ് അദ്ദേഹം അവരുടെ മുറികളിൽ പ്രവേശിച്ചി

രുന്നതു്. ഒരു സമനിലക്കാരനെപ്പോലെയാണു് അദ്ദേഹം ചെല്ലുക. ഒരുദ്യോഗസ്ഥൻെറയോ അധികാരിയുടെയോ ഭാവത്തിലല്ല; ഉപചാരങ്ങൾ അർഹിക്കുന്നവനെപ്പോലെയുമല്ല. തങ്ങളുടെ ഭവനത്തിൽ, അതു് എത്രതന്നെ ദരിദ്രമോ ഇടുങ്ങിയതോ ആയിരുന്നുകൊള്ളട്ടെ, തനിക്കു പ്രവേശനം അനുവദിച്ചിരുന്നവരോടു താൻ വളരെ കടപ്പെട്ടിരിക്കുന്നുവെന്ന ചിന്തയോടുകൂടിയാണു് അദ്ദേഹം അവിടെ പ്രവേശിച്ചിരുന്നതു്.

"സോഷ്യലിസം അതിൻെറ മുളയിൽ" എന്ന പ്രബന്ധത്തിൽ ഒസ്സാനാം എഴുതി: "സാമുദായികസുസ്ഥിതിയുടേയും നവീകരണത്തിൻേറയും പാഠങ്ങൾ പുസ്തകങ്ങളിൽനിന്നോ മൈതാനപ്രസംഗങ്ങളിൽനിന്നോ അല്ല പഠിക്കേണ്ടതു്, പിന്നെയോ പാവപ്പെട്ടവൻെറ ചെററക്കുടിലിലേക്കുള്ള ചവിട്ടുപടികൾ കയറിക്കൊണ്ടാണു്; അവൻെറ പായ്ക്കട്ടെത്തിരുന്നു്, അവനെ കുത്തിത്തുളയ്ക്കുന്ന ശൈത്യം അനുഭവിച്ചുകൊണ്ടാണു്; അവൻെറ രഹസ്യമായ ഏകാന്തതയിലും മാനസികമായ പ്രയാസങ്ങളിലും പങ്കുപററിക്കൊണ്ടാണു്." ഈ വാക്കുകളിൽ അദ്ദേഹം തന്നെത്തന്നെയാണു ചിത്രീകരിച്ചിരിക്കുന്നതു്. ദുരിതനിവാരണത്തിനു നിയുക്തനായ ഒരുദ്യോഗസ്ഥനായിട്ടല്ല ഒരു സ്നേഹിതനായിട്ടാണു് അദ്ദേഹം പോകുന്നതു്. ഭൗതികസഹായം അദ്ദേഹം നല്കി. പക്ഷേ, അതിനെക്കാൾ വളരെ വിലയേറിയ ആദ്ധ്യാത്മികസഹായം, പിന്നീടൊരവസരത്തിലെങ്കിലും, നല്കുവാൻ തനിക്കിടയാകത്തക്കവണ്ണം സ്നേഹാദരങ്ങളാൽ അവരുടെ വിശ്വാ

സം സമ്പാദിക്കുകയായിരുന്നു അതിൽ അദ്ദേഹത്തിന്റെ ലക്ഷ്യം.

ഉയിർപ്പുഞായറാഴ്ചതോറും കാലത്ത് ഒസ്സാ ണാം നടത്തിയിരുന്ന സാധുജനസന്ദർശനം അദ്ദേഹത്തി ന്റെ ദീനാനുകമ്പയ്ക്കു് ഉത്തമോദാഹരണമാണ്. അ ന്നു പുരുഷന്മാരുടെ പൊതുദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞാലുടൻ പാവങ്ങളെ സന്ദർശിക്കണമെന്ന് അ ദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു; അതും പ്രഭാതഭ ക്ഷണത്തിനു വീട്ടിൽ പോകുന്നതിനു മുമ്പുതന്നെ. ത ന്റെ പീഡാനുഭവജീവിതം ആരിൽ-അവിടുന്നു നവീക രിക്കുന്നുവോ ആ പാവപ്പെട്ടവരെ പ്രത്യേകം സന്ദർശി ച്ചു് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കു ക, ദിവ്യകാരുണ്യംവഴി തന്നെ സന്ദർശിച്ച ദിവ്യനാഥ നോടുള്ള കടപ്പാടായി അദ്ദേഹം കരുതി.

ഫ്രഡറിക്കിന്റെ സേവനത്തിനു ഭരമേല്പിക്കപ്പെ ട്ട ആദ്യത്തേ ദരിദ്രകുടുംബം ഭൗതികസഹായത്തെക്കാൾ ആദ്ധ്യാത്മികസഹായം ആവശ്യമുള്ളതായിരുന്നു. അതു വെറും യാദൃച്ഛികസംഭവമല്ല. അപ്പത്തിനും മാംസത്തി നമുള്ള ടിക്കറ്റുകളുമായി അദ്ദേഹം അവിടെയെത്തി. തഴമ്പിച്ച ഒരു മദ്യപനെയാണ് അദ്ദേഹം അവിടെ ക ണ്ടതു്. ഭാര്യയുടെ വേലക്കൂലികൂടെ കുടിച്ചു നശിപ്പിച്ച തിനുശേഷം അയാൾ അവളെ പ്രഹരിക്കുക പതിവാ യിരുന്നു. അവർക്കു് അഞ്ചു കുട്ടികളുണ്ടായിരുന്നു. ഹത ഭാഗ്യയായ ആ സ്ത്രീ നിരാശയുടെ വക്കിലോളം എത്തി. അവർ ഒരു രജിസ്റ്റർവിവാഹംപോലും നടത്തിയിട്ടുള്ള വരല്ലെന്നു് മനസ്സിലാക്കുവാൻ ഒസ്സാനാമിന്നു് അധികസ

മയം വേണ്ടിവന്നില്ല. ഈ വസ്തുത ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു. നികൃഷ്ടമായി തന്നോടു പെരുമാറിയിരുന്ന ആ മനുഷ്യനെ വിട്ടു പോകുവാൻ അവർക്കു പിന്നെ തടസ്സമുണ്ടായില്ല. ഇളയകുഞ്ഞുങ്ങളേയുംകൊണ്ടു 'ബ്രിട്ടനി'യിൽ സ്വമാതാവിൻെറ പക്കലേക്കു പോകുവാൻ വേണ്ട തുക ഒസ്സാനാം ഒരു രഹസ്യപ്പിരിവുമൂലം അവർക്ക് ഉണ്ടാക്കിക്കൊടുത്തു. മൂത്ത രണ്ടു കുട്ടികൾക്ക് മിസ്ററർ ബെയിലിയുടെ പണിപ്പുരയിൽ ജോലിയും നേടിക്കൊടുത്തു. ആരംഭംമുതല്ക്കേ ഇത്ര സമ്യക്കായിട്ടായിരുന്നു അദ്ദേഹത്തിൻെറ പ്രവത്തനങ്ങൾ. ഈ പ്രഥമാവസരത്തിൽത്തന്നെ ഭൗതികസഹായംമുഖേന ആദ്ധ്യാത്മികസഹായം നല്കുവാൻ ഒസ്സാനാമിനു സാധിച്ചു. അദ്ദേഹത്തിൻേറയും സഹപ്രവത്തകരുടേയും പ്രഥമവും പ്രധാനവുമായ ലക്ഷ്യം അതായിരുന്നുതാനും.

ഒസ്സാനാം പഠനം കഴിഞ്ഞു് ലയൺസിലേക്കു തിരിച്ചു. എന്നാൽ, താൻ സുഹൃത്തുക്കളായി കരുതിപ്പോന്ന ആ പാവങ്ങളെ അദ്ദേഹം വിസ്മരിച്ചില്ല. കത്തുകൾ വഴി അവരെപ്പററി, വിശിഷ്യ, അവരുടെ കുട്ടികളെപ്പററി ആരാഞ്ഞുവന്നു. അദ്ദേഹം എഴുതുന്നു: "മി. ഡികെർജ്ജൂലനെ താങ്കൾ കാണുന്നെങ്കിൽ അദ്ദേഹത്തെ അറിയിക്കണം, തൊഴിൽ പരിശീലിച്ചുകൊണ്ടിരിക്കുന്ന കുട്ടികളായ മാരിയൂസിനേയും ബ്ലൊൻഡോവിനേയും ഞാനന്വേഷിച്ചതായിപ്പറയണമെന്നു്."

ഫ്രെഡറിക്കിൻെറ മരണത്തിനു് ഇനി കുറച്ചു മാസങ്ങളേയുള്ളൂ. നീണ്ടുനിന്ന രോഗത്തിൽനിന്നു വിമുക്തി നേടുവാൻ അദ്ദേഹം പാരീസിലെത്തി. രോഗം ഗുരുതര

മാണ്; എങ്കിലും, അതൊന്നും ഗൗനിക്കാതെ തന്റെ പരസ്നേഹപ്രവൎത്തനങ്ങൾക്കിടയിൽ താൻ സമ്പാദിച്ച ഒരു യഹൂദസ്നേഹിതന് ഉപവി തിങ്ങിനില്ക്കുന്ന ഒരു കത്തെഴുതി. ആ യഹൂദൻ വളരെ പ്രയാസങ്ങൾ സഹിച്ചാണു കത്തോലിക്കനായിത്തീൎന്നതു്. പ്രസ്തുതകത്തു് ഇവിടെ ഉദ്ധരിക്കാം: "സ്വസന്താനങ്ങളുടെ ഉപയോഗത്തിനു നല്കുവാൻ തിരുസ്സഭ പൂൎവ്വപിതാക്കന്മാരുടേയും ദീൎഘദൎശികളുടേയും മനോഹരങ്ങളായ വാക്കുകളെക്കാൾ മറ്റൊന്നും മെച്ചമായി കാണുന്നില്ല. കത്തോലിക്കനായിരിക്കുന്നതിൽ ഒരാൾ നിൎവൃതി അടയുമ്പോൾ ആ പൂൎവ്വപിതാക്കന്മാരുടേയും ദീൎഘദൎശികളുടേയും ശരിയായ പിൻഗാമിയായി ജനിച്ച യഹൂദനുംകൂടി ആയിരിക്കുക എത്ര അഭിമാനകരമാണു്! എന്റെ ക്ഷീണത്തിന്റെ ദീൎഘിച്ച നാളുകളിൽ ദാവീദിന്റെ സങ്കീൎത്തനങ്ങൾ ഞാൻ മിക്കവാറും നിലത്തു വച്ചിരുന്നില്ല. താൻ 'ദാവീദിന്റെ പുത്രൻ' എന്നു വിളിക്കപ്പെടുവാൻ രക്ഷകൻ സമ്മതിച്ചില്ലേ? എന്റെ രോഗാവസ്ഥയിൽ 'ദാവീദിന്റെ പുത്രാ, എന്റെമേൽ കരുണ കാണിക്കണമേ!' എന്നു ഞാൻ പലപ്പോഴും നിലവിളിക്കുന്നുണ്ടു്. ഞങ്ങൾ യഹൂദവംശജരാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇക്കാൎയ്യം താങ്കളോടു ഞാൻ പറഞ്ഞിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ, എന്റെ സഹോദരൻ ചാൾസ് അതു താങ്കളോടു പറയും. ഇതു നാം തമ്മിലുള്ള ബന്ധത്തിന്റെ വേറൊരു കണ്ണിയാണു്. സെൻറ് വിൻസെന്റ് ഡി പോൾസഖ്യത്തിന്റെ കോൺഫ്രൻസുകളിൽ ഒന്നിൽ ചാൾസ് താങ്കളെ ചേൎത്തിരിക്കുമെന്നു

ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ആ ശൃംഖലയാലും നാം പരസ്പരം ബന്ധിതരാണെന്നറിയുന്നതു് എനിക്കേററം സന്തോഷപ്രദമാണു്. എന്റെ പ്രിയ ജൗസലംകാരാ, താങ്കളുടെ ഈ വിശ്വസ്തസ്നേഹിതനെ സ്നേഹിക്കുന്നതിലും അയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലും മടുപ്പു തോന്നരുതേ!" മാനസാന്തരപ്പെട്ട ആ സ്നേഹിതനു സത്യത്തിൽ കൂടുതൽ സംതൃപ്തിയുണ്ടാകുവാൻവേണ്ടി മനഃപൂർവ്വം തിരഞ്ഞെടുത്ത സ്നേഹമന്ത്രമാണു് അതിലെ ഓരോ വാചകവും.

## ഒന്നിനും കൊള്ളാത്തവനോ?

ഫ്രഡറിക്ക് ഒസ്സാനാമിന്റെ പരസ്നേഹം പരിപൂർണ്ണം മാത്രമല്ല സുസ്ഥിരവുമായിരുന്നു. പാരീസിൽവച്ചു് ആകസ്മികമായി മുളയെടുത്തതും ഇടയ്ക്കിടയ്ക്കു സജീവമാക്കപ്പെട്ടതും ആയിരുന്നില്ല അതു്. പ്രായപൂർത്തിയായതിനുശേഷമുള്ള തന്റെ ഇരുപതുകൊല്ലത്തെ ജീവിതകാലത്തു് ഒരു ദിവസമെങ്കിലും പാവങ്ങളെ സഹായിക്കാതിരിക്കുക അദ്ദേഹത്തിനു ദുസ്സഹമായിരുന്നു. ഒരു വിദ്യാർത്ഥിയായിരിക്കെ ഒഴിവുകാലത്തു ലയൺസിൽ തിരിച്ചെത്തിയിരുന്നപ്പോൾ താൻ ഒന്നിനും കൊള്ളാത്തവനായി തനിക്കുതന്നെ തോന്നിയിരുന്നുവെന്നു് അദ്ദേഹം ആവലാതിപ്പെടുന്നു. അങ്ങനെ തോന്നുവാൻ കാരണം, തനിക്കു സന്ദർശിക്കുവാൻ ദരിദ്രകുടുംബങ്ങൾ അവിടെ ഇല്ലായിരുന്നുവെന്നതുതന്നെ. അതിനാൽ, പാരീസിലെ യൂണിവേഴ്സിററിയിലേക്കു പോകാനൊരുങ്ങിയിരുന്ന ലയൺസിലെ വിദ്യാർത്ഥികളിൽനിന്നു പരസ്നേഹ

കോൺഫ്രൻസിൽ അംഗങ്ങളെ ചേർക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അവധി കഴിഞ്ഞു പാരീസിൽ അദ്ദേഹം തിരിച്ചെത്തിയപ്പോൾ ആരോ അഭിപ്രായപ്പെട്ടു, ഒഴിവുകാലങ്ങളിൽ സാധുജനസന്ദർശനം പരിത്യജിക്കാമെന്നു്. അപ്പോൾ ഒസ്സാനാം ചൂണ്ടിക്കാണിച്ചു: "പാവങ്ങൾക്കു് ഒഴിവുദിവസങ്ങളില്ല; അവരുടെ ആവശ്യങ്ങളും തീരുന്നില്ല; അതുകൊണ്ടു്, സ്ഥലത്തുള്ള ചുരുക്കം സഹോദരന്മാർ തങ്ങളാൽ കഴിയുംവണ്ണം ദരിദ്രകുടുംബങ്ങളുടെ സംരക്ഷണം തുടർന്നു വഹിക്കണം."

വർദ്ധിച്ചുവന്ന അനാരോഗ്യം അദ്ദേഹത്തിന്റെ സന്ദർശനജോലികൾ അസാദ്ധ്യങ്ങളാക്കിത്തീർത്തു. തന്റെ ഭവനത്തിന്റെ വാതില്ക്കൽ സഹായം അഭ്യർത്ഥിച്ചു വരുന്നവർക്കുവേണ്ടി കുറെ അപ്പം അദ്ദേഹം പ്രത്യേകം വാങ്ങിവച്ചിരുന്നു. എന്നാൽ, പടിക്കൽവച്ചല്ല അവരെ അദ്ദേഹം ശുശ്രൂഷിച്ചിരുന്നതു്; തങ്ങളുടെ വീടിന്റെ പ്രതീതി അവർക്കുണ്ടാകുവാൻവേണ്ടി സ്വന്തം പഠനമുറിയിലേക്കു അവരെ കൊണ്ടുപോയിട്ടാണു്. അവർ പിരിഞ്ഞുപോകുന്നതിനുമുമ്പു് അദ്ദേഹം അവരുടെ പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും ചെയ്തിരുന്നു.

വാർദ്ധക്യകാലത്തേക്കു് ഏകാവലംബമായി കരുതിയിരുന്നതുകൂടി പണയംവച്ച ഒരു പാവപ്പെട്ട കുടുംബത്തെക്കുറിച്ചു ഫ്രഡറിക്കിന്നു വളരെ സഹതാപം തോന്നി. ആ കുടുംബത്തെ സഹായിക്കുവാൻ ബദ്ധപ്പെടേണ്ടതില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ഭാര്യയുടെ അഭിപ്രായം. ആ സാധുക്കളുടെ നിസ്സഹായതയെക്കുറിച്ചുള്ള ചിന്തയാൽ ഒരു ദിവസം അദ്ദേഹം പര്യാകുലനായി കാ

ണപ്പെട്ടു. കാര്യം മനസ്സിലാക്കിയ ഭാര്യ ആ പണയംമൊഴിപ്പിച്ചുകൊടുക്കുന്നതിൽ സമ്മതഭാവം പ്രകടിപ്പിച്ചു. അതു പണയമൊഴിപ്പിച്ചെടുത്ത് അവരുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്തപ്പോൾ അദ്ദേഹത്തിന് സന്തോഷവും സംതൃപ്തിയും ഉണ്ടായി.

നിർബ്ബന്ധിക്കപ്പെട്ടിട്ടാണു നാം പലപ്പോഴും കാരുണ്യം പ്രദർശിപ്പിക്കുന്നത്. ഫ്രഡറിക്കും ഇതിനൊരപവാദമായിരുന്നില്ല. ഒരിക്കൽ ഇററലിക്കാരനായ ഒരാൾക്ക് ഒസ്സാനാം ഒരു ജോലി നേടിക്കൊടുത്തു. എന്നാൽ, കിട്ടിയ പണമെല്ലാം അയാൾ ധൂർത്തടിക്കുകയാണുണ്ടായത്. പണത്തിനു ബുദ്ധിമുട്ടുണ്ടായപ്പോൾ അയാൾ വീണ്ടും ഒസ്സാനാമിനെ സമീപിച്ചു. അപ്പോൾ അദ്ദേഹത്തിനു കോപമാണുണ്ടായത്. അയാളെ ആട്ടിപ്പുറത്താക്കിക്കൊണ്ട്, മേലിൽ അവിടെ കയറിപ്പോകരുതെന്ന് അദ്ദേഹം പറഞ്ഞു. ആ മനുഷ്യൻ പടിക്കു പുറത്തു കടന്നില്ല, ഫ്റഡറിക്കിൻെറ മൃദുലമനസ്സാക്ഷി വേദനിച്ചു തുടങ്ങി. അയാൾക്കുണ്ടായേക്കാവുന്ന നൈരാശ്യത്തെപ്പററി അദ്ദേഹം ഓർത്തു. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കുക" എന്നതു് അദ്ദേഹം അനുസ്മരിച്ചു. ഉടനെ ആ മനുഷ്യനെ തിരിയെ വിളിച്ചു സഹായം നല്കി പറഞ്ഞയച്ചു.

ലെഗോണിനടുത്തുള്ള ഒരു തീരപ്രദേശപട്ടണം—അവിടെയാണ് ഒസ്സാനാം തൻെറ ജീവിതത്തിൻെറ അന്ത്യദിനങ്ങൾ കഴിച്ചതു്. പണ്ടേതന്നെ പേരെടുത്തുകഴിഞ്ഞ ഈ പ്രൊഫസറെ സന്ദർശിക്കുവാൻ പ്രശസ്തരാ

യ ആളുകൾ അവിടെച്ചെന്നിരുന്നു. അസ്വാസ്ഥ്യം നിമിത്തം സന്ദർശനം നിരസിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. എന്നാൽ, ഒരു സായംകാലത്ത്, പൊടിയിൽ പുതഞ്ഞു് ഒരു യുവാവ് അവിടെയെത്തി. അയാൾ നഗരത്തിൽനിന്നു കാൽനടയായിട്ടാണു വന്നത്. സർദീനിയാക്കാരനായിരുന്നു അയാൾ. ആ ദ്വീപിൽ കോൺഫ്രൻസു സ്ഥാപിക്കുന്നതിനെപ്പററി പര്യാലോചിക്കുവാനാഗ്രഹിച്ചുകൊണ്ടാണ് അയാളുടെ ആഗമം. ഒസ്സാനാം സസന്തോഷം അയാളെ സ്വീകരിച്ചു രണ്ടു മണിക്കൂർ അയാളോടുകൂടി ചെലവഴിച്ചു. സാധുജനസേവനത്തിനായുള്ള ഒരു പുതിയ പരസ്നേഹകോൺഫ്രൻസ്—അതായിരുന്നു ആലോചനാവിഷയം. തൻെറ ഹൃദയത്തിൽ ആഴമായി കുടികൊണ്ടിരുന്ന ആ സംഗതിക്കുവേണ്ടി അവസാനംവരെ എത്രമാത്രം ഉദാരതയോടെ അദ്ദേഹം തന്നെത്തന്നെ വ്യയം ചെയ്തിരുന്നുവെന്നു പിന്നാലേ സ്പഷ്ടമാകുന്നതാണ്.

## സാവധാനമായ ബലി

സാധുക്കൾ എന്നും ഫ്രഡറിക്ക് ഒസ്സാനാമിൻെറ സ്നേഹഭാജനങ്ങളായിരുന്നു. അവർക്കുവേണ്ടിത്തന്നെയാണ് ദൈവം അദ്ദേഹത്തെ തിരുസ്സഭയിൽ ഉയത്തിയത്. എങ്കിലും, അദ്ദേഹത്തിൻെറ പരസ്നേഹം ക്രിസ്തുവിൻെറ ദൃഷ്ടാന്തത്തിനനുരൂപമായിരുന്നു. തൻെറപക്കൽ ദൈവം അയച്ചിരുന്ന ആരേയും അദ്ദേഹം നിരസിച്ചിരുന്നില്ല. താൻ പിറന്ന കുടുംബത്തിലും താൻ സ്ഥാപിച്ച കുടുംബത്തിലും അദ്ദേഹം നയിച്ചിരുന്ന പരസ്നേഹപരമായ ജീവിതത്തെപ്പററി ഇനിയും വളരെയധികം പറയുവാനു

ണ്ടു്. പരിചിതരോടുള്ള അദ്ദേഹത്തിൻെറ അനുവത്തനങ്ങളുടെ ചില ഉദാഹരണങ്ങൾ ആണു് താഴെ ചേക്കുന്നതു്.

സുപ്രസിദ്ധ വാഗ്മിയായ ലക്കോർഡയർ ആണു നോട്ടർഡാമിലേ പ്രസംഗപരമ്പര നടത്തിയിരുന്നതു്. ആരംഭംമുതൽതന്നെ വളരെയധികം ജനക്കൂട്ടത്തെ അതു് ആകർഷിച്ചിരുന്നു. അതിൽ സംബന്ധിക്കുവാൻ സഹപാഠികളേയും ഫ്രഡെറിക്ക നിബ്ബന്ധിച്ചു. കാരണം, അദ്ദേഹത്തിനറിയാമായിരുന്നു, ആ പ്രസംഗങ്ങൾ വളരെ ആവശ്യമുള്ള പലരും ആ്ക്കൂട്ടത്തിലുണ്ടെന്നു്. "അവിടെ സ്ഥലമില്ല! ഇരിപ്പിടം കിട്ടുകയില്ല!" ഇങ്ങനെ ഒഴികഴിവു പറയുന്നവരോടു് "ഞാൻ നിങ്ങൾക്കു് ഒരു സ്ഥലം സൂക്ഷിക്കാം" എന്നായിരിക്കും ഫ്റഡെറിക്കിൻെറ ഉടനടിയുള്ള ഉത്തരം. തദനുസരണം അദ്ദേഹം പ്രവത്തിച്ചുമിരുന്നു. രണ്ടുമണിക്കൂർ മുമ്പുപോലും സ്ഥലത്തെത്തി ഇരിപ്പിടങ്ങൾ കൈവശപ്പെടുത്തുകയും മററുള്ളവർ കരസ്ഥമാക്കാതെ തൻെറ കൂട്ടുകാർ വരുന്നതുവരെ അവ കാത്തു സൂക്ഷിക്കുകയും ചെയ്യേണ്ടിയിരുന്നു.

കുറെ വത്സരങ്ങൾകൂടി കഴിഞ്ഞു് ഒരു ദിവസം ഒരു കമ്മലീത്താവിദ്യാർത്ഥി തൻെറ ഡോക്ടർബിരുദത്തിനുള്ള പ്രബന്ധത്തെപ്പററി പര്യാലോചിക്കുന്നതിനു് ഈ പേരെടുത്ത പ്രൊഫസറെ സന്ദർശിക്കുകയുണ്ടായി. ഉച്ചസമയത്തായിരുന്നു അദ്ദേഹത്തിൻെറ ആഗമനം. ഒസ്സാനാം ഭക്ഷണം കഴിച്ചിട്ടില്ല. എങ്കിലും, ആഗതനെ സഹായിക്കുവാൻ അദ്ദേഹം അപ്പോഴേ തയ്യാറായി. ആ സംഭാഷണവേളയിൽത്തന്നെ, ഭക്ഷണം കഴിക്കുവാൻ

അദ്ദേഹം പല പ്രാവശ്യവും ക്ഷണിക്കപ്പെട്ടു. ഉച്ചഭക്ഷണംപോലും കഴിക്കാതെയാണ് അദ്ദേഹം തനിക്കുവേണ്ടി ബുദ്ധിമുട്ടുന്നതെന്നു മനസ്സിലാക്കിയ ആ വിദ്യാർത്ഥി പോകുവാനായി എഴുന്നേററപ്പോഴെല്ലാം "ഇരുന്നാലും; താങ്കൾ ഇത്രവേഗം പോയാൽ എനിക്ക് ഇച്ഛാഭംഗമുണ്ടാകും" എന്നു ഫ്റഡറിക്ക പറഞ്ഞിരുന്നു. ഡോക്ടർ ബിരുദം കരസ്ഥമാക്കുവാനിരുന്ന അദ്ദേഹം പിന്നീടു വേഴ്സയിൽസിലേ മെത്രാനായി. അപ്പോൾ മേല്പറഞ്ഞ സംഭവം സ്മരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "ഞാൻ വളരെപ്പേരിൽനിന്ന് ഉപചാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, ഒസ്സാനാമിൽനിന്ന് എനിക്കു ലഭിച്ചതു പരിശുദ്ധമായ ക്രിസ്തീയസ്നേഹമായിരുന്നു. ഞാൻ അദ്ദേഹത്തിനു തികച്ചും അപരിചിതനായിരുന്നു; ഞാൻ അദ്ദേഹത്തെ മേലിൽ കാണുവാൻ ഇടയുമില്ലായിരുന്നു; എങ്കിലും, ഒരു സുഹൃത്തിനോടും സഹോദരനോടുമെന്നതുപോലെ അദ്ദേഹം എന്നോടു പെരുമാറി."

രോഗം മൂർദ്ധന്യത്തിലെത്തിയ കാലത്ത് ഒസ്സാനാം പ്രസ്താവിച്ചത് ഇപ്രകാരമാണ്: "എൻെറ സകല ശക്തിയോടുംകൂടെ സത്യസംരക്ഷണത്തിനുവേണ്ടി വാദിക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും, ഞാൻ ഒരിക്കലും ആരേയും വേദനിപ്പിച്ചിട്ടില്ല എന്നുള്ള ഉറപ്പാണ് എൻെറ ഏററം വലിയ ആശ്വാസങ്ങളിൽ ഒന്ന്." ഈ പ്രസ്താവനയുടെ വാസ്തവികതയെ, ഈ വിജയത്തിൻെറ രഹസ്യത്തെ വിശദീകരിച്ചുകൊണ്ടു ആംപേർ പറയുന്നു: "എതിരാളികളിൽപ്പോലുമുള്ള അഭിപ്രായ

വ്യത്യാസങ്ങളെ സമാദരിക്കുന്നതിനുള്ള വിശാലവീക്ഷണം അദ്ദേഹത്തിനുണ്ടായിരുന്നു. അവരുടെ മുൻവിധികളെ ശിഥിലീകരിക്കുന്നതിൽ അദ്ദേഹത്തിൻെറ സൗമ്യവും വിവേകപൂർവ്വവുമായ സഹിഷ്ണുത എപ്പോഴും വിജയം വരിച്ചിരുന്നു. 'ചതഞ്ഞ ഞാങ്ങണ ഒടിക്കുകയും മങ്ങിക്കത്തുന്ന വിളക്കു കെടുത്തുകയും ഇല്ലാത്ത' (മത്താ. 12: 20) നമ്മുടെ കർത്താവിനെ ഹൃദയംഗമമായി അനുകരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ നടത്ത."

ആരേയും കുററംവിധിക്കുവാൻ ഒസ്സാനാമിനു കഴിഞ്ഞിരുന്നില്ല. "അയാൾ വളരെ അധ:പതിച്ചുപോയി; അയാളെ നന്നാക്കുവാൻ സാധിക്കുകയില്ല" എന്നു ചിലരെക്കുറിച്ചു തൻെറ സ്നേഹിതന്മാർ നിഷ്കരുണം സംസാരിച്ചിരുന്നപ്പോഴെല്ലാം ഇപ്രകാരമാണു ഫ്റഡറിക്കു പറഞ്ഞിരുന്നതു്: "എന്തുമായിക്കൊള്ളട്ടെ; അതെല്ലാം ദൈവത്തിൻെറ രഹസ്യം. അവിടുത്തെ രഹസ്യം കരുണയുടേതാണെന്നു നമുക്കു് അനുസ്മരിക്കാം." കരുണനിറഞ്ഞ ഈ മനോഭാവത്തോടു് വിശ്വാസത്തിൻേറയും ഉപവിയുടേയും ചൈതന്യത്തിൽ, തീക്ഷ്ണവും നിരന്തരവുമായ പ്രാർത്ഥന അദ്ദേഹം സംയോജിപ്പിച്ചിരുന്നുവെന്നു് തീർച്ചയായും നമുക്കു കരുതാം.

താരുണ്യത്തിൻെറ ഉദയത്തിൽത്തന്നെ പരിശുദ്ധാത്മാവു് അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിവേശിപ്പിച്ച ആ ക്രിസ്തീയസ്നേഹത്തിൻെറ ആദർശം വത്സരം തോറും നിർവ്യാജം അദ്ദേഹം പ്രായോഗികമാക്കിയിരുന്നതായി കാണാൻ കഴിയും. ഒരു സതീർത്ഥ്യനു് അദ്ദേഹം എഴുതി: "ലോകം തണുത്തു മരവിച്ചുപോയിരിക്കുന്നു. കെട്ടുപോയ ജീവാഗ്നിയെ കത്തിക്കേണ്ടതു കത്തോലിക്കരായ നാമാണു്. രക്തസാക്ഷികളുടെ യുഗം സമുൽ

ഘോടനം ചെയ്യേണ്ടതും നാമത്രേ. എന്തുകൊണ്ടെന്നാൽ, സാധുജനസേവനം ഓരോ ക്രിസ്ത്യാനിക്കും സാധ്യമായ രക്തസാക്ഷിത്വമാണ്. ദൈവത്തിനും സഹോദരർക്കും വേണ്ടി സ്വജീവൻ ബലിയർപ്പിക്കുക ഒരുതരം രക്തസാക്ഷിത്വംതന്നെയാണ്. ആ ബലി പൂർത്തിയാകുന്നതു വേഗമോ സാവധാനമോ എന്നത് അത്ര ഗണ്യമായിട്ടുള്ളതല്ല. അതു രാവും പകലും ബലിപീഠത്തെ സുഗന്ധപൂരിതമാക്കുന്നു. രക്തസാക്ഷിയാവുകയെന്നതു സ്വർഗ്ഗത്തിൽനിന്ന് ഒരുവൻ സ്വീകരിച്ചിട്ടുള്ളതെല്ലാം—ധനവും ജീവനും ആത്മാവുമുഴുവനും—അവിടെ തിരിച്ചേല്പിക്കുകയാണ്. ഈ കാര്യം അല്ലെങ്കിൽ ബലി സമർപ്പിക്കുവാൻ നാം പ്രാപ്തരാണ്. അത് എവിടെ സമർപ്പിക്കണമെന്നും നമ്മുടെ യുവത്വവും ജീവനും ആർക്കു പ്രതിഷ്ഠിക്കണമെന്നും നിശ്ചയിക്കേണ്ടതു നാമാണ്. സ്വാർത്ഥമാകുന്ന വിഗ്രഹത്തിന്റെ കാല്ക്കലോ ദൈവത്തിന്റേയും മനുഷ്യഗണത്തിന്റേയും വിശുദ്ധസ്ഥലത്തോ? അതാണു പ്രധാനപ്രശ്നം."

അതേ, അദ്ദേഹം ദൈവത്തിന്റെ വിശുദ്ധസ്ഥലത്തും പ്രത്യേകമായി ദൈവത്തിന്റെ പാവപ്പെട്ട സന്താനങ്ങളെപ്രതിയും അത്തരം ഒരു ബലിസമർപ്പണം നടത്തി. ഇരുപതു സംവത്സരക്കാലം അദ്ദേഹത്തിന്റെ ബലി രാവും പകലും ബലിപീഠത്തെ സുഗന്ധപൂരിതമാക്കിക്കൊണ്ടിരുന്നു. പരസ്നേഹത്തിന്റെ രക്തസാക്ഷിയാകുവാനായിരുന്നു അദ്ദേഹത്തിന്റെ ദൈവവിളി. പരസ്നേഹത്തിന്റെ രക്തസാക്ഷിയായി അദ്ദേഹം ജീവിക്കുകയും മരിക്കുകയും ചെയ്തു.

# IV

## ആ ചെറുസംഘം

1833-ലേ ആദ്യമാസങ്ങളിൽ നടത്തപ്പെട്ട ചരിത്രചർച്ചാസമ്മേളനങ്ങളിൽ തീവ്രമായ വാദപ്രതിവാദങ്ങൾ ഉണ്ടായി. കഴിഞ്ഞ ഒരു വത്സരത്തേ വാദപ്രതിവാദങ്ങൾ ഫലദായകങ്ങളായിരുന്നില്ലെന്നു തീക്ഷ്ണമതികളായ ഫ്രെഡറിക്ക് ഒസ്സാനാമും കൂട്ടരും സ്പഷ്ടമായി സമ്മതിക്കേണ്ടിവന്നു. ക്രിസ്തുമതത്തോടു വിരോധമോ നിഷ്പക്ഷതയോ പ്രദർശിപ്പിച്ചിരുന്ന ഒരു വിദ്യാർത്ഥിയെപ്പോലും സത്യസഭയിലേക്കാനയിക്കുവാൻ അവർക്കു കഴിഞ്ഞില്ല. "ഭൂതകാലങ്ങളെപ്പറ്റി നിങ്ങൾ പറയുന്നതൊക്കെ ശരിതന്നെ; ആദ്യകാലങ്ങളിൽ ക്രിസ്തുമതം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്." ഇത്രയും അവരുടെ പ്രതി

യോഗികൾ സമ്മതിച്ചുപറയും. അവർ തുടർന്നു ചോദി ക്കും: "എന്നാൽ, സഭതതിക്കുവേണ്ടി അതു് ഇന്നെന്തു ചെയ്യുന്നു? അതിൻെറ ജീവചൈതന്യവും ഫലസന്ദായ കശക്തിയും പ്രകടമാക്കുവാൻ, നിങ്ങളുടെ വിശ്വാസമാ ഹാത്മ്യം തെളിയിക്കുവാൻ, കത്തോലിക്കാസഭയെക്കുറി ച്ചു് അഭിമാനം കൊള്ളുന്ന നിങ്ങൾ എന്തു ചെയ്യുന്നു?"

ഈ വെല്ലുവിളി അവരെ ഉത്തരംമുട്ടിച്ചുകളഞ്ഞു. ഭഗ്നാശരായ് ആ യുവാക്കന്മാരിൽ ചിലർ ഒരു ദിവസം തെരുവിൽവച്ചു ഫ്രഡ്ഡറിക്കിനെ സമീപിക്കുകയുണ്ടായി. അപ്പോൾ അവരോട്ട് അദ്ദേഹം പറഞ്ഞു: "രണാങ്ക ണത്തിൽത്തന്നെ നിന്നുകൊണ്ടു് ആക്രമണങ്ങളെ നാം നേരിടണം. പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും നമ്മുടെ വിശ്വാസത്തിൻെറ ജീവചൈതന്യം കാണിച്ചുകൊ ടുത്തു് അതിൻെറ സത്യാവസ്ഥയെ സ്ഥിരീകരിക്കണം. അതിനു കഴിവുള്ള ഭക്തരായ ആളുകളുടെ ഒരു ചെറി യ സംഘം നമ്മുടെ 'പടവെട്ടുന്ന' സംഘത്തിനു പുറമേ ആവശ്യകമാണു് എന്നു നിങ്ങൾക്കു തോന്നുന്നില്ലേ?" അ ടുത്തു നടന്ന ചർച്ചായോഗത്തിൽ അദ്ദേഹം സവിനയം ഇങ്ങനെ പ്രസ്താവിച്ചു: "നമ്മുടെ പ്രയത്നങ്ങൾ പൂവണി യുന്നില്ലെങ്കിൽ അതിൻെറ കാരണമെന്താണു്? നമ്മുടെ പ്രസംഗങ്ങളുടെ അതിസ്വാഭാവികമായ ഫലദായകശ ക്തിക്കു് എന്തിൻെറയോ അഭാവം ഉണ്ടായിരിക്കുന്നത ല്ലേ?" "അതേ." അല്പം നിറുത്തിയിട്ടു് അദ്ദേഹം തുടർ ന്നു: "നമ്മുടെ പ്രേഷിതത്വത്തെ ദൈവം അനുഗ്രഹിക്കു ന്നതിനു് ഒന്നുകൂടി ആവശ്യകമായിരിക്കുന്നു—ഉപവിപ്ര വൃത്തി. സാധുക്കളുടെ ആശീർവാദം ദൈവത്തിൻെറ ആ

ശീർവാദമാണ്. ആകയാൽ, സുവിശേഷപ്രസംഗത്തിനിടയിൽ നമ്മുടെ കർത്താവീശോമിശിഹാ ചെയ്തതു നാമും ചെയ്യണം. നമുക്കു പാവങ്ങളുടെ പക്കലേക്ക് ഇറങ്ങിച്ചെല്ലാം."

## സ്ഥാപകൻ

ഫ്രഡറിക്ക് ഒസ്സാനാം നിർദ്ദേശിച്ച ആ 'ചെറിയ സംഘം' രൂപമെടുക്കുവാൻ ദൈവം വഴിയൊരുക്കിക്കഴിഞ്ഞിരുന്നു. പാരീസിലെ വിദ്യാർത്ഥിസമൂഹത്തിൽ ഉദാരഹൃദയർ അനേകരുണ്ടായിരുന്നു. എന്നാൽ, ഒസ്സാനാം തന്നെ തെളിച്ചുപറയുന്നതുപോലെ, "അവർ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. അവരെയെല്ലാം ഒരേ കൊടിക്കീഴിൽ അണിനിരത്തുക എത്ര ആയാസകരം!"

അവർ ഒരിക്കൽ സംഘടിതരായിരുന്നു; എന്നാൽ, ഇപ്പോൾ അസംഘടിതരായിത്തീർന്നിരിക്കുന്നു. ഇതിന്റെ ചരിത്രം അറിയുന്നതു നല്ലതുതന്നെ. 'സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം' എന്നപേരിൽ ലോകമാസകലം വ്യാപിക്കുവാനിരുന്ന ആ 'ചെറുസംഘ'ത്തിന്റെ ഉൽപത്തിയെക്കുറിച്ചു വേണ്ട ജ്ഞാനം അതു നല്കാതിരിക്കുകയില്ല. 1801 മുതൽ 1830 വരെ യുവജനങ്ങളുടെ ഒരു മരിയസഖ്യം പാരീസിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ആത്മവിശുദ്ധീകരണവും പ്രായോഗികപ്രേഷിതത്വവും ആയിരുന്നു ആ സഖ്യത്തിന്റെ രണ്ടു് ആദർശങ്ങൾ. അവ തീക്ഷ്ണതയോടെ അനുവർത്തിച്ചുകൊണ്ടിരുന്ന സഖ്യാംഗങ്ങളെ രണ്ടു പ്രധാനവിഭാഗങ്ങളായി സംഘടിപ്പിച്ചിരുന്നു: ഒന്നു് "സൽപഠനങ്ങളു

ടെ സഖ്യം." അതിൽ മരിയസഖ്യാംഗങ്ങളല്ലാത്തവർക്കും ചേരാമായിരുന്നു. മറേറതു "സൽപ്രവൃത്തികളുടെ സഖ്യം."

ക്രൈസ്തവവിരുദ്ധമായ സാഹചര്യങ്ങളിലാണ് അവർ ജീവിക്കേണ്ടിയിരുന്നതു്. തങ്ങളുടെ സത്യവിശ്വാസത്തെ അപകടത്തിൽപ്പെടാതെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ പലരും അഭിലഷിച്ചു. അതിന് ഉദ്യുക്തരായ സന്മനസ്സുള്ള വിദ്യാർത്ഥികൾക്കെല്ലാം അണിനിരക്കുവാൻ പററിയ 'മൈതാന'മായിരുന്നു, "സൽപഠനങ്ങളുടെ സഖ്യം." "സൽപ്രവൃത്തികളുടെ സഖ്യ"മാകട്ടെ അംഗങ്ങളുടെ പ്രേഷിതചൈതന്യത്തെ പരിലാളിക്കുകയും പ്രവൃത്ത്യുന്മുഖമാക്കുകയും ചെയ്തിരുന്നു. രോഗികളേയും തടവുകാരേയും സന്ദർശിക്കുക, കൽക്കരിപ്പണിക്കാരെ (അവർ ഭൂരിഭാഗവും 'സാവോയി'ൽനിന്നുള്ള ഗ്രാമീണബാലന്മാരായിരുന്നു) പരിരക്ഷിക്കുക, ഋണബാധിതരേയും അവശരായ തൊഴിലാളികളേയും സഹായിക്കുക മുതലായവയായിരുന്നു അതിന്റെ പ്രവർത്തനങ്ങൾ. ആ മരിയസഖ്യാംഗങ്ങളിൽ പ്രമുഖൻ ചെറുപ്പക്കാരനായ ഒരു തത്വശാസ്ത്രപ്രൊഫസറായിരുന്നു—മിസ്റ്റർ ബെയിലി. "സൽപഠനങ്ങളുടെ സഖ്യ"ത്തിന്റെ നേതൃത്വം അദ്ദേഹത്തിനായിരുന്നു. "സൽപ്രവൃത്തികളുടെ സഖ്യ"ത്തിൽ ആശുപത്രിസന്ദർശകരുടെ ഗണത്തിലാണ് അദ്ദേഹം ചേർന്നതു്. വി. വിൻസെൻറ് ഡി പോളിനെ അവർ തങ്ങളുടെ മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തു. നിയമപഠനത്തിനു തലസ്ഥാനനഗരിയിലേക്കു വരുവാനിരുന്ന ആ

'യുവാവിൻെറ' മുന്നോടി ആയിരുന്ന മിസ്റ്റർ ബെയിലി; അതേ, ദൈവപരിപാലന ഫ്റഡറിക്ക് ഒസ്സാനാമിനുവേണ്ടി തയ്യാറാക്കിയിരുന്ന വേറൊരു യോഹന്നാൻ മാംദാന!

1830-ൽ ആഭ്യന്തരവിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോഗം രാഷ്ട്രിയസുരക്ഷിതത്വത്തിൻെറപേരിൽ അന്നത്തെ ഭരണാധികാരികഗം ഈശോസഭയെ ഫ്രാൻസിൽ നിരോധിച്ചു. അവർ നയിച്ചിരുന്ന യുവജനങ്ങളുടെ മരിയസഖ്യത്തെ അതിൻെറ പ്രവത്തനപരിപാടികളോടെ നിറുത്തലാക്കി. ഒരു വത്സരം കഴിഞ്ഞാണ് ഫ്റഡറിക്ക് ഒസ്സാനാം പാരീസിൽ എത്തിയത്. "സൽപാഠനങ്ങളുടെ സഖ്യ"ത്തെയെങ്കിലും പുനസ്സംഘടിപ്പിക്കുവാൻ അപ്പോഗം മിസ്റ്റർ ബെയിലി കിണഞ്ഞു പരിശ്രമിക്കുകയായിരുന്നു. എന്നാൽ, ആശാസ്യമായ ഫലങ്ങഗം ലഭിച്ചിരുന്നില്ല. ചിതറിക്കിടന്ന ഈ പ്രവത്തകരെ സംയോജിപ്പിച്ച് ആദ്ധ്യം ചരിത്രചച്ചകഗക്കുള്ള ഒരു സംഘം രൂപീകരിക്കുന്നതിനും അനന്തരം, അതിനെ പരസ്നേഹപ്രവൃത്തികളുടെ സഖ്യമായി മാററുന്നതിനും തന്നെ സഹായിക്കുവാൻ കെല്പുള്ള, പക്വതയും തീക്ഷ്ണതയും പരിചയസമ്പത്തുമുള്ള, ഒരു നേതാവിനെയാണ് ലയൺസിൽനിന്നുവന്ന വിശ്വാസത്തിൻെറ ധീരയോദ്ധാവു മി. ബെയിലിയിൽ ദർശിച്ചത്.

## ഏഴുപേർ സമ്മേളിക്കുന്നു

പാവങ്ങളുടെപക്കൽ പോകുന്നതിനുവേണ്ടി ഒരു ചെറിയ സംഘം വേണമെന്ന ഫ്രഡറിക്കിൻെറ ആശയത്തെ

മി. ബെയിലി സസന്തോഷം സ്വാഗതം ചെയ്തു. ഈ പുതിയ പരസ്നേഹ 'കോൺഫ്റൻസി'ന്റെ പ്രഥമസമ്മേളനം 1833 മേയ്മാസത്തിൽ അദ്ദേഹത്തിന്റെ ആദ്ധ്യക്ഷ്യത്തിൽ നടത്തപ്പെട്ടു. ചരിത്രപ്രധാനമായ ആ സമ്മേളനത്തിൽ ഏഴുപേർ പങ്കെടുത്തു. അവരിൽ ഒരാളൊഴിച്ച് ബാക്കിയുള്ളവരെല്ലാം നിരുത്സാഹപ്പെട്ട മരിയസഖ്യത്തിന്റെ അംഗങ്ങളായിരുന്നു. ശ്ലീഹന്മാരുടെ രാജ്ഞി അവരെ തെക്കുനിന്നു വന്ന തന്റെ വത്സലദാസന്റെ ഇഷ്ടാനുവത്തികളാക്കിത്തീത്തു. അങ്ങനെ, ഇന്നു ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന പരസ്നേഹസഖ്യത്തിന്റെ ന്യൂക്ലിയസ് പാകുവാൻ അവർ ഉപകരണങ്ങളായി. മിസ്റ്റർ ബെയിലി നാല്പതാംവയസ്സിലേക്കു പ്രവേശിച്ചിരുന്നു. മററ് ആറുപേരിൽ മൂത്തയാൾക്ക് ഇരുപത്തിരണ്ടു വയസ്സേ ഉണ്ടായിരുന്നുള്ളു. ഫ്റഡറിക്കോ ഇനിയും പ്രായപൂത്തി വന്നിട്ടില്ലാത്ത ഒരു യുവാവ്.

പരിശുദ്ധാത്മാവിനോടു പ്രാത്ഥിച്ചുകൊണ്ടും പരിശുദ്ധാത്മാവിനാൽ പ്രേരിതരായും ഉപവിയുടെ ഈ സഹോദരന്മാർ തൽക്ഷണം നിശ്ചയിച്ചുറച്ചു, വ്യക്തിപരമായ താൽപര്യങ്ങൾക്കുവേണ്ടി ആ ചെറുസംഘത്തെ ഉപയോഗപ്പെടുത്തരുതെന്ന്; പാവങ്ങളിൽ ക്രിസ്തുവിനെ സേവിക്കുക, അതായിരിക്കണം തങ്ങളുടെ ആദശ്മെന്ന്. (ഇന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യുന്നു) മിസ്റ്റർ ബെയിലി അവരെ അനുസ്മരിപ്പിക്കുന്നു: "പാവങ്ങളേയും നിങ്ങളെത്തന്നേയും സേവിക്കുവാൻ നിങ്ങൾ യഥാത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ പരസ്നേഹത്തെ പദാർത്ഥപരമായ സഹായത്തിലേ

ക്കെന്നോതിനെക്കാറം ധാർമ്മികവും ആദ്ധ്യാത്മികവുമായ സഹായത്തിലേക്കു തിരിച്ചുവിടണം. ഇങ്ങനെ, സാധുക്കളിൽ പീഡയനുഭവിക്കുന്ന മിശിഹായെ ധ്യാനിച്ചുകൊണ്ടു നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുവാൻ നിങ്ങറംക്കു കഴിയും." ഇന്നും ഈ ചെറുവാചകങ്ങളിൽ കാണാം സെൻറ് വിൻസെൻറ് ഡി പോറം സഖ്യത്തിൻെറ ചൈതന്യവും പ്രവൎത്തനവും.

സന്നിഹിതരായിരുന്ന ഓരോരുത്തനും സന്ദർശനത്തിനായി ഓരോ സാധുകുടുംബം നിർദ്ദേശിക്കപ്പെട്ടു. ഫ്റഡറിക്കു് ഒസ്സാനാമിനു നല്കപ്പെട്ട ആദ്യകുടുംബത്തിനു ലൗകികസഹായത്തെക്കാളധികം ആദ്ധ്യാത്മികസഹായമാണു് ആവശ്യകമായിരുന്നതു്. സഖ്യത്തിൻെറ ഭാവിപ്രവർത്തനങ്ങളുടെയെല്ലാം മാതൃകാരൂപമായിത്തീന്നു ഈ സംഭവം. അതു വെറും യാദൃച്ഛികമായിരുന്നില്ല; ദൈവപരിപാലനയുടെ പ്രസ്പഷ്ടമായ ക്രമീകരണം ആയിരുന്നു. ഒരു മാതാവിൻേറയും അവളുടെ സന്താനങ്ങളുടേയും ആദ്ധ്യാത്മികകാര്യങ്ങറം, ആത്മരക്ഷതന്നേയും (നാം കണ്ടുകഴിഞ്ഞതുപോലെ) അപകടത്തിലായിരുന്നു. ആദ്ധ്യാത്മികസഹായം നല്കുവാൻ ദൈവംതന്നെ തൻെറ വഴിയിൽ സജ്ജീകരിച്ച ആ ജോലി, നല്ല സമറായക്കാരനെപ്പോലെ, കൃത്യമായി അദ്ദേഹം നിവ്വഹിച്ചു

ആരാണു് ആ ചെറുസംഘത്തിൻെറ സ്ഥാപകൻ? അസന്ദിഗ്ദ്ധമായ ഉത്തരം ഇതാണു്: ഫ്റഡറിക്കു് ഒസ്സാനാം. അദ്ദേഹത്തിൻെറ ഇരുപതുകൊല്ലത്തെ അനന്തരജീവിതം (1833-1853) ഈ വാസ്തവത്തെ അവി

തക്കിതമായി തെളിയിക്കുന്നുണ്ടു്. അക്ഷീണവും പൈതൃകവുമായ തീക്ഷ്ണതയോടെ സംഘത്തിന്റെ വളച്ച്യയും പ്രാരംഭചൈതന്യത്തിന്റെ പരിരക്ഷണത്തിനുംവേണ്ടി അദ്ദേഹം പരിശ്രമിച്ചു. താൻ അതിന്റെ സ്ഥാപകനല്ലെന്നും അതിന്റെ സ്ഥാപനത്തിൽ തനിക്കു പങ്കില്ലെന്നും അഗാധമായ എളിമനിമിത്തം അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്നു. മിസ്റ്റർ ബെയിലിയിൽ ആ ബഹുമതി ഒന്നിലധികം പ്രാവശ്യം സ്പഷ്ടമായി അദ്ദേഹം ആരോപിച്ചിട്ടുണ്ടു്. പ്രസ്തുത സംഗതിയിൽ യാതൊരു തെററിദ്ധാരണയും ഉണ്ടാകരുതെന്നു കരുതി ആദ്യത്തെ പരസ്നേഹകോൺഫ്റൻസിലെ അംഗങ്ങളിൽ ജീവിച്ചിരുന്ന പതിന്നാലുപേർകൂടി 1856-ൽ ഒരു സംയുക്തവിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ അവർ പ്രഖ്യാപിക്കുന്നു, പ്രസ്തുതസഖ്യത്തിന്റെ സ്ഥാപനത്തിൽ ആലോചനാത്മകവും നിശ്ചയാത്മകവുമായ പങ്കു ഫ്റഡറിക്കിനായിരുന്നെന്നു്

## പൈതൃകഹൃദയം

1836-ലേ വേനൽക്കാലം വന്നടുത്തു. ഫ്റഡറിക്കു നിയമത്തിലും സാഹിത്യത്തിലും ഡോക്ടർബിരുദം കരസ്ഥമാക്കി. അദ്ദേഹം ഒരു സ്നേഹിതനു് ഇപ്രകാരം എഴുതി: "എന്റെ പ്രവാസസ്ഥലം വിടുക, ആ സ്ഥലം എനിക്കു് ആസ്വാദ്യമാക്കിത്തീർത്തവരോടു യാത്ര പറയുക, നിസ്തുലങ്ങളായ സാഹോദര്യസമ്മേളനങ്ങൾ ത്യജിക്കുക, എനിക്കു വളരെ വിഷമമായിരിക്കും." വീട്ടിൽ തിരിച്ചെത്തിയ ഉടനേതന്നെ ഒരു കോൺഫ

റൻസു സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അംഗസംഖ്യയിൽ അതു് അതിവേഗം അഭിവൃദ്ധിപ്പെട്ടു. പക്ഷേ, നല്ല മനുഷ്യർപോലും വളരെ എതിർക്കുകയും അവിശ്വസിക്കുകയുമുണ്ടായി. പാരീസിൽ സമാരംഭിച്ച ഒരു യുവാവിന്റെ പ്രസ്ഥാനം! അതിനെ അവർ അവജ്ഞാപൂർവ്വം വീക്ഷിച്ചു. തലസ്ഥാനത്തെ ജനറൽകൗൺസിലിലേക്കു ഫ്റഡറിക്കു് ഒസ്സാനാം ഇപ്രകാരം റിപ്പോർട്ടു ചെയ്തു: "നമ്മുടെ നിയമമനുസരിച്ചു ഞങ്ങൾ എളിമപ്പെട്ടു. ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയും മററെല്ലാ ജീവകാരുണ്യസംഘടനകളോടും ഞങ്ങൾക്കുള്ള ബഹുമാനവും ഞങ്ങൾ വ്യക്തമാക്കി. നമ്മെപ്പററി അസുഖകരങ്ങളായ പ്രചരണങ്ങളുണ്ടെന്നിരുന്നാലും എനിക്കുറപ്പുണ്ടു്, നാം വിജയിക്കുമെന്നു്; ഗൂഢതന്ത്രങ്ങൾകൊണ്ടല്ല, എളിമകൊണ്ടു്; സംഖ്യാബലംകൊണ്ടും സഹായംകൊണ്ടുമല്ല, സ്നേഹംകൊണ്ടും ദൈവപ്രസാദംകൊണ്ടും."

ലയൺസിലെ കോൺഫ്റൻസുകളുടെ സവിശേഷമായ ആദ്യപ്രവർത്തനം സൈനികർക്കു് ഒരു ക്ലബ്ബ് സ്ഥാപിക്കുകയായിരുന്നു. അതുമൂലം ധാരാളം ആദ്ധ്യാത്മികനന്മകൾ ലഭിക്കുമെന്നു ഫ്രഡറിക്കു നന്നായി ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ മനോഗതി താഴെവരുന്ന വാക്കുകളിൽനിന്നു സുവ്യക്തമാണു്: "നമ്മുടെ ഭക്തി കൂടുതൽ സജീവവും നമ്മുടെ ദൈവവിളിക്കു നാം കുറെക്കൂടി യോഗ്യരും ആയിരുന്നെങ്കിൽ ഫലം എത്ര വർദ്ധിക്കുമായിരുന്നു! സാധാരണ കത്തോലിക്കർ എല്ലായിടത്തും ധാരാളമുണ്ടു്. പുണ്യവാന്മാരെയാണു നമുക്കാവശ്യം. ആദ്യം നാംതന്നെ പുണ്യമുള്ളവരാകണം. അല്ലെങ്കിൽ, മ

ററുള്ളവരെ പുണ്യമുള്ളവരാക്കുവാൻ എങ്ങനെയാണു നമുക്കു സാധിക്കുക? സാധുക്കളായ ജനങ്ങൾ നമ്മെക്കാളധികമായി പരിശീലിച്ചുവരുന്ന പുണ്യങ്ങളെക്കുറിച്ച് അവരോട്ട് എങ്ങനെയാണു നാം പ്രസംഗിക്കുക? വി. വിൻസെൻറ് ഡി പോളിനോട്ടുകൂടെ നാമും സമ്മതിക്കണം, പ്രസ്തുത സുകൃതങ്ങളുടെ അഭ്യസനത്തിൽ നാം അവർക്കു വളരെ പിമ്പിലാണെന്ന്. വിശുദ്ധൻ പറയുന്നു: 'യേശുക്രിസ്തുവിൻെറ പാവങ്ങൾ നമ്മുടെ പ്രഭുക്കന്മാരും യജമാനന്മാരും ആണ്. നമ്മുടെ എളിയ സേവനങ്ങൾ അവർക്കു നല്കുവാൻ നാം അയോഗ്യരത്രേ.'"

## അറിയപ്പെടാതിരിക്കുക

സഖ്യത്തിൻെറ സുസ്ഥിതിയേയും വളർച്ചയേയും കുറിച്ചു പൈതൃകമായ അഭിവാഞ്ഛയുള്ളവനായിരുന്നു ഫ്രഡറിക്ക്. തന്നിമിത്തം, പാരീസിലെ മേലേപ്പട്ടവരോട്, വിശിഷ്യ, സെക്രട്ടറിജനറലായിരുന്ന ലാല്ലിയെയോടു കത്തിടപാടുകൾവഴി അദ്ദേഹം അടുത്ത ബന്ധം പുലർത്തിപ്പോന്നു; വാർത്തകൾ അറിയിക്കുകയും ആരായുകയും ചെയ്തിരുന്നു. ഉത്തരവാദിത്വമുള്ള ആ ജോലിയെക്കുറിച്ച് അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നതിനും ഫ്രഡറിക്കു വിമുഖനായിരുന്നില്ല. ഒസ്സാനാം എഴുതുന്നു: "നമ്മുടെ ചെറിയ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം വളരെ വിപുലമായിത്തീർന്നിരിക്കുന്നു. അതു ദൈവപരിപാലനകൊണ്ടാണെന്നുതന്നെ നാം കരുതണം. താങ്കളെ ആശ്രയിച്ചാണു കോൺഫ്രൻസുകളുടെ ഐക്യം നിലകൊള്ളുന്നതു്. സഖ്യത്തിൻെറ ശക്തിയും ജീവനും ആ

ഐക്യത്തെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു." അതിരുകടന്ന യഥാസ്ഥിതികമനോഭാവത്തെക്കുറിച്ച് അദ്ദേഹത്തെ ഫ്റഡറിക്ക് ഉപദേശിച്ചിരുന്നു: "പ്രാരംഭ ചൈതന്യത്തിൽനിന്നു വ്യതിചലനം പാടില്ല; എന്നാൽ, പാരമ്പര്യത്തോടു പുരോഗമനം സംയോജിപ്പിക്കുകയും വേണം." പ്രാരംഭചൈതന്യമായ എളിമയുടെ അരൂപി പരിരക്ഷിക്കുക—അതായിരുന്നു അദ്ദേഹം ഏററം കാര്യമായിമതിച്ചിരുന്നതു്. "അജ്ഞാതരായിരിക്കുന്നതിൻെറ ആവശ്യകത അടുത്ത അധ്യക്ഷപ്രസംഗത്തിൽ ഊന്നിപ്പറയണം എന്ന താങ്കളുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. വ്യക്തികളിലെന്നതുപോലെതന്നെ സംഘടനകളിലും എളിമ അനിവാര്യമാണു് എന്ന തത്വം സ്ഥാപിച്ചു കാണിക്കുന്നതു നന്നായിരിക്കും. 'നമ്മുടെ പരിശുദ്ധ സമൂഹം' എന്നു് തൻെറ സംഘത്തെ സംബോധന ചെയ്ത 'മിഷൻകോൺഗ്രിഗേഷൻ' അംഗമായ ഒരു വൈദികനെ കുററപ്പെടുത്തിയ വി. വിൻസെൻറ് ഡി പോളിൻെറ മാതൃക അതിന് ഉപോൽബലകമായി കാണിക്കുന്നതും കൊള്ളാം. പൊതുജനദൃഷ്ടിയിൽപ്പെടുവാൻ നമ്മെ നാം നിർബ്ബന്ധിക്കാതിരിക്കുക, നമ്മെ കാണുവാനാഗ്രഹിക്കുന്നവരിൽനിന്നു് ഒഴിഞ്ഞുമാറാതിരിക്കുക—ഇതായിരിക്കണം നമ്മെ നയിക്കുന്ന നിയമം. നമ്മുടെ അജ്ഞാതത്വത്തോടാണു നമ്മുടെ ജീവിതവും പുരോഗതിയും നാം ചെയ്തിട്ടുള്ള സൽപ്രവൃത്തികളും കടപ്പെട്ടിരിക്കുന്നതു്."

ഫ്രഡറിക്ക് ഒസ്സാനാമിൻെറ ഉത്തമവൈദികസുഹൃത്തും ഉപദേഷ്ടാവും ആയിരുന്ന ഫാദർ ലക്കോർഡ

യർ. അദ്ദേഹം ഡോമിനിക്കൻ സഭയിൽ ചേർന്നു. അദ്ദേഹത്തെ അനുഗമിക്കുവാൻ ഫ്റഡെറിക്കിനു ശക്തിയേറിയ ആഗ്രഹമുണ്ടായി. ഈ ആഗ്രഹം കുറെ വത്സരങ്ങൾ നീണ്ടുനില്ക്കുകയും ചെയ്തു. എന്നാൽ, അവസാനം അദ്ദേഹം സ്പഷ്ടമായി ഗ്രഹിച്ചു, ദൈവം തനിക്കു നിശ്ചയിച്ചിരിക്കുന്ന പ്രേഷിതവൃത്തി ആശ്രമത്തിലല്ല, ലോകത്തിലാണെന്ന്. താൻ സ്ഥാപിച്ച സഖ്യത്തിൻെറ പുരോഗതിക്കായി യത്നിക്കുകയാണു പ്രസ്തുത പ്രേഷിതവൃത്തിയെന്നും അദ്ദേഹം മനസ്സിലാക്കി. പ്രസ്തുതസഖ്യത്തിൻെറ സ്ഥാപകൻ താനാണെന്ന് അദ്ദേഹം ഒരിക്കൽപ്പോലും സമ്മതിച്ചിട്ടില്ല. ലയൺസിലേ കോൺഫ്റൻസിൻെറ പ്രസിഡണ്ടുസ്ഥാനംതന്നെ ദമാശമായിട്ടാണു താൻ വഹിക്കുന്നതെന്ന് അദ്ദേഹം വിചാരിച്ചു. പക്ഷേ, സാഹചര്യങ്ങളെ പരിഗണിക്കുമ്പോൾ ആ കോൺഫ്റൻസിനും അതിലധികമായി സഖ്യം മുഴവനും തന്നെക്കൊണ്ട് ആവശ്യമുണ്ട് എന്ന സംഗതി നിഷേധിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല.

വത്സരങ്ങൾ പറന്നു നീങ്ങി. ഒസ്സാനാം പാരീസിൽ മടങ്ങിയെത്തി. ഉടനേതന്നെ തൻെറ സഖ്യാംഗത്വം നവീകരിച്ചു. തൻെറ ഹൃദയാഭിലാഷം പൂർത്തിയാക്കുന്നതിനുവേണ്ടി ജീവിതസർവ്വസ്വവും അദ്ദേഹം ഉഴിഞ്ഞുവച്ചു. അദ്ദേഹത്തിൻെറ അനാരോഗ്യം വർദ്ധമാനമായിക്കൊണ്ടിരുന്നു. തന്നിമിത്തം, ചികിത്സയ്ക്കും വിശ്രമത്തിനുമായി പലസ്ഥലങ്ങളിലും പോകുവാൻ നിർബ്ബന്ധിതനമായി. തദവസരങ്ങളിലെല്ലാം പുതിയ കോൺഫ്റൻസുകൾ സ്ഥാപിക്കുന്നതിനും, സ്ഥാപിക്കപ്പെട്ടിരുന്നവ

യെ ഊർജ്ജസ്വലമാക്കുന്നതിനും അദ്ദേഹം ശ്രമിച്ചിരുന്നു.

## ഒരു കൂടിക്കാഴ്ച

ഇററാലിയൻ 'റിവ്യേറാ'യിൽ ശീതകാലം കഴിച്ചുകൂട്ടുന്നതിനു ഫ്റഡറിക്ക് ഒസ്സാനാം 1853 ജനുവരിയിൽ 'പീസാ'യിലെത്തി. അവിടെ കോൺഫ്രൻസുകൾ തുടങ്ങുന്നതിനു ടസ്കണിയിലെ പ്രഭു അനുവാദം നിഷേധിച്ചു. കാരണം, സഖ്യത്തിനു രാഷ്ട്രീയലാക്കുകളുണ്ടെന്ന് അദ്ദേഹം സംശയിച്ചതുതന്നെ. ഒരു ദിവസം സായാഹ്നത്തിൽ ഫ്റഡറിക്കിന് അറിവു കിട്ടി, പ്രഭു തന്നെ കാണുവാൻ അഭിലഷിക്കുന്നുവെന്ന്. എന്നാൽ, അപ്പോൾ അദ്ദേഹം പനി പിടിപെട്ടു കിടപ്പിലായിരുന്നു. ശ്വാസോച്ഛ്വാസത്തിനു തടസ്സം നേരിട്ടിരുന്നു; അവയവങ്ങൾ നീരുകൊണ്ടു വീർത്തുമിരുന്നു. സ്നേഹിതന്മാരുടെ ഉപദേശത്തെ നിരസിച്ചുകൊണ്ട്, പ്രസ്തുത ക്ഷണം സ്വീകരിക്കുന്നതിൽ അദ്ദേഹം നിർബ്ബന്ധം പിടിച്ചു. ഒസ്സാനാം സമ്മതിച്ചു, തനിക്ക് അശേഷം സുഖമില്ലെന്ന്. എന്നാൽ, അദ്ദേഹം അവരോടു പറഞ്ഞു: "ഒരു പക്ഷേ, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിനു വേണ്ടി ഞാൻ ചെയ്യുന്ന അവസാനത്തെ സേവനമായിരിക്കാം ഇത്. ദൈവം ശക്തി നല്കുന്നെങ്കിൽ സഖ്യത്തിനുവേണ്ടി ഈ അവസാനത്തെ കൃത്യംകൂടി നിർവ്വഹിക്കുക എന്നെസ്സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. അത്രയേറെ നന്മകളാണ് അതെനിക്കു പ്രദാനം ചെയ്തിട്ടുള്ളതു്." സഖ്യത്തിനുവേണ്ടി അദ്ദേഹം നന്നായി വാദി

ച്ചു. തൽഫലമായി, ഫ്ളോറൻസ്, പീസാ, ലെഗോൺ എന്നിവിടങ്ങളിൽ കോൺഫ്റൻസുകഠം സ്ഥാപിക്കു ന്നതിന് ഏതാനും ദിവസങ്ങഠംക്കകം പ്രഭു അനുമതി നല്കി. ഫ്ളോറൻസിലെ കോൺഫ്റൻസിൻെറ ആദ്യ സമ്മേളനത്തെപ്പററി ഫ്റഡറിക്കു മി. ലാല്ലിയെയ്ക്കു് എഴുതി: "പ്രവത്തനങ്ങളുടെ നിഗ്രഢതയിൽ ചെറുതും എന്നാൽ, ദൈവാനുഗ്രഹത്തിൽ വലുതുമാണു് നമ്മുടെ സഖ്യം. അതിനെ ഇന്നത്തേ വികസിതനിലയിൽ ദശി ക്കുമ്പോഠം എൻെറ നയനങ്ങഠം സന്തോഷാശ്രുക്കളാൽ സംപൂരിതമാകുന്നു. ഭാഷ പലതായിരിക്കാം; എന്നാൽ, എപ്പോഴും മാഗ്ഗം ഒന്നുതന്നെ—സാഹോദയ്യത്തിൻെറ ഒരേ സ്വാഗതം. ആദിമക്രിസ്ത്യാനികളുടെ അടയാളംകൊണ്ടു തന്നെ നാം നമ്മെത്തന്നെ തിരിച്ചറിയണം: 'കണ്ടാലും, അവർ തമ്മിൽത്തമ്മിൽ എങ്ങനെ സ്നേഹിക്കുന്നു!'"

ആറുമാസങ്ങഠംക്കുശേഷം, ആരോഗ്യസ്ഥിതി ഭേ ദപ്പെട്ടതോടുകൂടി ഫ്രഡറിക്ക് ഒസ്സാനാം ടസ്കണിയിലേ പല കോൺഫ്റൻസുകളും സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ 'പോൺതെഡാറാ'യി ലേ പ്രസിഡണ്ടിനെപ്പററി പ്രത്യേകം പരാമർശിച്ചിട്ടു ണ്ടു്: "കത്തി ചാണയ്ക്കു വയ്ക്കുന്ന തൊഴിൽക്കാരനാണു് അയാഠം. വേഷത്തിൽ തൊഴിലാളിയാണെങ്കിലും അ യാഠം സംസ്കൃതമാനസനും പരിഷ്കൃതനും ആണെന്ന് അഞ്ചു മിനിട്ടുകൊണ്ടു തെളിഞ്ഞു. നിഷ്കാപട്യത്തോ ടെ, നയപൂവ്വം ആ ചെറിയ കോൺഫ്റൻസിൻെറ പ്രവത്തനങ്ങളും പ്രതിസന്ധികളും പ്രതീക്ഷകളും സന്ദ ശ്കൻെറ മുമ്പിൽ അയാഠം സമർപ്പിക്കുകയും ചെയ്തു."

## വിജയം വരിച്ച കത്തു്

സീയെനായിൽ സെൻറ് വിൻസെൻറ് ഡി പോഠം സഖ്യത്തിന്ന് ഇതുവരേയും സ്ഥാനം ലഭിച്ചിരുന്നില്ല. അവിടെ ഒരു ശാഖ സ്ഥാപിക്കുവാൻ ഫ്റഡറിക്കിൻെറ ഹൃദയം ത്രസിച്ചു. അങ്ങോട്ടുള്ള യാത്ര ദുഷ്കരമെന്നു പറഞ്ഞു സ്നേഹിതന്മാർ അദ്ദേഹത്തെ തടഞ്ഞു. അവക്ക് ഒസ്സാനാം നല്കിയ മറുപടി ഇതാണു്: "ദൈവം എൻെറ ആരോഗ്യത്തെ കാത്തു സൂക്ഷിക്കുന്നു. അതുകൊണ്ടു് അവിടുത്തെ സേവനത്തിൽവേണം അതിനെ ചെലവഴിക്കുവാൻ." സീയെന്നായിൽവച്ചു നടന്ന നാലു ദിവസത്തെ കൂടിക്കാഴ്ച ഫലരഹിതമായി; അത്യധികം നിരാശനായി അദ്ദേഹം പിൻവാങ്ങുകയും ചെയ്തു. രണ്ടാഴ്ചയ്ക്കുശേഷം വിൻസെൻറു ഡി പോഠം പുണ്യവാൻെറ തിരുനാഠം—ജൂലൈ 19—സമാഗതമായി. കോൺഫ്റൻസു സമാരംഭിക്കുവാനുള്ള ആളായി ഒസ്സാനാം കരുതിയിരുന്ന വൈദികന്നു് ഒരു കത്തെഴുതിക്കൊണ്ടു് ഒരിക്കൽകൂടി അപേക്ഷിക്കുവാൻ ദുസ്സഹമായ തീക്ഷ്ണത അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഫ്റഡറിക്കിൻെറ മരണത്തോടടുത്ത ഏഴാഴ്ചകളിലേ അവസാനത്തേ മഹാപ്രയത്നമായിരുന്നു അതു്. പരസ്നേഹസൈന്യവ്യൂഹത്തിൻെറ സ്ഥാപകനും പിതാവുമായി ദൈവം ഉയർത്തിയ ഒരു വ്യക്തിയുടെ അവസാനത്തേ പരിശ്രമം!

അദ്ദേഹം ആ കത്തിൽ എഴുതി: "ഞാൻ കണ്ടിട്ടുണ്ടു്, അതു വളരെയധികം നന്മകഠം ചെയ്യുന്നതും പുണ്യാഭ്യസനത്തിൽ യുവജനങ്ങഠംക്കു സഹായമരുളുന്നതും വിസ്മയാവഹമാംവിധം അവരിൽ തീക്ഷ്ണത ഉജ്ജ്വ

ലിപ്പിക്കുന്നതും. ക്യൂബെക്കിലും മെക്സിക്കോയിലും ജറൂസലത്തും നമുക്കു കോൺഫ്റൻസുകളുണ്ട്. . . അങ്ങയുടെ കോളെജിൽ ധനികരായ വിദ്യാർത്ഥികൾ വളരെയുണ്ടല്ലോ. വലിയ പണ്ഡിതന്മാരുടെ വിവരണങ്ങളിലൂടെ മാത്രമല്ല, സ്വർണ്ണവും ദീപാവലിയുംകൊണ്ടു തിളങ്ങുന്ന അൾത്താരകളിലും മാത്രമല്ല, പാവങ്ങളിലും അവരുടെ യാതനകളിലും നമ്മുടെ കർത്താവീശോമിശിഹായെ കാണിച്ചുകൊടുക്കുക എത്രയോ രക്ഷാകരമായ പാഠമായിരിക്കും? ഫ്രാൻസിലേയും ഇററലിയിലേയും ആഢിജാതരായ മനുഷ്യരുടെ, അല്ല, ക്രിസ്ത്യാനികളുടെപോലും ബലഹീനതയേയും വ്യത്ഥവൃത്തികളേയുംകുറിച്ചു ഞങ്ങൾ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. അവർ അത്തരക്കാരായിരിക്കുന്നതു് അവരുടെ വിദ്യാഭ്യാസത്തിൻെറ ന്യൂനത കൊണ്ടാണെന്നു ഞാൻ സമാധാനപ്പെടുന്നു. അവർ പഠിക്കാത്ത ചില സംഗതികളുണ്ട്; ചില കാര്യങ്ങൾ നാമമാത്രമായേ അവക്കറിഞ്ഞുകൂടൂ. ഉടനെയോ കുറെക്കഴിഞ്ഞോ അവക്കും പീഡകൾ ഉണ്ടാകും. അപ്പോൾ അവ സഹിക്കേണ്ടതെങ്ങനെയെന്നു പഠിക്കുവാൻ മററുള്ളവർ യാതനകളനുഭവിക്കുന്നതു് അവരിപ്പോൾ കാണണം. ആ യാതനകൾ എന്താണു്? ദുഃഖം, ദാരിദ്ര്യം, ദുർഗ്ഗതി. വിശപ്പും ദാഹവും ഒഴിഞ്ഞ അറകളും എന്താണെന്നു് ഈ യുവമാന്യന്മാർ ഗ്രഹിക്കണം. ദുർഭഗരായ സഹജീവികളേയും രോഗികളേയും കരയുന്ന കുഞ്ഞുങ്ങളേയും അവർ കാണണം; അവരെ അറിയുകയും സ്നേഹിക്കുകയും വേണം. ആ കാഴ്ച അവരുടെ ഹൃദയതന്ത്രികളെ ഉലയ്ക്കും. ഉലയ്ക്കാത്തപക്ഷം, ഈ തലമുറ നഷ്ടപ്പെട്ടതുതന്നെ."

ഈ കത്തിലേ പ്രൗഢവും നിർബ്ബന്ധപൂർവ്വകവു മായ അപേക്ഷ ത്യജിക്കപ്പെട്ടില്ല. ഫാദർ പെൻദോലാ യുടെ അവസാനത്തേ സന്ദേഹങ്ങളേയും അതു നിവാര ണംചെയ്തു. ആ കത്ത് എഴുതിയതും ലഭിച്ചതുമായ ആ ദിവസംതന്നെ, അതായത്, വിശുദ്ധ വിൻസെൻറ് ഡി പോളിൻെറ തിരുനാളിൽത്തന്നെ അദ്ദേഹം രണ്ടു കോൺഫ്റൻസുകൾ സ്ഥാപിച്ചു: ഒന്ന് 'ടൊളൊമേ യ്'കോളെജിലും മറേറതു പട്ടണത്തിലും.

അനാരോഗ്യംമൂലമുള്ള ക്ലേശങ്ങളെ തെല്ലും വക വയ്ക്കാതെ ഇരുപത്തു സംവത്സരം, തൻെറ അന്തിമദിവ സങ്ങൾവരെ, സഖ്യത്തിനുവേണ്ടി ഒസ്സാനാം നിരന്തരം പരിശ്രമിച്ചു. അങ്ങനെ ക്രിസ്തുവിൻെറ പാവങ്ങൾക്കു വേണ്ടി ഫ്റഡറിക്കു തന്നെത്തന്നെ വ്യയം ചെയ്തു. ആ സഖ്യം എങ്ങനെയാണു വികാസം പ്രാപിച്ചത്?

## പരസ്നേഹസഖ്യം

1834–ലേ വേനൽക്കാലം. ജൂലൈ 19. വിശുദ്ധ വിൻസെൻറ് ഡി പോളിൻെറ തിരുനാളാണന്ന്. വി ശുദ്ധൻെറ തിരുശ്ശേഷിപ്പു സംവഹിച്ചുകൊണ്ടു പോകു ന്ന ആ അപരിചിതരെക്കുറിച്ചു ക്ലിച്ചിയിലേ ജനങ്ങൾ വിസ്മയം പൂണ്ടു. അവർ ഫ്റഡറിക്കും അദ്ദേഹത്തി ൻെറ സ്നേഹിതന്മാരുമാണ്. 'പാവങ്ങളുടെ പുണ്യവാ നോ'ടുള്ള ഭക്തി അവരിൽ അഭിവൃദ്ധമായിക്കൊണ്ടിരു ന്നു തങ്ങളുടെ സമ്മേളനങ്ങളിൽ വിശുദ്ധൻെറ മാധ്യ സ്ഥ്യം അവർ അപേക്ഷിക്കുകയും ചെയ്തിരുന്നു. വിൻ സെൻറു ഡി പോൾ പുണ്യവാൻെറ തിരുനാളിൽ, അ



San Vicente de Paul

2151 †

ദ്ദേഹത്തിൻെറ നേർക്കു തങ്ങൾക്കുള്ള ഭക്തി പ്രകടമാക്കുവാനാണു്, ഒരിക്കൽ ആ വിശുദ്ധൻ മരിച്ചിരുന്ന ക്ലിച്ചി ഇടവകയിൽ ഒസ്സാനാമും കൂട്ടരും എത്തിയിരിക്കുന്നതു്. ആ തീർത്ഥയാത്രയെ വിവരിക്കുകയിൽ ഫ്ററഡറിക്കു് ഒസ്സാനാം വി. വിൻസെൻറ് ഡി പോളിൻെറ പ്രവചനവരത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. വാസ്തവത്തിൽ, അതു അദ്ദേഹംതന്നെ തുടങ്ങിയ പരസ്നേഹവേലയെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു: "മണൽപ്പുറത്തോ കൽകാലത്തേക്കോ കെട്ടിടം പണിയുന്ന ആളല്ലായിരുന്നു വി. വിൻസെൻറ് ഡി പോൾ. ദൈവത്തിങ്കലേക്കു് അടുക്കുന്ന മഹാത്മാക്കൾക്കു പ്രവചനവരം കുറെയൊക്കെ ഉണ്ടു്. നമ്മുടെ ഇക്കാലത്തെ ആവശ്യങ്ങളേയും തിന്മകളേയുംകുറിച്ചു വി. വിൻസെൻറിനു മുന്നറിവുണ്ടായിരുന്നെന്നു വിശ്വസിക്കുവാൻ നാം സംശയിക്കേണ്ടാ. എല്ലാ സ്ഥാപകന്മാർക്കും എന്നതുപോലെ അദ്ദേഹത്തിന്നും ആത്മീയസന്താനപരമ്പര ഒരിക്കലും ഇല്ലാതാകുന്നില്ല. പഴയ കാലത്തിൻെറ നഷ്ടശിഷ്ടങ്ങൾക്കിടയിൽ അവർ ചൈതന്യമുള്ളവരും പ്രവർത്തനോൽസുകരും ആയിരിക്കും. നമ്മുടെ മദ്ധ്യസ്ഥനെ ഒരു പിതാവായി നാം ബഹുമാനിക്കണം. ആരറിഞ്ഞു, അതിവിപുലമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സഖ്യത്തിൻെറ മടിത്തട്ടിൽ അനന്തരതലമുറകൾ അഭയം തേടുന്നതു നാം കാണുകയില്ലെന്നു്? അവരുടെ ജനനത്തെയാണല്ലോ നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതും."

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ഫ്ററാൻസിനെ മുഴവൻ വലയം ചെയ്യുന്ന പരസ്നേഹ

പ്രവൎത്തനങ്ങളുടെ അടിത്തറയായിത്തീരുമെന്നു ഫ്റഡറിക്ക പ്രത്യാശിച്ചു. ആദ്യകോൺഫ്റൻസിലെ ഒരംഗത്തോട്ട് ഇതദ്ദേഹം തുറന്നു പറഞ്ഞിട്ടുമുണ്ട്. അന്ന് അതൊരു സുന്ദരസ്വപ്നമായിത്തോന്നി. എന്നാൽ, സ്ഥാപകൻെറതന്നെ ജീവിതകാലത്തിനുള്ളിൽ അതു നിറവേറിക്കഴിഞ്ഞു.

സഖ്യത്തിൻെറ പ്രഥമാംഗങ്ങളായ വിദ്യാൎത്ഥിസഹോദരന്മാർ പാരീസിൽനിന്നു സ്വദേശങ്ങളിൽ മടങ്ങിയെത്തി. അവിടങ്ങളിൽ അവർ പുതിയ കോൺഫ്റൻസുകൾ സ്ഥാപിച്ചതോടേ പരസ്നേഹപ്രവൎത്തനങ്ങൾ വിസ്മയജനകമാംവിധം പുരോഗമിച്ചു. ഏഴു സംവത്സരങ്ങൾകൂടി കടന്നുപോയി. 1840-ാം വത്സരമായി. ഈ കാലയളവിൽ പതിനഞ്ചു പട്ടണങ്ങളിലായി 2000 യുവജനങ്ങൾ പരസ്നേഹശുശ്രൂഷയുദ്ധത്തിൽ സജീവമായി പങ്കെടുത്തിരുന്നു. 1848 ആഗസ്റ്റിൽ ഏകദേശം 400 കോൺഫ്രൻസുകളാണു പ്രവൎത്തനം നടത്തിക്കൊണ്ടിരുന്നതു്. അവയിൽ ചിലതു മററുരാജ്യങ്ങളിലായിരുന്നു—ഇംഗ്ലണ്ടിൽ പതിനേഴും ഹോളണ്ടിൽ പതിനാറും ഐർലണ്ടിൽ പന്ത്രണ്ടും ക്യാനഡായിൽ പതിനൊന്നും.

1853-ൽ, മരണത്തിനു രണ്ടുമാസംമുമ്പ് ഒസ്സാനാം ലെഗോണിൽ സ്ഥാപിതമായ ഒരു പുതിയ കോൺഫ്റൻസിലെ അംഗങ്ങളോട്ട് ഒരു പ്രസംഗം ചെയ്തു. സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ സഖ്യത്തിൻെറ ഇരുപതുകൊല്ലത്തെ വളൎച്ച അദ്ദേഹം വിവരിച്ചു. അതിൽ, 'സെൻറ് സിമോണിസം' എന്ന പ്രകൃതിസിദ്ധാന്തത്തിൽ മതിമയങ്ങിയ തൻെറ ഒരു സ്നേഹിതനെക്കുറി

ച്ച് അദ്ദേഹം പറയുന്നു: "വളരെക്കുറച്ചംഗങ്ങൾ മാത്രമുള്ള പരസ്സ്നേഹകോൺഫ്റൻസുകളെ അയാൾ അവജ്ഞയോടെ വീക്ഷിച്ചു. മാത്രമല്ല, അതിൻെറ പ്രവത്തനങ്ങളുടെ ഫലസിദ്ധിയെക്കുറിച്ചു പരിഹസിച്ചുകൊണ്ടു് ആത്മപ്രശംസാപൂവ്വം അയാൾ പറയുകയാണു്: 'ലോകത്തെ പരിഷ്കരിക്കുക, ദുരിതത്തെ എന്നെന്നേക്കുമായി വിസ്മൃതിയിലാഴ്ത്തുക എന്നീ ആശയങ്ങളുടേയും അതിനുള്ള മാഗ്ഗങ്ങളുടേയും പുരോഗമനത്തിൽ ഞങ്ങൾ ദത്തശ്രദ്ധരായിരിക്കുന്നു. തലമുറകൾകൊണ്ടു മനുഷ്യവഗ്ഗത്തിനു നിങ്ങൾ ചെയ്യേക്കാവുന്നവ ഒരു നിമിഷംകൊണ്ടു് പക്ഷേ ഞങ്ങൾ നിർവ്വഹിച്ചേക്കാം' എന്നു്."

ഫ്രഡറിക്ക തുടർന്നു: "മാന്യരേ, എൻെറ ആ സാധുസ്സ്നേഹിതനെ മയക്കിയിരിക്കുന്ന തത്വങ്ങൾ എന്തിൽ കലാശിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു നന്നായി അറിയാമല്ലോ. അയാളുടെ സഹതാപത്തിനു പാത്രമായ നാം എട്ടിനു പകരം പാരീസിൽത്തന്നെ 2000 സഹോദരന്മാരായി വർദ്ധിച്ചിരിക്കുന്നു. അവർ 5000 കുടുംബങ്ങളെ, അതായതു്, ഏകദേശം 20,000 ആളുകളെ, അല്ലെങ്കിൽ, ഈ വലിയ പട്ടണത്തിലെ പാവങ്ങളിൽ നാലിലൊരുഭാഗത്തെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ഫ്റാൻസിൽ മാത്രം ഉണ്ടു് 500 കോൺഫ്റൻസുകൾ. ഇതിനും പുറമേ ഇംഗ്ലണ്ടു്, സ്പെയിൻ, ബെൽജിയം, അമേരിക്ക എന്നീ രാജ്യങ്ങളിലും ജറുസലത്തുതന്നേയും മററനേകം കോൺഫ്റൻസുകൾ ഉണ്ടു്. യേശുക്രിസ്തു ഹീനമായ കാലിത്തൊഴുത്തിൽനിന്നു താബോർമലയിലെ പ്രതാപത്തിലേക്കുയർത്തപ്പെട്ടതുപോലെ നമ്മുടെ വിനീത

പ്രാരംഭങ്ങളും ഉയർത്തപ്പെട്ടിരിക്കുന്നു. അങ്ങനെ നമ്മുടെ സഖ്യത്തെ ദൈവം സ്വന്തമാക്കിയിരിക്കുന്നു. ലോകമാസകലം അതു പടർന്നു പന്തലിച്ചു കാണുന്നതിനും അതിൻെറമേൽ അനുഗ്രഹവർഷം ചൊരിയുന്നതിനും അവിടുന്നു തിരുവുള്ളമായിരിക്കുന്നു."

## സഹോദരന്മാരുടെ സൈന്യം

1854-ൽ സഖ്യത്തിനു പ്രായപൂർത്തിയായി. അന്ന് 29 രാജ്യങ്ങളിലായി 1,532 കോൺഫ്റൻസുകൾ ഉണ്ടായിരുന്നു. ഇന്നാകട്ടെ 70 രാജ്യങ്ങളിലായി 18,500 കോൺഫ്റൻസുകളും 200,000 അംഗങ്ങളും ഉണ്ട്. 1951-ൽ 391 കോൺഫ്റൻസുകൾ സ്ഥാപിക്കപ്പെട്ടു. അവയിൽ ഇരുപത്തിരണ്ടെണ്ണം ജപ്പാനിലായിരുന്നു. 1952-ൽ 486-കോൺഫ്റൻസുകളാണു പുതിയതായി ഉടലെടുത്തതു്. 1834-ൽ ഫ്റഡറിക്ക് ഒസ്സാനാം വി. വിൻസെൻറ് ഡി പോളിനു നല്കിയ "സ്ഥാപകനും പിതാവും" എന്ന ബഹുമതി എത്ര വിസ്മയകരമാംവിധമാണു് അദ്ദേഹത്തിലും അദ്ദേഹത്തിൻെറ "ചെറുസംഘത്തിലും" സാർത്ഥകമായിരിക്കുന്നതു്!

സ്വന്തംജീവിതകാലത്തുതന്നെ ഇംഗ്ലണ്ടിലും ഐർലണ്ടിലും സഖ്യം പ്രചരിക്കുന്നതു കാണുവാൻ ഒസ്സാനാമിനു ഭാഗ്യമുണ്ടായി. 1844-ലാണു് ആദ്യത്തേ ഐറിഷ് കോൺഫ്റൻസു ജന്മമെടുത്തതു്. അടുത്തവർഷം തന്നെ അതു് അംഗീകൃതമായി. ഐർലണ്ടിലെ പഞ്ഞത്തിനിരയായവരെക്കുറിച്ചുള്ള ചിന്ത, ഫ്രഡറിക്കിൻെറ തന്നെ ഭാഷയിൽ, അദ്ദേഹത്തിൻെറ "ഹൃദയതന്ത്രി

കളെ വലിച്ചുലച്ചു". അതിൻെറ പരിണതഫലമായി അവരുടെ ദുരിതങ്ങൾ നിവാരണംചെയ്യുവാൻ 150,000 ഫ്രാങ്ക പിരിച്ചെടുത്ത് അദ്ദേഹം ഡബ്ലിനിലെ കൗൺസിലിനെ ഏല്പിച്ചു. അടുത്തവഷം വിപ്ലവത്തിൻേറയും സിവിൽയുദ്ധത്തിൻേറയും രംഗമായിരുന്ന പാരീസ്. രണ്ടരലക്ഷത്തിൽപ്പരം തൊഴിലാളികൾ അതുമൂലം തൊഴിൽരഹിതരായിത്തീർന്നു. തങ്ങൾ ചെലവാക്കാനിരുന്ന 50,000 ഫ്റാങ്ക തദവസരത്തിൽ ഡബ്ളിൻ കൗൺസിൽ തിരിച്ചുകൊടുത്തു. പാരീസിൽ നടന്ന ആഗസ്റ്റിലെ ത്രൈമാസികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു ഫ്റഡറിക്കാണ്. അപ്പോൾ, ആ സംഭാവനയെക്കുറിച്ചു തനിക്കുള്ള മതിപ്പു രേഖപ്പെടുത്തുകയും അതു സ്വീകരിക്കുവാൻ കൗൺസിലിനെ നിർബ്ബന്ധിക്കുകയും ചെയ്തു. അദ്ദേഹം പ്രസ്താവിച്ചു: "ദൈവത്തിൻപക്കൽ ദേശപരിഗണനയില്ലാത്ത പരസ്നേഹത്തിൻെറ അപൂർവ്വമായ ഒരു ദൃഷ്ടാന്തമാണിതു്."

1851 ആഗസ്റ്റിൽ ആംപേർ ഡിയെപ്പിൽവച്ചു ഫ്രഡറിക്കിനെ കണ്ടുമുട്ടി. "സ്ഫടികക്കൊട്ടാര" പ്രദർനം കാണുവാൻ തന്നോടുകൂടെ ലണ്ടനിലേക്കു പോരണമെന്ന് ഫ്റഡറിക്കിനെ അദ്ദേഹം നിർബ്ബന്ധിച്ചു. എന്നാൽ, ഫ്റഡറിക്കു സമയം ചെലവഴിച്ചതു് ഇംഗ്ലണ്ടുകാരനായ ഒരു സഹോദരനുമൊരുമിച്ച് ഐറിഷുകാരായ പാവങ്ങളുടെ ചെററപ്പുരകൾ സന്ദർശിക്കുന്നതിനാണ്. മടങ്ങിയെത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി: "അവണ്ണനീയമായ ദാരിദ്ര്യത്തിൻെറ ദുരിതസങ്കേതങ്ങളിൽ സഹതാപാർദ്രമായ വാക്കുകളോടേ ക്രിസ്തീയ

പരസ്നേഹം പ്രവത്തനനിരതമാകുന്നതു കണ്ടാലും. ഇംഗ്ലണ്ടു് ആര്യവർഗ്ഗക്കാരുടെ ഭൂമിയാണുപോലും! പാവങ്ങളോടുള്ള വേഴ്ച അവരെ തരംതാഴ്ത്തുന്നതും അപഹാസവിഷയമാക്കുന്നതുമായ നടപടിയാണു്! അങ്ങനെയുള്ള ഒരു രാജ്യത്തു നമ്മുടെ സഹോദരന്മാർ നിന്ദിതരും പുറംതള്ളപ്പെട്ടവരുമായ ജനങ്ങൾക്കു സഹായമരുളണമെങ്കിൽ അവർ എത്ര ധീരമതികളായിരിക്കണം? നമ്മുടെ അഭിമാനഭാജനങ്ങളായ ആംഗലസഹോദരന്മാർ മഹത്തായ ജോലിയത്രേ നിർവ്വഹിക്കുന്നതു്. അവരുടെ മദ്ധ്യത്തിൽ ഞാൻ കഴിച്ചുകൂട്ടിയ സായാഹ്നം എത്ര ആനന്ദപ്രദമായിരുന്നു!"

വിൻസെൻറ് ഡി പോൾ സഖ്യത്തിനു 1900-ാമാണ്ടു 164 കോൺഫ്റൻസുകളാണു് ഐർലണ്ടിൽ ഉണ്ടായിരുന്നതു്. ഇന്നു് 511 കോൺഫ്റൻസുകളും 7,800 സഹോദരന്മാരും ഉണ്ടു്. അവർ 22,000 കുടുംബങ്ങളെ ആണ്ടുതോറും സന്ദർശിച്ചുവരുന്നു. കുടുംബസന്ദർശനങ്ങളുടേയും വ്യക്തിസന്ദർശനങ്ങളുടേയും സംഖ്യ ഒരുവർഷത്തിൽ 366,000 ആണു്. അവർക്കു് വേറെ പലവിധ പ്രത്യേക പ്രവത്തനങ്ങളുമുണ്ടു്. കടൽത്തീരങ്ങളിൽ കുട്ടികൾക്കു വിശ്രമസങ്കേതങ്ങൾ, വിനോദശാലകൾ, സെൻറു് വിൻസെൻറ്സ് അനാഥമന്ദിരം, പുരുഷന്മാർക്കുള്ള ഹോസ്റ്റലുകൾ, കത്തോലിക്കാ നാവികസംഘങ്ങൾ, പാവങ്ങൾക്കുവേണ്ടിയുള്ള കാര്യാലയങ്ങൾ, കാരാഗൃഹവിമുക്തരാകുന്ന കുട്ടികൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള "ഗിൽഡു് ഓഫ് സെൻറു് ഫിലിപ്പ്" ഇവ സ്ഥാപിച്ചു പ്രവത്തനം നടത്തുക, ആശുപ

ത്രികൾ സന്ദർശിക്കുക തുടങ്ങിയവയാണ് ഇതരപ്രവ ത്തനങ്ങൾ.

ഗ്രേററുബ്രിട്ടണിൽ 1,300 കോൺഫ്ററൻസുകളുണ്ട്; അംഗങ്ങളായി 11,700 സഹോദരന്മാരും. അവർ നിർവ്വഹിക്കുന്ന കുടുംബസന്ദർശനങ്ങളും വ്യക്തിസന്ദർശനങ്ങളും വത്സരംതോറും 625,000 ആണ്. അവർക്കുമുണ്ടു ചില പ്രത്യേക പ്രവത്തനങ്ങൾ: കുട്ടികൾക്കുവേണ്ടിയുള്ള ഒരു ഹോസ്റ്റൽ, തൊഴിലാളികളായ കുട്ടികൾക്കും നാവികർക്കുംവേണ്ടി വേറെ രണ്ടെണ്ണം, കുട്ടികൾക്കുവേണ്ടിയുള്ള വിശ്രമാലയം മുതലായവ. ആശുപത്രികളും കാരാഗൃഹങ്ങളും സന്ദർശിക്കുക, ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള ക്ലബ്ബുകൾ നടത്തുക മുതലായവ ഇവരുടെ പ്രവത്തനങ്ങളിൽ പ്രധാനങ്ങളാണ്.

## പരസ്നേഹചൈതന്യം

ദൈവത്തിൻേറയും തിരുസ്സഭയുടേയും മുൻപിൽ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ വില എന്തു്? എങ്ങനെയാണ് അതു തിട്ടപ്പെടുത്തുക? കോൺഫ്ററൻസുകളുടേയും സഹായിക്കപ്പെടുന്ന കുടുംബങ്ങളുടേയും സന്ദർശനങ്ങളുടേയും എണ്ണം നോക്കിയോ? അതോ സാമ്പത്തികസഹായത്തിൻെറ ആകെത്തുക നോക്കിയോ? അവയൊക്കെ ഓരോരോ മാനദണ്ഡങ്ങൾതന്നെ; പക്ഷേ, അവ തികച്ചും അപര്യാപ്തങ്ങളാണ്. എന്നാൽ, പര്യാപ്തമായ ഒന്നുണ്ടു്. അതു മററെല്ലാത്തിനേയും അതിശയിക്കുന്നു. സഖ്യാംഗങ്ങളിൽ കത്തിക്കാളുന്ന ചൈതന്യവിശേഷം—ക്രിസ്തീയ പരസ്നേ

ഹം—ആണതു്. ഇതുതന്നെയാണു് അവരുടെ പ്രവൎത്തനങ്ങൾക്കു വ്യതിരിക്തവും അതിസ്വാഭാവികവുമായ ഗുണം പ്രദാനം ചെയ്യുന്നതും. സഖ്യത്തിന്റെ പിതാവു് ഫ്റഡറിക്ക് ഒസ്സാനാമാണല്ലോ. ആകയാൽ, സ്വാഭാവികമായി അദ്ദേഹത്തിലേക്കു നാം തിരിയണം, സഖ്യത്തിന്റെ പ്രത്യേകചൈതന്യമെന്തെന്നറിയണമെങ്കിൽ; വിൻസെൻഷ്യൻരീതിയിലുള്ള ഉപവിപ്രവൃത്തികൾക്കു നാം വിലകല്പിക്കണമെങ്കിൽ; നിഗ്രഡത, പരമാൎത്ഥത, എളിമ എന്നിവയാൽ വലയംചെയ്യപ്പെട്ട് അഭികാമ്യവും സുരക്ഷിതവും അതിപ്രയോജനകരവും ആക്കപ്പെട്ടിരിക്കുന്ന പരസ്നേഹത്തെ നാം വിലമതിക്കണമെങ്കിൽ.

ഫ്രഡറിക്ക് അന്ധനോ അന്ധരുടെ നായകനോ ആയിരുന്നില്ല. തന്റെ കാലത്തു പാരീസിലും മററവിടേയും ഉണ്ടായിക്കൊണ്ടിരുന്ന സാമൂഹ്യപ്രശ്നങ്ങളെ അദ്ദേഹം തുറന്ന കണ്ണുകളോടേ വീക്ഷിച്ചു. ആ പ്രശ്നങ്ങൾ തന്നെയാണു വൎദ്ധമാനമായ തോതിൽ ഇന്നു ലോകത്തെമുഴവൻ അലട്ടിക്കൊണ്ടിരിക്കുന്നതു്. ആ പ്രശ്നങ്ങളിൽ അദ്ദേഹം സ്വീകരിച്ച സമീപനരീതി ക്രിസ്തീയവും പൊതുജനസമക്ഷം കൈക്കൊണ്ട നിലപാടു ധീരവുമായിരുന്നു. അവയെല്ലാം വിവരിക്കുവാൻ ഗ്രന്ഥപരിമിതി അനുവദിക്കുന്നില്ല. എങ്കിലും, അവ അദ്ദേഹത്തിന്റെ സ്വഭാവം, സഖ്യത്തിന്റെ ലക്ഷ്യം, ചൈതന്യം എന്നിവയെ ദീപ്തങ്ങളാക്കുന്നതിനാൽ പരിഗണനാൎഹങ്ങളാണു്.

## സാമൂഹ്യസുസ്ഥിതി

ഫ്രഞ്ചുറിപ്പബ്ലിക്കിൻെറ സ്ഥാപനത്തിനുശേഷം കു റെ മാസങ്ങൾ കഴിഞ്ഞു "നവയുഗം" (The New Era) എന്നപേരിൽ ഒരു കത്തോലിക്കാപത്രം സമാരബ്ധമായി. ഈ ഉദ്യമത്തിൽ ഫ്റഡറിക്കിനും പങ്കുണ്ട്. 1848 ജൂ ലൈമാസത്തിൽ പാരീസിൽ തലപൊക്കിവന്ന വിപ്ലവ ങ്ങളുടെ ആദ്യഘട്ടത്തിൽ അന്നത്തെ ജീവൽപ്രശ്നങ്ങളെ ക്കുറിച്ച് ആ പത്രത്തിൽ അദ്ദേഹം അഞ്ചു ലേഖനങ്ങ ളെഴുതി. ആ ലേഖനപരമ്പരയിൽ അവസാനത്തേതു "സോഷ്യലിസം അതിൻെറ മുളയിൽ" എന്നതായിരു ന്നു. അതു തുടങ്ങുന്നതിങ്ങനെയാണ്: "ജൂൺമാസ ത്തിലെ പ്രക്ഷോഭണങ്ങൾക്കു കളമൊരുക്കുകയും ഭാവിയി ലേക്കു കരിനിഴൽ വീശുകയും ചെയ്ത ആ കാട്ടാളനിവേ ദനങ്ങളോടു സഹകരിക്കാതെതന്നെ തൊഴിലാളികൾക്കു വേണ്ടി വാദിക്കാം, അവശകോടികളെ ഉദ്ധരിക്കാം, അ ങ്ങനെ ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യുകയുമാവാം എ ന്നു തുറന്നുപറയേണ്ട സമയം സമാഗതമായിരിക്കുന്നു." സോഷ്യലിസത്തിൻെറ അബദ്ധസിദ്ധാന്തങ്ങൾ അദ്ദേ ഹം തൊലിയുരിഞ്ഞു കാണിച്ചു. അതു ശക്തിപരീക്ഷ ണത്തിനും കലാപങ്ങൾക്കും വഴിതെളിക്കുന്നുവെന്ന് അ ദ്ദേഹം സമർത്ഥിച്ചു. അതേസമയം സ്വകാര്യസ്വത്തുടമ യുടെ അവകാശം സംരക്ഷിക്കുന്നതിലും ശരിയായ തൊ ഴിൽസംഘടനകൾ സ്ഥാപിക്കുന്നതിലും തിരുസ്സഭയ്ക്കുള്ള ആദർശവും നേട്ടങ്ങളും ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹം എഴുതുന്നു: "ക്രിസ്തുമതം സോഷ്യലിസ്റ്റ് അബ

ങ്ങളേയും സ്വാതന്ത്ര്യതൽപരതയേയും ഒന്നുപോലെ അ വലപ്പിക്കുന്നു. സ്വാതന്ത്ര്യത്തിന്നു ഭംഗം വരുത്താത്ത സാഹോദര്യത്തിൻെറ ആദർശം മനസ്സിലാക്കുവാൻ അ തിന്നു മാത്രമേ കഴിയൂ. അങ്ങനെയുള്ള ക്രിസ്തുമതത്തിൻെറ ആദർശങ്ങളെ സമാദരിക്കുന്നതിൽനിന്നു നാം ഒരിക്കലും പിന്മാററുത്.”

ഈ ലേഖനപരമ്പരയിലെ ആദ്യത്തെ ലേഖനം വാസ്തവികവും പ്രൗഢവുമായ ഒരാഹ്വാനമായിരുന്നു. “നല്ല ആളുകളോട്” എന്നായിരുന്നു അതിൻെറ പേരു്. സാമുദായികഘടകങ്ങളെയെല്ലാം അഭിസംബോധനം ചെയ്തുകൊണ്ടു പാവങ്ങളുടെ അതികഠിനമായ നിസ്സഹായതയും തന്മൂലം ആവിർഭവിച്ചിട്ടുള്ള അതിദാരുണമായ അവസ്ഥയും അദ്ദേഹം സമ്യക്കായി ചിത്രിച്ചു. പാവങ്ങളെ സന്ദർശിച്ചുകൊണ്ടിരുന്നതിനാൽ അതിന്നു് അദ്ദേഹം കഴിവുള്ളവനായിരുന്നുതാനും. സാമൂഹികമായ സകല അസ്വസ്ഥതകൾക്കും ദാരിദ്ര്യത്തിന്നും അദ്ദേഹം പരിഹാരമാർഗ്ഗം നിർദ്ദേശിച്ചു: നിയമനിർമ്മാണം കൊണ്ടല്ല അവ പരിഹരിക്കേണ്ടതു്; പിന്നെയോ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെയാണു്: ക്രിസ്തീയവിദ്യാഭ്യാസംവഴി സാന്മാർഗ്ഗികസംസ്കാരം കൈവരുത്തുക; പരിശീലനക്ലാസ്സുകൾ, കലാപരവും വാണിജ്യപരവുമായ സമ്മേളനങ്ങൾ, മുതിർന്നവർക്കുള്ള നിശാപാഠശാലകൾ, പൊതുവായനശാലകൾ, പരസ്പരസഹായസംഘങ്ങൾ മുതലായവ സ്ഥാപിക്കുക; സർവ്വോപരി, സന്മനസ്സുള്ള എല്ലാവർക്കും സമുന്നതമായ സാമുദായികചിന്ത ഉണ്ടാക്കുക. ഈ സാമുദായികചിന്ത ഉണ്ടാകുമ്പോൾ സമീചീനമായ

ഒരു ജീവിതനിലവാരത്തിനായും തങ്ങളെക്കാഠ ദുർഭഗരായ സഹോദരന്മാർക്കു ജീവിതത്തിൽ മാന്യമായ നിലക്കെവരുത്തുവാനായും അവർ പ്രയത്നിക്കാതിരിക്കയില്ല.

അദ്ധ്യയനകാലംമുതൽതന്നെ സാമൂഹികപ്രശ്നങ്ങളിൽ ഫ്രഡറിക്ക് ഒസ്സാനാം ശ്രദ്ധ ചെലുത്തിയിരുന്നു. അദ്ദേഹത്തിൻെറ മനസ്സിലും ഹൃദയത്തിലും അവ ആഴമായി പതിഞ്ഞിരുന്നു. അവയ്ക്കു പരിഹാരം കണ്ടെത്തേണ്ടതു് ഉപവിയുടേയും നീതിയുടേയും സുസ്ഥിരമായ പ്രയോഗത്താലാണു്. മനുഷ്യനും മനുഷ്യനും തമ്മിൽ മാത്രമുള്ള നീതിയുടെ അനുഷ്ഠാനത്തിലല്ല, പിന്നെയോ സാമൂഹികനീതിയിൽ. അതായതു്, എല്ലാ വിഭാഗങ്ങളുടേയും അവകാശങ്ങളും സുസ്ഥിതിയും സമൂഹം പരിഗണിക്കുന്ന ആ നീതിയിൽ.

## സഖ്യത്തിൻെറ ലക്ഷ്യം

1836-ൽ ലയൺസിൽനിന്നു്, സെൻററ് വിൻസെൻററ് ഡി പോഠ സഖ്യത്തിൻെറ പ്രസിഡൻറുജനറലായിരുന്ന മിസ്റ്റർ ബെയിലിക്ക് ഒസ്സാനാം ഒരു കത്തെഴുതി. അതിൽ തൻെറ ആശയങ്ങഠ അദ്ദേഹം ഇപ്രകാരം പ്രകടിപ്പിച്ചിരിക്കുന്നു: "സാമൂഹികപ്രശ്നത്തിന്, ദാരിദ്ര്യവും ധനവും തമ്മിലുള്ള സംഘട്ടനത്തിന്, പിടിച്ചുപറിക്കുന്നതിനും പൂഴ്ത്തിവയ്ക്കുന്നതിനുമുള്ള സ്വാർത്ഥാഭിലാഷങ്ങളുടെ ഏററുമുട്ടലിനു രാഷ്ട്രീയപ്രശ്നം വഴിമാറിക്കൊടുക്കുന്നു. ഉപവി മാദ്ധ്യസ്ഥ്യം വഹിക്കുന്നില്ലെങ്കിൽ, സംഖ്യാബലമുള്ള പാവങ്ങളുടേയും ധനബലമുള്ള പണക്കാരുടേയും ഇടയിൽ സർവ്വശക്തമായ

സ്നേഹവുംകൊണ്ടു് ഉപവി കയറിപ്പറവന്നില്ലെങ്കിൽ, ഈ രണ്ടു സ്വാതന്ത്ര്യങ്ങൾ തമ്മിലുള്ള മൽപ്പിടുത്തം അതിദാരുണമായിരിക്കും. ഈ ജീവകാരുണ്യപരമായ ലക്ഷ്യങ്ങൾ മുൻനിറുത്തി നമ്മുടെ സഖ്യം സ്ഥാപിക്കുവാൻ ദൈവം അങ്ങേയ്ക്കു തോന്നിച്ചെങ്കിൽ, അതു് അങ്ങേയുടെ സംരക്ഷണത്തിൽ പുരോഗമിച്ചെങ്കിൽ, അതിൽ ഒട്ടും വിസ്മയിക്കാനില്ല."

സാക്ഷാൽ സ്ഥാപകൻ വിനയം നിമിത്തം കീർത്തിയെല്ലാം അന്യനു നല്കുന്നു! സഖ്യസ്ഥാപനത്തിലും വികസനത്തിലും ദൈവപരിപാലനാവൈഭവത്തെ അദ്ദേഹം സന്യായം ദർശിച്ചു. തന്നിമിത്തം, അന്ധകാരാവൃതമായ 1848-ാമാണ്ടിൽ അദ്ദേഹം ഇങ്ങനെ എഴുതി: "ഇന്നു ലോകത്തെ അലട്ടുന്ന പ്രശ്നം ഭരണരീതിയുടേതോ വ്യക്തികളുടേതോ അല്ല. അതു സാമൂഹികപ്രശ്നമാണു്; ഒട്ടും ഇല്ലാത്തവരും അധികം ഉള്ളവരും തമ്മിലുള്ള വിവാദമാണു്; സമൃദ്ധിയും ദാരിദ്ര്യവും തമ്മിലുള്ള അത്യുഗ്രമായ സംഘട്ടനമാണു്. നാം കാൽപ്പാദങ്ങളുറപ്പിച്ചിരിക്കുന്ന ഈ ഭൂമിയെപ്പോലും ഇളക്കുന്നതാണു് ഈ സംഘട്ടനം. ക്രിസ്ത്യാനികളായ നമ്മുടെ കടമ ഇതാണു്: ഈ രണ്ടു ചേരികൾക്കിടയിൽ ചാടിവീണു നീതികൊണ്ടുമാത്രം സാധ്യമാകാത്തതു് ഉപവിവഴി പ്രാവർത്തികമാക്കുവാൻ സഹായിക്കുക."

ഫ്രഡറിക്കിന്റെ ഈ വാക്കുകൾ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ വിപുലങ്ങളായ പ്രവർത്തനങ്ങളുടെ സ്വഭാവവിശേഷത്തെ പ്രസ്പഷ്ടമാക്കുന്നു. നൂറുകൊല്ലം മുമ്പു് ഫ്രാൻസിൽ ചെയ്യേണ്ടിയിരു

ന്ന പ്രവൃത്തനങ്ങളുടെ മാത്രമല്ല, നാം ജീവിക്കുന്ന നിണ്ണായകമായ ഈ കാലഘട്ടത്തിൽ ലോകം മുഴുവനിലും നിവർത്തിക്കപ്പെടേണ്ട പ്രവൃത്തനങ്ങളുടേയും സ്വഭാവത്തെ ആ വാക്കുകൾ വ്യക്തമായി കാണിക്കുന്നുണ്ട്. ഇനി ഈ സഖ്യത്തെ നമുക്കു കുറച്ചുകൂടി അടുത്തു പരിശോധിക്കാം. തിരഞ്ഞെടുക്കപ്പെട്ട ഉപകരണംവഴി ദൈവം നിശ്ചയിച്ചുകൊടുത്ത അതിൻെറ സുസ്ഥിരപ്രകൃതിയിൽ, സുസ്ഥിരമായ ആദ്യചൈതന്യത്തിൽ, വേണം സഖ്യത്തെ ഇനി നാം പരിശോധിക്കുവാൻ.

## വിൻസെൻഷ്യൻ ചൈതന്യം

സഖ്യത്തിൻെറ 1853-ലെ പൊതുസമ്മേളനം ജൂലൈ 19-ാം തീയതി പാരീസിൽവച്ചു നടത്തപ്പെട്ടു. ഇററലിയിലെ കോൺഫ്റൻസുകളെക്കുറിച്ചു ഫ്റഡറിക്കു തയ്യാറാക്കിയിരുന്ന റിപ്പോർട്ട് വൈസ്പ്രസിഡണ്ടുജനറൽ മിസ്റ്റർ കോർണ്യൂഡെറവ് ആ സമ്മേളനത്തിൽ പാരായണം ചെയ്തു. അതു് ഒസ്സാനാമിൻെറ അവസാനത്തേ റിപ്പോർട്ടും ലിഖിതവുമായിരുന്നു. പക്ഷേ, അതുണ്ടോ വല്ലവരും അറിഞ്ഞു! തൻെറ വിധിയാളനെ ഉടനേ കാണുവാനിരിക്കുന്ന ഒരാൾക്കനുയോജ്യമായിരുന്നു അതു്. സമാപനവാക്കുകൾ ഇവിടെ ഉദ്ധരിക്കാം:

“എൻെറ പ്രിയ സഹോദരന്മാരേ, നമ്മുടെ പുരോഗതിയിൽ അഹങ്കാരത്തിനു നാം പഴുതു കാണരുതു്. പ്രത്യുത, എളിമയുടെ ചൈതന്യത്തെ അഭിവൃദ്ധമാക്കാൻ നമുക്കു ശ്രമിക്കാം. പുല്ല് അതിവേഗം വളരുന്നു; എങ്കി

ലും, അതിൻെറ നിസ്സാരത നീങ്ങിപ്പോകുന്നില്ല. അതു വിസ്തൃതമായ ഭൂവിഭാഗത്തെ ആവരണം ചെയ്യുന്നു; എങ്കിലും, 'ഞാൻ ഒലിവുമരമാണ്'' എന്ന് അതൊട്ടു പറയുന്നുമില്ല. നമ്മളും, എണ്ണത്തിൽ കൂടിയാലും ബലഹീനന്മാരും നിസ്സാരന്മാരുമായിത്തന്നെയിരിക്കും. തണലും ഫലവും നല്കുന്ന വൻവൃക്ഷങ്ങൾക്കു സമാനം ദൈവം തിരുസ്സഭയിൽ സ്ഥാപനങ്ങൾ പണിതുയർത്തിയിട്ടുണ്ട്. അവയോടു നമ്മെ തുലനം ചെയ്യാമെന്നു നാം വ്യാമോഹിക്കുന്നില്ല."

"നമുക്ക് എളിമയുള്ള വരായിരിക്കാം. ഉന്നതങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുകയും കഠിനമായ ശിക്ഷണനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഒരു പുതിയ സമൂഹത്തെ ആരും മുൻവിധിയോടുകൂടിയേ വീക്ഷിക്കൂ. കുറെ ചെററപ്പുരകളിൽ അപ്പവും ആശ്വാസവും എത്തിച്ചുകൊടുക്കുക എന്നതിൽ കൂടുതലായി ഒന്നും ചെയ്യുവാനുദ്ദേശിച്ചിട്ടില്ലാത്ത അപ്രസിദ്ധരായ ഏതാനും മനുഷ്യർക്ക് അവർ എന്തു തിന്മയാണ് ആഗ്രഹിക്കുക? നമ്മുടെ ആദ്യപ്രയത്നങ്ങളിൽ നമുക്കുണ്ടായിരുന്ന പരമാർത്ഥത ദൈവം നിലനിറുത്തട്ടെ. ആ 'അടയാള'ത്താൽ വി. വിൻസെൻറ് ഡി പോൾ നമ്മെ തൻെറ വത്സല ശിഷ്യന്മാരായി അംഗീകരിക്കും."

വി. വിൻസെൻറിൻെറ ഈ ചൈതന്യം ആയിരുന്നു സഖ്യാരംഭംമുതൽ ഫ്റഡറിക്കിൻെറ ആദർശം. വാസ്തവത്തിൽ അതു സംഘടനയുടെ സ്വഭാവമായിത്തീർന്നു. ഒസ്സാനാം ലാല്ലിയെയ്ക്ക് എഴുതിയ മേലുദ്ധരിച്ച കത്തിൽ "നമ്മുടെ പരിശുദ്ധസമൂഹം" എന്ന പ്രയോഗം

അഹങ്കാരം കലർന്നതായി കാണിച്ചുകൊണ്ടു വി. വിൻസെൻറ് അതിനെ എതിർത്ത കാര്യം പറഞ്ഞിട്ടുണ്ടല്ലോ.

1842-ൽ പാരീസിൽവച്ചു നടന്ന ഒരു സമ്മേളനത്തിൽ ഈ ആശയംതന്നെ ഫ്റഡറിക്ക വെളിപ്പെടുത്തുന്നു: "സഹോദരന്മാരേ, ഒന്നു മാത്രമേ നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുകയും പ്രവർത്തനങ്ങളെ താറുമാറാക്കുകയും ചെയ്യുകയുള്ളൂ—പ്രാരംഭദിവസങ്ങളിലെ ചൈതന്യത്തിൽനിന്നുള്ള നമ്മുടെ വ്യതിയാനം. നമ്മുടെ മുമ്പിൽ കാഹളം മുഴക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ആ ഫരിസേയാത്രൂപി, നമ്മുടെ ചെറിയ സഖ്യത്തിനു പുറമേയുള്ള സകലതിൻെറയും യോഗ്യതയും വിലയും കുറയ്ക്കത്തക്കവിധം നമ്മോടും നമ്മുടെ പ്രവർത്തനങ്ങളോടും നമുക്കുണ്ടാകുന്ന സ്വാർത്ഥപരമായ പ്രതിപത്തി, നമ്മുടെ സഹോദരന്മാരെ മുഷിപ്പിക്കുകയും അകററുകയും ചെയ്യത്തക്കവിധത്തിലുള്ള ആവശ്യങ്ങളുടേയും സൽപ്രവൃത്തികളുടേയും ഏററെടുക്കൽ, അല്ലെങ്കിൽ, നമ്മുടെ പുരോഗതിയെ സ്തംഭിപ്പിക്കുന്ന അധികൃതവർഗ്ഗം—ഇവയെല്ലാം നമ്മെ തടസ്സപ്പെടുത്തും. നമ്മുടെ ആദ്യസമ്മേളനങ്ങളിൽ നടമാടിയിരുന്നതും, കാരണം അന്വേഷിക്കാതെ നിഗ്രഢതയെ സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിച്ചതും, ഒരുപക്ഷേ, നമ്മുടെ സൗഭാഗ്യപ്രദമായ അഭിവൃദ്ധിക്കുതന്നെ നിദാനമായി ഭവിച്ചതും ആയ ആ എളിമയും പരമാത്ഥതയും മറന്നുകളയുന്നെങ്കിൽ നാം തകന്നു തരിപ്പണമാകും. കാരണം, നിസ്സാരവും ഹീനവുമായവയെ, മുളയിലുള്ള മുഴത്തമരത്തെ, തൊട്ടിലിൽ കിടക്കുന്ന മനുഷ്യനെ, എളിമയിലും പരമാർത്ഥതയിലും അ

ധിഷ്ഠിതമായ സംഘങ്ങളെ അനുഗ്രഹിക്കുവാനാണു ദൈവത്തിനിഷ്ടം.

1835-ലെ വേനൽക്കാലത്തു സഖ്യത്തിൻെറ നിയമാവലി രൂപവൽകൃതമായി. പ്രസിഡൻറ് ജനറാൽ ആയിരുന്ന ബെയിലിയും സെക്രട്ടറിജനറൽ ആയിരുന്ന ലാല്ലിയെയുമാണ് അതിൻെറ നിർമ്മാതാക്കൾ. സഖ്യത്തിൻെറ ഒന്നാമത്തെ പൊതുസമ്മേളനം 1836 ഫെബ്രുവരിയിൽ നടന്നു. അന്ന് ആ നിയമാവലി സമർപ്പിച്ചുകൊണ്ടു ബെയിലി ശക്തിയുക്തം പ്രസ്താവിച്ചു, അതു കോൺഫ്റൻസുകളുടെ നിലവിലുള്ള അഭ്യാസങ്ങളിൽ അധിഷ്ഠിതമാണെന്ന്; പുനർവിഭജനത്തിനുമുമ്പ് ആദ്യകോൺഫ്റൻസിലുണ്ടായിരുന്ന അംഗങ്ങളുടെ സമ്മതം അതിനു ലഭിച്ചിട്ടുണ്ടെന്ന്. 1835-ലെ വർഷകാലത്ത് ഡോക്ടർബിരുദത്തിനുള്ള പ്രബന്ധം പൂർത്തിയാക്കുവാൻ ഫ്റഡറിക്കു പാരീസിൽ തിരിച്ചെത്തിയിട്ടുണ്ടായിരുന്നു. നിയമാവലി പൂർത്തിയാക്കിയവരിൽ ഒരാളും തൻെറ ആത്മസുഹൃത്തുമായ ലാല്ലിയെയോടൊന്നിച്ചാണ് അപ്പോൾ അദ്ദേഹം വസിച്ചതു്. ലാല്ലിയെയ്ക്കു സ്വതേ ഗൗരവം കൂടുതലും ഭാവന കുറവുമായിരുന്നു. അതുകൊണ്ട്, നിയമാവലിയിലെ വികാരോജ്ജ്വലമായ അന്ത്യഭാഗം ഫ്റഡറിക്കിൻേറതാണെന്നു പറഞ്ഞാൽ തെററുണ്ടായിരിക്കയില്ല. ആ ഭാഗം ഇങ്ങനെയാണ്: "ഒരുമിച്ചോ തനിച്ചോ, അടുത്തോ അകന്നോ ആയിരുന്നുകൊള്ളട്ടെ, നമുക്ക് അന്യോന്യം സ്നേഹിക്കാം; പാവങ്ങളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യാം; നമ്മെ പരസ്പരം പരിചയപ്പെടുത്തിയ ഈ ചെറുസഖ്യത്തെ

നമുക്കു സ്നേഹിക്കാം. അതു നമ്മെ കൂടുതൽ ക്രിസ്തീയവും കൂടുതൽ പരസ്നേഹപരവുമായ ജീവിതത്തിന്റെ വഴിത്താരയിലാക്കിയിരിക്കുന്നു. ഒരു പുണ്യവൈദികൻ പറയുന്നു, തിന്മ ധാരാളം ചെയ്യപ്പെടുന്നുണ്ടെന്ന്. നമുക്കെങ്കിലും അല്പം നന്മ ചെയ്യാം. യൗവനത്തിലെ വത്സരങ്ങൾ നാം വൃഥാ നഷ്ടപ്പെടുത്തിയില്ല എന്നതു നമുക്കു എത്ര സന്തോഷാവഹമായിരിക്കും!"

## വിശുദ്ധിയുടെ വിദ്യാലയം

സഖ്യം അതിന്റെ അംഗങ്ങൾക്കു് എന്തായിരിക്കണം എന്നതിൽ ഈ വാക്കുകൾ പ്രകാശിപ്പിക്കുന്ന നിഷ്കൃഷ്ട ഒന്നു സൂക്ഷ്മാവലോകനം ചെയ്യുക. നിയമാവലിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതുപോലെ അംഗങ്ങളുടെ ആദ്ധ്യാത്മികോന്നമനമായിരുന്നു സഖ്യത്തിന്റെ പ്രധാന ലക്ഷ്യം; അല്ലാതെ, പാവങ്ങളെ സേവിക്കുക എന്നതായിരുന്നില്ല. അതു ലക്ഷ്യപ്രാപ്തിക്കുള്ള ഒരു മാർഗ്ഗം മാത്രമേ ആയിരുന്നുള്ളു. ആ മാർഗ്ഗംതന്നെ ദേശകാലങ്ങൾക്കനുയോജ്യമായി പല രൂപങ്ങൾ കൈക്കൊണ്ടിരുന്നെങ്കിലും അപ്പോഴും അതു വെറും ഒരു മാർഗ്ഗം മാത്രമായിരുന്നു. 1853-ൽ നവജാതമായ ഒരു ഫ്ലോറൻസ് കോൺഫ്റൻസിലെ അംഗങ്ങളെ അഭിസംബോധനം ചെയ്തുകൊണ്ടു ഫ്റഡറിക്ക് ഒസ്സാനാം പറയുന്നു: "നമ്മുടെ പ്രധാന ലക്ഷ്യം പാവങ്ങളെ സഹായിക്കുകയെന്നതായിരുന്നില്ല. അതു നാം സ്വീകരിച്ച ഒരു മാർഗ്ഗം മാത്രം. കത്തോലിക്കാവിശ്വാസത്തിൽ നമ്മെത്തന്നെ സുസ്ഥിരരാക്കുകയും പരസ്നേഹംവഴി ആ വിശ്വാസത്തെ

മററുള്ളവരുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. ദൈവത്തെ അത്യധികം പ്രസാദിപ്പിച്ച ഒന്നല്ലാതെ മറെറന്താണു നാം ചെയ്യേണ്ടിയിരുന്നത്, യഥാർത്ഥകത്തോലിക്കരായിരിക്കുവാൻ? ഈശോമിശിഹാ ചെയ്തതുപോലെ നമുക്കും അയൽക്കാരെ സഹായിക്കാം. ഉപവിയുടെ പരിരക്ഷണത്തിൽ നമുക്കു വിശ്വാസത്തെ സൂക്ഷിക്കുകയും ചെയ്യാം."

വിശ്വാസവും ഉപവിയും ഫ്റഡറിക്കിൻെറ ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. അത് ഇപ്പുസ്തകത്തിൽത്തന്നെ പലയിടത്തും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ വിശ്വാസം പരസ്നേഹം വഴി, പാവങ്ങളുടെ സേവനത്തിൽ പ്രകടിതമായി. അതോടൊപ്പം പരസ്നേഹം അദ്ദേഹത്തിൻെറ വിശ്വാസത്തെ സുശക്തവും സുദൃഢവുമാക്കുകയും ചെയ്തു. പാവങ്ങളെ സന്ദർശിക്കുന്നതിൽനിന്നു തനിക്കു ലഭിച്ചിരുന്ന ആധ്യാത്മികനന്മകളെക്കുറിച്ചു ഫ്റാൻസിലേ സഹോദരന്മാരോട് അദ്ദേഹം പറയുന്നു: "എന്തെങ്കിലും ആന്തരികദുഃഖംമൂലം ഞാൻ വിവശനാകുമ്പോഴും, അനാരോഗ്യത്തെക്കുറിച്ചുള്ള ചിന്ത എന്നെ അലട്ടുമ്പോഴും, എൻെറ സംരക്ഷണത്തിനേല്പിക്കപ്പെട്ടിരിക്കുന്ന സാധുജനങ്ങളുടെ കുടിലുകളിൽ ഞാൻ കയറിച്ചെല്ലും. എന്നെക്കാൾ വളരെയധികം ആവലാതികളുള്ള ആ സാധുക്കളോട് അവിടെ അഭിമുഖമായി നില്ക്കുമ്പോൾ സങ്കടങ്ങൾ സഹിക്കുവാൻ ഞാൻ കൂടുതൽ ശക്തനായിത്തീർന്നിരുന്നു. അവരുടെ ദുരിതങ്ങളെക്കുറിച്ചുള്ള ചിന്ത എന്നെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെ

യ്യിരുന്നു. അതുകൊണ്ട്, ഞാൻ അവരോടു കൃതജ്ഞതയുള്ളവനാണ്. അതിൽപ്പിന്നെ അവരെ കൂടുതലായി സ്നേഹിക്കാതിരിക്കുവാൻ എങ്ങനെയാണ് എനിക്കു സാധിക്കുക?”

തൻെറ സംരക്ഷണത്തിനേല്പിക്കപ്പെട്ടിരുന്ന അവശജനങ്ങളിൽ ഒസ്സാനാം കാണുവാനഭിലഷിച്ച ആപുണ്യങ്ങൾ അദ്ദേഹംതന്നെ അഭ്യസിക്കുവാൻ, അഥവാ, കൂടുതൽ നന്നായി അഭ്യസിക്കുവാൻ അവർ അദ്ദേഹത്തിനു പ്രചോദനം നല്കി. തങ്ങളുടെ പീഡകളിൽ അവർ പ്രദർശിപ്പിച്ച അകൃത്രിമമായ ക്ഷമ അദ്ദേഹത്തെ ലജ്ജിപ്പിച്ചു. തന്മൂലം, സ്വന്തം പ്രയാസങ്ങളെ കൂടുതൽ സന്നദ്ധതയോടെ സ്വീകരിക്കുവാൻ ഒസ്സാനാമിനു സാധിച്ചു. സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം യഥാർത്ഥപരിശുദ്ധിയുടേയും തികഞ്ഞ ക്രിസ്തീയജീവിതത്തിൻെറയും സൗഭാഗ്യപ്രദമായ ഒരു പഠനക്കളരിയും കൊയ്ത്തുപാടവുമായിരുന്നു. ഇന്നും തീക്ഷ്ണമതിയായ ഒരു സഹോദരനു സഖ്യം അതുതന്നെയാണ്.

പാവങ്ങളിൽ ക്രിസ്തുവിനെ സേവിക്കുക എന്ന സഖ്യാദർശം എത്രത്തോളം പാലിക്കപ്പെടണം? “രക്തസാക്ഷിത്വംവരേയും”എന്നാണ് ഇരുപത്തിമൂന്നുകാരനായ ആ യുവാവ്—ഫ്റഡറിക്ക്—പ്രസ്താവിച്ചതു്. അദ്ദേഹത്തിൻെറ ജീവിതം മുഴുവനും ആ ചോദ്യത്തിനുള്ള ഉത്തരമാണ്. സഹായിക്കാൻ കഴിവുള്ളപ്പോൾ, സഹായം ആവശ്യമായിരിക്കുന്ന ഒരാളേയും അവഗണിച്ചു കടന്നുപോകാത്ത ഒരു നല്ല സമറായനേപ്പോലെ അദ്ദേഹം ത

ന്നെമുഴവനും, തൻെറ കഴിവിൻെറ അങ്ങേ അററംവരെ, നിരന്തരം വ്യയം ചെയ്തു. അന്ത്യശ്വാസംവരേയും അദ്ദേഹം ശ്രമിച്ചിരുന്നു, കൂടുതൽകൂടുതൽ നല്ലസമറായരെ വാർത്തെടുക്കുവാൻ. ക്രിസ്തുവിൻെറ പാവപ്പെട്ടവരോട് അവക്കുണ്ടായിരുന്ന അക്ഷീണമായ ഭക്തി രക്തസാക്ഷിത്വം വരേയും ചെന്നെത്തുന്നതായിരുന്നു.

## ഡബ്ളിനിലേ രക്തസാക്ഷി

ഡബ്ളിനിലേ ഒരു സക്കാരുദ്യോഗസ്ഥനായിരുന്നു ജോൺ മാക്ഗ്വിന്നെസ്. സാധുക്കൾക്കുവേണ്ടി സ്വന്തം സുഖസൗകര്യങ്ങളും ആരോഗ്യവും ജീവിതംതന്നേയും അദ്ദേഹം ഹോമിച്ചു. ഒരാണ്ടിൽ 1000 പവനായിരുന്നു അദ്ദേഹത്തിൻെറ ശമ്പളം. അഗതികളെപ്രതി അദ്ദേഹം ചെലവു ചുരുക്കിത്തുടങ്ങി. തൽഫലമായി, 1947 ഫെബ്രുവരിയിൽ 46-ാമത്തേ വയസ്സിൽ ഭക്ഷണക്കുറവുമൂലം അദ്ദേഹം ചരമമടഞ്ഞു. 23 കൊല്ലത്തേ അദ്ദേഹത്തിൻെറ ജീവിതം എങ്ങനെയായിരുന്നെന്നോ? ഫ്റഡറിക്കിൻെറ വാക്കുകളിൽത്തന്നെ പറയാം: "രാവും പകലും ബലിപീഠത്തെ സുഗന്ധപൂരിതമാക്കുന്ന, സാവധാനം കത്തിയെരിയുന്ന ഒരു ബലിവസ്തുആയിരുന്നു അദ്ദേഹം."

1923-ൽ ഡബ്ളിനിൽ സഖ്യാംഗങ്ങൾക്ക് ഒരാഴ്ചത്തേ ധ്യാനമുണ്ടായിരുന്നു. ഒരാളുടെ സ്ഥാനം ഒഴിവുവന്നു. അതു നികത്താൻ ജോണിനോട് ഒരു സഹോദരൻ ആവശ്യപ്പെട്ടു. താൽപര്യമില്ലായിരുന്നെങ്കിലും ആ ക്ഷണം അദ്ദേഹം സ്വീകരിച്ചു. അപ്പോൾമുതൽ തൻെറ

ജീവിതനവീകരണവും അദ്ദേഹം സമാരംഭിച്ചു. സഖ്യത്തിൽ ചേർന്നുകഴിഞ്ഞതോടേ, വിശുദ്ധിയുടെ കൊടുമുടിയിലേക്ക് ഉയരത്തക്കവിധം അദ്ദേഹം സാധുജനസേവനവും തുടങ്ങി. അദ്ദേഹത്തിൻെറ ജീവൻ ഹോമിക്കപ്പെട്ടു; ശരിതന്നെ. പക്ഷേ, എത്രപേരുടെ ആത്മരക്ഷ അദ്ദേഹത്തിൻെറ പരസ്നേഹപ്രവത്തനങ്ങളിൽനിന്നുണ്ടായി എന്ന് ആർക്കറിയാം? അദ്ദേഹത്തിനു ലഭിച്ച ദൈവവിളി അനിതരസാധാരണമായിരുന്നു. കുടുംബപ്രാരബ്ദങ്ങൾ ഒന്നുമില്ലാത്ത അദ്ദേഹത്തെപ്പോലുള്ള ഏകാകിക്കുമാത്രം അനുധാവനം ചെയ്യാൻ സാധിക്കുന്ന ഒരു വിളിയായിരുന്നു അതു്. സെൻറ് വിൻസെൻറ് ഡിപോൾ സഖ്യാംഗങ്ങൾക്കു പ്രാപ്യമായ വിശുദ്ധിയുടെ ഉന്നതതലങ്ങളെ അദ്ദേഹത്തിൻെറ ജീവിതം വിളിച്ചറിയിക്കുന്നു. അതു്, സഖ്യത്തിൻെറ പ്രവത്തനങ്ങളിൽനിന്നു കൈവരുത്താവുന്ന നിർണ്ണയാതീതമായ ആത്മീയനന്മ സഖ്യാംഗങ്ങൾക്കു കാണിച്ചുകൊടുക്കുന്നു. ദൈവികപരിപാലനയാൽ അജ്ഞാതനാമാവായ ഒരു സഹോദരൻെറ തീക്ഷ്ണതയാണു്, ജോണിനെ ആ ധ്യാനംവഴി അദ്ദേഹത്തിൻെറ ജീവിതമാർഗ്ഗത്തിലേക്കു നയിച്ചതു്.

ജോൺ മാക്ഗ്വിന്നെസിൻെറ ആരോഗ്യം അതിവേഗം അധഃപതിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ ഒരു സ്നേഹിതൻ അദ്ദേഹത്തെ ഉപദേശിച്ചു, കുറച്ചുനാളത്തേക്കെങ്കിലും തീക്ഷ്ണത അല്പം കുറയ്ക്കണമെന്ന്. "ദൈവത്തെപ്രതി വേണ്ടിടത്തോളം ചെയ്യുവാൻ എനിക്കു സാധിച്ചിട്ടില്ല്" എന്നായിരുന്നു ജോണിൻെറ മറുപടി. ഒരു പുതിയ അംഗമായ അദ്ദേഹം അധികമൊ

ന്നം ചിന്തിച്ചു കാണുകയില്ല, തനിക്കുവേണ്ടിയും സഖ്യാംഗമെന്ന നിലയിൽ താൻ വഴിയും ദൈവം ചെയ്യുന്നവ എന്തുമാത്രമായിരിക്കുമെന്ന്. ഓരോ സഹോദരൻവഴിയും ഓരോ സഹോദരനുവേണ്ടിയും മഹാകാര്യങ്ങൾ നിർവ്വഹിക്കുവാൻ ദൈവം തിരുമനസ്സാകുന്നു.

സഖ്യത്തിൻെറ ആരംഭകാലത്തു ഫ്റഡറിക്കിനോടും സ്നേഹിതന്മാരോടും ചോദിക്കപ്പെട്ടിരുന്ന ഒരു ചോദ്യമുണ്ട്—ആക്ഷേപനിർഭരമായ ഒരു ചോദ്യം: "ഒരു ഗ്ലാസ് പച്ചവെള്ളത്തിൻെറ പരസ്നേഹം നിങ്ങൾ എത്ര നാളത്തേക്കു പരിശീലിക്കും? ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നല്കാൻ അറിയാവുന്നവരെങ്കിലും ദുരിതങ്ങൾ നിശ്ശേഷം നിവാരണം ചെയ്യുവാനറിവില്ലാത്ത കുറെ ആളുകളുടെ സംഘംവഴി നിങ്ങൾക്ക് എന്താണു ചെയ്യുവാൻ സാധിക്കുക? തിന്മമുഴുവൻ വേരോടെ പിഴുതു മാററുവാൻ പരിശ്രമിക്കുന്ന വലിയ സംഘടനകളിൽ ചേരുകയാണ് ഉത്തമമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?" 1848–ൽ ഫ്രഡറിക്ക് ഇങ്ങനെ എഴുതി: "ആ ചോദ്യം നവീനമൊന്നുമല്ല. പതിനഞ്ചുകൊല്ലം മുമ്പേ 'സെൻറ് സിമോണിസ'ത്തിൻെറ ദൂതന്മാർ നമ്മെപ്പററി ചോദിച്ചിട്ടുള്ളതാണത്. നാം നമ്മുടെ സഖ്യത്തെയോ അതിൻെറ പ്രവൎത്തനത്തെയോ പ്രശംസിക്കുകയെന്നോ? സ്വൎഗ്ഗം അതു തടയട്ടെ! ഈ ആളുകളുടെ സഹായത്തോടെ നാം ചെയ്യേണ്ടതായിരുന്നവയെ നാം നല്കിയിട്ടുള്ള സഹായം, സംരക്ഷിച്ചിട്ടുള്ള കുട്ടികളുടെ സംഖ്യ, തടഞ്ഞിട്ടുള്ള അക്രമങ്ങൾ, ശാന്തതപ്പെടുത്തിയ കോപാവേശങ്ങൾ മുതലായവയുമായി ഒന്നൊത്തുനോക്കുക. അപ്പോൾ

നാം ചെയ്യുവാൻ ദൈവംതന്നെ നമ്മെ പ്രേരിപ്പിച്ച ആ സംഗതികളെക്കുറിച്ചു നാം ഒരിക്കലും മനസ്തപിക്കയില്ല."

പാരീസിൽ കലാപങ്ങൾ ഉണ്ടായ കാലത്തു ദുരിതനിവാരണാൎത്ഥം വളരെ കുറച്ചേ സഖ്യാംഗങ്ങളായ സഹോദരന്മാർക്കു ചെയ്യുവാൻ സാധിച്ചിരുന്നുള്ളൂ. തങ്ങളുടെ സഹായം അല്പമാണെങ്കിലും അതുമൂലം കൈവരുന്ന ആദ്ധ്യാത്മികനന്മകളുടെ വിപുലതയെ സ്മരിച്ചുകൊണ്ടു് അതു നല്കുവാൻ അവരെ ഫ്റഡറിക്ക് ഒസ്സാനാം ഉത്തേജിപ്പിച്ചു: "നിങ്ങളുടെ സഹായം എത്ര നിസ്സാരമെങ്കിലും ആയിരുന്നുകൊള്ളട്ടെ. ആ ദുർഭഗരായ അഗതികളുടെ പക്കൽ നിങ്ങൾ അതു കൊണ്ടുചെല്ലണം. വിധവയുടെ കൊച്ചുകാശേ നമ്മുടെ പക്കൽ ഉള്ളൂ; എന്നാൽ, ഒരു സ്നേഹിതൻെറ കരങ്ങൾ സ്പർശിക്കുക, ക്രിസ്തീയചൈതന്യത്തെപ്പററി ശ്രവിക്കുക, രക്ഷകൻെറ മുൾക്കിരീടംപോലെ തങ്ങളുടെ ദാരിദ്ര്യത്തെ സ്നേഹിക്കുവാൻ പഠിക്കുക—ഇവ അവർക്ക് എന്തു് ആശ്വാസദായകമായിരിക്കും!"

സുവിശേഷത്തിലെ കടുകുമണിയെപ്പോലെ തിരുസ്സഭയിൽ ഇതാ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം വളർന്നു വലിയ വൃക്ഷമായിത്തീർന്നിരിക്കുന്നു. അതിലെന്താണു് ആശ്ചര്യപ്പെടുവാനുള്ളതു്? സഖ്യത്തിൻെറ ചൈതന്യം വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും ചൈതന്യമല്ലേ? രക്തസാക്ഷിത്വത്തിനുള്ള ആന്തരികാഭിലാഷമല്ലേ? കോൺഫ്രൻസുകളേയും അവയിലെ സഹോദരന്മാരേയും ലോകമാസകലമുള്ള അവയുടെ സൽപ്രവൎത്തനങ്ങളേയും വീക്ഷിച്ചുകൊണ്ടു വി. പത്താം പീയൂസ് മാർപ്പാപ്പാ താഴെ വരുന്ന വാക്കുകൾ അരുളിച്ചെയ്യുന്നെങ്കിൽ എന്തിനു് നാം വിസ്മയഭരിതരാക

ണം? "തൻെറ അനുയായികളായ മിഷൻസംഘങ്ങളിലും ഉപവിയുടെ അതുല്യരായ സഹോദരിമാരിലും ജീവിക്കുന്ന വി. വിൻസെൻറ് ഡി പോാം, തൻെറ ഉപവിയും പ്രേഷിതചൈതന്യവും തങ്ങളുടേയും അവകാശമായിക്കരുതി അവയെ പ്രവൃത്തിയിൽ വരുത്തുന്ന സഖ്യാംഗങ്ങളിലും ഇക്കാലത്തു ജീവിക്കുന്നു. അവർ ഒരു പുതിയ തലമുറയാണ്. അപ്രതീക്ഷിതവും അസംഖ്യവുമായ സന്താനപരമ്പര! 1833-ൽ ഒസ്സാനാം പാകിയ കടുകുമണി ഇന്നൊരു വൻവൃക്ഷമായിത്തീർന്നിരിക്കുന്നു."

ഈ വാക്കുകളാൽ ക്രിസ്തുവിൻെറ വികാരി ഓരോ സഹോദരനേയും ആഹ്വാനം ചെയ്യുന്നു, തൻെറ സഖ്യത്തെപ്പററി കൂടുതൽ അറിവും സ്നേഹവും സമ്പാദിക്കുവാൻ. സഹവാസികൾ ആരുതന്നേയും—കുടുംബാംഗങ്ങളോ കൂട്ടുതൊഴിലാളികളോ കളിത്തോഴരോ സ്വന്തം സൂക്ഷത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്ന പാവങ്ങളോ—ആയിക്കൊള്ളട്ടെ, അവരോടുള്ള സമ്പർക്കത്തിൽ അയാൾ സഖ്യചൈതന്യത്തിൻെറ മൂർത്തീഭാവമായിരിക്കണം, സഖ്യത്തിലേക്കു പുതിയ അംഗങ്ങളേയും ക്രിസ്തുവിങ്കലേക്ക് എല്ലാ ആത്മാക്കളേയും ആകർഷിക്കുന്ന കാന്തസൂചിയായിരിക്കണം അയാൾ. ദിഗന്തങ്ങളിലേക്കു, സഖ്യം സംവഹിക്കണമെന്നു വി. പത്താംപീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്ത ആ ചൈതന്യത്തെ അയാൾ, തന്നോടുസംബന്ധിച്ചവരുടെ പക്കലേക്കു പ്രത്യേകമാംവിധം സംവഹിക്കും. ആ ചൈതന്യം ഒസ്സാനാമിൻെറ ചൈതന്യം തന്നെയാണ്. ഇതോ നമ്മുടെ രക്ഷകനോട് ഏകീഭവിച്ച മഹാപരസ്നേഹപ്രേഷിതനായ വി. വിൻസെൻറ് ഡി പോളിൻെറ ചൈതന്യംതന്നെ.

# V

# പിതൃത്വത്തെസ്സംബന്ധിച്ച ചില യാഥാൎത്ഥ്യങ്ങൾ

നാലുവൎഷത്തേ സൗഭാഗ്യപ്രദമായ ദാമ്പത്യജീവിതത്തിനുശേഷം ഫ്റഡറിക്കിന്റെ ഏകസന്താനമായ ആ പെൺകുഞ്ഞു് ജാതയായി. എന്തൊക്കെയായിരുന്നിരിക്കണം അപ്പോൾ അദ്ദേഹത്തിലുൽഭൂതമായ വികാരങ്ങൾ? ഒരു സുഹൃത്തിനുള്ള കത്തിൽ അദ്ദേഹം അവ ആലേഖനം ചെയ്തിട്ടുണ്ടു്. ഒസ്സാനാമിന്റെ ആത്മാവിൽക്കൂടി കടന്നുപോയ ക്രൈസ്തവപിതൃത്വത്തിന്റെ അതിരററ ആനന്ദവായ്പിനെ അവ പ്രകടമാക്കുന്നു.

അദ്ദേഹം എഴുതി: "എനിക്കു് ഒരനുഗ്രഹംകൂടി ലഭിച്ചിരിക്കുന്നു. ഒരു പക്ഷേ ലോകത്തിൽ നമുക്കു ലഭ്യമാ

യവയിൽ ഏററം വലുതായിരിക്കാം അതു്. ഞാനൊരു പിതാവാണു്. എൻെറ കുഞ്ഞിൻെറ രോദനം ആദ്യമായി ഞാൻ ശ്രവിച്ച ആ നിമിഷം, ദൈവം എൻെറ കരങ്ങളിൽ നിക്ഷേപിച്ച, എന്നെ ഭരമേല്പിച്ച, ചെറുതെങ്കിലും അമർത്ത്യമായ ആ കൊച്ചുസൃഷ്ടിയെ ഞാൻ ആദ്യമായി ദർശിച്ച ആ നിമിഷം എത്ര ശ്രേഷ്ഠം! അവൾ എനിക്കെന്തൊനന്ദം നല്കുന്നു! അവൾ എന്നിൽ ആരോപിക്കുന്ന ഉത്തരവാദിത്വം എത്ര വലുതു്! കോമളമായ ആ പിഞ്ചുമുഖം പവിത്രവും പരിശുദ്ധവുമാണു്. നമ്മിലെന്നതിനെക്കാൾ സ്പഷ്ടമായി അവളിൽ പ്രതിബിംബിക്കുന്ന സ്രഷ്ടാവിൻെറ രൂപം ദർശിക്കാതെ ആ മുഖം കാണുക എനിക്കു സാദ്ധ്യമല്ല. അനശ്വരമായ ആ ആത്മാവിനെക്കുറിച്ചു ഞാൻ കണക്കു ബോധിപ്പിക്കേണ്ടിവരും. ആ ആത്മാവിനെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ എൻെറ ഉത്തരവാദിത്വത്തെപ്പററി കൂടുതൽ സൂക്ഷ്മമായ ബോധം എനിക്കുണ്ടാകുന്നു. പരിശീലിക്കാതെ ഞാൻ എങ്ങനെ പഠിപ്പിക്കും? സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ എന്നെ പ്രവേശിപ്പിക്കുകയും പഠിപ്പിക്കുകയും തിരുത്തുകയും ചെയ്യുന്നതിനു് ഇതിനെക്കാൾ മധുരമായ മാർഗ്ഗം തിരഞ്ഞെടുത്തു തരുവാൻ ദൈവത്തിനു കഴിയുമോ?"

അദ്ദേഹം തുടരുന്നു: "അവളുടെ ജ്ഞാനസ്നാനദിവസത്തെ ഞാൻ അക്ഷമയോടെ കാത്തിരുന്നു. അവൾക്കു മേരി എന്നു ഞങ്ങൾ പേരിട്ടു—കന്യാംബികയുടേയും എൻെറ അമ്മയുടേയും പേരുതന്നെ.. അവളുടെ സൗഭാഗ്യപൂർണ്ണമായ ജനനത്തിനു ദിവ്യാംബികയോടു

ഞങ്ങൾ അതീവകൃതജ്ഞരായിരിക്കുന്നു. ഞങ്ങളെ പലതും പഠിപ്പിച്ചു നന്നാക്കുന്നതിനുവേണ്ടിയാണു് ഈ ശിശുവിനെ ദൈവം നല്കിയിരിക്കുന്നതു് എന്നു് എനിക്കു തോന്നുന്നു. ആകയാൽ, ഞങ്ങളെ പഠിപ്പിക്കുവാൻ അവൾ ആരംഭിക്കുമ്പോൾത്തന്നെ അവളെ പഠിപ്പിക്കാൻ ഞങ്ങളും തുടങ്ങും!"

വിശ്വാസചൈതന്യം തികഞ്ഞ, ദൈവദത്തമായ പിതൃത്വത്തിൻെറ അത്ഥം പൂണ്ണമായി ഗ്രഹിച്ച, ഒരുവൻെറ വാക്കുകളാണിവ. ആ കൊച്ചുമകളുടെ ജഡത്തിൻെറ പിതാവായ താൻ അവളുടെ അരൂപിയുടേയും അതിസ്വാഭാവികജീവൻേറയും പിതാവുംകൂടി ആയിരിക്കണമെന്നു ഫ്രഡറിക്ക മനസ്സിലാക്കി; അതു മാത്രമാണു നിത്യസൗഭാഗ്യം പ്രാപിക്കുവാൻ അവളെ പ്രാപ്തയാക്കുന്നതെന്നും.

ദൈവത്തിൻെറ പരിപാലനയനുസരിച്ചു് എല്ലാ മനുഷ്യരും ഏതെങ്കിലും തരത്തിൽ പിതൃത്വത്തിൽ ഭാഗഭാക്കുകളാകണം. ഫ്രഡറിക്ക് ഒസ്സാനാമിനു രണ്ടുതരത്തിലുള്ള പിതൃത്വമാണു് ഉണ്ടായിരുന്നതു്: ഒന്നു്, സ്വന്തം കുടുംബത്തിലേതു്; മറേറതു സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിലേതു്. ഈ പിതൃത്വങ്ങൾ രണ്ടും ഫ്രഡറിക്ക് എങ്ങനെ പാലിച്ചുവെന്നും, സഖ്യാംഗമെന്ന നിലയിൽ ഒരുവനു സംസിദ്ധമാകുന്ന ക്രിസ്തുവിലുള്ള പിതൃത്വവും നിരന്തരമായ സന്തോഷവും എന്തിലടങ്ങിയിരിക്കുന്നുവെന്നും നമുക്കു് ഇതിനുപരി ആരായാം.

## ദ്വിവിധപിതൃത്വം

പിതൃത്വം രണ്ടുതരമുണ്ട്: ഒന്ന് സ്വാഭാവികജീവന്റെ പിതൃത്വം, അഥവാ, ശാരീരികപിതൃത്വം. ദൈവത്തിന്റെ ഒരു കരുവായിത്തീർന്നുകൊണ്ട് വേറൊരുവനു ജന്മം കൊടുക്കുവാൻ അതു മനുഷ്യനു ശക്തി നല്കുന്നു. മറേറതു് അതിസ്വാഭാവികജീവന്റെ പിതൃത്വം, ആത്മീയപിതൃത്വം, ക്രിസ്തുമൂലമുള്ള പിതൃത്വം. അതുവഴി ദൈവത്തിന്റെ ഒരുപകരണമായി വത്തിച്ചുകൊണ്ട് ഒരു ക്രൈസ്തവനു ജന്മം കൊടുക്കുവാൻ, ഒരാത്മാവിനു ക്രിസ്തുജീവൻ നല്കുവാൻ, അഥവാ, അതിനെ പരിപുഷ്ടമാക്കി പരിപാലിച്ചു മഹനീയമായ പൂർണ്ണതയിലേക്കു നയിക്കുവാൻ മനുഷ്യനു സാധിക്കുന്നു.

ദൈവത്തിന്റെ പിതൃത്വത്തിൽ ഏററം വലിയ ഓഹരിക്കാരനാണു വൈദികൻ. അദ്ദേഹം പാലിക്കുന്നതു കലർപ്പില്ലാത്ത ആത്മീയപിതൃത്വമാണ്. വൈദികൻ പിതാവാണ്; സ്വന്തം ഇഷ്ടത്താലല്ല, ദൈവത്തിന്റെ സുവ്യക്തമായ തിരഞ്ഞെടുപ്പാൽ. വൈദികന്റെ സവ്വശക്തികളും ആവശ്യപ്പെടുന്ന സമുന്നതമായ ഒരു ചുമതലയുണ്ട്—അതിസ്വാഭാവികജീവിതത്തിൽ ആത്മാക്കളെ പാലിക്കുക, മാമ്മോദീസാവഴി അതിസ്വാഭാവികജീവൻ അവർക്കു നല്കുക, ആവശ്യമെങ്കിൽ അതിനെ വീണ്ടെടുക്കുക, അതിനെ സംരക്ഷിക്കുകയും ആരുമേനിയാകുന്നതുവരെ, "മിശിഹായുടെ പൂർണ്ണതയുടെ ഉയരത്തിന്റെ അളവനുസരിച്ചു പരിപൂർണ്ണമനുഷ്യനാകുന്നതുവരെ" (എഫേ. 4: 13) വളർത്തുകയും ചെയ്യുക.

വൈദികന്റെ ഈ ആത്മീയ പിതൃത്വത്തിൽ പ

ങ്കു വഹിക്കുവാൻ വിവാഹിതരും അവിവാഹിതരും ആയ എല്ലാവരും ഒരു വിധത്തിൽ വിളിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണു ദൈവം നമുക്കെല്ലാവർക്കും പൈതൃകമായ ശരീരത്തിനുപുറമേ പൈതൃകമായ ഹൃദയവും നല്കിയിരിക്കുന്നതു്. അവിടുത്തെ സന്താനങ്ങളുടെ ശാരീരികമായ ആവശ്യങ്ങളും അതിലുപരി ആത്മീയമായ ആവശ്യങ്ങളും സാധിച്ചുകൊടുത്തുകൊണ്ടു സാഹോദര്യത്തിൻെറ ബലിപീഠത്തിൽ നമ്മെത്തന്നെ നാം ഹോമിക്കണം. അങ്ങനെ, ദൈവികപരിപാടികളുടെ പൂർത്തീകരണത്തിനുവേണ്ടി നാം നമ്മുടെ ആത്മീയപിതൃത്വം പ്രായോഗികമാക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

## സന്താനോൽപാദനവരം

സ്വർഗ്ഗം ദൈവസുതരെക്കൊണ്ടു നിറയേണ്ടിയിരിക്കുന്നു. അതിന് ആദ്യമായി ഈ ലോകം ജനനിബിഡമാകണം. സ്വർഗ്ഗതാതൻ നമ്മുടെ ആദിമാതാപിതാക്കന്മാരുടെ ആത്മശരീരങ്ങൾക്കു രൂപംകൊടുത്തു. ഓരോ വ്യക്തിക്കുവേണ്ടിയും, മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ ഓരോരുത്തർക്കുവേണ്ടിയും ഇപ്രകാരം ചെയ്യുവാൻ അവിടുത്തേക്കു സാധിക്കും. എന്നാൽ, അങ്ങനെ ചെയ്യാതെ തലമുറകൾതോറും തൻെറ മക്കളുടെ സഹകരണത്തെ ആശ്രയിക്കുവാൻ അവിടുന്നു തിരുവുള്ളമായി. മാതൃത്വത്തിനും പിതൃത്വത്തിനും ചേർന്ന ഹൃദയം മാത്രമല്ല ശരീരവും സൃഷ്ടികർമ്മത്തിൽ പങ്കുകൊള്ളുന്നതിനുള്ള ശക്തിയും അവിടുന്നു് അവർക്കു നല്കി. അവിടുന്നു് അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു.

താൻ അസ്തിത്വം കൊടുക്കുവാനാഗ്രഹിക്കുന്ന തന്റേതും അവരുടേതുമായ നവശിശുവിന്റെ ശാരീരികാംശത്തെ അവർ സംയോജിച്ചു സജ്ജമാക്കിക്കൊണ്ട്, വിശുദ്ധവും യോഗ്യതാർഹവുമായ വിധത്തിൽ, സ്വാഭാവികജീവന്റെ ചാലുകളാകുവാൻ അവിടുന്ന് അവർക്കു ജീവോൽപാദകാവയവങ്ങൾ നല്കി. അങ്ങനെ തന്റെ സഹപ്രവർത്തകരാകുവാൻ, അനശ്വരമായ ആത്മാക്കളെ സൃഷ്ടിക്കുന്നതിൽപ്പോലും അപരിത്യാജ്യരും ഏററം അടുത്തവരുമായ സഹായികളാകുവാൻ അവിടുന്ന് അവർക്കു വരം കൊടുത്തു. ഇതാണു ലിംഗഭേദത്തിന്റെയും മാതൃത്വപിതൃത്വങ്ങളുടേയും വിശദീകരണം. പുരുഷനിലുള്ള പൈതൃകശക്തികളുടേയും സ്ത്രീയിലുള്ള മാതൃകശക്തികളുടേയും സത്യവും ദൈവികവുമായ സാരം.

എന്നാൽ, എന്താണു ശുദ്ധത? ജനിക്കാത്ത ഒരു ശിശുവിനെ ഉദ്ദേശിച്ചു ദൈവം സ്ത്രീയേയും പുരുഷനേയും ഏല്പിച്ചിട്ടുള്ള അതിവിശുദ്ധമായ ഒരു നിക്ഷേപം ഉണ്ട്—ജീവദായകശക്തി. ഈ നിക്ഷേപത്തെ പരിരക്ഷിക്കുന്ന പുണ്യമാണു ശുദ്ധത. ശരീരമാകുന്ന സക്രാരിയിൽ പ്രതിഷ്ഠിതമായിരിക്കുന്ന ഈ വിശിഷ്ടദൈവദാനത്തെ ഏററവുമധികം വിലമതിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്ന പുണ്യമാണിതു്. തന്റെ ഈ ദാനത്തിൽ ദൈവത്തിനുള്ള അവകാശങ്ങളും ഉദ്ദേശ്യങ്ങളും സർവ്വപ്രകാരേണയും—പ്രയാസങ്ങൾ സഹിച്ചും—പാലിക്കുവാൻ ഒരുവനെ മനസ്സാക്കുന്ന പുണ്യവുമാണിതു്. ഒരുവന്റെ ജീവിതാവസ്ഥയും അയാൾ സ്വീകരിക്കേണ്ട പിതൃത്വത്തിന്റെ പ്രത്യേകസ്വഭാവവും നിശ്ചയിക്കു

ന്ന ദൈവവിളിയുടെ സമയംവരെ വിശുദ്ധമായി വ്യാപരിക്കുക എന്നത്രേ ഇതിൻെറ അത്ഥം.

ബഹുഭൂരിപക്ഷം ആളുകൾക്കും വിവാഹം കഴിച്ച് ദൈവത്തിൻെറ ആ ദാനവും അതിൻെറ സുഖാനുഭൂതികളും പൂർണ്ണമായി ആസ്വദിക്കുന്നതിനുള്ള ആഹ്വാനം യുവത്വത്തിൻെറ കവാടത്തിൽവച്ചുതന്നെ ലഭിക്കുന്നു. അതിനു ദൈവം സഭവഴി തൻെറ ആശീർവാദവും പിതൃത്വത്തിൻെറ കൃദാശവഴി പ്രസാദവരവും നല്കുന്നു. ആ പിതൃത്വം ഒരേസമയം സ്വാഭാവികവും അതിസ്വാഭാവികവുമാണ്. മററുള്ളവർക്കാകട്ടെ പൗരോഹിത്യത്തിൽ ആത്മാക്കളുടെ കലർപ്പില്ലാത്തതും അതിസ്വാഭാവികവുമായ പിതൃത്വത്തിനുള്ള ആഹ്വാനം ലഭിക്കുന്നു.

## അവിവാഹിതരുടെ ദൈവവിളി

മൂന്നാമതായി വേറൊരു ദൈവവിളികൂടിയുണ്ട്– ലോകത്തിൽ അവിവാഹിതനായി ജീവിച്ച് വിവാഹിതൻെറതിനെക്കാൾ വ്യാപകമായ ആധ്യാത്മികപിതൃത്വത്തിൻെറ കത്തവ്യങ്ങൾ നിറവേററുവാനുള്ള ദിവ്യാഹ്വാനം. പ്രയാസങ്ങളിൽ പിതൃകരങ്ങളുടെ പരിലാളനം ആവശ്യമുള്ള അസംഖ്യം ആത്മാക്കൾക്കുവേണ്ടി തൻെറ കഴിവും സമയവും മുഴുവനായി ചെലവിടുവാൻ വിവാഹിതനു സാധിക്കുകയില്ല; അയാളുടെ സാഹോദര്യവും തീക്ഷ്ണതയും അത്ര കവിഞ്ഞൊഴുകുകയില്ല. അയാൾക്കു സ്വന്തം കുടുംബത്തിലുള്ള ദ്വിവിധപിതൃത്വം തീർച്ചയായും അതിനെ തടസ്സപ്പെടുത്തും. ഈ ആത്മാക്കൾക്കാ

വശ്യമുള്ള സഹായംമുഴവൻ ക്രിസ്തുവിൽ തങ്ങളുടെ പിതാവായ വൈദികൻെറ അഭിഷിക്തകരങ്ങളിൽനിന്നു ലഭിക്കാത്ത അവസരങ്ങൾ സുലഭങ്ങളുമാണ്. അങ്ങനെ സംഭവിക്കുവാൻ സർവ്വജ്ഞനായ ദൈവം അനുവദിക്കുന്നു.

വൈദികൻ എല്ലാവക്കും എല്ലാംതന്നെ. പക്ഷേ, അദ്ദേഹത്തിൻെറ ശക്തി പരിമിതമാണ്. തനിക്കുമാത്രം ചെയ്യാവുന്ന വൈദികകർമ്മങ്ങൾക്ക് അദ്ദേഹം പ്രാധാന്യം കൊടുക്കുകയുംവേണം. അദ്ദേഹത്തിൻെറ പരിമിതിയെ പരിഹരിക്കുവാൻ ആർ തയ്യാറാകും? പ്രവത്തനരംഗം വിപുലമാക്കുവാൻ ആർ അദ്ദേഹത്തെ സഹായിക്കും? ദിവ്യവൈദ്യൻെറ ഉപകരണമായ അദ്ദേഹത്തിൻെറ പക്കലേക്ക് ആർ ആത്മാക്കളെ അടുപ്പിക്കും? അവരുടെ മാരകരോഗങ്ങൾ—മരണംപോലും-അദ്ദേഹം അറിഞ്ഞില്ലെന്നു വന്നേക്കാം. വൈദികൻ അനുഷ്ഠിക്കുന്ന കൂദാശകളുടെ പിന്നാലേ ആരു ചെല്ലും, യഥാത്ഥസാഹോദര്യത്തിൻെറ കാരുണ്യംനിറഞ്ഞ ശുശ്രൂഷകൊണ്ടു് അവയുടെ ഫലത്തിൻെറ നിലനില്പിനുറപ്പു നല്കുവാൻ? ഇതും വിപുലങ്ങളായ മററനേകം സൽകർമ്മങ്ങളും നിർവ്വഹിക്കപ്പെടേണ്ടതായുണ്ടു്. അവ നിർവ്വഹിക്കുവാൻ വിവാഹിതരും കുറെയൊക്കെ കടപ്പെട്ടവരാണ്. എങ്കിലും, സർവ്വോപരി അവിവാഹിതരുടെ കത്തവ്യമാണ ക്രിസ്തുവിൽ ഈ ആദ്ധ്യാത്മികപിതൃത്വം പാലിക്കുക. ഇതുവരെ വിവാഹം ചെയ്തിട്ടില്ലാത്തവരും ഇനി ചെയ്യുകയില്ലാത്തവരുമായവരെ ദൈവം ഇതിനു വിളിക്കുന്നു. വൈവാഹികജീവിതവും അതിലേ ആനന്ദങ്ങളും ദൈവം അവർക്കായി ഒരുക്കിയിട്ടില്ല. അവർ ദൈ

വപരിപാലനയുടെ ഈ നിശ്ചയത്തിന്ന വിനീതമായും ഉദാരമായും കീഴ്പ്പഴങ്ങിക്കൊണ്ട് വിശിഷ്ടവും നിഷ്കളങ്കവുമായ ആദ്ധ്യാത്മികപിതൃത്വം സ്വീകരിക്കുന്നു; ദൈവത്തിൻെറ പാവപ്പെട്ട മക്കൾക്കു ദൈവസ്നേഹത്തെപ്രതി തങ്ങളുടെ പൈതൃകഹൃദയം മുഴവൻ അവർ നല്കുന്നു. സ്നേഹപൂൎവ്വമായ സേവനങ്ങളാൽ സുദീർഘമായ ജീവിതകാലത്ത് അവർ ക്രിസ്തുവിൽ ശുശ്രൂഷിച്ച ശതങ്ങളോ ആയിരങ്ങൾതന്നെയുമോ വിധിസ്ഥലത്ത് അവർക്കുവേണ്ടിവാദിക്കും; അവർ സ്വൎഗ്ഗത്തിൽ ആ പിതാക്കന്മാരുടെ മഹത്വമായിരിക്കുകയും ചെയ്യും.

## പിതാവും പുത്രനും

നാം പരിചിന്തിച്ചുകൊണ്ടിരുന്ന പിതൃത്വത്തിൻെറ പാഠങ്ങൾ ലയൺസിലെ ആദർശനിഷ്ഠമായ ഒരു ക്രൈസ്തവഭവനത്തിൽ ഒസ്സാനാം അഭ്യസിക്കുവാൻ തുടങ്ങി. പതിന്നാലു സന്താനങ്ങളുള്ള ഒരു കുടുംബത്തിലെ അഞ്ചാമത്തേ സന്താനമായിരുന്നു അദ്ദേഹം. അവരിൽ മൂന്നുപേർ മാത്രമേ ശൈശവത്തിനും കൗമാരത്തിനും ഇപ്പുറത്തേക്കു വന്നുള്ളൂ. ഫ്രഡറിക്കും അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ അല്ഫോൻസും അനുജൻ ചാറൽസും ആണ് അവർ. ഒരു മൂത്ത സഹോദരി പത്തൊമ്പതാമത്തെ വയസ്സിൽ മരിച്ചു. അന്നു ഫ്രഡറിക്കിന് ഏഴുവയസ്സായിരുന്നു.

ഫ്രഡറിക്ക് ഒസ്സാനാമിൻെറ ജീവിതത്തിൽ അദ്ദേഹത്തിൻെറ പിതാവിനുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നു? ദയാർദ്രനായ ആ ഭിഷഗ്വരൻെറ രോഗികളിൽ

മൂന്നിലൊരുഭാഗം ഒരു പൈപോലും കൊടുക്കുവാൻ നിവൃത്തിയില്ലാത്ത പാവങ്ങളായിരുന്നു. അവരിൽ ഒരാളെ ചികിത്സിക്കുവാൻ ഒരു കെട്ടിടത്തിന്റെ മുകൾത്തട്ടിലേക്കു കയറവേ കോവണിപ്പടി ഒടിഞ്ഞു് അദ്ദേഹം താഴെ വീണു ദാരുണമായി പരുക്കേററു. അതു മരണഹേതുകമായി പരിണമിച്ചു. കടുത്ത കദനഭാരത്തോടെ ഫ്രഡറിക്കു് എഴുതി: "ആ ഞെട്ടിക്കുന്ന വാർത്ത കേട്ടു് ഞാൻ ലയൺസിലെത്തിയപ്പോഴേക്കും പിതാവു മരിച്ചുകഴിഞ്ഞിരുന്നു. ഈ ജീവിതത്തിൽ അദ്ദേഹത്തെ ഇനി ഞാൻ കാണുകയില്ല. ഇപ്രകാരമുള്ള ഒരു വ്യക്തിയുടെ നഷ്ടം ജീവിതത്തിൽ എത്ര വലിയ വിടവാണുണ്ടാക്കുക! അനുഭവിച്ചവർക്കേ അതറിഞ്ഞുകൂടൂ. അദ്ദേഹം കുടുംബത്തിൽ ദൈവത്തിന്റെ ദൃശ്യസാന്നിധ്യമായിരുന്നു. അത്ര വലിയ ഭക്തിയും സ്നേഹവും ആദരവും അദ്ദേഹത്തിന് അവിടെ നല്കപ്പെട്ടിരുന്നു." ദൈവത്തിന്റെ ദൃശ്യസാന്നിധ്യമെന്നു പറയുക വളരെ അധികമോ? നമുക്ക് അതു് അതിശയോക്തിയായി തോന്നിയേക്കാം. പക്ഷേ, കുടുംബത്തിൽ പിതാവിനുള്ള വിസ്മയനീയമായ സ്ഥാനത്തിന്റെ യാഥാർത്ഥ്യത്തെ അതു പ്രതിഫലിപ്പിക്കുന്നില്ലേ? അവിടെ അദ്ദേഹം സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധിയും ഉപകരണവുമാണ്.

ഫ്രഡറിക്കു തുടരുന്നു: "അദ്ദേഹം നിങ്ങൾക്കജ്ഞാതനായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ മകനായ എന്നെ നിങ്ങൾ അറിയും. നിങ്ങളുടെ ദയാദൃഷ്ടി നന്മയായി എന്തെങ്കിലും എന്നിൽ ദർശിച്ചിട്ടുണ്ടെങ്കിൽ, അതു് അദ്ദേഹത്തിൽനിന്നു്, അദ്ദേഹത്തിന്റെ പ്രബോധ

നങ്ങളിലും സന്മാതൃകകളിലുംനിന്ന്, എനിക്കു ലഭിച്ചിട്ടുള്ളതാണ്." ആ നല്ല ഭിഷഗ്വരൻ തൻെറ ദ്വിവിധപിതൃത്വം കൃത്യമായി നിറവേററി; സംശയമില്ല. സ്വാഭാവികജീവിതത്തിൽ മാത്രമല്ല, ക്രൈസ്തവജീവിതത്തിലും അദ്ദേഹം ഫ്രെഡറിക്കിൻെറ പാലകനായിരുന്നു. ആദ്ധ്യാത്മികജീവിതത്തിൽ കാലത്തിനുമുമ്പേ ഫ്രെഡറിക്കു പക്വത പ്രാപിച്ചിരുന്നെന്ന് നാം കണ്ടുവല്ലോ.

## മാതാവും മകനും

മാതാവിൻെറ സ്വാധീനശക്തി ഫ്രെഡറിക്കിൻെറ ഈ ആദ്ധ്യാത്മികജീവിതത്തെ പുരോഗമിപ്പിച്ചു. അവൾ ക്രിസ്തുവിൽ ഒരു യഥാത്ഥമാതാവുതന്നെയായിരുന്നു. "ഓ, നാഥാ, അമ്മയുടെ മുട്ടുകാലിനടുത്തുനിന്നാണ് അങ്ങയെ ഭയപ്പെടുവാൻ ഞാൻ പഠിച്ചത്; അങ്ങേ സ്നേഹിക്കുവാൻ അവളുടെ കടാക്ഷങ്ങളിൽനിന്നും." ഭക്തിനിരതമായ ആതുരസേവനത്തിൽ അവൾ ഭത്താവിനു കിടനില്ക്കുന്നവളായിരുന്നു. അവൾ രണ്ടുകൊല്ലമേ അദ്ദേഹത്തെ അതിജീവിച്ചുള്ളു; 1839 വരെ മാത്രം. അവളുടെ പുസ്തകങ്ങളുടെയിടയിൽ മതബോധനത്തെക്കുറിച്ചുള്ള ചില കുറിപ്പുകൾ ഫ്രെഡറിക്കു കണ്ടെത്തി. അവ, താൻ പ്രസിഡണ്ടായിരുന്ന "വനിതകളുടെ ഉപവിസമാജത്തിൻെറ" ഉപയോഗത്തിനുവേണ്ടി അവൾ സമാഹരിച്ചവയായിരുന്നു.

ആ മഹതിയുടെ മരണരംഗം ഫ്രെഡറിക്കു വിവരിക്കുന്നു: "ഒരു നിഷ്കളങ്കജീവിതത്തിൻെറ സ്മരണ, തൻെറ അന്ത്യത്തെ ത്വരിതപ്പെടുത്തിയ സൽകമ്മങ്ങളുടെ ബഹുല

തയും അവയുടെ നിർവ്വഹണത്തിൽ സഹിച്ച പ്രയാസങ്ങളും, കാററിനും കോളിനുമിടയ്ക്കു വിശ്വാസത്തിൽ വളർത്തിവന്ന മൂന്നുപുത്രന്മാർ,—ദൈവപരിപാലനാവൈഭവത്താൽ അവർ മൂന്നുപേരും അവളുടെ മരണക്കിടക്കയ്ക്കു ട്ടുത്തുണ്ടായിരുന്നു—മഹിമപൂർണ്ണമായ അമർത്ത്യതയിലുള്ള ശരണം എന്നിവയെല്ലാം അവളുടെ ഭയത്തെ തുരത്തുകയും മരണത്തിൻെറ ഇരുട്ടിൽ പ്രഭ വിതറുകയും ചെയ്തു. ക്ഷോഭമോ ആകുലതയോ ഉണ്ടായില്ല; ഒരു പ്രശാന്തനിദ്രമാത്രം. പുഞ്ചിരി തൂകിക്കൊണ്ട് അവൾ അവിടെ ശയിച്ചു. എൻെറ അമ്മയെപ്പോലെ മരിക്കുക. അതാണ് എൻെറ ഏകാഭിലാഷം."

ഒരു സ്നേഹിതനയച്ച കത്തിൽ, ഇപ്രകാരമുള്ള ഒരമ്മ തനിക്കു നഷ്ടപ്പെട്ടതിനെക്കുറിച്ച് ഒസ്സാനാം വിലപിക്കുന്നു: "അവളുടെ സൗമ്യമായ ശാസനകൾ, സുശക്തങ്ങളായ സന്മാതൃകകൾ പോയിക്കഴിഞ്ഞു. എൻെറ മന്ദോഷ്ണമായ ചൈതന്യത്തെ ഉജ്ജ്വലിപ്പിച്ചിരുന്ന തീക്ഷ്ണത, എൻെറ ശക്തിയെ ദൃഢമാക്കിയിരുന്ന പ്രോത്സാഹനം ഇല്ലാതായിരിക്കുന്നു. അവൾ നല്കിയ ആദ്യപാഠങ്ങളാണ് എനിക്കു വിശ്വാസം പ്രദാനം ചെയ്തത്. മാത്രമോ? നമ്മുടെ അമ്മയായ തിരുസ്സഭയുടെ സജീവപ്രതിനിധിയുമായിരുന്നു അവൾ. ദിവ്യമായ എന്തോ എൻെറ പക്കൽനിന്ന് എടുക്കപ്പെട്ടിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു; ദിവ്യനാഥൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർക്കനുഭവപ്പെട്ടതുപോലെ."

മുന്നുദ്ധരിച്ച കത്തിൽ, ഒസ്സാനാം തുടർന്നു പറയുന്നു: "അമ്മ എന്നിൽനിന്നു വേർപെട്ടുപോയെങ്കിലും

അവൾ എൻെറപക്കൽ ഉള്ളതായി പിന്നീട്ടും എനിക്കനുഭവപ്പെട്ടിരുന്നു. സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു് അവൾ എന്നെ പരിപാലിക്കുകയും വിഷമതകളുണ്ടായപ്പോൾ എന്നെ വളരെ സഹായിക്കുകയും എൻെറ സൽകമ്മങ്ങളിൽ അതിരററാനന്ദിക്കുകയും ചെയ്തിരുന്നതായും എനിക്കു തോന്നിയിരുന്നു. ദിവസവും രാത്രിയിൽ ക്രൂശിതരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി ഞങ്ങൾ ഒന്നിച്ചു പ്രാത്ഥിച്ചിരുന്ന വേളകളിലെന്നതുപോലെതന്നെയുള്ള അവളുടെ സാമീപ്യം പ്രാത്ഥനാസമയങ്ങളിൽ എനിക്കനുഭവപ്പെട്ടിരുന്നു. പാവങ്ങളുടെ ഭവനങ്ങളിലേക്ക് അവൾ ദിവ്യാരാധനാഥനെ അനുഗമിച്ചിരുന്നതുപോലെ ദിവ്യകാരുണ്യസ്വീകരണസമയം എൻെറ ഹൃദയത്തിൽ എഴുന്നള്ളിവരുന്ന സ്നേഹനാഥനെ അവൾ അനുധാവനം ചെയ്തിരുന്നെന്നും എനിക്കു തോന്നിയിരുന്നു.” പിതൃത്വവും കുടുംബവും സ്ഥാപിച്ചതിൽ ദൈവത്തിനുള്ള ഉദ്ദേശ്യങ്ങൾ അറിയാമായിരുന്ന അദ്ദേഹത്തിനു മരണം ഒരു വേർപാടായിരുന്നില്ല. “ഈ ലോകത്തിൽ ഒരേ ജോലികളിലും ഒരേ കഷ്ടതകളിലും പങ്കുകൊണ്ടിരുന്ന അപ്പനേയും അമ്മയേയും ദൈവത്തിൽ ഒരേ സൗഭാഗ്യത്തിൽ ഒന്നിച്ചിരിക്കുന്നവരായി ഞാൻ കാണുകയും ചെയ്യുന്നു. യാതൊന്നിനും തടസ്സപ്പെടുത്താൻ കഴിയാതിരുന്ന അവരുമായുള്ള എൻെറ സംസഗ്ഗത്തെ വിചാരവും പുണ്യാഭ്യസനവും വിശ്വാസവുംവഴി ഞാൻ തുടരട്ടെ. അവരുടെ മരണം നമ്മുടെ കുടുംബത്തിൽ രണ്ടു പുണ്യാത്മാക്കളെ കൂട്ടിച്ചേർക്കുകയല്ലാതെ മററു യാതൊരു മാററവും വരുത്താതിരിക്കട്ടെ.”

## മോഹനകുസുമം

ആ ഉത്തമമാതാപിതാക്കളുടെ ഈ മകൻ പ്രേമത്തിലേക്കും വൈവാഹികജീവിതത്തിലേക്കും അനിതരസാധാരണമാംവിധം ആകർഷിക്കപ്പെട്ടുമെന്നു പ്രതീക്ഷിക്കരുതോ? പിതാവായ ദൈവത്തിനു നവസുതരേയും സ്വർഗ്ഗരാജ്യത്തിന് ഈശോമിശിഹായുടെ പുതിയ അവകാശികളേയും നല്കുവാൻ സുശക്തമായ പ്രവണത അദ്ദേഹത്തിൽ പ്രതീക്ഷിക്കരുതോ? പക്ഷേ, അദ്ദേഹം തന്നെക്കാൾ ഒരുവയസ്സു കുറഞ്ഞവനായ തൻെറ സ്നേഹിതൻ ലാല്ലിയെയെ വിവാഹത്തിൽനിന്നു് പിന്തിരിക്കുവാൻ ശ്രമിച്ചു. അതു വിസ്മയജനകം തന്നെ. അദ്ദേഹം എഴുതുന്നു: "പ്രിയ സുഹൃത്തേ, ഞാൻ എൻെറ വിചാരങ്ങൾ താങ്കളോടു തുറന്നുപറയാം. വിരക്തി സ്ത്രീകൾക്കുമാത്രംവേണ്ടിയുള്ള പുണ്യമാണോ? അതല്ലേ നമ്മുടെ രക്ഷകൻെറ മനുഷ്യത്വത്തിലെ അതിശ്രേഷ്ഠങ്ങളായ മഹത്വങ്ങളിൽ ഒന്ന്? അതുതന്നെയല്ലേ തൻെറ പ്രിയശിഷ്യനിൽ അവിടുന്നു പ്രത്യേകമായി വിലമതിച്ചതു്? തിരുസ്സഭാരാമത്തിലെ അത്യുൽകൃഷ്ടകുസുമമല്ലേ അതു്? മദ്ധ്യാഹ്നമാകുന്നതിനുമുമ്പുതന്നെ അതു വാടിപ്പോകുന്നതു കാണുക നിങ്ങൾക്കു വേദനാജനകമല്ലേ? പ്രായപൂർത്തിയാകുന്നതിനുമുമ്പു സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടിരുന്നെങ്കിൽ, അതു സ്വർഗ്ഗത്തിലേക്കു സംവഹിക്കുന്നതിൽ താങ്കൾ ആനന്ദംകൊള്ളുമായിരുന്നില്ലേ?"

യുവജനങ്ങളുടെ ശുദ്ധതയുടെ മഹത്വത്തെപ്പററി ഫ്രഡറിക്കിന്, ഇരുപതോടടുക്കുകമാത്രം ചെയ്തിരുന്ന ഒരു യുവാവായിരിക്കവേതന്നെ, ഉണ്ടായിരുന്ന അസാധാര

ണജ്ഞാനം ഇതിനെക്കാൾ സ്പഷ്ടമായി പ്രകടിപ്പിക്കുക സാദ്ധ്യമല്ല. അദ്ദേഹത്തിൻെറതന്നെ നിർമ്മലമായ വ്യാപാരത്തിനും സമുന്നതങ്ങളായ ആദർശങ്ങൾക്കും അദ്ദേഹത്തിൻെറ വാക്കുകൾ സാക്ഷ്യം നല്കുന്നു. ദൈവത്തിൻെറ കരവേലയായ തൻെറ ശരീരത്തേയും അതു നല്കിയതിൽ ദൈവത്തിനുള്ള ഉദ്ദേശ്യങ്ങളേയും അദ്ദേഹം വിലമതിച്ചു; പിതൃത്വത്തിൻെറ സക്രാരിയായി ശരീരത്തെ അദ്ദേഹം ബഹുമാനിച്ചു. സൃഷ്ടികർത്താവ് ഓരോ മനുഷ്യനും നല്കിയിരിക്കുന്ന ഈ വിശുദ്ധ നിക്ഷേപത്തെ സംരക്ഷിക്കുന്ന ക്രൈസ്തവപൌരുഷത്തെ അദ്ദേഹം സശ്രദ്ധം പരിപുഷ്ടിപ്പെടുത്തി.

മനശ്ശരീരങ്ങളുടെ പൂർണ്ണമായ ബ്രഹ്മചര്യം ഒരു യുവാവിൽ കുസുമംപോലെ മോഹനംതന്നെ. സസന്തോഷം ഓരോ യുവാവും സ്വർഗ്ഗത്തിലേക്കു സംവഹിക്കേണ്ട ഒരു നിധിയാണതു്. എന്നാൽ, ദൈവം ബഹുഭൂരിപക്ഷത്തിനും പിതൃത്വത്തിൻെറ ശക്തികൾ നല്കിയിരിക്കുന്നതു് യഥാകാലം, അവിടുന്നുതന്നെ നിശ്ചയിച്ചിരിക്കുന്ന "മണിക്കൂറി"ൽ, പ്രയോജനപ്പെടുത്തുവാനാണു്.

## വൈവാഹികജീവിതത്തിലേക്കു്

നാം കണ്ടുകഴിഞ്ഞതുപോലെ സന്യാസസഭയിലോ അവിവാഹിതജീവിതത്തിലോ അനുഷ്ഠിക്കുവാനുള്ള പിതൃത്വത്തിൻെറ വിളിയല്ല തൻേറതെന്നു് പടിപടിയായി ഗ്രഹിക്കുവാൻ ദൈവം ഫ്രെഡറിക്കിനു വരം നല്കി. സ്നേഹിതന്മാരുടെ വിവാഹങ്ങൾ തന്നോടുതന്നെ ഇപ്രകാരം ചോദിക്കുവാൻ അദ്ദേഹത്തെ പ്രേരി

പ്പിച്ചു: "എന്നെസ്സംബന്ധിച്ചിടത്തോളം ബ്രഹ്മചര്യത്തെക്കാൾ വൈവാഹികജീവിതമാണോ ദൈവം ഇച്ഛിക്കുന്നതു്?" വികാരങ്ങളുടെ വിജൃംഭണമോ ഹൃദയത്തിന്റെ ഉദ്വേഗമോ അദ്ദേഹത്തിനനുഭവപ്പെട്ടില്ല. എങ്കിലും, ഫ്രഡറിക്ക തന്റെ ജീവിതത്തിൽ ഒരു ശൂന്യത ദർശിക്കുവാൻതുടങ്ങി.

അദ്ദേഹം എഴുതുന്നു: "എന്റെ് ഉള്ളിൽ ശൂന്യത വളരുന്നതായി എനിക്കു തോന്നുന്നു. സുഹൃൽബന്ധങ്ങൾക്കോ ബുദ്ധിപരമായ പ്രവർത്തനങ്ങൾക്കോ അതു നികത്താൻ സാധിക്കുകയില്ല. എന്തു് അതിനെ നികത്തുമെന്നു് എനിക്കറിഞ്ഞുകൂടാ — സ്രഷ്ടാവോ സൃഷ്ടിയോ? രണ്ടാമത്തേതാണെങ്കിൽ, ഞാൻ എന്നെ അവൾക്കു യോഗ്യനാക്കിത്തീർക്കുമ്പോൾ അവൾ ആഗമിക്കട്ടെ; ഉൽകൃഷ്ടമായ ആത്മാവിൽ മഹത്തായ സുകൃതങ്ങളുമായി അവൾ വരണം. അവൾ എന്നെ ഉയർത്തണം. ഞാൻ ഭീരുവായിരിക്കുന്നിടത്തോളം അവൾ ധൈര്യവതിയായിരിക്കണം; ദൈവത്തിന്റെ കാര്യങ്ങളിൽ ഞാൻ മന്ദോഷ്ണനായിരിക്കുന്നിടത്തോളം അവയിൽ അവൾ തീക്ഷ്ണതയുള്ളവളായിരിക്കണം; അനർഹതനിമിത്തം ഞാൻ അവളുടെ മുമ്പിൽ ലജ്ജിതനാകാതിരിക്കുവാൻവേണ്ടി അവൾ അനുകമ്പയുള്ളവളായിരിക്കണം; അതാണെന്റെ പ്രാർത്ഥന."

ഫ്റഡറിക്കിനു വയസ്സ് ഇരുപത്താറായി. ഇപ്പോഴും അദ്ദേഹം അവിവാഹിതനാണു്. അദ്ദേഹത്തിനിണങ്ങുന്ന ഒരു സഹധർമ്മിണിയുടെ നേരേ അദ്ദേഹത്തിന്റെ ശ്രദ്ധ തിരിക്കാൻ സുഹൃത്തുക്കൾ ശ്രമിച്ചു.

ഏകാന്തത അദ്ദേഹത്തിനു കൂടുതൽകൂടുതൽ അനുഭവപ്പെട്ടിരുന്നു. സ്നേഹിതന്മാർ അതു മനസ്സിലാക്കി. അദ്ദേഹം ഒരാത്മസ്നേഹിതനോടഭ്യർത്ഥിച്ചു: "എന്നെപ്പററിയുള്ള അവിടുത്തെ ഉദ്ദേശ്യങ്ങൾ അറിയുന്നതിന് എൻെറ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതിനും അവ നിറവേററുന്നതിന് എനിക്കു ശക്തി നല്കുന്നതിനുംവേണ്ടി ആത്മാക്കളുടെ രക്ഷകൻെറമുമ്പിൽ എനിക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചാലും."

ആവശ്യപ്പെട്ട മാനസികപ്രകാശം കുറെയൊക്കെ സ്നേഹിതന്മാർവഴിതന്നെ ലഭിച്ചു. സ്നേഹിതന്മാരുടെ വിവാഹം അവരുടെ പ്രേഷിതവൃത്തിക്ക്, വിശിഷ്യ, സാധുജനസേവനത്തിന്, വിഘ്നമായില്ലെന്ന് അദ്ദേഹം ഗ്രഹിച്ചു; അതിൽ അദ്ദേഹം സന്തോഷിക്കുകയും ചെയ്തു. അദ്ദേഹം എഴുതുകയാണ്: "ഔദാര്യമുള്ള ആത്മാക്കൾ വിവാഹം കഴിച്ചാലും സഖ്യപ്രവർത്തനങ്ങളിലുള്ള അവരുടെ സഹകരണം തുടരുന്നു. അവർ പാവങ്ങൾക്കോ, ഫ്രാൻസിൻെറ പുനരുദ്ധാരണത്തിനുള്ള ശ്രമങ്ങൾക്കോ നഷ്ടപ്പെടുന്നുമില്ല." ഫ്രഡറിക്കിൻെറ പ്രേഷിതഹൃദയത്തിലെ ഒരു വലിയ പ്രശ്നം അങ്ങനെ പരിഹൃതമായി.

ഫ്രഡറിക്കിൻെറ ആത്മഗുരുവായിരുന്ന ആബേ നൊാറെററ്. വിവാഹം കഴിക്കുവാൻ ഒസ്സാനാമിനെ അദ്ദേഹം എപ്പോഴും ഉപദേശിച്ചിരുന്നു. ഒസ്സാനാം അദ്ധ്യാപനം നടത്തിയിരുന്ന വിദ്യാലയത്തിൻെറ അധിപൻ, പ്രൊഫസർ സൂളാക്രൊായ്ക്കു് ഒരു പുത്രിയുണ്ടായിരുന്നു. ഫ്രഡറിക്കും ആ യുവതിയും തമ്മിൽ കണ്ടുമുട്ടുന്നതിന് ആബേ നൊാറെററ് അവസരമുണ്ടാക്കി

കൊട്ടുത്തു. ബാഹ്യദൃഷ്ടികൾക്ക് ആ സമാഗമം യാദൃച്ഛി കമെന്നേ തോന്നിയിരുന്നുള്ളു. അവൾ ഫ്രെഡറിക്കിനെ അതിവേഗം ആകർഷിച്ചു. ആദരവും മമതയും പെട്ടെന്നു പ്രേമമായി മാറി. ഫ്രെഡറിക്കതന്നെ തൻെറ വിവാഹവാഗ്ദാനത്തെപ്പററി വിനോദപൂർവ്വം ലാല്ലിയെയ്ക്കു് എഴുതി. 1841 ജൂൺ 23-ാം തീയതി അവരുടെ വിവാഹം നടന്നു; വരന് ഇരുപത്തിയെട്ടും വധുവിന് ഇരുപത്തൊന്നും വയസ്സ്. "പരിശുദ്ധമായ വചനങ്ങൾ ഉച്ചരിക്കപ്പെട്ടപ്പോൾ ദൈവാനുഗ്രഹം എന്നിലേക്കിറങ്ങിവരുന്നതായി എനിക്കനുഭവപ്പെട്ടു." അദ്ദേഹം സന്തോഷിച്ചു; അതിയായി സന്തോഷിച്ചു. തുടരെത്തുടരെയുള്ള അദ്ദേഹത്തിൻെറ ലേഖനങ്ങൾ അതു വിളംബരം ചെയ്തു.

## സൗഭാഗ്യംനിറഞ്ഞ കുടുംബം

സ്വശിശു ഭൂജാതയായപ്പോൾ അദ്ദേഹത്തിനുണ്ടായ വികാരവിചാരങ്ങൾ എന്തെല്ലാമായിരുന്നെന്നു നാം കണ്ടുകഴിഞ്ഞു. അദ്ദേഹത്തിൻെറ സന്തോഷം വീണ്ടും ചിറപൊട്ടിയൊഴുകി. തലതൊട്ടപ്പനായ ലാല്ലിയെയ്ക്കു് അദ്ദേഹം എഴുതി: "വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി എൻെറ ഓമനക്കുഞ്ഞിനെ എടുത്തിരിക്കുന്ന പ്രിയതമയെ കാണുന്നതിനെക്കാൾ ആനന്ദകരമായ ഒന്ന് ഈലോകത്തിൽ എനിക്കറിവില്ല. മനുഷ്യർ ബലഹീനരാണെന്നും ആ കൊച്ചുതലയുടെ മുകളിൽ അനേകം അപകടങ്ങൾ തൂങ്ങിനില്പുണ്ടെന്നും പിതൃത്വത്തിൻെറ ആനന്ദങ്ങൾ അതിൻെറ ചുമതലകളെ സന്തോഷപ്രദങ്ങ

ളാക്കുന്നതിനുമാത്രം നല്കപ്പെട്ടവയാണെന്നും ഉച്ചത്തിലുള്ള നിലവിളികൾ, ഉടനെയോ കുറെക്കഴിഞ്ഞോ, എന്നെ ഓർമ്മിപ്പിക്കുന്നില്ലെങ്കിൽ വിസ്മയഭരിതനായി മണിക്കൂറുകൾതന്നെ ഞാൻ അവിടെ നിന്നുപോകും."

പിറെറക്കൊല്ലം ലാല്ലിയെയുടെ ഒരു കൊച്ചുമകൾ മരിച്ചുപോയി. അനുശോചനക്കത്തിൽ ഒസ്സാനാം അദ്ദേഹത്തെ അനുസ്മരിപ്പിച്ചു: "കത്തോലിക്കകുടുംബം, വിവാഹം, പിതൃത്വം തുടങ്ങിയ വിശുദ്ധബന്ധങ്ങൾ സ്വർഗ്ഗത്തെ ജനനിബിഡമാക്കുവാൻവേണ്ടിയുള്ളവയാണു്. നേരത്തേതന്നെ താങ്കൾക്കു് ഒരു പുണ്യാത്മാവു സ്വർഗ്ഗത്തിലുണ്ടു്—താങ്കളുടെ മാതാവു്. ഇപ്പോൾ ഈ പുത്രിവഴി ഒരു മാലാഖയെക്കൂടി താങ്കൾക്കു ലഭിച്ചിരിക്കുന്നു. അവർ രണ്ടുപേരും തങ്ങളുടെ മദ്ധ്യത്തിൽ താങ്കൾക്കു് ഒരു സ്ഥാനം കരുതിവയ്ക്കും."

ഭാര്യയെ കാവൽമാലാഖയെന്നാണു ഫ്രഡറിക്കു വിളിച്ചിരുന്നതു്. അവരുടെ വൈവാഹികജീവിതം പന്ത്രണ്ടുകൊല്ലം ദീർഘിച്ചു. വിവാഹദിനത്തിന്റെ സുഭഗസ്മരണ നിലനിറുത്തുവാൻവേണ്ടി എല്ലാമാസത്തിലും ഇരുപത്തിമൂന്നാം തീയതി ഫ്രഡറിക്കു് ഓരോ പുഷ്പം സ്വഭാര്യയ്ക്കു സമ്മാനിച്ചിരുന്നു. മരണത്തിനു പതിനഞ്ചു ദിവസം മുമ്പുപോലും, 1853 ആഗസ്റ്റ് 23-ാം തിയതി, ഈ ആദരണീയോപഹാരം അദ്ദേഹം മറന്നുപോയില്ല. അതിലേക്കു, തലേദിവസം സായാഹ്നത്തിൽ കടൽത്തീരത്തുനിന്നു സുഗന്ധവാഹിയായ പുഷ്പങ്ങൾ നിറഞ്ഞ ഒരു ചെടി അദ്ദേഹം പറിച്ചെടുത്തു കൊണ്ടുവരുകയുണ്ടായി.

കത്തിടപാടുകളിൽ പല പ്രാവശ്യം തന്റെ പ്ര

യതമയെക്കുറിച്ച് അദ്ദേഹം ദൈവത്തിനു നന്ദിപ്രകടിപ്പിച്ചിരിക്കുന്നതായി കാണാം. അവൾ അദ്ദേഹത്തെ അത്യധികം ഉദാരതയോടെ ശുശ്രൂഷിച്ചു; വിശിഷ്യ, രണ്ടുകൊല്ലത്തിലധികം ദീർഘിച്ച അന്ത്യരോഗാവസ്ഥയിൽ. മരണപത്രത്തിൽ അദ്ദേഹം ഒരു വിരഹസ്മാരകം അവൾക്കു നല്കി; തിരഞ്ഞെടുക്കപ്പെട്ടവരെ മാലാഖമാർ സ്വർഗ്ഗത്തിലേക്കു സ്വീകരിക്കുന്ന ഒരു ചിത്രം. അതിനു താഴെയാണു് അദ്ദേഹത്തിൻെറ അന്ത്യവാക്കുകളും കുറിക്കപ്പെടേണ്ടിയിരുന്നതു്. അവ അദ്ദേഹത്തിൻെറ വിശ്വാസത്തേയും സ്നേഹത്തേയും പ്രകടമാക്കുന്നു: "എൻെറ കാവൽമാലാഖ ആയ ഭവതി ഭൂമിയിൽ വസിക്കും. ഭവതിയുടെ പ്രാർത്ഥനകൾ എനിക്കു സ്വർഗ്ഗം തുറന്നു തരും. നമ്മുടെ ആനന്ദവിഷയമായ വത്സലശിശുവിനെ നയിക്കുവാനായി ഭവതി കുറെനാൾകൂടി ഭൂമിയിൽ വസിക്കും. എന്നെ സ്മരിക്കുവാൻ അവളെ പഠിപ്പിക്കുക. ഭവതിയുടെതന്നെ പുണ്യങ്ങളാൽ അവളെ സമ്പന്നയാക്കുക. സ്നേഹത്തിൻെറ ആലയത്തിൽ നമുക്കു വീണ്ടും കണ്ടുമുട്ടാം. നല്ല ദൈവത്തിൻെറ കൺമുമ്പിൽ തന്നെ അനന്തമായ സ്നേഹത്താൽ നമുക്കു പരസ്പരം സ്നേഹിക്കാം."

അതേ, ഭൂമിയിലെ ആ ത്രിതയത്തിൻെറ പരസ്പരസ്നേഹം ദൈവത്താൽ ഉദ്ദീപ്തവും അനുഗൃഹീതവും ആയിരുന്നു. ആ സ്നേഹം നിത്യസൗഭാഗ്യത്തെപ്രതി സുസ്ഥിരമായി പാലിക്കപ്പെടുവാനും അവിടെ അതു് ആങ്ങേഅററം ആസ്വദിക്കപ്പെടുവാനും നിശ്ചയിക്കപ്പെട്ടതുമായിരുന്നു.

വിവാഹത്തിലുള്ള വിവിധപിതൃത്വങ്ങളുടെ വിശേഷതയും സന്തോഷവും സഫലതയും ദൈവം ഫ്രഡറിക്കിനു നല്കി. എന്നാൽ, അദ്ദേഹത്തിൽ സർവോൽകൃഷ്ടമായിരുന്നതു് സെൻറ് വിൻസെൻറ് ഡി പോൾ സഖ്യംവഴി ലഭിച്ച ആധ്യാത്മികപിതൃത്വമാണു്.

## പാവങ്ങളുടെ പിതാക്കന്മാർ

പരിശുദ്ധാത്മാവിനെ പാവങ്ങളുടെ പിതാവു് എന്നു് അഭിസംബോധനചെയ്തു വണങ്ങുവാൻ പന്തക്കുസ്തതിരുനാളിലേ ദിവ്യബലിയിൽ തിരുസ്സഭ നമ്മെ ഉൽബോധിപ്പിക്കുന്നു. പാവങ്ങളുടെ ഈ ദിവ്യതാതനെയാണു്, ആദ്യത്തേ പരസ്നേഹകോൺഫ്രറൻസിൽ സമ്മേളിച്ച തീക്ഷ്ണമതികളായ ഏഴു ഹൃദയങ്ങൾ തങ്ങളുടെ പ്രാരംഭപ്രാത്ഥനയിൽ വിളിച്ചപേക്ഷിച്ചതു്. "പരിശുദ്ധാരൂപിയേ, എഴുന്നള്ളിവരിക" എന്നു് അന്നരുവിട്ട അപേക്ഷ അവർ ഉദ്ദേശിച്ചതിനെക്കാൾ അത്ഥദ്യോതകമായിരുന്നു.

പരിശുദ്ധതമത്രിത്വത്തിലേ മൂന്നാമത്തേ ആൾ പ്രത്യേകമായി പാവങ്ങളുടെ പിതാവെന്നു വിളിക്കപ്പെടുന്നു. ആരാണു് ആ പാവങ്ങൾ? ആദത്തിൻെറ നിരാശ്രയരായ സന്താനങ്ങൾ. നമ്മുടെ ആദിപിതാവു പാപംമൂലം തനിക്കെന്നതുപോലെതന്നെ നമുക്കെല്ലാവർക്കും അതിസ്വാഭാവികജീവനാകുന്ന സമ്പത്തു നഷ്ടമാക്കി. ഈ യഥാർത്ഥസമ്പത്തു തൻെറ ജീവരക്തംകൊണ്ടു നമ്മുടെ രക്ഷകനായ ക്രിസ്തുവാണു നമുക്കു തിരികെ വാങ്ങിത്തന്നതു്. അവിടുത്തേ ദിവ്യജീവിതത്തിൻെറ

ഒരോഹരിയായി അതു നമുക്കു വീണ്ടും ലഭിക്കുന്നു.

അങ്ങനെയെങ്കിൽ, പരിശുദ്ധാത്മാവിയുടെ പിതൃത്വം എന്തു്? വിശുദ്ധിയുടേയും സ്നേഹത്തിൻേറയും ആത്മാവാണു് അവിടുന്നു്. നമ്മുടെ വിശുദ്ധീകരണം മുഴുവൻ, അതായതു്, എല്ലാ ആത്മാക്കൾക്കും ക്രിസ്തുവിൻെറ ജീവൻ നല്കി സംരക്ഷിച്ചു വളർത്തുകയെന്ന ജോലി വിശേഷവിധിയായി പരിശുദ്ധാത്മാവിൽ നാം ആരോപിക്കുന്നു. ജ്ഞാനസ്നാനമെന്ന കൂദാശവഴി പരിശുദ്ധാത്മാവിനാലും വെള്ളത്താലും നാം വീണ്ടും ജനിക്കുന്നു; പുനർജീവിക്കുന്നു. പവിത്രീകൃതമായ ജ്ഞാനസ്നാനവേദിയിൽ വൈദികനോ ഭവനത്തിൽ അല്മായനോ ആയ ഒരു മാനുഷികോപകരണംവഴി അവിടുന്നു ക്രിസ്തുവിൽ നാമോരോരുത്തരുടേയും പിതാവായിത്തീരുന്നു. ക്രിസ്തുവിൻെറ ജീവിതത്തിൻേറയും മഹിമയുടേയും മുൻനിർണ്ണയിക്കപ്പെട്ട പൂർണ്ണതയിൽ നാം എത്തിച്ചേരുവാൻവേണ്ടി തൻെറ പൈതൃകപരിപാലനം ആദത്തിൻെറ മക്കളായ നമ്മിൽ നമ്മുടെ ജീവിതകാലം മുഴുവനും അവിടുന്നു തുടരുന്നു.

ഈ പാവങ്ങളുടെ പിതാവു മാനുഷികോപകരണങ്ങളെ ആവശ്യപ്പെടുവാനും തിരഞ്ഞെടുക്കുവാനും ഉപയോഗിക്കുവാനും തിരുമനസ്സാകുന്നു. അവിടുത്തെ ദൈവികമായ ഉദ്ദേശ്യങ്ങൾക്കും പ്രവൎത്തനങ്ങൾക്കും ഫ്രഡറിക്ക് ഒസ്സാനാം സർവ്വാത്മനാ തന്നെത്തന്നെ അർപ്പിച്ചു. അങ്ങനെ അദ്ദേഹം അതുല്യമായ നിലയിൽ പാവങ്ങളുടെ പിതാവായിത്തീരുകയും ചെയ്തു.

പരസ്നേഹകോൺഫ്റൻസു സ്ഥാപിക്കുന്നതിൽ

ഫ്റഡറിക്കിനുണ്ടായിരുന്ന പ്രഥമലക്ഷ്യം തന്നിലും കൂട്ടുകാരിലുമുള്ള ക്രിസ്തുജീവനാകുന്ന സമ്പത്തിനെ പരിരക്ഷിക്കുകയും ഫലപ്രദമാക്കുകയും ചെയ്യുക എന്നതായിരുന്നു. അടുത്ത ലക്ഷ്യം പ്രായോഗികമായ ക്രൈസ്തവജീവിതമാതൃകകളാൽ, വിശ്വാസം അപകടത്തിലായിരിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുക, വിശ്വാസം നഷ്ടപ്പെട്ട മററു വിദ്യാർത്ഥികളെ അതിലേക്കാനയിക്കുക എന്നതായിരുന്നു. വേറൊരുദ്ദേശ്യംകൂടിയുണ്ടായിരുന്നു. അതു് ആദ്യത്തേ ലക്ഷ്യം പ്രാപിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണു്—ക്രിസ്തുവിൻെറ പാവങ്ങളെ സഹായിക്കുക. ഈ ലോകധനത്തിൻെറ വിരളത ക്രിസ്തുജീവനാകുന്ന സമ്പത്തിനെ നഷ്ടപ്പെടുത്തത്തക്ക സാഹചര്യങ്ങളിൽ അവരെ കുടുക്കി. എന്നാൽ, ആധ്യാത്മികമായി വളരുവാനും സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരസ്ഥമാക്കുവാനുമുള്ള അവസരങ്ങൾ അവവഴി അദ്ദേഹം അവർക്കുണ്ടാക്കിക്കൊടുത്തു.

ഫ്റഡറിക്ക് ഒസ്സാനാം പാവങ്ങളുടെ പിതാവായിരുന്നു. ആജീവനാന്തം ഭക്തിയോടുകൂടി, വ്യക്തിപരമായി, ആത്മാക്കളെ സേവിച്ചുകൊണ്ടു് അദ്ദേഹം മുൻപറഞ്ഞ ലക്ഷ്യങ്ങൾക്കായി പ്രയത്നിക്കുകയും അവയെ പ്രാപിക്കുകയും ചെയ്തു. അനുസ്യൂതം പ്രവർത്തനനിരതനായി നാംകണ്ട വിശ്വാസത്തിൻെറ ആ അചഞ്ചലയോദ്ധാവിനെ ഒന്നനുസ്മരിക്കുക. തൻെറ മാർഗ്ഗത്തിൽ ദൈവം എത്തിച്ച, സ്വർഗ്ഗത്തിലേക്കുള്ള എല്ലാ യാത്രികരേയും സഹായിച്ച ആ നല്ല **സ**മറായനെക്കുറിച്ചു്, ആ 'കടന്നുപോകാത്ത മനുഷ്യനെ'ക്കുറിച്ചു ചിന്തിക്കുക. അദ്ദേഹം

സ്ഥാപിച്ച ആ ചെറുസംഘത്തേയും അതിൻെറ പ്രചാരണത്തിൽ മരണംവരെ അദ്ദേഹം കാണിച്ച അപ്രതിരോധ്യമായ തീക്ഷ്ണതയേയുംകുറിച്ചു വിചാരിക്കുക. പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി, സർവ്വപ്രതീക്ഷകഠംക്കും അതീതമായി അദ്ദേഹം പാവങ്ങളുടെ പിതാക്കന്മാരുടെ ഒരു സൈന്യവ്യൂഹത്തെ അതുവഴി പടുത്തുയർത്തി. അദ്ദേഹം ക്രിസ്തുവിൽ ഒരു യഥാർത്ഥപിതാവായിത്തീൎന്നു; ഇന്നുവരെയുള്ള സഖ്യാംഗങ്ങളുടെ മാത്രമല്ല, അവരുടെ പ്രവർത്തനംവഴി ദൈവത്തിങ്കലേക്ക് ആനീതരാകുന്ന അസംഖ്യം ആത്മാക്കളുടെയും പിതാവ്.

വിവാഹം കഴിച്ചവരായാലും അല്ലാത്തവരായാലും ഉദാരമനസ്കരായ സകലർക്കും ആധ്യാത്മികപിതൃത്വം അനുഷ്ഠിക്കുവാൻ സെൻറ് വിൻസെൻറ് ഡി പോഠം സഖ്യം നല്കുന്ന ഉത്തമസാധ്യതകഠം എണ്ണിപ്പറയണമോ? കോൺഫറൻസിനകത്തും പുറത്തും അവ പ്രാവർത്തികമാക്കപ്പെടുന്നു. ഓരോ മീററിംഗിലും ഓരോ സഹോദരനും ക്രിസ്തുവിൻെറ പാവങ്ങഠംക്കുവേണ്ടി ധനസഹായം ചെയ്യുന്നു. എന്നാൽ, അതിലേറെ പ്രാധാന്യമുള്ള ഒന്നുണ്ടു: അതായതു്, അയാഠം ആധ്യാത്മികസഹായം തൻെറ സഹപ്രവർത്തകർക്കു നല്കുകയും അവരിൽനിന്നു് സ്വീകരിക്കുകയും ചെയ്യുന്നു. അയാളുടെ സാന്നിധ്യം അയാഠം സമർപ്പിക്കുന്ന റിപ്പോർട്ടു്, ചർച്ചകളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങഠം, നല്കപ്പെടുന്ന നിർദ്ദേശങ്ങളുടെ സ്വീകരണം എന്നിവയെല്ലാം അയാളുടെ സജീവവിശ്വാസത്തേയും പരസ്നേഹത്തേയും എളിമയേയും പ്രസ്പഷ്ടമാക്കുന്നു. അവവഴി അയാഠം തൻെറ സഹപ്രവ

ത്തകരെ അവരുടെ ജീവിതത്തിലും സംഘടിതമായ പ്രേഷിതവൃത്തിയിലും പ്രകടമായിട്ടല്ലെങ്കിലും ഫലപ്രദമായി ഉത്തേജിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. അവരും അതുപോലെതന്നെ അയാളിലും സ്വാധീനത ചെലുത്തുന്നു. ഇതിനുപുറമേ, അനേകം സഹോദരന്മാർ ചേർന്നു തങ്ങൾക്കും പാവങ്ങൾക്കും ഉപകാരികൾക്കും പരിശുദ്ധപിതാവിനുംവേണ്ടി സമൎപ്പിക്കുന്ന തീക്ഷ്ണമായ പ്രാൎത്ഥനകളുടേയും, വിശിഷ്യ, ത്രൈമാസികതിരുനാളുകളിലേ ദിവ്യബലി, ദിവ്യകാരുണ്യസ്വീകരണം, പൊതുസമ്മേളനം എന്നിവയുടേയും ഫലങ്ങൾ പരിഗണിക്കുക. ഇവമൂലം ഓരോ സഹോദരൻേറയും ആത്മാവിൽ ക്രിസ്തുജീവനെ വേരുറപ്പിക്കുന്നതിൽ സഞ്ജാതമാകുന്ന പ്രയോജനങ്ങളെ അളന്നു നിൎണ്ണയിക്കുവാൻ ദൈവത്തിനല്ലാതെ ആർക്കു സാധിക്കും?

കോൺഫ്റൻസിനു പുറത്തു് അംഗങ്ങളുടെ സാധുജനസേവനംവഴി ലഭിക്കുന്ന പ്രയോജനങ്ങളും പരിഗണിക്കുക. സഹായിക്കപ്പെട്ട കുടുംബങ്ങളേയും സഖ്യത്തിലെ സഹോദരന്മാരെത്തന്നേയും സംബന്ധിച്ചു് ആ സേവനം എത്രമാത്രം ആധ്യാത്മികപ്രബുദ്ധതയ്ക്കു കാരണമാകുമെന്നു ഫ്റഡറിക്കു് ഒസ്സാനാമിൻെറ വാക്കുകളിൽനിന്നുതന്നെ ഏറെക്കുറെ നാം പഠിക്കുകയും അളക്കുകയും ചെയ്തുകഴിഞ്ഞു. പാവങ്ങളിൽനിന്നു് അദ്ദേഹത്തിനു ലഭിച്ചതു് ഓരോ സഹോദരനും ലഭിക്കുന്നുണ്ടു്. ആ പാവങ്ങളുടെ കൃതജ്ഞതാനിർഭരമായ പ്രാർത്ഥനകളും ദുരിതങ്ങളിൽ അവർ പ്രകാശിപ്പിക്കുന്ന പുണ്യമാതൃകയും അവരെ സന്ദർശിക്കുന്ന ഓരോ സഖ്യാംഗത്തേയും

ദൈവത്തിങ്കലേക്ക കൂടുതൽ അടുപ്പിക്കുന്നു. ഫ്റഡറിക്ക പാവങ്ങൾക്ക് എന്തു നല്കിയോ അതുതന്നെ നല്കുവാൻ ഓരോ സഹോദരനും ശ്രമിക്കട്ടെ. അപ്പോൾ ക്രിസ്തുവിൽ പിതാവെന്ന വിസ്മയനീയമായ അതേ നിലയിലേക്ക് അയാൾ ഉയരും.

സഖ്യാംഗമായ സഹോദരൻ ഒരു ദുരിതനിവാരണോദ്യോഗസ്ഥനല്ല. ഉദാസീനവും ഔദ്യോഗികവുമായ ധർമ്മം കൊടുക്കലല്ല അദ്ദേഹത്തിന്റേത്. അയൽക്കാരൻെറ ഭൗതികക്ഷാമത്തെ ലഘൂകരിക്കുന്ന വെറും ജീവകാരുണ്യവുമല്ല അദ്ദേഹത്തിന്റേത്. സാധുജനസന്ദർശനത്തിൽ അദ്ദേഹത്തിനുള്ള പ്രേരണയും ഉദ്ദേശ്യവും ഇവയെക്കാളൊക്കെ ഉൽകൃഷ്ടമാണ്. ക്രിസ്തുവിനോടുള്ള സ്നേഹം-അതാണ് അദ്ദേഹത്തെ നയിക്കുന്നത്. രോഗിയും അഗതിയും ഏകാന്തതയനുഭവിക്കുന്നവനുമായ ക്രിസ്തുവിനെയാണ് അവിടുത്തെ അംഗങ്ങളിൽ അദ്ദേഹം അന്വേഷിക്കുന്നതും കണ്ടെത്തുന്നതും സഹായിക്കുന്നതും.

അയാൾ നല്കുന്ന ദാനം ലഘുവായിരിക്കാം; എന്നാൽ, അതു കൊടുക്കുന്നതിൽ അവലംബിക്കുന്ന വിധം, ആ ദാനം സ്വീകരിക്കുന്ന കുടുംബങ്ങളിൽ, അതു കൊടുക്കുവാൻ പ്രേരിപ്പിച്ച ക്രൈസ്തവസാഹോദര്യത്തെ—ഉപവിയെ—പ്രോജ്ജ്വലമാക്കുന്നു. ദത്തെടുത്ത കുടുംബങ്ങളെ അനുക്രമമായി സന്ദർശിക്കുന്നതുനിമിത്തം സഖ്യാംഗങ്ങളും ആ കുടുംബങ്ങളിലെ അംഗങ്ങളും തമ്മിൽ മൈത്രീബന്ധം ഉളവാകുന്നു. ഈ മൈത്രി രക്ഷാകരമായ ഫലങ്ങൾ ഉളവാക്കുന്നു. സംശയിക്കപോലും ചെയ്യാത്ത അവരുടെ ആത്മീയാവശ്യങ്ങൾ നാം അറി

യുന്നതിന്ന് ഇടയാകുന്നു. അങ്ങനെ ദയാപൂരിതമായ ഉപദേശങ്ങൾക്കു വാതിൽ തുറന്നു കിട്ടുന്നു. ആ ഉപദേശങ്ങൾ കുടുംബഭിന്നതകളെ മയപ്പെടുത്തും; വിദ്വേഷത്തെ ഇല്ലാതാക്കും; മാതാപിതാക്കന്മാരുടെ അധികാരത്തേയും ഉത്തരവാദിത്വബോധത്തേയും പുനഃസ്ഥാപിക്കുകയോ ബലപ്പെടുത്തുകയോ ചെയ്യും; ഭവനത്തെ, അതായിരിക്കേണ്ടതുപോലെ, സകല ക്രിസ്തീയപുണ്യങ്ങളുടേയും ആസ്ഥാനവും അഭ്യസനരംഗവുമാക്കിത്തീക്കും. സഹോദരൻെറ കാരുണ്യപൂർവ്വമായ നിയന്ത്രണത്തിൽ ആ കുടുംബം തിരുഹൃദയത്തിന്നു പ്രതിഷ്ഠിതമാകും; അവർ നിത്യവും ജപമാല ചൊല്ലിത്തുടങ്ങും; കൂടെക്കൂടെ ദിവ്യബലിയിൽ സംബന്ധിക്കുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യും; തൻെറ പുരോഹിതന്മാർവഴി ദൈവം ആ ഇടവകയിൽ നല്കുന്ന എല്ലാ ആദ്ധ്യാത്മികസഹായവും പരമാവധി പ്രയോജനപ്പെടുത്തുവാൻ അവർ ഉദ്യുക്തരാകും. ക്രിസ്തുവിലുള്ള ഈ പിതൃത്വം നിഗ്രഢമായിരിക്കാമെങ്കിലും ഏററം ഫലസമ്പുഷ്ടമല്ലേ? അതിൻെറ രക്ഷാകരഫലങ്ങൾ അംഗങ്ങൾ ദത്തെടുത്ത ഒരു കുടുംബത്തിനുള്ളിൽമാത്രം ഒതുങ്ങി നില്ക്കുന്നില്ല. വത്സരങ്ങൾ കടന്നുപോകും. ആ കുടുംബത്തിലേ ഇളയ അംഗങ്ങൾ സമയത്തിൻെറ തികവിൽ പുതിയ കുടുംബങ്ങൾ സ്ഥാപിക്കും. സെൻറ് വിൻസെൻറ് ഡി പോൾ സഖ്യാംഗമായ ഒരു സഹോദരൻ നല്കിയ പൈതൃകപാലനം നിമിത്തം അവ കൂടുതൽ ക്രൈസ്തവമായിരിക്കും.

കുടുംബങ്ങളെ ദത്തെടുത്തു സന്ദർശിക്കുകയായിരുന്നു സഖ്യത്തിൻെറ മൗലികമായ പ്രവർത്തനം. അതിൽ

നിന്നു നാനാതരങ്ങളായ പ്രത്യേകാവശ്യങ്ങൾക്കവേണ്ടി ശ്രേഷ്ഠങ്ങളായ പ്രത്യേകപ്രവത്തനങ്ങളും മുളയെടുത്തു. സഹോദരന്മാരുടെ തീക്ഷ്ണതയ്ക്കും ഉദാരതയ്ക്കും ഇനിയും വിപുലമായ പ്രവത്തനസാധ്യതകളുണ്ട്. പാവങ്ങളുടെ പ്രിയ പിതാവായിരുന്ന ജോൺ മാക്ഗഫിന്നസിനെപ്പററി ഒന്നുകൂടി അനുസ്മരിക്കാം. ഹോസ്റ്റൽ ഗിൽഡ്, നാവികസമാജം, നിശാസങ്കേതം, തൊഴിൽരഹിതരുടെ സമാജം എന്ന സംഘടനകളുടെയെല്ലാം പ്രവത്തനങ്ങൾവഴി, താൻ പാവങ്ങളുടെ യഥാർത്ഥപിതാവാകുന്നെന്ന് അദ്ദേഹം പ്രത്യക്ഷമാക്കി. സ്വർഗ്ഗത്തിൽ സമുന്നതമായ സ്ഥാനം ലഭിച്ചതിന്, പോരാ, അവിടെ കയറിപ്പററാൻ സാധിച്ചതിനുതന്നെ ജോണിനോടും അദ്ദേഹത്തെപ്പോലുള്ള പ്രേഷിതന്മാരോടും കടപ്പെട്ടിരിക്കുന്ന ആത്മാക്കളെ എണ്ണുവാൻ ആർക്കാണു കഴിയുക?

സഹോദരന്മാരുടെ ഇത്തരം പ്രവത്തനങ്ങളെപ്പററി പൊതുജനങ്ങൾ എന്തറിയുന്നു? സഖ്യാംഗങ്ങൾതന്നേയും തങ്ങളുടെ പ്രത്യേകകോൺഫ്രൻസുകൾക്കപുറമേ നടക്കുന്നവയെപ്പററി അധികമൊന്നും അറിയുന്നില്ല. വലതുകരത്തിൻെറ പ്രവൃത്തിയെന്തെന്നു് ഇടതുകരം അറിയാതിരിക്കുവാൻ അവർ ശ്രദ്ധിക്കുന്നു. എന്നാൽ, രഹസ്യത്തിൽ കാണുന്ന പിതാവു പ്രതിഫലം നല്കുമെന്നുള്ള നമ്മുടെ കത്താവിൻെറ വാഗ്ദാനം(മത്താ. 6: 3, 4). അവർക്കു പ്രോത്സാഹകമാണു്. സ്വർഗ്ഗസ്ഥനായ പിതാവിൻെറ ആഗ്രഹങ്ങൾ സാധിക്കുവാൻവേണ്ടി അവർ

ചെയ്യുന്ന ജോലിയുടെ ഔൽകൃഷ്ട്യവും സ്വഭാവവുമനുസരിച്ചായിരിക്കും പ്രതിഫലത്തിന്റെ സ്വഭാവവും അളവും. ആത്മാക്കളിൽ ക്രിസ്തുവിനെ സംരക്ഷിക്കുന്നവരായി അവർ തങ്ങളെത്തന്നെ അർപ്പിക്കുന്നു. ആ നിലയിൽത്തന്നെ അവിടുന്ന് അവർക്കു പ്രത്യേകമായ പ്രതിഫലം നല്കും.



# VI

# വിശുദ്ധിയുടെ രാജവീഥി

ഫ്റഡറിക്കിന്ന പതിനെട്ടു വയസ്സുള്ളപ്പോഴാണ് ഒരെഴുത്തുകാരനെന്ന നിലയിൽ അദ്ദേഹം അറിയപ്പെട്ടു തുടങ്ങിയതു്. ആദ്യലേഖനങ്ങഠം സ്നേഹിതന്മാരുടെ ഉദാരമായ അഭിനന്ദനത്തിന്ന വിഷയമായി. ഇതു് അദ്ദേഹത്തെ അതീവസന്തുഷ്ടനാക്കി. പ്രശംസാഭിലാഷം ഫ്റഡറിക്കിനെ വലിച്ചിഴച്ചുതുടങ്ങി. അതു് അദ്ദേഹംതന്നെ ഒരു സ്നേഹിതനോടു സമ്മതിച്ചുപറഞ്ഞിട്ടുണ്ടു്. അതിനെതിരായി അദ്ദേഹം പൊരുതി. "ഈ പ്രശംസ ശൂന്യമാണെന്നു് എനിക്കറിയാം. എങ്കിലും ഞാനതിനെ അന്വേഷിച്ചുപോകുന്നു! എൻെറ പ്രിയ സ്നേഹിതാ, ഒന്നേയുള്ളു നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുവാൻ

പോരുന്ന നിയമം, സ്നേഹത്തിൻെറ നിയമം—ദൈവസ്നേഹവും സഹോദരസ്നേഹവും. സ്നേഹത്തിൻെറ ഈ പ്രമാണം നമുക്കു നിയമമായിരിക്കട്ടെ. അപ്പോൾ നാം വ്യത്ഥസ്തുതിയെ ചവിട്ടി മെതിക്കും. നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം കത്തിജ്വലിക്കും. സഹോദരരോടും യഥാത്ഥസൗഭാഗ്യത്തോടുമുള്ള സ്നേഹം ആളിക്കത്തും.”

ഇവ വ്യത്ഥമായ വാക്കുകളായിരുന്നില്ല. ആധ്യാത്മികകാര്യങ്ങളിൽ പ്രായത്തിൽക്കവിഞ്ഞ പക്വത പ്രാപിച്ച ഒരു യുവഹൃദയത്തിൻെറ ഉൽകൃഷ്ടവിചാരങ്ങളായിരുന്നു. നമ്മുടെ പ്രവൃത്തികളെ നയിക്കേണ്ട ഏകനിയമമായി ഫ്റഡറിക്കു ചൂണ്ടിക്കാണിച്ച സ്നേഹത്തിൻെറ പ്രമാണം ആയിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിന് ഉത്തേജനം നല്കിയിരുന്നതു്. സ്നേഹത്തിൻെറ ആ പ്രമാണംതന്നെയാണ് അദ്ദേഹത്തെ വിശുദ്ധിയുടെ രാജവീഥിയിലേക്കു നയിച്ചതും.

## ജീവിതയാത്ര

ജീവിതമാകുന്ന തീത്ഥയാത്രയുടെ ആരംഭംമുതൽ കന്യകാമറിയം ഒസ്സാനാമിന് അത്യുത്തമയായ ഒരു മാർഗ്ഗദശിനിയായിരുന്നു. ഫ്രഡറിക്ക്, ഫോർവിയറിലെ മരിയൻദൈവാലയത്തിൻെറ പരിസരങ്ങളിലാണു വളർന്നുവന്നതു്. ദൈവമാതാവിനോടു സവിശേഷഭക്തിയില്ലാത്ത ദൈവസ്നേഹിയില്ല. ഫ്രഡറിക്കും മരിയഭക്തനാണ്. മേരീസ്തുവങ്ങളാണു വിദ്യാഭ്യാസകാലത്തു് അദ്ദേഹം രചിച്ച ഗദ്യപദ്യങ്ങളെല്ലാംതന്നെ. വിൻസെൻറ് ഡിപോൾ സഖ്യത്തെ അതിൻെറ ശൈശവത്തിൽത്തന്നെ

മറിയത്തിൻെറ സംരക്ഷണത്തിനേല്പിച്ചതും സമ്മേളന സമയത്തുള്ള പ്രാത്ഥനയിൽ "നന്മനിറഞ്ഞമറിയം" കൂട്ടിച്ചേർത്തതും അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചാണ്. എന്നാൽ, ജീവിതസായാഹ്നത്തിലത്രേ അദ്ദേഹത്തിൻെറ മരിയഭക്തി കൂടുതൽ പ്രകടമായത്. ആരോഗ്യസംരക്ഷണാർത്ഥം അന്നു ചെയ്ത വിദേശയാത്രയിൽ എത്തുപെട്ട മരിയൻദൈവാലയങ്ങളും മരിയൻകപ്പേളകളുമെല്ലാം അദ്ദേഹം സന്ദർശിച്ചു.

തൻെറ സ്പെയിൻപര്യടനത്തെ വണ്ണിക്കുന്ന ഒരു പുസ്തകത്തിൽ ദൈവമാതൃഭക്തിയുടെ ഉജ്ജ്വലതീക്ഷ്ണതയാൽ പ്രചോദിതനായി ഫ്റഡറിക്ക് എഴുതുകയാണ്: "എൻെറ മാതാവേ, പരി. കന്യകേ, അങ്ങേ ശക്തി എത്ര വലുത്! നസ്രസിലെ കൊച്ചുകുടിലിനു പകരം ദിവ്യസുതൻ അങ്ങയുടെ ബഹുമാനത്തിനായി പടുത്ത മണിമന്ദിരങ്ങൾ എത്ര മഹനീയങ്ങൾ! അവയിൽ പലതും എനിക്കു സുജ്ഞാതമാണ്. കൊളോഞ്ഞേയിലേ മരിയദൈവാലയംമുതൽ റോമിലേ മരിയമജ്ജോരെ വരേയും ഫ്ലോറൻസിലേ മരിയദൈവാലയംമുതൽ ചാർട്രസിലേ മേരീനികേതംവരേയും ഞാനറിയും. സ്പെയിനിലേ ഭടന്മാർ, തങ്ങളുടെമദ്ധ്യേ അങ്ങേയ്ക്കു ഉചിതമായ ഒരു വസതിയുണ്ടാക്കുവാൻ പടവാൾ താഴെ വച്ചിട്ട്, ഉളിയും കൊട്ടുവടിയും പിടിച്ചു മന്ത്രുകൊല്ലം നിസ്തന്ദ്രമായി ശ്രമിച്ചു. സൽഗ്ഗുണപൂർണ്ണയായ കന്യകേ, അങ്ങേ മാദ്ധ്യസ്ഥ്യംവഴിയാണല്ലോ ഇത്ര വലിയ അത്ഭുതങ്ങൾ ചെയ്യപ്പെട്ടതു്. എനിക്കും എൻെറ സ്വന്തമായവർക്കും വേണ്ടി അങ്ങു മാദ്ധ്യസ്ഥ്യം വഹിച്ചാലും. വിറകൊള്ളു

ന്ന ശരീരമാകുന്ന ഞങ്ങളുടെ വസതിയെ അങ്ങ ശക്തിപ്പെടുത്തുക; ഞങ്ങളുടെ ആത്മാക്കളുടെ പുണ്യപൂർണ്ണതാസൗധം ആകാശംവരെ പണിതുയർത്തുക."

ഫ്റഡറിക്കിൻെറ ലോകജീവിതത്തിലെ അവസാനത്തെ സ്വർഗ്ഗാരോഹണത്തിരുനാളിൽ അദ്ദേഹം ഇററാലിയൻ കടൽക്കരയിൽ ഒരു ചെറിയ വിശ്രമാലയത്തിലായിരുന്നു. അനാരോഗ്യം മൂർദ്ധന്യത്തിലെത്തിയ അവസരം. ഭർത്താവിനു ദിവ്യബലിയിൽ സംബന്ധിക്കുവാൻ ദൈവാലയത്തിൽ പോകുന്നതിനു ഫ്റഡറിക്കിൻെറ ഭാര്യ ഒരു വണ്ടി വാടകയ്ക്കെടുത്തു. പക്ഷെ, അതുപയോഗിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. അദ്ദേഹം പറഞ്ഞു: "ഈലോകത്തിൽ ഇതു് എൻെറ അവസാനത്തെ നടപ്പായിരിക്കാം. അതു് എൻെറ ദൈവത്തെയും അവിടുത്തെ ദിവ്യാംബികയെയും സന്ദർശിക്കുന്നതിനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ഈ അന്ത്യയാത്ര ചില വസ്തുതകൾ പ്രകടമാക്കി—ഒസ്സാനാമിൻെറ ഉൽക്കടമായ സ്നേഹത്തിനു വിഷയമായ രണ്ടു സംഗതികളും അവയെ വിനയപൂർവ്വം സേവിക്കുകയും അനുകരിക്കുകയും ചെയ്യുന്ന സമ്പ്രദായങ്ങളും. നിർവ്യാജമായ എളിമയില്ലാതെ പുണ്യമില്ല; ദൈവസ്നേഹവുമില്ല. ദൈവസ്നേഹത്തിൻെറ പ്രായോഗികവും അവശ്യകവുമായ അടിസ്ഥാനമാകുന്നു എളിമ. പോരാ, അതു ദൈവസ്നേഹംതന്നെയാണ്. ഫ്റഡറിക്ക് ആജീവനാന്തം എളിമ അഭ്യസിച്ചു. അഹങ്കാരിയാകുവാൻ പ്രലോഭിപ്പിക്കുന്ന ഹേതുക്കളായ സാമർത്ഥ്യവിശേഷങ്ങൾ ഒസ്സാനാമിനു പലതുണ്ടായിരുന്നു—വിദ്യാലയജീവിത

ത്തിന്ന തങ്കം ചാർത്തിയ പ്രശസ്തപരീക്ഷാവിജയങ്ങാം, അധ്യാപനത്തിലും സാഹിത്യത്തിലും നേടിയ യശസ്സു മുതലായവ. ആ ചെറുസംഘത്തിൻെറ അത്ഭുതകരമായ വളർച്ചമാത്രം മതിയായിരുന്നു, ഉപരിപ്ലവബുദ്ധിയായ ഒരുവന്ന് ഗർവ്വിഷ്ഠനായി ആദ്ധ്യാത്മികമായി അധഃപതിക്കുവാൻ. എന്നാൽ, ഫ്റഡറിക്ക് അഗാധമായ എളിമയോടുകൂടിത്തന്നെ വർത്തിച്ചു. സൽപ്രവൃത്തികാംക്കു ലഭിച്ചിരുന്ന പ്രശംസകളെല്ലാം അദ്ദേഹം ആവുന്നത്ര മററുള്ളവരിൽ ആരോപിക്കുകയും തൻെറ കഴിവുകളും അവനിമിത്തമുണ്ടായ വിജയങ്ങളും ദൈവത്തിൻേറതാണെന്നു കൃതജ്ഞതാപൂർവ്വം സമ്മതിച്ചുപറയുകയും ചെയ്തിരുന്നു.

വിൻസെൻറ് ഡി പോാം സഖ്യത്തിൻെറ സ്ഥാപകനെന്ന സ്ഥാനം ഫ്റഡറിക്ക് എപ്പോഴും മററുള്ളവരിൽ ആരോപിക്കുന്നതു കണ്ടു് അതിൻെറ പ്രാഥമികാംഗങ്ങളിൽ ഒരാം ന്യായപൂർവ്വം ആവലാതിപ്പെട്ടു: "നമ്മുടെ പ്രിയപ്പെട്ട ഒസ്സാനാം അമിതമായ എളിമനിമിത്തം നമ്മുടെ സ്ഥാപകൻെറ ചരിത്രം തെററിച്ചെഴുതുവാൻ ഇടയാക്കുന്നു. ഈ നിസ്വാർത്ഥതയെ ദൈവം പൂർണ്ണമായി പ്രതിസമ്മാനിക്കുമെങ്കിലും സത്യത്തിന്നു വിരുദ്ധമായി എഴുതുകയും പറയുകയും ചെയ്തതിന്നു ദൈവം അദ്ദേഹത്തെ ശാസിക്കാതിരിക്കയില്ല."

വിവാഹനിശ്ചയാവസരത്തിൽ ഒസ്സാനാം വിസ്മയിച്ചു: "ഇത്ര പാവനയും പവിത്രയുമായ ഒരു കൊച്ചുകുമാരിയെ ദൈവം എൻെറ കരങ്ങളിൽ ഏല്പിക്കുകയോ!" അപ്പോാം അദ്ദേഹം പ്രേമഭാജനത്തിന്നെഴുതിയ ലേഖ

നം വളരെ വിചിത്രമെങ്കിലും അദ്ദേഹത്തിൻെറ വിനയത്തെ പ്രകടമാക്കുന്നു: "സംശയങ്ങഠം എന്നെ ശല്യപ്പെടുത്തും; പ്രയാസങ്ങഠം എൻെറ അന്ത:കരണത്തെ അലട്ടും; ഭാവിയുടെ ഭീകരത എന്നെ പരിഭ്രാന്തനാക്കും. അപ്പോഠം ഭവതിയെപ്പററി ചിന്തിച്ചുകൊണ്ടു ഞാൻ സമാധാനം പ്രാപിച്ചുകൊള്ളാം. എന്നെ ഇരുട്ടിലേക്കും നാശത്തിലേക്കും തള്ളിക്കളയുക ഉചിതമെന്നു ദൈവം കരുതുന്നില്ല: അല്ലെങ്കിൽ, പവിത്രതയുടേയും നൈർമ്മല്യത്തിൻേറയും നിഷ്കാപട്യത്തിൻേറയും ഹൃദയാർദ്രതയുടേയും നിറകുടമായ ഭവതി വഴിതെററി എൻെറ കൈയിൽ വന്നു കുടുങ്ങുവാൻ സ്നേഹതാതനായ ദൈവം അനുവദിക്കുമായിരുന്നില്ല എന്നുതന്നെ ഞാൻ പറഞ്ഞുകൊള്ളട്ടെ." ആ എഴുത്തിൽത്തന്നെ ആദ്യഭാഗത്തു് അദ്ദേഹം പറഞ്ഞിരുന്നു, തന്നിൽ എന്തോ നന്മയുണ്ടെന്നു താൻ ചിന്തിച്ചുതുടങ്ങിയിരിക്കുന്നുവെന്നു്. കാരണം, വേറൊരു വ്യക്തിക്കു താൻ പ്രേമഭാജനമായിത്തീർന്നിരിക്കുന്നു.

ഫ്റഡറിക്കു പാരീസിൽ പ്രൊഫസറായിരുന്നപ്പോഠം ദുരുദ്ദേശപരങ്ങളായ ചില പ്രസിദ്ധീകരണങ്ങഠം അദ്ദേഹത്തിനെതിരായി പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിൻെറ സുദൃഢമായ കത്തോലിക്കവിശ്വാസംതന്നേയും ചോദ്യം ചെയ്യപ്പെട്ടു. ഇതു ലയൺസിലേ അദ്ദേഹത്തിൻെറ സുഹൃത്തുക്കളെ വല്ലാതെ വിഷമിപ്പിച്ചു. ഒസ്സാനാം അതു വേഗം മനസ്സിലാക്കി, അന്തസ്സുവിടാതെ, എന്നാൽ, വിനീതമായി തന്നെത്തന്നെ സാധൂകരിച്ചുകൊണ്ടു് ഒരു മറുപടി എഴുതി. അതിൽ അദ്ദേഹം പ്ര

സ്താവിക്കുന്നു: "എന്നെ എനിക്കു നല്ലതുപോലെ അറിറിയാം. ദൈവം എനിക്കു അധ്വാനശീലം നല്കിയിട്ടുണ്ടെങ്കിൽ അതു സ്വന്തം പ്രാഗല്ഭ്യമാണെന്നു ഞാൻ തെററിദ്ധരിച്ചിട്ടില്ല. എൻെറ നില താഴ്ന്നതുതന്നെ. അവിടെനിന്നുകൊണ്ടു വിശ്വാസത്തിൻെറ പാദസേവ ചെയ്യു ജീവിതം നേരുവാൻ ഞാൻ കൊതിക്കുന്നു. തീർച്ചതന്നെ, മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ തൻെറ ഔദാര്യംനിമിത്തം സ്വീകരിച്ച പതിനൊന്നാം മണിക്കൂറിലെ ഒരു തൊഴിലാളി, ഉപയോഗമില്ലാത്ത ഒരു വേലക്കാരൻ; ആയി മാത്രമേ എന്നെ ഞാൻ കരുതുന്നുള്ളു."

ഫ്രഡറിക്ക് ഉള്ളു തുറന്നു് ഒരു സ്നേഹിതനെഴുതിയ ഈ വാക്കുകൾ അദ്ദേഹത്തിൻെറ എളിമ എത്ര അഗാധമാണെന്നു സ്പഷ്ടമാക്കുന്നു. അദ്ദേഹം വ്യർത്ഥസ്തുതിയെ ചവിട്ടി മെതിച്ചു. മാത്രമല്ല, ദൈവസന്നിധിയിൽ താൻ ശൂന്യനും ഫലരഹിതനുമാണെന്ന സുദൃഢബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഒസ്സാനാമിൻെറ എളിമ യഥാർത്ഥമായിരുന്നു. ആകയാൽ, ദൈവം അദ്ദേഹത്തിൻെറ പക്കലേക്കിറങ്ങിച്ചെന്നു ദാനങ്ങൾ ധാരാളമായി വർഷിച്ചു; അദ്ദേഹത്തിൻെറ ഹൃദയം സ്നേഹോജ്ജ്വലമാക്കി.

## ദിവ്യഭോജനം

ഫ്രഡറിക്കിൻെറ ഹൃദയത്തിൽ ദൈവസ്നേഹാഗ്നി കത്തിജ്വലിച്ചിരുന്നു. ദിവ്യകാരുണ്യനാഥനോടുള്ള ഭക്തിയിലാണു് അതു് ഏററം ആളിക്കത്തിയതു്. അദ്ദേഹം കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിച്ചുവന്നു. അതും തികഞ്ഞ തീക്ഷ്ണതയോടെ. അന്നത്തെ ആചാരവുമാ

യി താരതമ്യപ്പെടുത്തുമ്പോഴാണ് അതെത്ര വലിയ ഭക്തിയെയാണു സൂചിപ്പിക്കുന്നതെന്നു മനസ്സിലാകുക. തിരുഹൃദയഭക്തിയുടെ പൂർണ്ണവികസനം അങ്ങകലെയായിരുന്ന കാലം. ജാൻസനിസത്തിൻെറ ശീതവാതം അന്തരീക്ഷത്തിൽനിന്നു മാറിയിരുന്നില്ല. പെസഹാക്കാലങ്ങളിൽപ്പോലും ആളുകളെ കൂദാശസ്വീകരണത്തിനു പ്രേരിപ്പിക്കുവാൻ അശ്രാന്തപരിശ്രമംതന്നെ ചെയ്യേണ്ടിയിരുന്നു. ആ പരിശ്രമത്തിൽ പങ്കെടുക്കുകയും അതുമൂലം ആണ്ടുതോറും അധികമധികമാളുകൾ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിന് ഇടവരുന്നതു കാണുകയും ഫ്രഡറിക്കിനു വളരെ സന്തോഷപ്രദമായിരുന്നു.

ഒരിക്കൽ ഫ്റഡറിക്കും ഭാര്യയും റോമിൽ ചെന്നപ്പോൾ ഒൻപതാംപീയൂസ് മാർപ്പാപ്പായെ സന്ദർശിക്കുന്നതിനും പരി. പിതാവിൻെറ തൃക്കരങ്ങളിൽനിന്നു ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും ഭാഗ്യം ലഭിച്ചു. അപ്പോൾ ക്രിസ്തുവിൻെറ വികാരി ബലി അർപ്പിക്കുന്നു എന്ന ചിന്ത ഫ്റഡറിക്കിനെ രോമാഞ്ചം കൊള്ളിച്ചു. "അനിതരപ്രഭാവനായ ഒൻപതാംപീയൂസ് തിരുമേനി കത്തുന്ന തിരികളാൽ അലംകൃതമായ അൾത്താരയുടെ അഴിക്കാലുകളോടടുക്കുന്നതു ഞാൻ കണ്ടു. അടുക്കുന്തോറും അവിടുത്തെ പ്രാഭവവും പ്രശാന്തതയും കൂടുതൽ പ്രകടമായി. അവിടുത്തെ തിരുവാഴി, പതിനെട്ടു നൂററാണ്ടുകളായി അനേകം അനശ്വരകർമ്മങ്ങൾക്കു മുദ്രവച്ച ആ മുക്കുവമോതിരം ഞാൻ ചുംബിച്ചു. വീണ്ടും തിരുമേനിയെ വീക്ഷിക്കുവാൻ എനിക്കു സാധിച്ചില്ല. കാരണം,

ത്താരുടെ മുമ്പിൽ മാർപ്പാപ്പാമാർതന്നേയും പൊടിയാക്കുന്നുവോ ആ സർവ്വനാഥനിൽ എൻെറ മനസ്സിനെ ഏകാഗ്രമായി നിറുത്തുവാൻ ഞാൻ ആഗ്രഹിച്ചു."

വേറൊരവസരത്തിൽ അദ്ദേഹം ഒരു സ്നേഹിതനെഴുതി: "ദിവ്യഭോജനത്തിൽനിന്നു ലഭിക്കുന്ന ആനന്ദം അവാച്യമാണ്. അതു സന്തോഷപാരവശ്യം നല്കുന്നു. കുരിശിനെ ആലിംഗനം ചെയ്യുവാനും ലോകം മുഴുവനും ക്രിസ്തുവിനെ നിഷേധിച്ചാലും അവിശ്വാസത്തിനെതിരായി ആയുധമെടുക്കുവാനും എനിക്കു കരുത്തരുളുന്ന മനോധാർഢ്യം എന്നിൽ ജനിപ്പിക്കുവാൻ ദിവ്യഭോജനത്തിനു കഴിവുണ്ട്." ജീവത്യാഗം തന്നേയും അർഹിക്കുന്ന അനന്തമായ ആശ്വാസത്തിൻെറ നീർച്ചാലാണു ദിവ്യകാരുണ്യമെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

ദിവ്യകാരുണ്യസ്വീകരണാവസരത്തിൽ അദ്ദേഹം സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അവരും താനും ഒന്നെന്നബോധം അപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നു. "നിങ്ങളുടെ സഹവാസം ലഭിക്കാത്ത വലിയ തിരുനാളുകളിൽ അൾത്താരയുടെ മുമ്പിൽ നിങ്ങളെ ഞാൻ കാണുന്നു. ഞാൻ പരി. കർബാന കൈക്കൊള്ളുമ്പോൾ ഒരേ രക്ഷകനിൽ യോജിച്ചിരിക്കുന്ന എൻെറ സുഹൃത്തുക്കളെല്ലാവരോടും ഞാൻ ഏററം അടുത്തിരിക്കുന്നുവെന്ന് എനിക്കുറച്ച വിശ്വാസമുണ്ട്."

1848-ലെ രാഷ്ട്രീയവിപ്ലവം ഫ്രഡറിക്കിൻെറ ക്രൈസ്തവചൈതന്യത്തിനു ദുസ്സഹമായിരുന്നു. ആ കൊല്ലം ദുഃഖശനിയാഴ്ച അദ്ദേഹം തൻെറ അമ്മായിയമ്മയ്ക്ക് ഒരു കത്തെഴുതി. അതിൽ വികാരങ്ങൾ ചിറപൊട്ടി ഒഴ

കിയിരിക്കയാണ്. തൻെറ അഗാധമായ ദിവ്യകാരുണ്യഭക്തിക്ക് അതു സാക്ഷിനില്ക്കുന്നു. "ഈ ജീവിതത്തിൽ ദു:ഖങ്ങളും പീഡകളും പരാജയങ്ങളുമുണ്ട്. എന്നാൽ, അവയ്ക്കുശേഷം വി. യോഹന്നാനെപ്പോലെ രക്ഷകൻെറ തിരുമാറിൽ ചാരിക്കിടന്നു സമാധാനപൂൎണ്ണമായ ആ ചുരുങ്ങിയ നിമിഷങ്ങൾ ആസ്വാദിക്കുക എത്ര ആശ്വാസപ്രദമാണ്! അധ്വാനിച്ചു തല മരവിക്കുമ്പോൾ, എതിർപ്പും നിരാശയും ഹൃദയത്തിൽ തിക്തകം നിറയ്ക്കുമ്പോൾ, മനുഷ്യൻ കാര്യമില്ലാത്ത വടംവലികളിൽനിന്നും ദുരാശകളുമായുള്ള വേഴ്ചയിൽനിന്നും പിന്മാറുന്നു, ഈ വിശുദ്ധദാനങ്ങളുടെ സമാധാനം ആസ്വാദിക്കുവാൻ. നാളെ രാവിലേ നമ്മെ പ്രതീക്ഷിക്കുന്ന കാരുണ്യമൂൎത്തിയായ ദിവ്യനാഥൻെറ പാദാന്തികത്തിൽ ഓടിയണയുക എത്ര നല്ലതാണ്!" തിരുഹൃദയഭക്തിയുടെ ഈ യുഗത്തിൽ, ദിവ്യനാഥൻ സ്നേഹക്രൂദാശയിൽ നമുക്കു വളരെ കൂടുതൽ പ്രാപ്യനായിരിക്കുന്ന ഈ നൂററാണ്ടിൽ, നമ്മെ കുററപ്പെടുത്തുന്നില്ലേ ഒസ്സാനാമിൻെറ സജീവവിശ്വാസവും ദിവ്യകാരുണ്യഭക്തിയും?

## മരണകവാടത്തിങ്കൽ

1852-ലേ വസന്തകാലം. ഒസ്സാനാം രോഗശയ്യയിൽ നിന്നെഴുന്നേററു, ഒരു പ്രഭാഷണം നടത്തുവാൻ. അതു് അദ്ദേഹത്തിൻെറ അവസാനത്തേ പ്രഭാഷണമായി പരിണമിച്ചു. അത്ര ഗുരുതരമായിരുന്നു ആ പ്രഭാഷണം വരുത്തിവച്ച ഫലം. അതു് അദ്ദേഹത്തെ മരണത്തിൻെറ പടിവാതില്ക്കൽ കൊണ്ടുവന്നുനിറുത്തി. തൽ

കാലത്തേക്ക് അദ്ദേഹം സുഖം പ്രാപിച്ചു; എങ്കിലും, അതു ദീർഘമായ കുരിശിന്റെവഴി ആരംഭിക്കുവാൻ മാത്രമായിരുന്നു. പതിനഞ്ചുമാസം ദീർഘിച്ച ആ വ്യാകുലയാത്രകൊണ്ട് അദ്ദേഹം തന്റെ സ്നേഹബലി പൂർത്തിയാക്കി.

സഹനമായിരുന്നു ഫ്റഡെറിക്കിന്റെ ഓഹരി: അധികമായ ആലസ്യവും ഏറിയേറി വന്ന രോഗബാധയും. അദ്ദേഹമവയെ സഹിച്ചതെങ്ങനെയെന്നോ? തന്റെ ദാരുണമായ അവസ്ഥയിൽ അദ്ദേഹം തീവ്രമായ പീഡകൾ സഹിച്ചു; എങ്കിലും, ക്രൈസ്തവോചിതമായ മാനസിക പ്രശാന്തത പരിത്യജിച്ചില്ല. ഭാര്യയുടേയും കുട്ടിയുടേയും സുഹൃത്തുക്കളുടേയും സ്നേഹം അദ്ദേഹത്തിന്റെ കയ്പുനിറഞ്ഞ കാസായിൽ മാധുര്യം കലത്തിയിരുന്നു. അതിന്നു് അദ്ദേഹം ദൈവത്തോട്ട് അതിരററ കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ആരോഗ്യം അല്പം ഭേദപ്പെട്ടിരുന്ന ഓരോ അവസരത്തിലും സ്പെയിൻ, ഫ്രാൻസ്, ഇററലി മുതലായ രാജ്യങ്ങളിൽ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം പ്രചരിപ്പിക്കുന്നതിന്ന് അദ്ദേഹം കടുത്ത തീക്ഷ്ണതയോടെ ശ്രമിച്ചുവന്നു; അതിന്നു ലഭിച്ച സാഹചര്യങ്ങൾ നന്നായി പ്രയോജനപ്പെടുത്തി; ചില സ്ഥലങ്ങളിൽ അതിന്നുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചു. ഒസ്സാനാം സദാസമയവും ക്രിസ്തു നല്കിയ കുരിശിനെ സുധീരമായ സ്നേഹത്തോടെ ആലിംഗനം ചെയ്തിരുന്നു.

അദ്ദേഹം വേറൊരാൾക്കെഴുതിയ സാന്ത്വനോക്തികൾ അദ്ദേഹത്തിന്റെ ഉള്ളറയിൽ ഒളിഞ്ഞിരു

നാ വികാരങ്ങളെ ഇപ്രകാരം പുറത്തു കൊണ്ടുവരുന്നു: "ഈലോകത്തിൽ ദീർഘമായ കഠിനയാതനകൾ സഹിക്കുന്ന കത്തോലിക്കരെ കാണുമ്പോൾ ശുദ്ധീകരസ്ഥലം ഇവിടെത്തന്നെ കഴിക്കുന്നവരായി അവരെ ഞാൻ എണ്ണുന്നു. ശുദ്ധീകരസ്ഥലത്തിൽ പീഡ സഹിക്കുന്ന സഭയോടു നാം കടപ്പെട്ടിരിക്കുന്ന അനുകമ്പയും സഹായവും ഇവരും അർഹിക്കുന്നു. ഈലോകത്തിലേ സഹനങ്ങൾ പാപപരിഹാരാർത്ഥം സ്വീകരിക്കുവാൻ ദൈവം തിരുമനസ്സാകുന്നതിനാൽ ഇത്ര ചുരുങ്ങിയ ചെലവുകൊണ്ടു ശുദ്ധീകരിക്കപ്പെടുന്നവർ എത്ര ഭാഗ്യവാന്മാർ! ഇവിടത്തെ പീഡകൾ മരണാനന്തരജീവിതത്തിലേതിനെക്കാൾ അനന്തമായവിധം ലഘുവാണല്ലോ. ഇവിടെവച്ചു സഹിക്കുമ്പോൾ മതവും കുടുംബവും സുഹൃത്തുക്കളും ആശ്വാസമരുളും. സ്നേഹാർദ്രമായ ശുശ്രൂഷ ചെയ്യുവാൻ ജീവൻ ചെലവിടുന്ന പ്രേമഭാജനത്തോടുകൂടെ വസിച്ചുകൊണ്ടാണു് അതു നാം സഹിക്കുന്നതു്. ആനന്ദക്കുട്ടന്മാരായ കുഞ്ഞുങ്ങളുമുണ്ടു് നമ്മോടുകൂടെ. ഏതു സന്തപ്തചിത്തൻേറയും ചുണ്ടുകളെ മന്ദഹസിപ്പിക്കുന്നവരാണവർ. രണ്ടല്ല പത്തുകൊല്ലംതന്നെ ഇങ്ങനെ സഹിക്കുക, എന്നിട്ടു നേരിട്ടു കർത്താവിൻെറ ആനന്ദത്തിലേയ്ക്കു പ്രവേശിക്കുക; അതൊരു മഹാഭാഗ്യമല്ലെന്നോ?"

ഒസ്സാനാമിൻെറ മൃദുലമായ അന്തഃകരണം പാപത്തെ അത്യധികമായി വെറുത്തിരുന്നുവെങ്കിലും അദ്ദേഹത്തിൽ പാപബോധം വർദ്ധിച്ചുതന്നെ വന്നിരുന്നു. പുണ്യാത്മാക്കളുടെ പ്രത്യേകതയാണിതു്. അവക്കു ദൈവത്തോടുള്ള സുദൃഢമായ ഐക്യത്തിൻെറ ലക്ഷണവും

ഫലവുമാണ്, പാപംവഴി ചെയ്യപ്പെടുന്ന ദൈവനിന്ദ യേയും ദൈവദൃഷ്ടിയിൽ തങ്ങൾക്കുള്ള പാപാവസ്ഥയേയുംകുറിച്ചു കൂടുതൽ കൂടുതൽ ചിന്തിക്കുക എന്നതു്.

ഒസ്സാനം എഴുതുന്നു:"നിത്യശിക്ഷയുടെ യാഥാർത്ഥ്യത്തെപ്പററിയുള്ള വിശ്വാസസത്യം മനുഷ്യോചിതമല്ലെന്നു വാദിക്കുന്നവർ മാനവഗണത്തോടുള്ള സ്നേഹംനിമിത്തമാണോ അപ്രകാരം ചെയ്യുന്നതു്? അല്ല; ദൈവത്തിന്റെ നീതിയും പാപത്തിന്റെ തിന്മയും പൂർണ്ണമായി ഗ്രഹിക്കാത്തതുകൊണ്ടാണ്."1853 ഫെബ്രുവരിമാസത്തിൽ അദ്ദേഹം പീസായിലേ ഒരു സുഹൃത്തിന്. ഇപ്രകാരം എഴുതി: "എന്റെ ആരോഗ്യം മിക്കവാറും പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. അതിനാലാണ് എന്നെ സ്വതന്ത്രനാക്കുവാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതും സ്നേഹിതന്മാരുടെ പ്രാർത്ഥന യാചിക്കുന്നതും. ഇതിലധികം അപേക്ഷകൾ തള്ളപ്പെടുക സാധ്യമല്ല. എന്നാൽ, എന്റെ പാപങ്ങൾ ശിക്ഷിക്കപ്പെടാതിരിക്കയില്ലെന്നും എനിക്കു തോന്നുന്നു."

തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മരണപത്രത്തിൽ ഒരു മഹാപാപിയെപ്പോലെ അദ്ദേഹം അഭ്യർത്ഥിച്ചു. മരണത്തിന് ഒരു മാസമേ ഉണ്ടായിരുന്നുള്ളു. അന്നൊരു രാത്രിയിൽ ഒസ്സാനാം കരയുകയുണ്ടായി. കാരണം അദ്ദേഹം വിശദീകരിക്കുന്നു: "ദൈവത്തെ ഇത്രയധികം സഹനങ്ങൾക്കു വിധേയനാക്കിയ എന്റെ പാപങ്ങൾ ഓർക്കുമ്പോൾ ഞാൻ എങ്ങനെ കരയാതിരിക്കും?" ഭയപ്പെടുന്നതിനു സ്നേഹം അദ്ദേഹത്തെ അനുവ

ടിച്ചില്ലെങ്കിലും അന്ത്യവിനാഴികയിലും കരുണയ്ക്കുവേണ്ടി കേഴുകയാണ് അദ്ദേഹം ചെയ്തത്.

അനേകവർഷങ്ങളായി ഒസ്സാനാം അനുദിനം അരമണിക്കൂർ പ്രാർത്ഥനാപരമായ സദ്ഗ്രന്ഥപാരായണത്തിന്, വിശിഷ്യ, സുവിശേഷവും സങ്കീർത്തനവും വായിക്കുന്നതിനു ചെലവഴിക്കുക എന്ന പതിവ് തുടങ്ങിയിട്ട്. തൻെറ "അന്നന്നയപ്പം" എന്ന് അവയെ വിളിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. അവയിലേ കൂടുതൽ ഹൃദയസ്പർശിയായ ഭാഗങ്ങൾ ആവഗാഢം പഠിക്കുവാൻവേണ്ടി അദ്ദേഹം അടയാളപ്പെടുത്തിയിരുന്നു. വേദപുസ്തകപാരായണം രോഗശയ്യയിൽ അദ്ദേഹത്തിനു കൂടുതൽ ആശ്വാസപ്രദമായിത്തീർന്നു. "സഹനത്തിൻെറ നീണ്ട നാളുകളിൽ സങ്കീർത്തനം ഞാൻ കൈയിൽനിന്നു താഴെ വച്ചിട്ടില്ലെന്നു പറയാം. അതിലുള്ള അർത്ഥപുഷ്ടങ്ങളായ വിലാപങ്ങൾ, സ്നേഹനിർഭരങ്ങളായ അഭ്യർത്ഥനകൾ ഇവയെല്ലാം മനുഷ്യൻെറ നാനാവിധമായ അവശതകൾക്കും ആവശ്യങ്ങൾക്കും പററിയവയാണ്. എനിക്ക് ഒരിക്കലും അവയോടു മടുപ്പുതോന്നുന്നില്ല."

1853 ഏപ്രിൽ 23 ഫ്രഡറിക്കിൻെറ നാല്പതാമത്തെ ജന്മദിനമായിരുന്നു. പുണ്യചരിതനായ എസക്യാസ് രാജാവു തൻെറ മരണത്തിനുമുമ്പുചെയ്ത പ്രലാപമാണ് (ഇസയാസ് 38: 1-20) അന്നു രാവിലേ ഒസ്സാനാം വായിക്കുവാനിടയായത്. തൻെറ പ്രായത്തിൽ മരണത്തിൻെറ വായിൽ കടുങ്ങിയതിനുശേഷം അത്ഭുതകരമായി രക്ഷപെട്ട രാജാവിൻെറ വികാരങ്ങൾ ഒ

സ്സാനാമിനെ ഗാഢമായി സ്പർശിച്ചു. അദ്ദേഹം അതു മുഴുവൻ പകത്തിയെടുത്തു. അതിനു താഴെ (Nunc Dimitis) "ഇപ്പോഠം വിട്ടയയ്ക്കുക" എന്ന ശീർഷകത്തിൽ മരണാസന്നമായ തൻെറ ആത്മാവിൻെറ അതിവിശിഷ്ടമായ ഗീതിയുമെഴുതി. അതു പൂൎണ്ണമായി ഇവിടെ ഉദ്ധരിക്കുന്നു. നല്ല മാതാപിതാക്കന്മാരെ ലഭിച്ചതിനു ദൈവത്തിനു നന്ദിപറയുന്ന ഉപസംഹാരഭാഗം മാത്രമേ വിട്ടുകളഞ്ഞിട്ടുള്ളു. ഏസക്യാസിൻെറ വിലാപത്തിൽ നിന്നു് ആറു വാക്യങ്ങഠം ഉദ്ധരിച്ചുകൊണ്ടാണു് ആരംഭിക്കുന്നതു്.

"ഞാൻ പറഞ്ഞു: 'എൻെറ ആയുസ്സിൻെറ മദ്ധ്യാഹ്നത്തിൽ ഞാൻ പാതാളവാതില്ക്കലേക്കു പോകും. എൻെറ ആയുസ്സിൻെറ ശേഷിച്ചിരിക്കുന്ന ഭാഗം ഞാനന്വേഷിച്ചു. ഞാൻ പറഞ്ഞു: ഞാൻ യഹോവായെ ജീവിക്കുന്നവരുടെ ദേശത്തുവച്ചു കാണുകയില്ല. . . . എൻെറ തലമുറ അവസാനിക്കാറായി. ഇടയൻെറ കൂടാരം പോലെ അതു് എന്നിൽനിന്നു മാററപ്പെട്ടുമിരിക്കുന്നു. നെയ്ത്തുകാരനാൽ വസ്ത്രം എന്നപോലെ എൻെറ ജീവിതം മുറിക്കപ്പെട്ടിരിക്കുന്നു. ഞാൻ ആരംഭംമാത്രമായിരുന്നപ്പോഠം അവൻ പ്രഭാതംമുതൽ രാത്രിവരേയും എന്നെ മുറിച്ചു. നീ എന്നെ അവസാനിപ്പിക്കുക. . . . മുകളിലേക്കു നോക്കി എൻെറ കണ്ണുകഠം ക്ഷീണിച്ചു. കത്താവേ, ഞാൻ അക്രമം സഹിക്കുന്നു; അങ്ങു് എനിക്കു് ഉത്തരം നല്കേണമേ! അവിടുന്നുതന്നെ ഇതു ചെയ്തിരിക്കുകയാൽ ഞാൻ എന്തു പറയും? അല്ലെങ്കിൽ അവിടുന്നു് എനിക്കു് എന്തുത്തരം നല്കും? എൻെറ ആത്മാവി

ൻെറ. വ്യാകുലതയിൽ എൻെറ ആണ്ടുകൾ അങ്ങേ ഞാൻ എണ്ണി കേൾപ്പിക്കും.'

"ഏസക്യാസിൻെറ ഗാനത്തിൻെറ ആരംഭമാണിതു്. അതിൻെറ അന്ത്യം എന്നിൽ ആരോപിക്കുവാൻ ദൈവം എന്നെ അനുവദിക്കുമോ എന്നു് അറിഞ്ഞുകൂടാ. കത്താവേ, എന്നെ രക്ഷിക്കുക; എന്നാൽ, കത്താവിൻെറ ഭവനത്തിൽ ഞങ്ങളുടെ കീത്തനങ്ങൾ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും ഞങ്ങൾ പാടാം. ഇന്നെനിക്കു നാല്പതു വയസ്സു പൂത്തിയായിരിക്കുന്നുവെന്നു് എനിക്കറിയാം. ജീവിയാത്ര പകുതി കഴിഞ്ഞു. എനിക്കു തരുണിയായ പ്രേമഭാജനമുണ്ടു്, സുഭഗയായ പുത്രിയുണ്ടു്, ഉത്തമരായ സഹോദരന്മാരും ഇളയമ്മയുമുണ്ടു്. ചിരപ്രതീക്ഷിതമായ ഒരു പ്രസ്ഥാനത്തിൻെറ അടിത്തറയാകാവുന്ന സ്ഥിതിയിലെത്തിയിരിക്കുന്ന പ്രവത്തനങ്ങളുമുണ്ടു് എന്നു ഞാൻ സ്മരിക്കുന്നു. ഗുരുതരമായ ഒരു രോഗം എന്നെ ബാധിച്ചിരിക്കുന്നു; ഞാൻ പൂണ്ണമായി വീണുപോകുന്നതിനു് അതിടയാക്കിയേക്കാം; ആകയാൽ, അതു വളരെ ആപൽകരംതന്നെ.

"ഓ! നാഥാ, ഈ നന്മകളെല്ലാം അങ്ങെനിക്കു നല്കി. അവയെ ഞാൻ ഉപേക്ഷിക്കണമോ? ഒരു ഭാഗം കൊണ്ടു് അങ്ങു സംതൃപ്തനാകുകയില്ലേ? കടിഞാണില്ലാത്ത എൻെറ പ്രവണതകളിൽ ഏതിനെയാണു ഞാൻ ബലികഴിക്കേണ്ടതു്? സാഹിത്യത്തിൽ ഞാൻ സ്വയം പര്യാപ്തനാണെന്നുള്ള ബോധം, വിദ്യാഭ്യാസവിഷയകമായി എനിക്കുള്ള അഭിവാഞ്ഛകൾ, എൻെറ ഗവേഷണപരിപാടികൾ ഇവയ്ക്കെല്ലാം പ്രചോദനം നല്കുന്ന

ത്ത് ഒരുപക്ഷേ, അഹങ്കാരമായിരിക്കാം. അവയെ ഞാൻ അങ്ങേയ്ക്കർപ്പിക്കുന്നു. അങ്ങ് അവ സ്വീകരിക്കുകയില്ലേ? എൻെറ പുസ്തകങ്ങളിൽ പകുതി വിററു കിട്ടുന്ന തുക പാവങ്ങൾക്കു നല്കുന്നെങ്കിൽ, എൻെറ പ്രവൎത്തനങ്ങൾ ഔദ്യോഗികകടമകളുടെ പരിധിക്കുള്ളിൽ ഒതുക്കി നിറുത്തുന്നെങ്കിൽ, ആയുശ്ശിഷ്ടം ദരിദ്രരെ സന്ദർശിക്കുന്നതിനും സേനാനികളേയും അദ്ധ്യേതാക്കളേയും പഠിപ്പിക്കുന്നതിനും ഞാൻ ചെലവു ചെയ്യുന്നെങ്കിൽ, നാഥാ, അങ്ങു സന്തുഷ്ടനാകുമോ? പ്രേമഭാജനത്തോടുകൂടി വസിച്ചു വാർദ്ധക്യം പ്രാപിക്കുന്നതിനും ഓമനപ്പുത്രിയുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുള്ള സൗഭാഗ്യം എനിക്കരുളുവാൻ അങ്ങു കനിയുമോ?

"എൻെറ ദൈവമേ, അങ്ങ് ഒരു പക്ഷേ, അതാഗ്രഹിക്കുന്നില്ലായിരിക്കാം. സ്വാൎത്ഥരഹിതമല്ലാത്ത നേർച്ച അങ്ങു സ്വീകരിക്കുകയില്ല. എൻെറ ബലി അങ്ങു നിരസിക്കുന്നു. എന്നെത്തന്നെ വേണമെന്നാണ് അങ്ങേ ആഗ്രഹം. 'ഞാൻ അങ്ങേ അഭീഷ്ടം നിറവേററണ'മെന്ന് പുസ്തകത്തിൻെറ ആരംഭത്തിൽ എഴുതപ്പെട്ടിരിക്കുന്നു: 'ഞാൻ പറഞ്ഞു: കൎത്താവേ, ഇതാ ഞാൻ വന്നിരിക്കുന്നു.' (സങ്കീ. 39: 8) അങ്ങ് എന്നെ വിളിക്കുന്നെങ്കിൽ കൎത്താവേ, എനിക്ക് ആവലാതിപ്പെടുവാൻ അവകാശമില്ല. നാല്പതുവർഷത്തെ ആയുസ്സ് അങ്ങ് എനിക്കു നല്കിക്കഴിഞ്ഞു.

"എന്നെ സുഖപ്പെടുത്തുവാൻ അങ്ങ് ഒരത്ഭുതം ചെയ്യുന്നില്ലെങ്കിൽ അതു് എൻെറ കുടുംബത്തിനു പ്രലോഭനകാരണമാകാതിരിക്കട്ടെ. ജീവിതയാത്രയിൽ അ

ങ്ങ്. അഞ്ചുകൊല്ലംകൊണ്ട് എന്നെ എത്രയധികം പുരോഗമിപ്പിച്ചു! പാപത്തിനു പരിഹാരം ചെയ്യുവാനും കൂടുതൽ സുകൃതിയാകുവാനും അങ്ങ് എനിക്കവസരം നല്കി. അന്ന് എനിക്കുവേണ്ടി അർപ്പിക്കപ്പെട്ട അപേക്ഷകൾ എല്ലാം അങ്ങു സ്വീകരിച്ചു. അതിനെക്കാൾ വളരെ കൂടുതലാണ് ഇന്നത്തെ പ്രാർത്ഥന. അതു നഷ്ടപ്പെട്ടുമെന്നോ? എന്തുകൊണ്ട്?

"പക്ഷെ, നാഥാ, വേറൊരുവിധത്തിലായിരിക്കും അങ്ങ് അതു കൈക്കൊള്ളുക. ധൈര്യവും വിധേയത്വവും ആത്മശാന്തിയും അവർണ്ണ്യമായ ആശ്വാസവും അങ്ങ് എനിക്കു പ്രദാനം ചെയ്യും. ഇവ അങ്ങേ യഥാർത്ഥ സാന്നിധ്യത്തിന് അകമ്പടി നില്ക്കുന്നവയാണ്. ഈ രോഗത്തെ യോഗ്യതകളുടേയും അനുഗ്രഹങ്ങളുടേയും ഉറവിടമാക്കുവാൻ, എൻെറ പ്രേമഭാജനത്തിൻേറയും പുത്രിയുടേയും ബന്ധുമിത്രാദികളുടേയുംമേൽ അങ്ങു വർഷിക്കുന്ന അനുഗ്രഹങ്ങളുടെ സ്രോതസ്സാക്കുവാൻ അങ്ങ് എന്നെ അനുഗ്രഹിക്കും. അവക്ക് എൻെറ പ്രവൃത്തനങ്ങൾ എൻെറ സഹനത്തോളം ഉപകാരപ്രദമാകുകയില്ല.

"എൻെറ ആകുലതനിറഞ്ഞ ആണ്ടുകൾ അങ്ങയോടു ഞാൻ എണ്ണിപ്പറയുന്നെങ്കിൽ അതു് അവയെ കളങ്കപ്പെടുത്തിയ എൻെറ പാപങ്ങൾനിമിത്തമാണ്. എന്നാൽ, അങ്ങ് എന്നെ അനുഗ്രഹങ്ങൾകൊണ്ടു സമ്പന്നനാക്കിയതോർക്കുമ്പോൾ ഹൃദയംനിറഞ്ഞ നന്ദിയോടെയാണ് എൻെറ ആണ്ടുകളെ അങ്ങേ മുമ്പിൽ ഞാനെണ്ണുക. ശേഷിച്ചിരിക്കുന്ന കാലംമുഴുവൻ സഹന

ത്തിൻെറ കട്ടിലിൽ എന്നെ അങ്ങു പൂട്ടിയിട്ടാലും ഞാൻ ജീവിച്ച നാളുകൾക്കുവേണ്ടി അങ്ങയോടു നന്ദി പ്രകടിപ്പിക്കുവാൻ അതു മതിയാകയില്ല. ഇതു് എൻെറ അന്ത്യലിഖിതമായിരിക്കാം. ആകയാൽ, അതു് അങ്ങേ നന്മയെ പ്രകീർത്തിക്കുന്നതിനായിരിക്കട്ടെ."

ഒസ്സാനാം നാലരമാസംകൂടി ജീവിച്ചു. അവ അതിനിഷ്കളങ്കമായ ദൈവസ്നേഹത്തിൻെറ നാളുകളായിരുന്നു. ഇതിനകം നമുക്കു പരിചിതങ്ങളായിത്തീർന്ന അനേക സ്ഥലഗതികൾ അപ്പോഴാണു് സംഭവിച്ചിട്ടുള്ളതു്. ആരോഗ്യത്തിനു വൃദ്ധിക്ഷയങ്ങളുണ്ടായി. അപ്പോഴെല്ലാം അദ്ദേഹം പ്രാർത്ഥിച്ചു, "അങ്ങു് ആഗ്രഹിക്കുന്നതു ഞാനും ആഗ്രഹിക്കുന്നു" എന്നു്. തൻെറ ചെറുസംഘത്തെ പ്രചരിപ്പിക്കുവാൻ അധ്വാനപൂർണ്ണവും വിജയപ്രദവുമായ പ്രയത്നങ്ങൾ അദ്ദേഹം ചെയ്തു. സാഹിത്യസേവനം തുടർന്നുകൊണ്ടുപോകുവാനും അദ്ദേഹത്തിൻെറ ഉജ്ജ്വലഹസ്തങ്ങൾ ശ്രമിച്ചു. "ദൈവതൃക്കരങ്ങളിൽനിന്നു ലഭിച്ച കുരിശുകളിൽ അനന്തമായ ആശ്വാസം എനിക്കുണ്ടായി" എന്നു് അദ്ദേഹം പറഞ്ഞിരിക്കുന്നു

അക്കാലത്തു് അദ്ദേഹം ഇപ്രകാരം ആവർത്തിച്ചാവർത്തിച്ചു പ്രാർത്ഥിച്ചിരുന്നു: "ഓ! നാഥാ, ഈ ശരീരം അങ്ങേനിക്കു കടംതന്നതാണു്. വേറൊരു ബലിയും അങ്ങേ സംപ്രീതനാക്കുകയുമില്ല. ഇതാ, പുസ്തകത്തിൻെറ ആരംഭത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ ഞാൻ വരുന്നു. എൻെറ ദൈവമേ, അങ്ങേ തിരുമനസ്സു ഞാൻ നിവർത്തിക്കുകയും ചെയ്യാം."

ഫ്രഡറിക്ക് ഒസ്സാനാമിൻെറ ഐഹികതീർത്ഥ

യാത്ര 1853 സെപ്ററംബറിൽ മാഴ്സെയിൽസിൽവച്ചു സമാപിച്ചു. അദ്ദേഹത്തിനു നാല്പതുവയസ്സേ ഉണ്ടായിരുന്നുള്ളു. മരണം അദ്ദേഹത്തെ ഭയപ്പെടുത്തിയില്ല. യൗവനത്തിൽ ചെയ്യുവാൻ നിശ്ചയിച്ചതു് അദ്ദേഹം പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. "നമ്മുടെ സന്തതസഹചാരികളായ ദൈവത്തേയും മരണത്തേയുംകുറിച്ചു് അദ്ദേഹം വേണ്ടത്ര ശ്രദ്ധ" പ്രദർശിപ്പിച്ചിരുന്നു.

കഥാനായകൻ ആശിച്ചിരുന്നു, താൻ മരിക്കുന്നതു സ്വന്തം നാട്ടിൽ ബന്ധുമിത്രാദികളുടെ മദ്ധ്യത്തിൽവച്ചായിരിക്കണമെന്നു്. അതു സഫലമാകുകയും ചെയ്തു. ജീവിതം അസ്തമിക്കയാണെന്നു ഗ്രഹിച്ചപ്പോൾ അന്ത്യകൂദാശകൾ നല്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ദൈവത്തിൽ ശരണം മുഴുവൻ നിക്ഷേപിക്കുവാൻ വൈദികൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചപ്പോൾ ഒസ്സാനാം പറഞ്ഞു: "ഹാ, ഞാൻ ദൈവത്തെ ഭയപ്പെടുകയോ? എന്തിനു്? ഞാൻ അവിടുത്തെ അത്രകണ്ടു സ്നേഹിക്കുന്നു." അദ്ദേഹം അതീവഭക്തിയോടെ തിരുപ്പാഥേയം സ്വീകരിച്ചു. അനന്തരം അദ്ദേഹവും ഭാര്യയും കൂപ്പുകരങ്ങളോടെ ദൈവതിരുമനസ്സിനു ശിരസ്സു നമിച്ചു. ഒസ്സാനാം തന്റേയും തന്റെ പ്രേമഭാജനത്തിന്റേയും ജീവനെ ബലിയർപ്പിച്ചു; അദ്ദേഹത്തിന്റെ ഭാര്യ ദൈവം തനിക്കു നല്കിയ പ്രിയതമനേയും.

സെപ്ററംബർ എട്ടാം തീയതി ദിവ്യാംബികയുടെ ജന്മദിനമാണു്; അവിടുന്നു് ഈ ലോകത്തിൽ പിറന്ന ദിനം. അന്നു വൈകുന്നേരം ഒസ്സാനാമിന്റെ ജീവിതം അവസാനിച്ചു, മരണവേളയിൽ കണ്ണുകൾ തെളിച്ചു് ക

രങ്ങളുയർത്തി അദ്ദേഹം ഉച്ചത്തിൽ അപേക്ഷിച്ചു, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നോടു കരുണയായിരിക്കേണമേ" എന്ന്. അല്പനേരത്തേക്കു മരണവേദന ഉണ്ടായി. അതോടുകൂടി എല്ലാം കഴിഞ്ഞു. ഒസ്സാനാമിന്റെ വ്യക്തിത്വവും ജീവിതവും, ഒരു സൃഷ്ടിയുടെ അഗാധമായ വിനയവും ഒരു പുത്രന്റെ വിശ്വാസപൂർണ്ണമായ സ്നേഹവും തന്റെ അവസാനത്തെ രണ്ടു വാചകങ്ങളിൽ അദ്ദേഹം ഒതുക്കിക്കൊള്ളിച്ചിട്ടുണ്ട്. എളിമകൊണ്ടു സ്വാത്മതയെ അദ്ദേഹം ആത്മാവിൽനിന്നു പൂർണ്ണമായി ബഹിഷ്കരിച്ച് ദൈവത്തെ സ്നേഹിച്ചു; അവിടുത്തെ തന്നിലേക്കടുപ്പിച്ചു. സ്നേഹിക്കുവാൻ ദൈവം തന്റെ ആത്മാവിനു നല്കിയിരുന്ന കഴിവുകളെല്ലാം പ്രയോഗിച്ച് ആ വലിയ പ്രമാണത്തിനനുസൃതമായി, "തന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ" (മർക്കോ. 12: 30) അദ്ദേഹം ദൈവത്തെ സ്നേഹിച്ചു.

മരണകവാടത്തിനപ്പുറത്തുനിന്നുകൊണ്ട് ഫ്രഡറിക്ക മരണപത്രത്തിലൂടെ സംസാരിച്ചു. വിശ്വാസത്തിന്റേയും കൃതജ്ഞതാനിർഭരമായ സ്നേഹത്തിന്റേയും ഹൃദയഹാരിയായ ഒരു സന്ദേശമായിരുന്നു അത്. അതിൽ സ്നേഹിതന്മാരെ ഓരോരുത്തരെയായി പേരുചൊല്ലി വിളിച്ചു നന്ദിപറഞ്ഞു. അതിനെക്കാൾ അമൂല്യമാണ് അവർക്കും നമുക്കും അദ്ദേഹം നല്കുന്ന സ്വന്തം വിശ്വാസത്തിന്റെ സാക്ഷ്യം. "എന്റെ പാപങ്ങൾ എന്നെ ഭയപ്പെടുത്തുന്നു. എന്നാൽ, രക്ഷകനായ ഈശോമിശിഹായുടെ അനന്തമായ കരുണയിൽ ശരണപ്പെട്ടുകൊ

ണ്ട് ഞാൻ എന്റെ ആത്മാവിനെ അവിടുത്തെ കരങ്ങ ളിൽ ഏല്പിക്കുന്നു.

"പരിശുദ്ധവും ശ്ലൈഹികവുമായ റോമൻകത്തോലിക്കസഭയിൽ ഞാൻ മരിക്കുന്നു. ആധുനികകാലത്തു വിശ്വാസം നേരിടേണ്ട പ്രയാസങ്ങൾ ഞാനറിഞ്ഞിട്ടുണ്ട്. എന്നാൽ, എന്റെ ജീവിതം ആദ്യന്തം എന്നോടുറപ്പിച്ചുപറയുന്നു, സഭയിലും സഭാദ്ധ്യക്ഷന്മാരോടുള്ള അനുസരണത്തിലും മാത്രമേ ഹൃദയസമാധാനവും മനശ്ശാന്തിയും ഉള്ളു എന്ന്. എന്റെ ഗവേഷണങ്ങൾ എനിക്ക് അർത്ഥത നല്കുന്നു, ഞാൻ വെളിച്ചവും സമാധാനവും കണ്ടെത്തിയ മതത്തിൽ വിശ്വസ്തരായിരിക്കണമെന്നു സ്നേഹിതന്മാരെല്ലാവരോടും അഭ്യർത്ഥിക്കുവാൻ. എന്റെ കുടുംബത്തിനും പ്രിയതമയ്ക്കും പുത്രിക്കും പൗത്രക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥന ഇതാണ്: അപമാനങ്ങൾ നേരിട്ടാലും ഉതപ്പും മതത്യാഗവും അവരുടെ അറിവിൽപ്പെട്ടാലും അവർ വിശ്വാസത്തിൽ സുസ്ഥിരരായിരിക്കട്ടെ!

"എന്റെ ജീവിതത്തിന് അഴകും ആനന്ദവുമായിരുന്ന പ്രിയപ്പെട്ട എമിലിയോടു ഞാൻ യാത്രപറയുന്നു; ഭൂമിയിലേതെല്ലാം ക്ഷണികമാണല്ലോ. ഒരാണ്ടിലധികമായി എന്റെ വേദനകളെ മയപ്പെടുത്തിയതു് അവളുടെ കരുണാർദ്രമായ ശുശ്രൂഷയാണ്. അവൾക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു; ആശിസ്സരുളുന്നു. ഞാൻ സ്വർഗ്ഗത്തിൽ അവളെ കാത്തുനില്ക്കും. അവിടെവച്ചു് എമിലിയെ അവൾ അർഹിക്കുന്നവിധം ഞാൻ സ്നേഹിച്ചുകൊള്ളാം. അതു് അവിടെയേ സാധിക്കൂ.

"എൻെറ മകൾക്കു പൂർവ്വപിതാക്കന്മാരുടെ ആശീർവാദം ഞാൻ നല്കുന്നു. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവളെ പഠിപ്പിക്കുക എനിക്കേറ്റെ പ്രിയപ്പെട്ട ജോലിയായിരുന്നു! അതു വളരെനാൾ ചെയ്യുവാൻ സാധിക്കാഞ്ഞതിൽ ഞാൻ ഖേദിക്കുന്നു. എന്നാൽ, സുകൃതിനിയായ അവളുടെ വത്സലമാതാവിൻെറ കരങ്ങളിൽ ഞാൻ അവളെ ഏല്പിക്കുന്നു."

വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം ഉപസംഹരിക്കുന്നു: " 'അദ്ദേഹം സ്വർഗ്ഗത്തിലാണ്' എന്നു പലരും പറയും. അതു കേട്ടു നിങ്ങൾ പ്രാർത്ഥന നിറുത്തരുതു. നിങ്ങളെ ഹൃദയംഗമമായി സ്നേഹിക്കുന്നവനുവേണ്ടി, മഹാപാപങ്ങൾ ചെയ്തിട്ടുള്ള ഇവനുവേണ്ടി സദാ പ്രാർത്ഥിക്കുവിൻ. ഈ പ്രാർത്ഥനാസഹായത്തെപ്പററി എനിക്കുറപ്പു ലഭിക്കുന്നെങ്കിൽ ഈ ലോകം വിട്ടുപോകുവാൻ എനിക്കുള്ള ഭയം കുറയും. നാം വേർപിരിയുകയല്ലെന്നും നിങ്ങൾ എൻെറ പക്കലേക്കു വരുന്നതുവരെ ഞാൻ നിങ്ങളോടുകൂടിത്തന്നെയായിരിക്കുമെന്നുമാണ് എൻെറ ദൃഢവിശ്വാസം. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും ആശീർവാദം നിങ്ങൾക്കു ലഭിക്കുമാറാകട്ടെ! ആമ്മേൻ."

## വീരാത്മാക്കളുടെ ഗണത്തിൽ

1947 ഏപ്രിൽമാസത്തിലെ ഒരു സുപ്രഭാതം. സെൻറ് പിറേറഴ്സ് ബസിലിക്കയിൽ മങ്ങിയ വെളി

ച്ചമേയുള്ളു. ജനാലവിരികൾ ഇട്ടിരിക്കുകയാണ്. വി. പത്രോസിന്റെ തിരുസ്സിംഹാസനത്തിന്റെ അൾത്താരയുടെ മുകളിൽ അണ്ഡാകൃതിയായ ജനാലയെ ഒരു തിരശ്ശീല ആച്ഛാദനം ചെയ്തിട്ടുണ്ട്. "ബെർണീനിയുടെ മഹത്വം" എന്നാണ് ആ ജാലകത്തിന്റെ പേര്. കാരണം, ബെർണീനി എന്ന കലാകാരനാണ് അതിന്റെ ലോഹനിർമ്മിതമായ ചട്ടക്കൂട് നിർമ്മിച്ചത്.

ജനാവലി നിശ്ശബ്ദമാണ്. വിശുദ്ധരുടെ പട്ടികയിൽ ഒരു പുതിയ പേരുകൂടി ചേർത്തുകൊണ്ടുള്ള മാർപ്പാപ്പായുടെ തിരുവെഴുത്തു കേൾക്കുകയാണവർ. ആ സ്വരം നിലച്ചു. മിന്നൽവേഗം തിരശ്ശീലകൾ മാറി. അതാ തെളിഞ്ഞുനില്ക്കുന്നു ആലക്തികദീപാവലി. ആ പ്രകാശധോരണിയിൽ "ബെർണീനിയുടെ മഹത്വത്തിൽ" പുതുതായി അനുഗൃഹീതപദം പ്രാപിച്ചയാളിന്റെ രൂപം പ്രത്യക്ഷമാകുന്നു. 1902-ൽ നാല്പത്തിമൂന്നാമത്തെ വയസ്സിൽ മരിച്ച ഒരല്മായൻ, ഒരഭിഭാഷകൻ, ഒരു പ്രൊഫസർ വാഴ്ത്തപ്പെട്ട കൊണ്ടാർഡോ ഫെറീനിയാണ് അദ്ദേഹം.

ആധുനികകാലത്ത് തനിക്കു ലഭിച്ച മക്കളിൽ ഒരാളെ, പുണ്യാത്മാവെന്നു പ്രഖ്യാപനം ചെയ്തുകൊണ്ട്, തന്റെ വീരസന്താനങ്ങളുടെ പട്ടികയിൽ ഔദ്യോഗികമായി ചേർത്ത ആ ശുഭമുഹൂർത്തത്തിൽ സഭാമാതാവ് അഭിമാനപുളകിതയായി. വിൻസെന്റ് ഡി പോൾ സഖ്യവും അഭിമാനപുളകിതയായി, അവളുടെ ഒരു സന്താനം, ഒസ്സാനാമിന്റെ ഒരു യഥാർത്ഥ പിൻഗാമി, അൾത്താരയിൽ മഹത്വമണിയുന്നതു കണ്ടപ്പോൾ. ഒരു ദിവ

സം ഫ്രഡറിക്കും ഈ മഹത്വം പ്രാപിക്കുകയില്ലെന്നോ? അതിനുള്ള മാൎഗ്ഗങ്ങളെന്തെന്നും അതിനെന്തെല്ലാം വേണമെന്നും നമുക്കാരായാം. വാഴ്ത്തപ്പെട്ട കൊണ്ടാർഡോയുടെ കാൎയ്യംതന്നെ നമുക്കുദാഹരണമായി എടുക്കാം.

കൊണ്ടാർഡോ റോമൻ നിയമസംഹിതയെപ്പററിയുള്ള പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും മുഖേന തൻെറ അകാലമരണത്തിനു വളരെമുമ്പുതന്നെ പ്രശസ്തനായിത്തീൎന്നിരുന്നു. അദ്ദേഹത്തിൻെറ അഗാധമായ ക്രൈസ്തവചൈതന്യം സഭയ്ക്കും അദ്ദേഹത്തിനുതന്നേയും യശസ്സുളളി. ആ ചൈതന്യമായിരുന്നു അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളുടെയെല്ലാം ജീവൻ. വിൻസെൻറ് ഡി പോൾ സഖ്യത്തിൻേറയും ഫ്രാൻസിസ്കൻ മൂന്നാം സഭയുടേയും അംഗമായ അദ്ദേഹം മരണത്തിനുമുമ്പുതന്നെ വിശുദ്ധിയുടെ കീൎത്തിധാവള്യമണിഞ്ഞിരുന്നു. മരണശേഷം അതിൻെറ കിരണങ്ങൾ അതിവേഗം വ്യാപിക്കുകയും ചെയ്തു.

കൊണ്ടാർഡോയെ വാഴ്ത്തപ്പെട്ടവരുടേയും വിശുദ്ധരുടേയും പട്ടികയിൽ ചേൎക്കുന്നതിനുള്ള നടപടികൾ ഉൽഘാടനം ചെയ്യുന്ന തിരുവെഴുത്തിൽ പരിശുദ്ധപിതാവു് 1922-ൽ ഒപ്പുവച്ചു. ഈ ദൈവദാസൻ വസിച്ചിരുന്ന സ്ഥലങ്ങളിൽനിന്നു്, സാക്ഷികളുടെ സത്യപ്രതിജ്ഞയോടുകൂടെ, ശേഖരിക്കപ്പെട്ട അനേകം സാക്ഷ്യങ്ങൾ തിരുസ്സിംഹാസനത്തിൻെറ പരിശോധനയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു് അതു വെളിവാക്കി. അദ്ദേഹത്തിൻെറ വീരസുകൃതങ്ങൾ പ്രഥമദൃഷ്ടിയിൽത്തന്നെ പരിഗണനാർഹങ്ങളാണെന്നും ആകയാൽ, തി

രുസ്സിംഹാസനത്തിൻെറ മുമ്പിൽ അവയെപ്പററി ചച്ച്യാരംഭിക്കാവുന്നതാണെന്നും ഈ സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ റീത്തുകളുടെ തിരുസ്സംഘം തീരുമാനിച്ചു.

1931 ആയി. കൊണ്ടാർഡോ ഫെറീനി എല്ലാ ക്രൈസ്തവപുണ്യങ്ങളും വീരോചിതമായി, അതായതു്, യഥാത്ഥമായ വീരത്വത്തിനാവശ്യകമായ സ്ഥിരതയോടും തീവ്രതയോടുംകൂടെ, അഭ്യസിച്ചിരുന്നുവെന്ന് റോമൻകച്ചേരികൾക്കു ബോധപ്പെട്ടു. അതു പരി. പിതാവു പ്രഖ്യാപനം ചെയ്തു. അങ്ങനെ നാമകരണച്ചടങ്ങിൻെറ പ്രയാസമേറിയ ആദ്യഭാഗം കഴിഞ്ഞു. പ്രസ്തുത പ്രൊഫസ്സറുടെ ഉന്നതമായ ജീവിതവിശുദ്ധിക്കു സംപൂണ്ണവും സുവ്യക്തവുമായ മാനുഷികസാക്ഷ്യമുണ്ടായിരുന്നു.

രണ്ടാമത്തെ പടി അത്ഭുതങ്ങൾ തെളിയിക്കുകയാണ്. 1943-ൽ അതു സമാപിച്ചു. അവ നിണ്ണയാത്മകമായ ദൈവികസാക്ഷ്യങ്ങളാണ്. സുദീർഘമായ പരിചിന്തനത്തിനുശേഷമേ അവയെപ്പററി സഭ വിധി പ്രസ്താവിക്കുകയുള്ളൂ. പുണ്യചരിതൻെറ മാദ്ധ്യസ്ഥ്യത്താൽ സംഭവിച്ച സുഖപ്രാപ്തികൾ പ്രകൃതിശക്തികൾക്കെല്ലാം അതീതമാണെന്ന നിഷ്കൃഷ്ടവും ഔദ്യോഗികവുമായ വൈദ്യപരിശോധനകൊണ്ടു തെളിയിക്കണം. സാധാരണമായി സുഖപ്രാപ്തിയുടെ ക്ഷിപ്രതയിൽനിന്നാണ് അതു് അത്ഭുതമാണെന്നു തെളിയിക്കുക.

ധന്യനായ കൊണ്ടാർഡോയുടെ കായ്യത്തിൽ ഭാഗ്യമോടെ വാഴുന്ന പരി. പിതാവു തിരുമനസ്സുകൊണ്ടു്, 1921-ലും 1925-ലും നടന്ന രണ്ടത്ഭുതങ്ങൾ അംഗീക

രിച്ചു പ്രഖ്യാപനം ചെയ്തു. ആദ്യത്തേതു് എഡ്വേർഡ് ഗ്രമ്മേററി എന്ന ബാലൻേറയും പിന്നത്തേതു് അലോഷ്യസ് വലൻറീനി എന്ന യുവാവിൻേറയും സുഖപ്രാപ്തിയാണു്. ഗ്രമ്മേററി ഊഞ്ഞാലിൽനിന്നു താഴെവീണു തലയോടിൻേറ പിൻഭാഗം പൊട്ടി, തലച്ചോറിനു പരുക്കുപററി; രക്തം ഒഴുകിത്തുടങ്ങി; അന്ത്യക്രൂദാശകൾ നല്കപ്പെട്ടു. അപ്പോൾ ആ ഇടവകാംഗങ്ങൾ ഗ്രമ്മേററിക്കുവേണ്ടി പരസ്യപ്രാർത്ഥനകൾ നടത്തുകയും പിറേറദിവസം ഫെറീനിയുടെ കഴിമാടത്തിങ്കലേക്കു തീർത്ഥയാത്ര നടത്തുകയും ചെയ്തു. കുറച്ചുദിവസങ്ങൾകൊണ്ടു ഗ്രമ്മേററി പൂർണ്ണസുഖം പ്രാപിച്ചു. അലോഷ്യസ് വലൻറീനി രോഗാതുരനായി അവയവങ്ങളെല്ലാം തളൎന്നു കിടക്കുകയായിരുന്നു. ഏപ്രിൽ, ആഗസ്റ്റ് എന്നീ മാസങ്ങൾക്കിടയിൽ ഫെറീനിയുടെ സഹായം ലഭിക്കുവാൻ പല നവനാൾപ്രാർത്ഥനകളും അയാൾക്കുവേണ്ടി നടത്തി. ആഗസ്റ്റ് പതിനാലായി. അദ്ദേഹം പെട്ടെന്നു സുഖം പ്രാപിച്ചു്, അരോഗഗാത്രനായി എഴുന്നേററുനടന്നു.

കൊണ്ടാർഡോയുടെ കാര്യം വേഗം വിചാരണയ്ക്കെടുക്കുവാൻ ആദ്യത്തെ അത്ഭുതം ഇടയാക്കി. മൂന്നു കൊല്ലത്തിനുശേഷം നടന്ന രണ്ടാമത്തെ അത്ഭുതം അദ്ദേഹത്തിൻേറ പുണ്യങ്ങളെപ്പററിയുള്ള പരിശോധനയും വേഗംകൂട്ടി. ഒരു വ്യക്തിയുടെ പുണ്യങ്ങൾ സ്വഭാവാതീതങ്ങളാണെന്നു ബോധംവരുന്നതുവരെ അയാളുടെ പേരിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്ന അത്ഭുതങ്ങൾ സഭ ഔദ്യോഗികമായി പരിശോധിക്കുകയില്ല.

എങ്കിലും, അത്ഭുതകരങ്ങളായ അനുഗ്രഹങ്ങൾ ആരോപിക്കപ്പെടാത്ത ഒരാളിന്റെ എന്നതിനെക്കാൾ അനിഷേധ്യങ്ങളായ അത്ഭുതങ്ങളുള്ള ഒരാളിന്റെ നാമകരണനടപടി തുടങ്ങുവാനും പുരോഗമിപ്പിക്കുവാനും സഭ പ്രേരിതയാകുന്നു.

ഇതു ഫ്രഡറിക്ക് ഒസ്സാനാമിന്റെ കാര്യത്തിൽ സുപ്രധാനമാണ്. അദ്ദേഹത്തിന്റെ വിശുദ്ധി അനിതരസാധാരണംതന്നെ; സംശയമില്ല. 1925–ൽ രൂപതക്കച്ചേരി അക്കാര്യം ഔദ്യോഗികമായി വിചാരണയ്ക്കെടുത്തു; ലഭിച്ച തെളിവുകൾ യഥാവിധി റോമിലേക്കയയ്ക്കുകയും ചെയ്തു. എങ്കിലും, അദ്ദേഹത്തിന്റെ വിശുദ്ധിയെപ്പററി ഇതുവരേയും സഭ തന്റെ പ്രഥമവിധി പ്രസ്താവിച്ചിട്ടില്ല. * ഈ വിധി നാമകരണനടപടികളുടെ ഔദ്യോഗികമായ വിചാരണ തുടങ്ങിയിരിക്കുന്നുവെന്നതിന്റെ പ്രഖ്യാപനമാണ്.

അത്ഭുതങ്ങളുണ്ടായാൽ ഈ പ്രഖ്യാപനത്തിനു കാലവിളംബം വരുകയില്ല. പിന്നെ എന്തുകൊണ്ടതു സംഭവിക്കുന്നില്ല? ഒരു കാരണം നമുക്കു ഫ്രഡറിക്കിനോടു ഹൃദയംഗമമായ ഭക്തിയില്ലാത്തതാണ്; അദ്ദേഹത്തിന്റെ വിശുദ്ധിയിലും അത്ഭുതങ്ങൾ സാധിച്ചുകൊടുക്കുന്നതിനു ദൈവസന്നിധിയിൽ അദ്ദേഹത്തിനുള്ള കഴിവിലും ഉറച്ച വിശ്വാസമില്ലാത്തതാണ്. അത്ഭുത

---

* ഫ്രഡറിക്ക് ഒസ്സാനാമിനെ "ദൈവദാസ"നെന്ന സ്ഥാനത്തേക്കുയർത്തിയിരിക്കുന്നതായി പരി. പിതാവു തിരുമനസ്സുകൊണ്ട് 1953 ഡിസംബർ 17–ാം തീയതി La Croix എന്ന തിരുവെഴുത്തുമൂലം കല്പിച്ചു പ്രഖ്യാപിച്ചിരിക്കുന്നു.

ങ്ങൾ ലഭിക്കുവാൻതക്ക ഭക്തിയുണ്ടാകണമെങ്കിൽ അദ്ദേഹത്തിൻെറ വ്യക്തിത്വത്തെപ്പററി നമുക്കു പൂർണ്ണജ്ഞാനമുണ്ടാകണം; അദ്ദേഹത്തിൻെറ അസാധാരണമായ ദൈവസ്നേഹവും സഹോദരസ്നേഹവും വിലമതിക്കുവാൻ നാം തൽപരരാകണം; നമ്മെ സഹായിക്കുവാൻ അദ്ദേഹത്തിനുള്ള സന്നദ്ധതയും കഴിവും നാം ഗ്രഹിക്കണം. ദൈവത്തിൻെറ ദരിദ്രരെ നാനാവിധയാതനകളിൽ സഹായിക്കുവാൻ അദ്ദേഹത്തിനു സവിശേഷമായ ശ്രദ്ധയുണ്ട്. തൻെറ സഖ്യത്തിൻെറ അംഗങ്ങളേയും ആകുലതയുടെ നീർച്ചുഴിയിൽനിന്നു തന്നെ വിളിക്കുന്ന ആരേയും സഹായിക്കുവാൻ അദ്ദേഹം തയ്യാറാണ്; അതു നമുക്കു ബോധപ്പെടണം. അദ്ദേഹം ജീവിതകാലത്തു തൻെറ സഹായഹസ്തം ആക്കും നിഷേധിച്ചിട്ടില്ല; എങ്കിൽ, സ്വർഗ്ഗത്തിലിരിക്കുമ്പോൾ അതു നിഷേധിക്കുമോ?

## ഫ്രഡറിക്കിൻെറ വിശുദ്ധി

നാം ഒന്നു തീക്ഷ്ണമായി പരിശ്രമിച്ചാൽ ഫ്രഡറിക്കിൻെറ വിശുദ്ധപദപ്രഖ്യാപനം സാധിക്കുമോ? അദ്ദേഹത്തിൻെറ വിശുദ്ധി വീരോചിതമെന്നും അനുകരണാർഹമെന്നും സഭ വിധിക്കത്തക്കതോ? കഴിഞ്ഞ പേജുകൾ വായിച്ച ഒരാൾ അതെപ്പററി എങ്ങനെ സംശയിക്കും? സഭയുടെ തീരുമാനം മുൻകൂട്ടിക്കണ്ടു പ്രവർത്തിക്കുവാൻ നമുക്ക് അവകാശമില്ല. എങ്കിലും, വിനയപൂർവ്വം ക്രിസ്തുവിൻെറ വാക്കുകളിൽ നമുക്കു ആശ്രയിക്കാം:

"അവരെ അവരുടെ ഫലങ്ങൾകൊണ്ടു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. . . . നല്ലവൃക്ഷമൊക്കെയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നു. . . ." (മത്താ. 7: 16, 17)

സൽകർമ്മങ്ങളാലും ക്രിസ്തീയ പുണ്യങ്ങളാലും സമ്പന്നമായ ഒസ്സാനാമിന്റെ ജീവിതം പ്രസ്തുത വാക്കുകളെ അന്വർത്ഥമാക്കുന്നു. അദ്ദേഹത്തിന്റെ വിശാലഹൃദയത്തിൽനിന്നു മുളയെടുത്ത സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ പതിനെണ്ണായിരത്തിലധികം കോൺഫ്രൻസുകളും അവയിലേ രണ്ടുലക്ഷത്തിലധികം വരുന്ന അംഗങ്ങളും അതിനു സാക്ഷ്യം വഹിക്കുന്നു.

1913-ൽ ഫ്രഡറിക്കിന്റെ നൂറാമത്തെ ജന്മദിനം ആചരിക്കപ്പെട്ടു. അന്നു പാരീസിൽ നടന്ന ശതാബ്ദാഘോഷങ്ങളുടെ കൂട്ടത്തിൽ, പാരീസ് മെത്രാപ്പോലീത്തയായ കർദ്ദിനാൾ അമേററ ഫ്രഡറിക്കിന്റെ കാര്യം ഔദ്യോഗികമായി വിചാരണയ്ക്കെടുത്തു. മാത്രമല്ല, ഫ്രഡറിക്കിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രാർത്ഥനയും എഴുതിയുണ്ടാക്കി. ഫ്രഡറിക്കിനോട് അത്യധികം ഭക്തിയും അദ്ദേഹത്തിന്റെ നാമകാരണത്തിൽ അത്യധികം ഔൽസുക്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ പ്രാർത്ഥന ഇന്നു ലോകമാസകലം വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ മീററിംഗുകളിൽ ചൊല്ലിവരുന്നു.

വി. പത്താം പീയൂസിന്റെ പ്രതിനിധിയായി കാർഡിനൽ വാനുറേറല്ലി അന്നത്തെ ആഘോഷങ്ങളിൽ ആദ്ധ്യക്ഷ്യം വഹിച്ചു. വിൻസെൻറ് ഡി പോൾ സ

ഖ്യത്തെ ശ്ലാഘിച്ചു ചെയ്ത സുദീർഘമായ പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു: "ഈ കോൺഫ്രൻസുകൾക്കു് ഒരു വിശദീകരണം നല്കുവാൻ മാനുഷികമായ വീക്ഷണത്തിനു സാധിക്കുകയില്ല. അവ നിശ്ചയമായും ദൈവകരങ്ങളുടെ വേലയാണു്. ആഗോളവ്യാപകമായി ചിതറിക്കിടക്കുന്ന നിങ്ങളുടെ സഖ്യത്തിന്റെ അംഗങ്ങളുടെ ഐക്യവും അതിന്റെ വിശ്വാസചൈതന്യത്തിന്റെ പൂർണ്ണിമയും സാഹോദര്യത്തിന്റെ അത്ഭുതകൃത്യങ്ങളും അസംഖ്യം പ്രേഷിതപ്രവർത്തനങ്ങളും ദാനധർമ്മസമൃദ്ധിയും അതിന്റെ വിശ്വാസപ്രചുരിമയാർന്ന യുഗങ്ങളിലെ ധീരോദാത്തങ്ങളായ സന്യാസസമൂഹങ്ങളുടെ പുനരുത്ഥാനമാക്കിത്തീർക്കുന്നുവെന്നു പറയാം. പരോപകാരചിന്ത, ഭൂതദയ, ദാനധർമ്മം മുതലായവയെപ്പററിയുള്ള അബദ്ധപൂർണ്ണങ്ങളായ തത്വങ്ങളോടു് ക്രൈസ്തവസാഹോദര്യത്തിന്റെ ശുശ്രൂഷ ചെയ്യുവാൻ സേവനത്തിന്റേയും അതിസ്വാഭാവികസ്നേഹത്തിന്റേയും സമാധാനപൂർണ്ണങ്ങളായ ആയുധങ്ങളുമായി ദൈവം ആ സഖ്യത്തെ അയച്ചിരിക്കുകയായിരിക്കാം." സഖ്യത്തിനു ലഭിച്ച ഈ മണിമകുടം ഫ്രഡറിക്കിന്റെ ശിരസ്സിൽത്തന്നെയാണു വയ്ക്കപ്പെട്ടിരിക്കുന്നതു്. കാരണം, ഇത്ര മഹോന്നതമായ ചൈതന്യത്തിൽ വിൻസെൻറ് ഡി പോൾ സഖ്യത്തെ പടുത്തുയർത്തി പരിപാലിക്കുവാൻ അദ്ദേഹത്തെയാണു ദൈവം തിരഞ്ഞെടുത്തതും ഉചിതമായ കരുവായി ഉപയോഗിച്ചതും.

ആ ശുഭാവസരത്തിൽത്തന്നെ വി. പത്താംപീയൂസ് തിരുമനസ്സുകൊണ്ടു ഫ്റഡറിക്കിനേയും അദ്ദേഹ

ത്തിന്റെ സഖ്യത്തേയുംകുറിച്ചു തനിക്കുള്ള മതിപ്പ് ഇ പ്രകാരം ആലേഖനം ചെയ്തു: "ഒസ്സാനാം ക്രിസ്തീയപ്ര ബോധനത്തിൽ നേതാക്കന്മാരുടെ മുൻനിരയിൽ നില്ലു ത്തക്ക വിജയത്തോടെ ലേഖനങ്ങളും പ്രവത്തനങ്ങളും വഴി ക്രിസ്തീയവിശ്വാസത്തിന്റെ രക്ഷാകരശക്തി ലോ കത്തിനു കാണിച്ചുകൊടുത്തു. അതിനുവേണ്ടി ജീവിതം മുഴവൻ—ശോചനീയമെന്നേ പറയേണ്ടു, അതു ഹ്രസ്വമാ യിപ്പോയി—ചെലവുചെയ്ത അദ്ദേഹത്തിന്റെ നാമത്തെ ബഹുമാനിക്കുക സമുചിതമെന്നു നാം കരുതുന്നു."

പരി. പിതാവു സഖ്യത്തെയും പ്രശംസിച്ചു. ഫ്റ ഡറിക്കിനെ അതിന്റെ സ്ഥാപകനായി ബഹുമാനി ക്കേണ്ടതുതന്നെയാണ് എന്ന് അവിടുന്നു പ്രസ്താവിച്ചു. ഭാവിയുടെ വിദൂരതയിലേക്കു നോക്കിക്കൊണ്ട് അദ്ദേ ഹം പറഞ്ഞു: "രാഷ്ട്രത്തിൽ ക്രൈസ്തവചൈതന്യം നി വേശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ഒസ്സാനാമിനെ ത ങ്ങളുടെ മാർഗ്ഗദർശിയും ഗുരുവുമായി തിരഞ്ഞെടുക്കട്ടെ. അപ്പോൾ രാഷ്ട്രത്തിന്റെ താൽപര്യങ്ങളെ സമുന്നതമാ യി സംരക്ഷിക്കുവാൻ അവർക്കു സാധിക്കും." ക്രിസ്തുവി ന്റെ പ്രതിനിധിയായ മാർപ്പാപ്പ തന്റെ ഔദ്യോഗിക ലേഖനത്തിൽ ഇപ്രകാരം എഴുതുന്നതു ഒരു വലിയ പ്രശം സതന്നെ.

ഈ പുസ്തകത്തിന്റെ ആമുഖത്തിൽ ആ പരി. പിതാവിന്റെതന്നെ ഒരഭിലാഷം ചേത്തിട്ടുണ്ട്. ലോക ത്തിന്റെ അതിത്തികൾവരെ ഒസ്സാനാമിന്റെ ചൈത ന്യം സംവഹിക്കപ്പെട്ടു കാണുവാൻ അവിടുന്നാഗ്രഹിച്ചു. ദിവ്യനാഥന്റെയും വി. വിൻസെൻറ് ഡി പോളിന്റേ

യും ചൈതന്യംതന്നെയാണതെന്ന് അവിടന്നു സ്ഥാപി ച്ചു. ആകയാൽ, ഒസ്സാനാമിൻെറ വിശുദ്ധപദപ്രഖ്യാപ നം സാധിതമാകുമെന്നു പ്രതീക്ഷിക്കരുതോ? അതിനു നാം ശ്രമിക്കേണ്ടതല്ലേ?

## ദൈവത്തിൻെറ വിനാഴിക

നൂററാണ്ടുകൾക്കുശേഷംമാത്രം അനുഗൃഹീതപദ വും പുണ്യപട്ടവും പ്രാപിച്ച പുണ്യാത്മാക്കൾ പലരു ണ്ട്. ഉദാഹരണത്തിനു വിശുദ്ധ അലോഷ്യസിൻെറ ആ ത്മഗുരുവായ വി. റോബർട്ടു ബല്ലാർമിനെ അനുസ്മരി ച്ചാൽമതി. ദൈവം നിശ്ചയിച്ചിട്ടുണ്ട് ഒരു മണിക്കൂർ; ആ നാഴികയിൽ ഒരു പ്രത്യേകവ്യക്തിക്കു മഹത്വപദം കൊടുക്കുകയാണു സഭയ്ക്കും ആത്മാക്കൾക്കും വളരെക്കൂ ടുതൽ ഉപകാരപ്രദം. ദൈവത്തിൻെറ വിശ്വസ്തദാസനാ യ ഫ്റഡറിക്കിനു ദൈവം നിശ്ചയിച്ചിരിക്കുന്ന മണി ക്കൂർ അത്യാസന്നമാണെന്നു പ്രദ്യോതിപ്പിക്കുന്ന ചില കാരണങ്ങളുണ്ട്.

ആധുനികകാലത്തു വിശ്വാസത്തിനും സാഹോദര്യ ത്തിനും വന്നിട്ടുള്ള ഹാനിക്കു പ്രായോഗികമായ നിവാര ണമാർഗ്ഗമല്ലേ ഒസ്സാനാമിൻെറ ഉത്തേജകമായ മാതൃക? വിശ്വാസത്തിൻെറ അചഞ്ചലയോദ്ധാവും പാവങ്ങളു ടെ പിതാവുമാണദ്ദേഹം. അല്മായപ്രേഷിതർക്കും സമുദാ യോദ്ധാരകന്മാർക്കും വ്യവസായപ്രവർത്തകർക്കും ഉദ്യോ ഗവാഹികൾക്കും നമ്മുടെ ഭരണകർത്താക്കൾക്കും ആവ ശ്യമുണ്ട്, പൂർണ്ണവും സുജ്ഞാതവും പ്രവർത്തനാത്മകവു മായ അദ്ദേഹത്തിൻെറ വിശ്വാസം. അദ്ദേഹത്തിൻെറ

സാഹോദര്യം ഹൃദയഹാരിയും നിഷ്കാമവുമാണ്. യുവലോകത്തെ ആധുനികയുഗത്തിന്റെ സുഖലാലസയിൽ നിന്നു മാററിനിറുത്തി, സഭയും സമുദായവും അവശ്യപ്പെടുന്നതുപോലെ, പൗരുഷമുള്ള ക്രൈസ്തവരായി വാർത്തെടുക്കുവാൻ അതിനു കഴിവുണ്ട്.

താരുണ്യത്തിന്റെ തളത്തിൽ നില്ക്കുന്ന ഒരു ഭർത്താവും പിതാവും എന്ന നിലകളിൽ വിവാഹത്തിന്റെയും കത്തോലിക്കകുടുംബത്തിന്റെയും മാഹാത്മ്യം അദ്ദേഹം പ്രകടമാക്കി. ആകയാൽ, നാരകീയശക്തികൾ കൊണ്ടുവരുന്ന മാർഗ്ഗപ്രതിബന്ധങ്ങളെല്ലാം പൊളിച്ചു മാററി കുടുംബത്തെ പരിപാലിക്കുകയെന്ന ദൈവദത്തമായ ചുമതല നിർവ്വഹിക്കുന്നതിന് സുധീരം പരിശ്രമിക്കുന്നവർക്കെല്ലാം സുശക്തമായ ഒരു പ്രോത്സാഹനമല്ലേ അദ്ദേഹത്തിന്റെ ജീവിതം?

ദൈവത്തിന്റെ അസ്തിത്വവും ആത്മാവിന്റെ അമൃത്തതയും നിഷേധിച്ചു. മനുഷ്യന്റെ മാഹാത്മ്യം തല്ലിത്തകർത്ത്, വിദ്വേഷം പ്രസംഗിച്ചു നടക്കുന്ന കമ്യൂണിസത്തിനു പ്രത്യുത്തരമല്ലേ അദ്ദേഹത്തിന്റെ ചൈതന്യവും വിജയരഹസ്യവും?

ഒസ്സാനാമിന്റെ ബുദ്ധി അദ്ദേഹം കണ്ടുമുട്ടിയ എല്ലാ മനുഷ്യരിലും മനുഷ്യനായ ദൈവത്തിന്റെ സാദൃശ്യത്തെ ദർശിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹം മനുഷ്യനും മനുഷ്യനുംതമ്മിലുള്ള നീതിയെ പ്രസംഗിച്ചു; അതനുസരിച്ചു പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഹൃദയം എല്ലാ ദരിതങ്ങളേയും ആശ്ലേഷിച്ചു; മനുഷ്യനെ മുഴുവനായി ആലിംഗനം ചെയ്തു. സമുദായത്തിലും കു

ടുംബത്തിലും രാഷ്ട്രത്തിലും അവനുള്ള സ്ഥാനവും. അവൻെറ ആത്മശരീരങ്ങളും അദ്ദേഹം ഹൃദയപൂർവ്വം പരിഗണിച്ചു. സ്വാതന്ത്ര്യവും സ്വാശ്രയബോധത്തോടും ഉത്തരവാദിത്വത്തോടും കൂടിയതുമായ ഭാഗം അഭിനയിക്കുകയാണു ദൈവദത്തമായ മനുഷ്യസ്വഭാവത്തിനു ചേന്നതു്. അപ്രകാരം ചെയ്യുന്നതിന് ഒസ്സാനാം മനുഷ്യനെ സഹായിച്ചു. ആകയാൽ, ഒസ്സാനാമിൻെറ മഹത്വീകരണം ആധുനികയുഗത്തിലെ വിപത്തുകൾക്കെല്ലാം സമുചിതമായ പരിഹാരത്തിനു വഴിതെളിക്കാതിരിക്കുകയില്ല.

ഫ്രഡറിക്കിൻെറ വിശുദ്ധപദപ്രഖ്യാപനം ആനുകാലികമാണോ? ആരു പറയും അല്ലെന്നു്? 1909-ലും 1913-ലും ദിവ്യകാരുണ്യത്തിൻെറ പാപ്പാ ആയ വി. പത്താംപീയൂസ് ഒസ്സാനാമിനെ ഒരു മാതൃകാപുരുഷനായി ചൂണ്ടിക്കാണിക്കുക അവസരോചിതമായി കരുതിയെങ്കിൽ ഇന്നതു കൂടുതൽ കാലാനുസൃതമാണു്. അന്നത്തെ പരി. പിതാവിൻെറ വാക്കുകൾ ഇന്നൊരു പുണ്യവാൻെറ മൊഴികളാണു്; സഭ വീരപുണ്യപട്ടം ചൂടിച്ച ഒരു മഹാത്മാവിൻേറതാണു്. സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു് അദ്ദേഹം ആവർത്തിച്ചു പറയുന്നുണ്ടായിരിക്കാം, “ലോകത്തിൻെറ അതിർത്തികൾവരെ ഒസ്സാനാമിൻെറ ചൈതന്യം സംവഹിക്കുക”എന്നു്.

L. D. V. M.

## ഫ്രഡറിക്ക് ഒസ്സാനാമിനെ പുണ്യവാനായി നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള

## ജപം

ഫ്രഡറിക്ക് ഒസ്സാനാമിൻേറയും അദ്ദേഹത്തിൻെറ സഹപ്രവത്തകരുടേയും ഹൃദയങ്ങളെ പാവങ്ങളോടുള്ള സ്നേഹത്താൽ ഉജ്ജ്വലിപ്പിക്കുകയും ആദ്ധ്യാത്മികവും ശാരീരികവും ആയ ദുരിതങ്ങളിൽ അവശരെ സമാശ്വസിപ്പിക്കുന്നതിനുള്ള ഒരു സംഘത്തെ രൂപവൽകരിക്കുവാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്ത ദൈവമേ, പരസ്നേഹവും തീക്ഷ്ണതയുംനിറഞ്ഞ ഈ പ്രവത്തനത്തെ കനിഞ്ഞു് അനുഗ്രഹിക്കണമേ. അങ്ങേ ഭക്തദാസനായ ഫ്റഡറിക്ക് ഒസ്സാനാം തിരുസ്സഭയാൽ മഹത്വീകരിക്കപ്പെടണമെന്ന് അങ്ങു തിരുമനസ്സാകുന്നെങ്കിൽ, അങ്ങേ സന്നിധിയിൽ അദ്ദേഹത്തിനുള്ള മാദ്ധ്യസ്ഥ്യശക്തിയെ സ്വർഗ്ഗീയാനുഗ്രഹങ്ങളാൽ വെളിപ്പെടുത്തുകയും ചെയ്യേണമേ എന്നു ഞങ്ങളുടെ കത്താവീശോമിശിഹാവഴി ഞങ്ങൾ പ്രാത്ഥിക്കുന്നു.

ആമ്മേൻ.

## വി. വിൻസെൻറ് ഡി പോളിനോടുള്ള ജപം

—

പരസ്നേഹപ്രവൎത്തനങ്ങളുടെ സ്വൎഗ്ഗീയമദ്ധ്യസ്ഥനായ വി. വിൻസെന്തിയോസേ, അനവധി തിന്മകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ഞങ്ങളെ തൃക്കൺ പാൎത്ത് ഞങ്ങളുടെ സഹായത്തിനു വരേണമേ. അങ്ങ് വൈദികലോകത്തിൻെറ അഭിമാനപാത്രമാകുന്നു; മഹാ കാരുണ്യവാനും അഗതികളുടെ ദയനിറഞ്ഞ പിതാവുമാകുന്നു. അങ്ങേ സഹായമപേക്ഷിച്ചവരിൽ ആരേയും അങ്ങ് ജീവിച്ചിരുന്നപ്പോഠം ഉപേക്ഷിച്ചിട്ടില്ല. ആകയാൽ, സ്നേഹനിധിയായ പിതാവേ, ഞങ്ങഠം അപേക്ഷിക്കുന്ന അനുഗ്രഹങ്ങളെ ദൈവത്തിൽനിന്നു ഞങ്ങഠംക്കു ലഭിച്ചുതരേണമേ. ദരിദ്രൎക്കു സഹായവും അനാഥൎക്ക് ആലംബവും രോഗികഠംക്കു സൗഖ്യവും ഞങ്ങളപേക്ഷിക്കുന്നു. ധനികൎക്കു പരോപകാരതത്പരതയും വൈദികൎക്കു ദിവ്യമായ തീക്ഷ്ണതയും ധാരാളമായി ഉണ്ടാകുവാനും, രാഷ്ട്രങ്ങഠംതമ്മിൽ സമാധാനത്തോടെ വൎത്തിക്കുവാനും, നിരീശ്വരത്വം നശിക്കുവാനും, തിരുസ്സഭ എല്ലായിടത്തും മഹത്വം പ്രാപിക്കുവാനും അങ്ങ് ഇടയാക്കേണമേ. പാപികഠംക്കു മാനസാന്തരവും എല്ലാമനുഷ്യൎക്കും നിത്യരക്ഷയും കൈവരുത്തേണമേ. സകല മനുഷ്യരും അങ്ങേ ശക്തിയേറിയ മാ

ദ്ധ്യസ്ഥത്തിൽ ശരണപ്പെട്ടകയും ഈ ജീവിതത്തിലെ ദു രിതങ്ങളിൽ അങ്ങേ സഹായത്തിൻെറ മധുരഫലം അനുഭവിക്കുകയും ചെയ്യട്ടെ. ഞങ്ങളെല്ലാവരും ദൈവ ത്തോടും സമസ്തസൃഷ്ടങ്ങളോടുമുള്ള സ്നേഹത്തിൽ അനുദി നം അഭിവൃദ്ധി പ്രാപിക്കുവാനും അവസാനം അങ്ങയോ ടുകൂടെ നിത്യസൗഭാഗ്യത്തിൽ ദൈവത്തെ പാടിപ്പുകഴ്ത്തു വാനും കൃപലഭിച്ചുതരേണമേ! ആമ്മേൻ.

(300 ദി. ദ. വി.)

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200 Acc. No. 13378

This book should be returned on or before the date last stamped below.

-9 DEC 1983

നമ്പ്ര 13378

മാതൃ മനഃപൂജകളിൽ
ഒസ്യാനാം അദ്ധ്യനികളുടെ
ത്തിൽ.

KOTTAYAM PUBLIC LIBRARY

Call No. M ൨൦൦ Acc. No. 13328

Author മാത്യു മനൈച്ചിറ്റിൽ

Title ക്രിസ്ത്യാനാം ആധുനിക യുഗത്തിൽ.

Indic Digital Archive Foundation

gpura.org